ശ്രീ

# നിരണംകവികൾ

വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി

എം. ആർ. എ. എസ്സ്.

ശ്രീ

# നിരണംകവികൾ

DHARMARAM COLLEGE LIBRARY, BANGALORE.
20231
T51
K90

ഗ്രന്ഥകാരൻ

## വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി

എം. ആർ. എ. എസ്സ്.

തിരുവല്ലാ

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM.

1956

രണ്ടാംപതിപ്പ്—500 Copies

അച്ചടി:-

എസ്സ്. ബി. പ്രസ്സ്,

തിരുവനന്തപുരം.

2—0—0

ഗ്രന്ഥകാരൻെറയും, തിരുവനന്തപുരം എസ്സ്. ബി. പ്രസ്സി ലേയും മുദ്രകൾ ഇല്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

## സമർപ്പണം

വിദ്യാവിനയസമ്പന്നനും, വിശിഷ്യ പ്രഥമ ഗണനീയമായ ഗവേഷണകിരണാവലികൾകൊണ്ടു നിരണംകവികളെ സംബന്ധിച്ച് സഹൃദയഹൃദയാവർജ്ജകങ്ങളായ വിവിധവസ്തുതകൾ സാഹിത്യനഭോമണ്ഡലത്തിൽ പ്രകാശിപ്പിച്ച പണ്ഡിതദിവാകരനും; സർവോപരി, വിശേഷാൽകൃഷ്ടവിശിഷ്ട പുണ്യചരിതാദർശസമ്പൂർണ്ണനായ ശ്രീകുലശേഖരപ്പെരുമാൾ പൊന്നുതമ്പുരാന്റെ മഹനീയകാരുണ്യത്തിനു പാത്രീഭൂതനും ആയി പ്രശോഭിക്കുന്ന,

**റാവുസാഹിബ്ബ്, മഹാകവി,**

സാഹിത്യഭൂഷണൻ, കവിതിലകൻ, ഉള്ളൂർ,

**എസ്. പരമേശ്വരയ്യർ**

അവർകൾ എം. എ., ബി. എൽ.

സമക്ഷത്തിൽ

തദീയസ്നേഹവാത്സല്യങ്ങൾക്കു

വിധേയനായ

ഗ്രന്ഥകാരൻ

ഈ ഉപഹാരത്തെ സവിനയം, സാനുവാദം

സമർപ്പിച്ചുകൊള്ളുന്നു.



"മഹാകവി; ഉള്ളൂർ"


# അവതാരിക

നിരണംകവികളെക്കുറിച്ചുള്ള ഈ കൃതി പലവിധത്തിലും സ്വാഗതാർഹമാണു്. എഴുത്തച്ഛനുപോലും ഉപജീവ്യന്മാരായിരുന്നുവെന്നു് ഇപ്പോൾ തെളിഞ്ഞിരിക്കുന്ന നിരണംകവികൾ ഒരു കാലത്തു് ഭാഷാസാഹിത്യമണ്ഡലത്തിൽ സമഗ്രപ്രതാപത്തോടേ സ്വാധീനതാശക്തി ചെലുത്തിയിരുന്നു എന്നും അവരുടെ കൃതികൾ സർവ്വജനസമാദൃതങ്ങളായിരുന്നു എന്നും ഉള്ളതിനു സംശയമില്ല. അക്കാലത്തു സാർവ്വത്രികമായി നിരണംകൃതികൾ നിത്യപാരായണത്തിനു് ഉപയോഗപ്പെടുത്തിയിരുന്നുവെന്നു് ഊഹിക്കണം. അതിനാലായിരിക്കണം അവയുടെ താളിയോലപ്പകർപ്പുകൾ കേരളത്തിൻെറ പല ഭാഗങ്ങളിലും ഇത്ര സുലഭമായിരിക്കുന്നതു്. എന്നുമാത്രമല്ല, മദ്ധ്യതിരുവിതാംകൂർകാരായ കവികളുടെ കൃതികൾ ഉത്തരകേരളീയനായ എഴുത്തച്ഛനു മാർഗ്ഗദർശകമായിത്തീർന്നിട്ടുള്ളതും അവരുടെ കവിതാപ്രഭാവംകൊണ്ടു മാത്രമായിരിക്കണം.

രാമായണമഹാഭാരതാദിഗ്രന്ഥങ്ങൾ ആദ്യമായി കേരളഭാഷയിലേക്കു വിവർത്തനം ചെയ്തു് സംസ്കൃതാനഭിജ്ഞരായ കേരളീയർക്കു് അഖിലഭാരതീയങ്ങളായ ആ മഹാഗ്രന്ഥങ്ങളുമായി പരിചയത്തിനു സൗകര്യമുണ്ടാക്കിക്കൊടുത്തതു് നിരണംകവികളാണു്. അവർക്കു മുമ്പു് ആ മഹാകൃത്യം ഒരുവരും ചെയ്തതായി അറിയുന്നില്ല. വിശേഷിച്ചു് ശ്രീമദ് ഭഗവദ്ഗീത, ആദ്യമായി മലയാളത്തിലേക്കു് അവതരിപ്പിക്കാനുള്ള ഭാഗ്യവും അവരിൽ ഒരാൾക്കാണു് ഉണ്ടാ

യതു്. സൂക്ഷ്മം ആലോചിച്ചാൽ, ഭാരതഭൂമിയിലെ വിവിധ നാട്ടുഭാഷാസാഹിത്യങ്ങളിൽവച്ചു് കേരളഭാഷയിലേക്കാണു ഭഗവദ്ഗീത ആദ്യമായി സംക്രമിക്കുന്നതെന്നുകൂടെ പറയാമെന്നു തോന്നുന്നു. ആ അഭിമാനം കേരളഭാഷയ്ക്കു നേടിക്കൊടുത്തതും നിരണംകവികളല്ലാതെ മററാരുമല്ല.

നിരണംകൃതികളുടെ ബഹുലപ്രചാരത്തിനു മറെറാരു കാരണവും ഉണ്ടു്. അവയുടെ കാലംവരെ കേരളത്തിൽ സാധാരണക്കാരുടെ ഇടയിൽ നടപ്പുണ്ടായിരുന്നതു് ദ്രാവിഡവൃത്തങ്ങളിൽ പാണ്ടിത്തമിഴ്കൃതികളുടെ മാതൃകയെ അനുകരിച്ചോ പാണ്ടിത്തമിഴിൽതന്നെയോ ഉള്ള കൃതികളായിരുന്നു. കമ്പർ കേരളം സന്ദർശിച്ചതിനുശേഷം അദ്ദേഹത്തിന്റെ കൃതികൾക്കു ചിലേടത്തെങ്കിലും കുറേ പ്രചാരം സിദ്ധിച്ചിരിക്കണം. രാമചരിതാദികൃതികളുടെ സ്വരൂപത്തിനു് നിദാനം അതായിരിക്കണം. എന്നാൽ മലയാളം പാണ്ടിത്തമിഴിൽനിന്നു ക്രമേണ അകലുകയാലും സംസ്കൃതത്തിൻെറ പ്രാബല്യം നിമിത്തം ഉണ്ടായ മണിപ്രവാളകൃതികൾ സംസ്കൃതച്ഛന്ദസ്സുകളിലും പണ്ഡിതന്മാരുടെയിടയിലും മാത്രമായിരുന്നതിനാലും ദ്രാവിഡവൃത്തങ്ങളിൽ രചിച്ച പ്രമാണഗ്രന്ഥങ്ങളുടെ ആവശ്യം ജനങ്ങൾക്കു നേരിട്ടിരുന്നിരിക്കണം. നിരണംകവികൾ ആ ആവശ്യം നിറവേററി. വിഷയം, ഭക്തിരസപ്രധാനങ്ങളായ ഭഗവൽക്കഥകൾ; ഭാഷ, പാണ്ടിത്തമിഴിൽനിന്നു ഭിന്നമായി പ്രത്യേകമായ മലയാളം; വൃത്തം മനസ്സിനിണങ്ങിയതും സംഗീതത്തിനധികം വഴങ്ങുന്നതും അതുകൊണ്ടു് "പാട്ടു്" എന്നു ന്യായ്യമായി പറഞ്ഞുവന്നിരുന്നതും ആയ ദ്രാവിഡവൃത്തം;



ശ്രീ. എൻ. കെ. രാമൻപിള്ള

ഈ മൂന്നു സംഗതികളോടു നിരണംകവികളുടെ നൈസൎഗ്ഗികമായ കവിതാശക്തിയും ചേൎന്നപ്പോൾ അവരുടെ കൃതികളുടെ സൎവ്വാതിശായിയായ പ്രചാരം സുസ്ഥാപിതമായി.

സംസ്കൃതത്തിലും മലയാളത്തിലും പാണ്ഡിത്യവും കവിത്വവും അതിനാൽ "ഉഭയകവീശ്വരത്വ"വും നിരണം കവികൾക്കു ലഭിക്കാൻ അനുകൂലമായ പരിതഃസ്ഥിതികൾ ഉണ്ടായിരുന്നു എന്നു് ഊഹിക്കാം. നിരണത്തു തൃക്കപാലീശ്വരം ക്ഷേത്രത്തിനു വടക്കുഭാഗമായി അനേകം ബ്രാഹ്മണഗൃഹങ്ങൾ ഉണ്ടായിരുന്നു എന്നും അവിടത്തെ ബ്രാഹ്മണരുടെ വേദാദ്ധ്യയനത്തിനും മററുമായി "നിരണം ശാല" എന്ന പേരിൽ പ്രസിദ്ധമായ ഒരു വിദ്യാഭ്യാസസ്ഥാപനമുണ്ടായിരുന്നു എന്നും നിരണംകവികൾ എന്നറിഞ്ഞുവരുന്ന പണിക്കരന്മാർ ആ ശാലയുടെ ശുക്രദശയിൽ ജീവിച്ചവരായിരുന്നു എന്നും മററും ഞാൻ അന്യത്ര സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ആ സംഗതികളെ ഇവിടെ ആവൎത്തിക്കുന്നില്ല. കാന്തളൂരും പാൎത്ഥിവശേഖരപുരത്തും പാണ്ടിയിൽ പല ദിക്കിലും ഉണ്ടായിരുന്നതുപോലെ വിദ്യാദാനത്തിനായി ഒരു ശാല നിരണത്തും ഉണ്ടായിരുന്നു എന്നും അതിൻെറ ബഹുശാഖമായ പ്രവൎത്തനങ്ങളിൽ പങ്കുകൊള്ളുകയും അതിൻെറ ഗുണങ്ങൾ അനുഭവിക്കയും ചെയ്തവരായിരുന്നു നിരണത്തു പണിക്കരന്മാർ എന്നും മാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളു. ആ ശാലയിൽ ഉണ്ടായിരുന്ന ഗുരുക്കന്മാരിൽനിന്നും സതീൎത്ഥ്യന്മാരിൽനിന്നും ഉപദേശവും പ്രോത്സാഹനവും സിദ്ധിച്ചതിൻെറ ഫലമായിട്ടായിരിക്കണം അവർ "നിരണം

പാട്ടുകൾ" നിർമ്മിക്കാൻ ഒരുമ്പെട്ടതു്. കൃത്തു കേൾക്കാൻ മനുഷ്യാകൃതിയിൽ വന്ന ദേവന്മാരിൽനിന്നു കിട്ടിയതാണു് കവിതാനുഗ്രഹം എന്നും മററുമുള്ളതു് കണ്ണശ്ശന്റെ "നെട്ടോട്ടം നെടിയോട്ടം" മുതലായവയേപ്പോലെ മുത്തശ്ശി ക്കഥകളായി ഗണിക്കേണ്ടതേ ഉള്ളൂ. കാലാന്തരത്തിൽ, ഭാഷാഭേദത്താലും മററു കാരണങ്ങളാലും മന്ദപ്രഭമായും ന്യൂനപ്രചാരമായും തീരുന്നതുവരെ ഏകദേശം രണ്ടു നൂററാണ്ടുകാലത്തോളം നിരണംകൃതികൾ ഭാഷാസാഹിത്യ നഭസ്സിൽ അത്യുജ്ജ്വലങ്ങളായിത്തന്നെ ശോഭിച്ചിരുന്നു.

ഇപ്രകാരമെല്ലാം വിശിഷ്ടങ്ങളായ കൃതികളേയും അവയുടെ കർത്താക്കന്മാരേയും കുറിച്ചു് നമുക്കുള്ള അറിവു് തുലോം പരിമിതമായിരിക്കുന്നു. നിരണംകവികളുടെ ജീവിതവൃത്താന്തങ്ങൾ, അവരുടെ കൃതികളിലെ ഭാഷാ രീതി, വൃത്തങ്ങൾ സാഹിത്യത്തിന്റെയും ഭാഷയുടേയും വളർച്ചയിൽ അവയ്ക്കുള്ള സ്ഥാനം എന്നിങ്ങനെ അനേകം വിഷയങ്ങളെ അധികരിച്ചു് ഇതേവരെ ഉണ്ടായിട്ടുള്ളതി നേക്കാൾ നിഷ്കൃഷ്ടമായും പ്രയോജനവത്തുകളായും ഉള്ള ഗവേഷണങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ബ്രഹ്മശ്രീ കൃഷ്ണൻനമ്പൂതിരി അവർകളുടെ ഈ കൃതി മേൽ സൂചിപ്പിച്ച അവശ്യവിജ്ഞേയങ്ങളായ പല സംഗതികളെക്കുറിച്ചു സ്ഥൂലമായ ഒരു ജ്ഞാനം നൽകു ന്നുണ്ടു്. ഈ വിഷയത്തിൽ ഇതേവരെ പ്രസിദ്ധീകൃതങ്ങ ളായ വിവരങ്ങളെല്ലാം സമാഹരിച്ചു് ഇതിൽ കൊടുത്തി ട്ടുള്ളതിനും പുറമെ ഒന്നുരണ്ടു കാര്യങ്ങളെക്കുറിച്ചു് സുസം ഗതങ്ങളായ അഭ്യൂഹങ്ങൾ പുറപ്പെടുവിക്കയും ചെയ്യുകാണു ന്നുണ്ടു്. നിരണംകവികളിൽ കുലക്രൂടസ്ഥനായ കരുണേ

ശൻെറ യഥാൎത്ഥനാമധേയം "കൃഷ്ണൻ" എന്നായിരിക്കണ മെന്നുള്ള അഭിപ്രായം സമഞ്ജസമായിരിക്കുന്നു. അതു പോലെ, ഗ്രന്ഥാരംഭത്തിലുള്ള ഇഷ്ടദേവതാവന്ദനങ്ങ ളിൽ പ്രത്യേകദൈവതങ്ങളെ ഒന്നിനേയും വന്ദിക്കാതെ എല്ലാപേരും പരബ്രഹ്മത്തെ മാത്രം സ്മരിക്കുന്നതിനേയും ഭംഗിയായി എടുത്തുകാണിച്ചിരിക്കുന്നു. കേരളത്തിൽ രാമാ നുജമതത്തിൻെറ പ്രചാരം രാമാനുജൻ എഴുത്തച്ഛൻെറ കാലത്തോടുകൂടിയായിരിക്കണം. ഏതായാലും നിരണം കവികൾ ജ്ഞാനമാൎഗ്ഗാവലംബികളായിരുന്നു എന്നു വിചാ രിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല.

പ്രസ്തുത കൃതിയിലെ മററു ഗുണവിശേഷങ്ങളെക്കുറി ച്ചു ഞാൻ പ്രത്യേകം പറയേണ്ടതായിട്ടില്ല. ശ്രീമാൻ കൃഷ്ണൻനമ്പൂതിരി അവർകൾ സാഹിത്യലോകത്തിൽ ആദ്യമായി പ്രവേശിക്കയല്ല. 'വിജ്ഞാനദീപം' 'ബോധന ചന്ദ്രിക' മുതലായ അദ്ദേഹത്തിൻെറ കൃതികൾ പലൎക്കും പരിചിതങ്ങളായിരിക്കും. അവയിൽക്കാണുന്ന അദ്ദേഹ ത്തിൻെറ സ്വതസ്സിദ്ധമായ വാക്യരചനാശൈലിയും ഭാഷാലാളിത്യവും ഇതിൽ കുറേക്കൂടി തെളിഞ്ഞുകാണ്മാൻ കഴിയും. പ്രതിപാദനരീതിയും കഴിവുള്ളിടത്തോളം ആധു നികമാക്കാൻ യത്നിച്ചിട്ടുണ്ടു്. ആകപ്പാടെ, നിരണംകവി കളെക്കുറിച്ചുള്ള ഈ പഠനം വളരെ ഉപയോഗപ്രദമാ ണെന്നു പറയുന്നതിൽ എനിക്കു് അശേഷം സംശയമില്ല. ഈ കൃതിക്കു സകല ഭാവുകങ്ങളും ഉണ്ടാകട്ടെ എന്നു് ആശംസിച്ചുകൊള്ളുന്നു.

എന്നു്,


തിരുവനന്തപുരം<br>1116 കുംഭം 28

എൻ. കെ. രാമൻപിള്ള<br>(ഒപ്പു്)

## ഒന്നാംപതിപ്പിന്റെ
# മുഖവുര

വിജ്ഞാനസമ്പന്നരും അനുഗൃഹീതരും ആയ അനേകം സാഹിത്യപ്രണയികൾ പുരാതനകാലംമുതൽതന്നെ കേരളസാഹിത്യമണ്ഡലത്തിൽ പ്രശോഭിച്ചിരുന്നുവെന്നും, താദൃശമഹത്തുക്കൾ അനന്തരഗാമികൾക്കു് ഉപജീവ്യരായിരുന്നുവെന്നും ഉള്ള പരമാർത്ഥങ്ങൾ ഇപ്പോൾ മിക്കവാറും വെളിവായിക്കഴിഞ്ഞിട്ടുണ്ടു്. ലോകോത്തരവിശിഷ്ടങ്ങളായ കാവ്യങ്ങളിൽ ആദ്ധ്യാത്മികവും ഭൗതികവും ആയ സൗന്ദര്യം നാം കാണുന്നു. ഇതിൽ ഒന്നാമത്തേതു് അനശ്വരവും രണ്ടാമത്തേതു് കാലദേശാവസ്ഥകൾക്കു വിധേയവും ആണു്. എന്നാൽ ഈ ഭൗതികസൗന്ദര്യമാണു് സാമാന്യജനങ്ങൾക്കു് ആകർഷകമായിത്തോന്നുന്നതും ഗ്രന്ഥങ്ങളുടെ ശൈശവദശയിൽ അഥവാ ആവിർഭാവഘട്ടങ്ങളിൽ ആ ഗ്രന്ഥങ്ങൾക്കു ക്രമാധികമായ പ്രചാരത്തിനു് ഇടയാക്കിത്തീർക്കുന്നതും എന്നു കരുതേണ്ടിയിരിക്കുന്നു. ജ്ഞാനികൾക്കു മാത്രം ക്രമേണ ആസ്വാദ്യകരവും രുചിവർദ്ധകവും ആയിത്തീരുന്ന ആദ്ധ്യാത്മികസൗന്ദര്യം അക്ഷയപവിത്രമാണെന്നുള്ളതിനു തർക്കമില്ല. കാലാന്തരത്തിൽ ഭൗതികസൗന്ദര്യം മാത്രം ദർശിക്കുമ്പോഴാണു് കാവ്യാംശങ്ങളെപ്പററി അഭിപ്രായഭേദം ഉണ്ടാകുന്നതു്. ആ പരിവർത്തനത്തിൽ ലോകരുചിയെ ക്രമീകരിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും കാവ്യകാരന്മാരുടെ അദൃശ്യപ്രഭാവങ്ങളും ജീവിതവൃത്താന്തങ്ങളും സ്ഫുരിച്ചുകൊണ്ടിരിക്കേണ്ടതാണു്. ഈ സ്ഥിതി

യിൽ നിരണംകൃതികളിലെ ഉഭയസൗന്ദൎയ്യഗ്രഹണത്തിന് ആ ജ്യോതിസ്സുകളുടെ പ്രതീതിയും തജ്ജന്യമായ വികാരങ്ങളും സഹൃദയലോകത്തിൽ വ്യാപരിക്കാതെ നിവൃത്തിയില്ലെന്നു സ്പഷ്ടമാകുന്നു. അതിനാൽ കാവ്യങ്ങളേയും കാവ്യകാരന്മാരേയും പരാമർശിച്ചുള്ള പ്രസ്താവനകൾക്ക് എക്കാലത്തും ഒരു പ്രധാനസ്ഥാനമുണ്ടെന്നു പരിഗണിക്കുന്നതു സംഗതമായിരിക്കും. തുഞ്ചത്തു ഗുരുപാദർ, കുഞ്ചൻനമ്പ്യാർ ആദിയായി പലരേയും സംബന്ധിച്ച് പണ്ഡിതന്മാർ പ്രത്യേകഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, ശ്രീമാൻ ആർ. നാരായണപ്പണിക്കർ അവർകൾ ആദിയായവരുടെ നാമധേയം ഈദൃശസാഹിത്യചരിത്രനിർമ്മാണവിഷയത്തിൽ പ്രധാനചിന്തയേ അർഹിക്കുന്നവയാണ്. എന്നാൽ തുഞ്ചത്തു ഗുരുപാദർക്കുമുമ്പ് അതായതു് കൊല്ലവർഷം എട്ടാംശതകത്തിനുമുമ്പ് ജീവിച്ചിരുന്ന മഹാന്മാരേക്കുറിച്ച് ഉള്ള ഗ്രന്ഥങ്ങൾ തുലോം വിരളമാണ്. പുരാതനചരിത്രസംഗതികൾ സൂക്ഷ്മമായി അറിയുന്നതിനും പ്രകാശിപ്പിക്കുന്നതിനും ഉള്ള പ്രായോഗികവിഷമത ഇതിൽനിന്നും ഏറക്കുറെ വിശദമാകുന്നുണ്ട്. എന്നിരുന്നാലും ഗവേഷണത്തിനു മുൻകാലത്തേക്കാൾ ഇപ്പോൾ പ്രചാരമുള്ളതിനാൽ അപ്രകാരമുള്ള വിഷമതകൾ ക്രമേണ കുറഞ്ഞുവരികയാണു ചെയ്യുന്നതു്. അപ്രകാരം മാതൃഭാഷാഭക്തന്മാർ നിരന്തരം നടത്തിയിട്ടുള്ള ഗവേണങ്ങളാണ് ഈ ഗ്രന്ഥരചനയ്ക്കു് ആലംബമെന്നു കൃതജ്ഞതാപൂൎവം സ്മൎത്തവ്യമാകുന്നു. അതിനുംപുറമെ, നിരണംകവികളേയും കവിതകളേയും സംബന്ധിച്ച് ഒരു പ്രസംഗം തയ്യാറാക്കുന്നതി


K.P.S

നുള്ള ആവശ്യം നേരിടുകയും അതിലേക്ക് നിഷ്കർഷയായി ഒരു പഠനം വേണ്ടിവരികയും ചെയ്തു. അന്നും പിന്നീടു പലേ അവസരങ്ങളിലും ആയി ചെയ്തുകൊണ്ടിരുന്ന പരിശ്രമങ്ങളുടെ ഒരു സംഗ്രഹരൂപമാണ് ഈ ഗ്രന്ഥമെന്നു പറയാം.

ഇന്നത്തെ നിലയിലുള്ള പരിഷ്കാരമോ വിദ്യാഭ്യാസമോ കേവലം ശൂന്യമായിരുന്ന ഒരു കാലത്ത് അഥവാ ഇന്നേയ്ക്ക് 500 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നവരാണ് നിരണംകവികൾ. ചരിത്രവസ്തുതകളോ ചരിത്രപുരുഷന്മാരുടെ ജീവിതവൃത്താന്തങ്ങളോ കുറിച്ചിടുകയും സൂക്ഷിക്കയും ചെയ്യുന്ന ഒരു നടപടി അല്പംപോലും ഇല്ലായിരുന്ന കാലമാണത്. അന്നത്തേ വിവരങ്ങൾ അന്വേഷിക്കുവാൻ ശ്രമിക്കുന്നവർക്ക് ഊഹാധൂമികയിൽ ആമഗ്നമായ ചില ഐതിഹ്യങ്ങൾ മാത്രമാണു ലഭിക്കുന്നത്. ഇതിൽനിന്നും സൂക്ഷ്മവിവരങ്ങൾ സമ്പാദിക്കയെന്നുള്ളതു് തുലോം പ്രയാസമെന്നു പറയാം. അതിനാൽ സ്ഥൂലമായി ചില പ്രതിപാദനങ്ങൾകൊണ്ടെങ്കിലും, മണ്ണുമറഞ്ഞ ആ മഹാപുരുഷന്മാരെ ആരാധിക്കാൻ അവസരമുണ്ടാകയും അവർ സാഹിത്യഭണ്ഡാഗാരത്തിലേക്കു പ്രദാനം ചെയ്തിട്ടുള്ള അമൂല്യരത്നങ്ങളിലേക്ക് സഹൃദയലോകത്തിൻെറ ശ്രദ്ധയെ അല്പമെങ്കിലും ആകർഷിക്കാൻ സാധിക്കയും ചെയ്താൽ കൃതാർത്ഥതയ്ക്കവകാശമുണ്ടെന്നു പറയാവുന്നതാണ്.

ഈ ഗ്രന്ഥരചനയ്ക്കാലംബമായ പരാമൎശഗ്രന്ഥങ്ങളെ (Reference-books)പ്പററിയും ഈ അവസരത്തിൽ ചിലതു

പറയേണ്ടിയിരിക്കുന്നു. കുറേയധികം പരാമൎശഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ടെന്നുള്ള സംഗതി മാന്യവായനക്കാൎക്കു ഗ്രന്ഥത്തിൽനിന്നുതന്നെ അറിയാവുന്നതാണു്. അതിനാൽ അവയുടെ ഒരു പ്രത്യേകപട്ടിക ചേൎക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. എനിക്കു മാൎഗ്ഗദൎശകങ്ങളായ ആ അമൂല്യനിധികളോടു് എനിക്കുള്ള ധാൎമ്മികമായ കടമ മാത്രം കൃതജ്ഞതാപൂൎവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

രാമായണം, ഭാരതം, ഇവയുടെ മൂലമായ സംസ്കൃതഗ്രന്ഥങ്ങൾക്കു പകരം വൃത്താനുവൃത്തം തൎജ്ജിമകൾ അംഗീകരിച്ചു് ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുള്ളതു് സംസ്കൃതാനഭിജ്ഞരുടെ രുചിക്കൂടുതലിനെ ഉദ്ദേശിച്ചും വ്യാഖ്യാനങ്ങളെഴുതി ഗ്രന്ഥോദരത്തെ ക്രമത്തിലധികം പുഷ്ടിപ്പെടുത്തുന്നതു് ഉചിതമല്ലെന്നു വിചാരിച്ചും ആണു്. എന്നാൽ ചില ഭാഗങ്ങളിൽ സംസ്കൃതപദ്യങ്ങളെത്തന്നെ മററു ഗ്രന്ഥങ്ങളിൽനിന്നും ആശ്രയിക്കേണ്ടിവന്നതിനാൽ അവ ചേൎക്കുകയും അത്യാവശ്യമെന്നു തോന്നിയ സന്ദൎഭങ്ങളിൽ സംഗ്രഹമായി ആശയംകൂടി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള പ്രകൃതങ്ങൾ ദീൎഘമാകാതിരിക്കാൻ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ടെന്നാണു് എന്റെ വിനീതമായ വിശ്വാസം. ആവശ്യമായ പരാമൎശഗ്രന്ഥങ്ങൾ തന്നു സഹായിച്ചിട്ടുള്ള എല്ലാ മഹാന്മാരോടും എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞത പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

"പുസ്തകം വളരെ ഉപയോഗമുള്ളതാണു്" "എനിക്കു സമൎപ്പിച്ചാൽ ഞാൻ അതു് ഒരഭിമാനമായിക്കരുതും"

എന്നും മററുമുള്ള വിവരം കാണിച്ച് എന്റെ സമപ്പണാപേക്ഷയ്ക്കു് പ്രോത്സാഹജനകമായ മറുപടി തന്ന മഹാപുരുഷനും സമാരാദ്ധ്യനും ആയ റാവുസാഹിബ്ബ്, മഹാകവി സാഹിത്യഭൂഷണൻ, കവിതിലകൻ, ഉള്ളൂർ; എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ നേക്ക് എനിക്കുള്ള കൃതജ്ഞത വാചാമഗോചരമാണ്. "കുചേലപ്രാഭൃതന്ന്യായേന" ഇതദ്ദേഹത്തിനു രുചികരമായതിൽ ഞാൻ ധന്യനാണെന്നുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ ഗ്രന്ഥത്തിനു് ഒരു 'അവതാരിക' വേണമെന്നും, ആയതു് രാജശ്രീ, എൻ. കുഞ്ഞുരാമൻപിള്ള അവർകൾ എം. എ. ബി. എൽ. (Superintendent of Studies in Indian Languages) നെക്കൊണ്ടു് എഴുതിച്ചാൽകൊള്ളാമെന്നും, ഗ്രന്ഥം തീൎന്നപ്പോൾ എനിക്കു് ആഗ്രഹം ഉണ്ടായി. അതനുസരിച്ചു് ഞാൻ അദ്ദേഹത്തെ കാണുകയും, കൈയെഴുത്തുപ്രതി ഒരാവൃത്തി വായിച്ചുകേൾപ്പിക്കയും ചെയ്തു. അദ്ദേഹമാകട്ടെ ആവശ്യമായ ഭേദഗതികളും തിരുത്തുകളും സദയം നിർദ്ദേശിച്ചു് എന്നെ പ്രോത്സാഹിപ്പിച്ചു. എന്നാൽ അച്ചടി തീൎന്നു് ഗ്രന്ഥമയച്ചപ്പോൾ ആ മാന്ന്യൻ ദീനത്തിൽ കിടപ്പാണെന്നു് എനിക്കു് അറിവു തന്നു. ദീനം ഭേദമാകുന്നതിനും, അതിനുശേഷം ഗൗരവമായ ജോലിത്തിരക്കുകളിൽനിന്നും അദ്ദേഹത്തിനു സാവകാശം ലഭിക്കുന്നതിനും കുറച്ചുകാലം വേണ്ടിവന്നു. ജോലിത്തിരക്കുണ്ടായിരുന്ന കാലങ്ങളിലെല്ലാം എന്റെ അപേക്ഷ ആവൎത്തിക്കുന്നതിനു ഞാൻ ഉദാസീനത വിചാരിച്ചില്ല. ഏതായാലും എന്റെ അപേക്ഷ കാലാന്തര

ത്തിൽ ഫലവത്തായിത്തീൎന്നു. ഗവേഷണകുശലനും, ചിന്തകനും, സാഹിത്യമൎമ്മജ്ഞനും ആയ ആ മഹാത്മാവു് എന്നെ കൃതാൎത്ഥനാക്കിയതിൽ എനിക്കുള്ള അകൈതവമായ ഭക്ത്യാദരങ്ങളെ സവിനയം പ്രദൎശിപ്പിച്ചുകൊള്ളുന്നു.

"നിരണംകവികളുടെ വൃത്തരീതിയും ഭാഷയും ആധുനികർ പ്രായോഗികമാക്കുന്നതു്" നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തെ സമാദരിച്ചാണു് കഴിവുള്ളിടത്തോളം ആ രീതിയിൽ; ഈ ഗ്രന്ഥത്തിന്റെ പീഠികയിൽ, "ഇഷ്ടദേവതാപ്രാൎത്ഥനാ"രൂപത്തിൽ രണ്ടു പാട്ടുകൾകൂടി എഴുതിച്ചേൎത്തിട്ടുള്ളതു്. സഹൃദയലോകം അതിനു് എത്രമാത്രം സ്വാഗതം നൽകുമെന്നു് എനിക്കു നിശ്ചയമില്ല.

ഞാൻ മുമ്പു രചിച്ച "വിജ്ഞാനദീപം", "ബോധനചന്ദ്രിക" ഈ രണ്ടു ഗ്രന്ഥങ്ങളും യഥോചിതം സ്വീകരിച്ചു് എന്നെ പ്രോത്സാഹിപ്പിച്ച എല്ലാം സുഹൃത്തുക്കളോടും ആത്മാൎത്ഥമായ കൃതജ്ഞത പ്രകടിപ്പിക്കുന്നതിനുകൂടി ഈ അവസരം വിനിയോഗിക്കയും; ഈ ഗ്രന്ഥത്തിന്റെയും പ്രസാധികാസ്ഥാനം എന്റെ ധൎമ്മപത്നിയായ സൗഭാഗ്യവതി; കെ. ഗൌരിഅന്തൎജ്ജനത്തിനു നൽകിയിരിക്കുന്ന വിവരം പ്രസ്താവിക്കയും, ചെയ്തുകൊള്ളുന്നു.

ഇപ്പോൾ കടലാസ്സിനുണ്ടായിരിക്കുന്ന വിലക്കൂടുതലും, അച്ചടിക്കൂലി കൃത്യസമയത്തിനു കൊടുത്തുതീൎക്കാൻ സാധിക്കാതെവന്ന സാമ്പത്തികവിഷമതയും, എനിക്കു വളരെ ക്ലേശകരമായിത്തീൎന്നു. എന്നിരുന്നാലും കൈരളീസേവനത്തിനുള്ള എന്റെ ശ്രമം സാധിച്ചതിൽ വളരെ ചാരിതാൎത്ഥ്യമുണ്ടെന്നു പറയാൻ സന്തോഷമുണ്ടു്.

ഇതിലേക്കാവശ്യമായ ബ്ലോക്കുകൾ തയ്യാറാക്കുന്നതിന് എന്നെ സഹായിച്ച ചിത്രകലാകുശലന്മാരായ ബ്രഹ്മശ്രീ വടക്കേത്തോട്ടാശ്ശേരി ഇല്ലത്തു കെ. നാരായണൻ നമ്പൂതിരി അവർകൾ, ശ്രീമാൻ ജോർജ്ജ് നാടാവള്ളിൽ അവർകൾ എന്നിവരോടും, ബ്ലോക്കുകൾ മിതമായ ചാർജ്ജിൽ കൃത്യസമയത്തു തയ്യാർ ചെയ്തുതന്ന കോട്ടയം എമ്പയാർ സ്റ്റുഡിയോപ്രവർത്തകരോടും, നിരണംകവികളേയും കവിതകളേയും സംബന്ധിച്ച് പല സംഗതികളും അറിവു തന്ന് എന്നെ തുണിപ്പിച്ച ശ്രീമാൻ ബാലകൃഷ്ണപിള്ള (തൃക്കപാലീശ്വരം) അവർകളോടും, വിശിഷ്യ ഈ ഗ്രന്ഥരചനയ്ക്കു സഹായിച്ചിട്ടുള്ള മറെറല്ലാ മഹത്തുക്കളോടും എനിക്കു ഹൃദയംഗമമായ കൃതജ്ഞതയുണ്ട്.

ഇത്രയധികം വശങ്ങളുള്ള ഒരു ഗ്രന്ഥത്തിൽ അച്ചടിപ്പിഴകൾ കുറവായി കാണുന്നതു സന്തോഷകരമായിരിക്കും. എന്നിരുന്നാലും ഒരു ശുദ്ധിപത്രം ഒടുവിൽ ചേർത്തിട്ടുണ്ട്. മാന്യവായനക്കാർ ക്ഷമാപൂർവ്വം ആയതും അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

തിരുവല്ലാ,
1-8-116.

ഗ്രന്ഥകർത്താ

രണ്ടാം പതിപ്പിന്റെ

## മുഖവുര

ചില പരമാൎത്ഥങ്ങൾ മാത്രം. ഉദ്ദേശ്യം പതിനാറു വൎഷം മുമ്പാണു് 'നിരണംകവികൾ' എന്ന ഈ ഗ്രന്ഥത്തിന്റെ ഒന്നാംപതിപ്പു പ്രസിദ്ധം ചെയ്തതു്. അക്കാലത്തുതന്നെ രണ്ടുമാസംകൊണ്ടു് മുഴുവനും ചെലവാകയും ചെയ്തു. അതിനെത്തുടൎന്നു് ഇന്നേവരെയുള്ള പരിതഃസ്ഥിതികൾ വീക്ഷിക്കുമ്പോൾ; കേരളത്തിൽ വിദ്യാഭ്യാസം, രാഷ്ട്രീയം, സാഹിത്യാദികലകൾ തുടങ്ങിയവയിൽ സാരമായ പല പുരോഗമനങ്ങളും പരിവൎത്തനങ്ങളും ഉണ്ടായിട്ടുണ്ടെന്നു സ്പഷ്ടമാണു്. രാജവാഴ്ച്ചയുടെ സമാപ്തി, ജനാധിപത്യഭരണം എന്നിങ്ങനെ രാഷ്ട്രീയവ്യതിയാനങ്ങൾ. ആഖ്യായികകൾ, ചെറുകഥകൾ, നാടകങ്ങൾ, ലഘുകവനങ്ങൾ, ഉപന്യാസങ്ങൾ ആദിയായ പ്രസ്ഥാനങ്ങളിൽ അനേകം സാഹിത്യകാരന്മാരും കവികളും പ്രവൎത്തിച്ചതിന്റെ ഫലമായി കൈരളിയുടെ ഗ്രന്ഥസമ്പത്തു സാരമായി പുഷ്ടിപ്പെട്ടിട്ടുണ്ടു്. ജീവിതകഥകൾ, സാഹിത്യചരിത്രങ്ങൾ, നിഘണ്ടുക്കൾ, ശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയ ശാഖകളും വിപുലങ്ങളായിത്തീൎന്നിട്ടുള്ളതാകുന്നു. പഴയ ഗ്രന്ഥങ്ങളുടെ പുനഃപ്രകാശനങ്ങളും സുലഭങ്ങളാണു്. നമ്മുടെ സൎവ്വകലാശാലയുടെ സേവനങ്ങൾ ഇതിനെല്ലാം വേണ്ടപ്രകാരം ഉണ്ടെന്നുള്ള സംഗതിയും പ്രസ്താവയോഗ്യമാണു്. വിശേഷിച്ചും ഗവേഷണം, ഗ്രന്ഥസംഭരണം, നിഘണ്ടുനിൎമ്മാണം മുതലായവ സൎവ്വ

കലാശാലയുടെ സജീവസേവനങ്ങളാകുന്നു. വൃത്താന്തപത്രങ്ങൾ, വാരികകൾ, ഗ്രന്ഥശാലകൾ, സാഹിത്യസമ്മേളനങ്ങൾ, പുസ്തകശാലകൾ ഇവയുടെ പ്രവൎത്തനങ്ങളും കൈരളിക്കു് അത്യധികമായ ശുദ്ധിയും പുഷ്ടിയും നൽകിവരുന്നുണ്ടു്. ജനാധിപത്യഭരണാരംഭത്തോടുകൂടി പ്രസംഗം, പ്രഭാഷണം എന്നീ കലകളും ഊൎജ്ജസ്വലമായിത്തീൎന്നിട്ടുണ്ടു്. അതിനുംപുറമേ സാഹിത്യമുൾപ്പെടെയുള്ള എല്ലാവിധ കലകളേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും അതാതുകലകളിൽ സേവനം അനുഷ്ഠിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും ബഹുമാനപ്പെട്ട ഇന്ത്യാ ഗവൺമെൻറിൽനിന്നും പല പരിപാടികളും അംഗീകരിച്ചിട്ടുള്ളതും, കേരളത്തിൽ ഗവൺമെൻറുനേതൃത്വത്തിൽ ഒരു സാഹിത്യഅക്കാഡമി അടുത്തകാലത്തു പ്രവൎത്തനമാരംഭിച്ചിട്ടുള്ളതുമാണെന്നും പ്രത്യേകിച്ചും സ്മരണീയമാണു്.

പ്രസ്തുത ഗ്രന്ഥത്തിൻെറ ഒന്നാംപതിപ്പിനെ തുടൎന്നു് കൂടുതൽ പ്രതികൾ ആവശ്യപ്പെട്ടുകൊണ്ടു് പിന്നീടു പലരും എഴുത്തുമൂലവും നേരിട്ടും എന്നെ വിവരം ധരിപ്പിക്കയും രണ്ടാംപതിപ്പു് അച്ചടിപ്പിക്കണമെന്നു് ഉപദേശിക്കയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ എന്നെ വലയം ചെയ്തിട്ടുള്ള സാഹചര്യങ്ങൾ അപ്രകാരം ഒരു പതിപ്പു് ഉടനേ പ്രസിദ്ധം ചെയ്യുന്നതിനു പ്രേരകമല്ലാതെയുള്ളവയായിരുന്നതുകൊണ്ടു് ഇക്കാൎയ്യത്തിൽ ഉദാസീനത വരികയും മററു ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന വിഷയത്തിൽ പ്രവൎത്തിക്കുന്നതിനു് ഇടയാകയും ചെയ്തു.

ഒന്നാംപതിപ്പു് പ്രസിദ്ധം ചെയ്തപ്പോൾ സമപ്പണം സ്വീകരിച്ചു് എന്നെ ആശീർവദിച്ച മഹാകവി ശ്രീ. ഉള്ളൂർ അവർകളും, അവതാരിക തന്നു പ്രോത്സാഹിപ്പിച്ച അഭിജ്ഞവരേണ്യനായിരുന്ന ശ്രീ. എൻ. കെ. രാമൻപിള്ള അവർകളും ഇപ്പോൾ യശഃശരീരന്മാരായിരിക്കുന്നതിനാൽ ആ പുണ്യാത്മാക്കളേയും ഭക്ത്യാദരപുരസ്സരം ഈ സന്ദർഭത്തിൽ സ്മരിച്ചുകൊള്ളട്ടെ!

ഒന്നാംപതിപ്പിൽനിന്നും ദിങ്മാത്രമായ ചില ഭേദഗതികൾ പിന്നീടു കിട്ടിയ അറിവുകളെ അടിസ്ഥാനമാക്കി ഈ പതിപ്പിൽ ചെയ്തിട്ടുള്ളതു സഹൃദയലോകത്തിനു രുചിക്കുമെന്നു വിനീതമായി വിശ്വസിക്കുന്നു! മുൻപതിപ്പിൽ ചേർത്തിരുന്ന ചില പടങ്ങളുടെ ബ്ലോക്കുകൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായിത്തീർന്നതുകൊണ്ടും പിന്നീടു് ആ വകകൾ നിർമ്മിക്കുന്നതിനു സൗകര്യപ്പെടാതെ വന്നതുകൊണ്ടും ഈ പതിപ്പിൽ ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ടെന്നു ക്ഷമാപണപൂർവം മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു. ഈ പതിപ്പിൽ അങ്ങിങ്ങു് ലഘുവായ ചില അക്ഷരത്തെററുകൾ വന്നിട്ടുണ്ടു്. അവ വിജ്ഞന്മാക്കു് എളുപ്പത്തിൽ തിരുത്തി അറിയത്തക്കവ മാത്രമാകയാൽ ശുദ്ധിപത്രം ചേർക്കുന്നതിനു് ഇടയായിട്ടില്ലാത്തതുമാണു്. അതിനു മഹാജനങ്ങൾ മാപ്പുതരുമെന്നു വിശ്വസിക്കുന്നു.

ഈ രണ്ടാംപതിപ്പിന്റെ പ്രസിദ്ധീകരണവും മററും ഏറെറടുത്തും അതുസംബന്ധമായ ജോലികളെല്ലാം സംതൃപ്തികരമായ വിധം നിർവഹിച്ചും എന്നെ സഹായിച്ചി

ട്ടുള്ള തിരുവനന്തപുരം എസ്സ്. ബി. പ്രസ്സ് ഉടമസ്ഥരുടെ പേൎക്ക് എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞതകൂടി രേഖപ്പെടുത്തുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

മഹാജനസ്വാഗതം പ്രതീക്ഷിച്ചു് കൂപ്പുകൈ!

ശ്രീവല്ലഭനികേതനം
തിരുവല്ലാ
1-11-1956

V. Krishnan Namboodiri
Author

# ഉള്ളടക്കം

വശങ്ങൾ

അദ്ധ്യായം 1 — 1—18

1. പീഠിക
2. നിരണംദേശവും കണ്ണശ്ശൻപറമ്പും
3. നിരണത്തു നാലു കവികൾ
4. പണിക്കർസ്ഥാനം
5. കണ്ണശ്ശൻ
6. മലയിൻകീഴും നിരണംകവികുടുംബവും

അദ്ധ്യായം 2 — 18—34

ജീവിതകാലം

അദ്ധ്യായം 3 — 35—70

1. നിരണംകൃതികൾ
2. കർത്തൃത്വനിർണ്ണയം
   - i തൃക്കപാലീശ്വരസ്തോത്രം
   - ii രാമായണം
   - iii ഭാഗവതം
   - iv ശിവരാത്രിമാഹാത്മ്യം
   - v ഭാരതം
   - vi ബ്രഹ്മാണ്ഡപുരാണം
   - vii ശ്രീമത് ഭഗവത്ഗീത
   - viii ഭാരതമാല
   - ix സീതാസ്വയംവരം അമ്മാനപ്പാട്ട്
   - x ശ്രീവല്ലഭകീർത്തനം
   - xi ഗുരുഗീത
   - xii പാദ്മപുരാണം
   - xiii നളചരിതം പാട്ട്
3. വൃത്തരീതി
4. നിരണം ഗദ്യരീതി
5. ഭാഷയും ഗ്രന്ഥങ്ങളുടെ പ്രചാരക്കുറവും

വശങ്ങൾ

അദ്ധ്യായം 4 71—190

ഗ്രന്ഥവിഹാരം.–

1. തൃക്കപാലീശ്വരസ്തോത്രം

പുരാണേതിഹാസവിവർത്തനങ്ങൾ:–

1. രാമായണം
2. ഭാഗവതം
3. ശിവരാത്രിമാഹാത്മ്യം
4. ഭാരതം
5. ബ്രഹ്മാണ്ഡപുരാണം
6. ശ്രീമത് ഭഗവത്ഗീത
7. ഭാരതമാല
8. സീതാസ്വയംവരം
9. ശ്രീവല്ലഭകീർത്തനം
10. ഗുരുഗീത
11. പാദ്മപുരാണം
12. നളചരിതം

അദ്ധ്യായം 5 190—255

സാഹിത്യാസ്വാദനം:–

1. ഭാഷയിലെ വിമർശനപദ്ധതി
2. സാഹിത്യം
3. രസവിചിന്തനം
4. പ്രകൃതിവർണ്ണന
5. സാഹിത്യചിത്രങ്ങൾ
6. വസ്തുതത്വപ്രതിപാദനം
7. സദാചാരവും ഭാവനയും
8. മനോധർമ്മരസികത്വവും ഭാവനാവിലാസവും
9. ശബ്ദാർത്ഥാലങ്കാരങ്ങൾ, പാകശയ്യാദികൾ, പദവൈചിത്ര്യങ്ങൾ.
10. നിരണംകവിതകളും, തുഞ്ചത്തു ഗുരുപാദരുടെ കവിതകളും ഉപസംഹാരം.

ശ്രീ

# നിരണം കവികൾ

---

## അദ്ധ്യായം ൧

### I പീഠിക.

'ശ്രീവല്ലഭ'നേ! കരുണാകരനേ! ശ്രിതജനസുരതരുവാമയോരുനാഥാ!
ആവിയിലുളവാം കരുവിനതീർക്കാനായിതുകാലം വന്ദിക്കുന്നേൻ.
വേവുമശേഷജഗത്തിനുമെന്നും വേദനപോക്കി വസിപ്പവനേ! നീ
താവുമനുഗ്രഹമൻപൊടുചേർക്കാനന്ദപ്പൊരുളേ! വേദാത്മകനേ!

വേദാദികളാലറിവുററവനേ!
വാനോർ ഗംഗയുമണിപിറയും ചേർ-
മോദാത്മകനേ! "നിരണകപാലീ-
ശ്വര" നേ! തൊഴുതേനാദിപുരാനേ!
ഖേദമനത്തുമൊഴിച്ചരുൾക നീയേ
"കരുണേശാ" ദികൾ കഥകളുരപ്പാ-
നാദരപൂർവ്വം തുനിവിതുനേര-
ത്താശ്രയമായതു നീയേ സകലം.

വിദ്വജ്ജനസമാരാധ്യമായ കൈരളീക്ഷേത്രത്തിൽ അദ്യാപി അക്ഷയഭാസ്സോടുകൂടി പരിലസിച്ചുവരുന്ന മണിദീപങ്ങളാണ് നിരണം കവികൾ. ആ മഹാപുരുഷന്മാരുടെ ജീവചരിത്രവും പരിപാവനമായ സാഹിത്യസേവനവും അടിസ്ഥാനമാക്കി മലയാളഭാഷാസാഹിത്യചരിത്ര

കാരന്മാരും, ഗവേഷണകുശലന്മാരും, വിമർശനവിചക്ഷണ ന്മാരും ആയ അനേകം പണ്ഡിതന്മാർ ധാരാളം ഉപന്യാസങ്ങൾ രചിച്ചിട്ടുണ്ടു്. നിരണം കവിതകളുടെ പല ഭാഗങ്ങളും ഓരോ അവസരങ്ങളിലായി പ്രസാധനം ചെയ്തിട്ടുള്ളവയുടെ അവതാരികകൾ ഇക്കാര്യത്തിൽ പ്രത്യേകിച്ചും ശ്രദ്ധേയങ്ങളാണു്. താദൃശതൂലികാവിലാസങ്ങൾ അമൂല്യങ്ങളും അഭിനന്ദനാർഹങ്ങളും കൃതജ്ഞതാപൂർവം സ്മർത്തവ്യങ്ങളുമാണെന്നുള്ളതിന്നു് പക്ഷാന്തരമില്ല. എന്നിരുന്നാലും ആസ്വാദിക്കുന്തോറും രുചിയേറിവരുന്ന നിരണം കവികളുടെ കൈരളീസേവനത്തിന്റെ പുനശ്ചിന്തനം അസ്ഥാനത്തിലാകയില്ലെന്നും കരുതേണ്ടിയിരിക്കുന്നു. വിശിഷ്യ മഹത്തുക്കളെ ആരാധിക്കയും അവരുടെ പരിശ്രമങ്ങളെ അവധാനപൂർവം പഠിക്കയും ചെയ്യുകയെന്നുള്ളതു് രസാവഹമായ ഒരു കർത്തവ്യവുമാകുന്നു. എന്നാൽ പുരാതന ചരിത്ര വിവരങ്ങളധികവും, പ്രത്യേകിച്ചും പൗരസ്ത്യ ചരിത്രവസ്തുതകളിൽ ഒരു വലിയപങ്കു്, അന്ധവിശ്വാസജടിലങ്ങളായ ഒരു തരം ഐതിഹ്യങ്ങളുടെ മേളനം കൊണ്ടു ശിഥിലബന്ധങ്ങളാണെന്നുള്ളതു് അനുകമ്പാർഹമായ ഒരു പരമാർത്ഥമാണു്. എങ്കിലും അങ്ങനെയുള്ള ഐതിഹ്യങ്ങൾ പലപ്പോഴും യഥാർത്ഥചരിത്രസംഗതികൾ കണ്ടുപിടിക്കുന്നതിന്നു് അദ്ധ്വാപകർഷണം ചെയ്യാറുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. ഇപ്രകാരം ഐതിഹ്യയുക്തമായ പഴല വിവരങ്ങളും നിരണം കവികളെ സംബന്ധിച്ചും പ്രചാരത്തിലുണ്ടു്. എന്നാൽ ആധുനിക പണ്ഡിതന്മാരുടെ നിരന്തരപരിശ്രമങ്ങളുടെ ഫലമായി നിരണംകവികളെ സംബന്ധിച്ചു് പലേ സംഗതികളും ഇപ്പോൾ മിക്കവാറും സൂക്ഷ്മമായി അറിയുന്നതിന്നു സാധിച്ചിട്ടുണ്ടെന്നുള്ളതു് ഒരു മഹാഭാഗ്യമായിക്കരുതാം.

## II നിരണംദേശവും കണ്ണശ്ശൻപറമ്പും

ഐശ്വര്യസമൃദ്ധവും പ്രകൃതിരമണീയവും ആയ ശ്രീ വാഴുംകോടിന്റെ ഏകദേശമദ്ധ്യസ്ഥിതമായ ഒരു ഭൂവിഭാഗമാണ് തിരുവല്ലാ താലൂക്ക്. അമൃതവാഹിനിയും നിതാന്തസുന്ദരയും ആജന്മസുഖപ്രദയും ആയ പമ്പാനദിയും, തദീയശാഖകളുംകൊണ്ടു് പ്രസ്തുതദേശം ബഹുധാപ്രശോഭിതമായിട്ടുള്ളതാണ്. പ്രസിദ്ധമായ തിരുവല്ലാതാലൂക്കിന്റെ സാമാന്യം മദ്ധ്യത്തിൽ, ഏകദേശം പശ്ചിമഭാഗത്തു് പമ്പാനദിയുടെ സമീപത്തായി "നിരണം" എന്ന പേരോടുകൂടിയ ഒരു ചെറിയ ഭൂവിഭാഗമുണ്ടു്. ആ സ്ഥലം അതിപുരാതനകാലംമുതൽ തന്നെ പേരുകേട്ടിട്ടുള്ളതാണ്. പലേ വാദമുഖങ്ങൾ ചർച്ചചെയ്തശേഷം പണ്ഡിതദൃഷ്ട്യാ ഉദ്ദേശം കൊല്ലവർഷം അഞ്ചാംശതകത്തിന്റെ അന്ത്യത്തോടു സമീപിച്ചു് നിർമ്മിതമെന്നു കരുതിവരുന്ന അതിവിശിഷ്ട മലയാളകാവ്യമായ ഉണ്ണുനീലിസന്ദേശത്തിൽ നിരണത്തെപ്പററി ഇപ്രകാരം പറയുന്നു.

"കൈതക്കാട്ടെക്കുവലയദൃശാം പാട്ടുകേട്ടങ്ങിരുന്നാൽ–
കാലംവൈകുംപെരിയെനിരണത്തിന്നുപോകാൻ വഴങ്ങേൻ"
"വീടുണ്ടല്ലോ തദനു ഭവതോമുന്നിലായാണിപാർമേൽ
മാടമ്പീനാമവിടെവസതാം ധന്യമാകും നിവാസം"

(പൂർവ്വസന്ദേശം പദ്യം 117–118)

ഇപ്രകാരം പ്രശസ്തമായ ഈ ഭൂവിഭാഗം ആരാദ്ധ്യപുരുഷന്മാരുടെ ജന്മഭൂമിയായിത്തീർന്നതിൽ അതിശയിപ്പാനില്ല. ഈ സ്ഥലത്തു് "തൃക്കപാലീശ്വരം" എന്ന നാമത്തോടുകൂടിയ ഒരു ശിവക്ഷേത്രം അദ്യാപി സ്ഥിതിചെയ്തുവരുന്നുണ്ടു്. പൂർവ്വോക്തപദ്യത്തിന്റെ ഉത്തരാർദ്ധം പ്രസ്തുത ശിവക്ഷേത്രത്തെ പരാമർശിച്ചുള്ളതാണെന്നു വിചാരിക്കാം.

"മാടം ചെൻറങ്ങുപദ്ധതികലാം ചൂടീമാതേവരാവാൻ
തേടിൻേറടം പുനരവിടെയും ചെൽകപോരും ഭശായാം."

മാളിക ചെന്നു ചന്ദ്രക്കലയെ ശിരസ്സിൽ തൊട്ട് മഹാദേവൻ (ശിവൻ) ആയിത്തീരാൻ ശ്രമിക്കുന്ന ഇടവുമാണ് നിരണം. ചന്ദ്രമണ്ഡലംവരെ ഉയൎന്ന മാളികയുണ്ടെന്നും ശിവൻ ചന്ദ്രക്കലാധരനാകയാൽ ശിവസാദൃശ്യത്തെ ഉൽപ്രേക്ഷിച്ചിരിക്കുന്നെന്നും കാണാം. ഇതിൽ സൂചിതനായ ശിവനാണ് പ്രസ്തുത ക്ഷേത്രത്തിലെ ദേവൻ. നിരണത്തിനടുത്തുകൂടി ഒഴുകുന്ന പമ്പാനദിയുടെ ചേതോഭിരാമമായ സ്ഥിതിയും അക്കാലത്തുതന്നെ ശ്രദ്ധേയമായിരുന്നെന്ന് അടുത്ത പദ്യത്തിൽ കാണാം.


"മെത്തും മത്തഭ്രമരമുഖരാം മത്തമാർപോർമുലത്തൊ-
ത്തൊത്തിടൻറാമൽക്കളഭകളിയിൽ പ്പൊങ്ങുമംഭോരുഹാഢ്യാം
തത്തിത്തത്തിച്ചെറുതിരകളിൽച്ചേൎന്ന മുക്താകലാപാം
കൊത്തിക്കൊത്തിക്കരികിൽ പരുകിച്ചേൎന്ന ചേതിരാഭിരാമാം
പിന്നെപ്പിന്നിട്ടമലസലിലാം താം നദീം........................
................................................................................"

ഇതിൽനിന്നും നിരണം ദേശവും തൃക്കപാലീശ്വരം ക്ഷേത്രവും അക്കാലത്തു തന്നെ പ്രശസ്തമായിത്തീൎന്നിരുന്നെന്നു കരുതാം. തൃക്കപാലീശ്വരം, പഴക്കംകൊണ്ടു പല ഭാഗങ്ങൾക്കും ജീൎണ്ണത സംഭവിച്ചാണ് ഇന്നു സ്ഥിതിചെയ്യുന്നതെങ്കിലും, ഒരു കാലത്ത് ഇതൊരു മഹാക്ഷേത്രമായി പ്രശോഭിച്ചിരുന്നെന്നു തീൎച്ചപ്പെടുത്തത്തക്ക സാഹചര്യങ്ങൾ അവിടെക്കാണുമാൻ കഴിയും. തൃക്കപാലീശ്വരം ക്ഷേത്രത്തിനുതൊട്ടു പടിഞ്ഞാറുവടക്കായി ഇപ്പോൾ 'കണ്ണശ്ശൻപറമ്പ്' എന്നു പറഞ്ഞുവരുന്ന പുണ്യഭൂമിയാണ് നിരണം കവികളുടെ ജനനസ്ഥലം. നിരണം കവികളുടെ ജനനസ്ഥലത്തെപ്പററി ആദ്യത്തെ ഭാഷാചരിത്ര

കർത്താവു് ശ്രീ. പി. ഗോവിന്ദപ്പിള്ള പറയുന്നതു നോക്കുക. “കണ്ണശ്ശപ്പണിക്കർ എന്ന രസിക ശിരോമണിയായ മലയാളകവി തിരുവല്ലാ മണ്ടപത്തും വാതുക്കൽ നിരണത്തു് തൃക്കപാലേശ്വരം എന്ന ശിവക്ഷേത്രത്തിന്ന സമീപത്തു് ഒരു ഭവനത്തിൽ ജനിച്ചു. ജനനസ്ഥലത്തിനെ ഇപ്പോഴും കണ്ണശ്ശൻ പറമ്പെന്നു പറഞ്ഞു ബഹുമാനിച്ചുവരുന്നു. അദ്ദേഹം നട്ടിട്ടുള്ളതായ ഒരു വരിക്കപ്പ്ലാവു് ഇപ്പോഴും ആ പറമ്പിൽ ഉണ്ടുപോൽ. ക്ഷേത്രത്തിൽനിന്നു സ്വന്തഭവനത്തിൽ പോകുന്നതിന്ന ലക്ഷ്യം കാണിച്ചു് ഒരു വാചകം അദ്ദേഹത്തിന്റെ കൃതിയായിട്ടുണ്ടു്. അതു്:—

“ ചെമ്പൊടിരുമ്പുമുരുക്കശരക്കോൽ അമ്പത്തീരടി മുമ്പുവലത്ത് ” എന്നാകുന്നു. ഇതിന്റെ അർത്ഥം ഭവനം ക്ഷേത്രത്തിൽനിന്നു കുറെ ദൂരെ ചെമ്പുണ്ടാക്കുന്നവന്റെയും കൊല്ലന്റേയും മാടത്തിനപ്പുറം ഒരു മുരുക്കുപെട്ടി തീക്കുന്നവന്റെ വീട്ടിനും അടുത്ത് ഒരാശാരിയുടെ മാടത്തിൽനിന്നു അമ്പത്തുരണ്ടടി ദൂരെ വലത്തുഭാഗത്തു് എന്നാകുന്നു.” ഈ അഭിപ്രായം പരിശോധനാർഹമായിരിക്കുന്നു. കണ്ണശ്ശൻ പറമ്പിന്റെ സ്ഥാനം ക്ഷേത്രത്തിന്നു തൊട്ടു പടിഞ്ഞാറു വടക്കാണെന്നു പറഞ്ഞല്ലോ. അവിടെ പുരാതനമായ ഒരു വൃക്ഷമോ, പുരത്തറയോ, കിണറോ ഒന്നും തന്നെയില്ല. എന്നാൽ തൃക്കപാലീശ്വരക്ഷേത്രത്തിന്നു മുൻവശത്തു വടക്കായി ക്ഷേത്രപരിധിയിൽ ഒരു പ്ലാവു് ഇപ്പോഴും നില്ക്കുന്നുണ്ടു്. അതിന്നു വളരെപ്പഴക്കവും ഉണ്ടു്. മേൽ ഉദ്ധൃതമായ “ചെമ്പൊടിരുമ്പു്............”എന്നുള്ള വാക്യം നിരണം കവിതകളിൽ ഏതിൽപെട്ടതാണെന്നു് ഇതുവരെയും അറിവില്ല. കണ്ടുകിട്ടിയ ഗ്രന്ഥങ്ങളിലൊന്നും ഈ ഭാഗം കാണുന്നില്ല. ‘വാചകം’ എന്നു ഭാഷാചരിത്രകാരൻ

പറയുന്ന ഈ പാട്ട് ഏതിനെക്കുറിക്കുന്നുവെന്നും വ്യക്തമല്ല. കണ്ണശ്ശൻപറമ്പും ക്ഷേത്രവുമായുള്ള സാമീപ്യം നോക്കുമ്പോൾ ചെമ്പുപണിക്കാരൻ മുതലായി പലരുടെ വീടുകൾക്കും അവിടെനിന്നു പിന്നെ അൻപത്തുരണ്ടടി വലത്തുമാറുന്നതിനും സ്ഥാനം കാണുന്നില്ല. ഇപ്പോൾ കണ്ണശ്ശൻപറമ്പിന്റെ കിഴക്കും തെക്കും പടിഞ്ഞാറും കൂടിയുള്ള വഴി മുമ്പും ഉണ്ടായിരിക്കണം. കിഴക്കേ ഇടവഴിയോടു തൊട്ട് ക്ഷേത്രത്തിന്റെ അതിരുമാണ്. പടിഞ്ഞാറ് ആശാരിയും മററും താമസിച്ചിരുന്നതായി പഴമക്കാർ ആരും പറയുന്നില്ല. എന്നാൽ "മുമ്പു വലത്തു്" എന്നുള്ള പ്രയോഗംകൊണ്ടു് ക്ഷേത്രത്തിനു മുൻപുള്ള ഒരു സ്ഥലത്തെ പരാമർശിക്കുന്നതായി കരുതുകയും ചെയ്യാം. കിഴക്കോട്ടാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠ. അതിനുമുമ്പു വലത്തായി 'അൻപത്തീരടി' എന്ന ഒരു "കളരി" ആയുധവിദ്യാഭ്യാസത്തിനും ദേവീപൂജയ്ക്കുമായി പണ്ടു് കേരളത്തിൽ നടപ്പുണ്ടായിരുന്ന ഒരു മന്ദിരം—ഇപ്പോഴുമുണ്ടു്. ആയതു് നിരണത്തെ ഒരു നായർഗൃഹസ്ഥന്റെ വകയാണ്. "വാചകം" കളരിയുടെ സ്ഥാനനിർദ്ദേശത്തിനു പററിയതാണ്. അങ്ങനെ വരുമ്പോൾ ഉദ്ധൃത 'വാചകം, (പാട്ട്) അൻപത്തീരടിയെന്ന കളരിയ്ക്കു വലത്തു ഭാഗത്തുള്ള ഏതോ വീടിനെയോ അവിടെവച്ചു നടന്ന സംഭവത്തേയോ പരാമർശിച്ചെഴുതിയതായിരിക്കണം. എന്നാൽ ജന്മഭൂമി, മേൽ പ്രസ്താവിച്ച സ്ഥാനത്തുള്ളതും പാട്ടുമായി യോജിക്കുന്നതുമായ കണ്ണശ്ശൻപറമ്പാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. മേൽ കാണിച്ച വാചകത്തിലേ 'മുൻപു വലത്തു" എന്ന പ്രയോഗത്തിൽനിന്നും കൊല്ലൻ, ആശാരി



കണ്ണശ്ശൻപറമ്പ്

മുതലായവരുടെ വീടിനു മുൻപിൽ വലത്തുഭാഗത്താണ് കണ്ണശ്ശൻപറമ്പെന്ന് അർത്ഥമാക്കേണ്ടിയിരിക്കുന്നു. കൊല്ല ൻേറയും ആശാരിയുടേയും വീട്ട് കണ്ണശ്ശൻ പറമ്പിന് ഇടത്തു് (പടിഞ്ഞാറ്) സമീപമായി പുരാതനകാലംമുതൽ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടു്. കണ്ണശ്ശൻപറമ്പിനോടു തൊട്ടടുത്തു കാണുന്ന പുരയിടങ്ങൾ മുമ്പേതന്നെ ക്ഷേത്ര സങ്കേതങ്ങളാണ്. അൻപത്തീരടിയെന്ന കളരിക്കുസമീപം ആശാരി, കൊല്ലൻ മുതലായവരുടെ ഗേഹങ്ങൾ ഇല്ല. പുരാതനകാലത്തു് ഉണ്ടായിരുന്നതായി തെളിവോ കേട്ടു കേൾവിയോ ഇല്ല. കണ്ണശ്ശൻപറമ്പിനു സമീപം പടി ഞ്ഞാറ് പ്രസ്തുത ഭവനങ്ങൾ പുരാതനമായിട്ടുള്ളതുമാണ്. അതിനാൽ തൃക്കപാലീശ്വരം ക്ഷേത്രത്തിനു സമീപമുള്ള പ്രസ്തുത ഭവനങ്ങൾക്കുമുമ്പു വലത്തായി സ്ഥിതിചെയ്യുന്ന കണ്ണശ്ശൻപറമ്പിനെത്തന്നെ ഉദ്ധൃതവാചകം പരാമർശിക്കു ന്നെന്നു പരിഗണിക്കുന്നതു സംഗതമാണ്. ആ നാട്ടിൽ ഈ പാട്ടിനെപ്പററി പ്രചാരത്തിലിരിക്കുന്ന കഥകളും ഇതിനെ തെളിയിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ പ്രസ്തുത പാട്ടു മായി യോജിപ്പിച്ചു് കണ്ണശ്ശൻെറ വാസഗേഹം വ്യക്ത മായി ധരിക്കാവുന്നതാണ്.

## III നിരണത്തു നാലുകവികൾ

നിരണംകവികളായി എത്രപേരുണ്ടായിരുന്നെന്ന് ഏതാനും കൊല്ലങ്ങൾക്കുമുമ്പുവരെ പലരും സംശയിച്ചി രുന്നു. കൊല്ലം 1069-1070. ഈ വർഷങ്ങളിൽ ഭാഷാപോഷിണിപ്പത്രാധിപരായിരുന്ന പരേതനായ ശ്രീ. കെ. ഐ. വറുഗീസ്സുമാപ്പിള നിരണംകവിതകളിൽ ഒന്നായ കണ്ണശ്ശരാമായണത്തിൻെറ ആദ്യത്തെ രണ്ടുകാണ്ഡ

ങ്ങൾ ഭാഷാപോഷിണി മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു. ഒടുവിൽ ഒരവതാരികയോടുകൂടി കൈരളീസേവനത്തിൽ ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹം ആ ഭാഗങ്ങളെ ഒരു പ്രത്യേക പുസ്തകമാക്കി പ്രസിദ്ധപ്പെടുത്തി. അദ്ദേഹവും; ഭാഷാചരിത്ര കർത്താവായ ശ്രീമാൻ. പി. ഗോവിന്ദപ്പിള്ളയും; നിരണത്തു് ഒരു കവിമാത്രമേ ഉണ്ടായിരുന്നുള്ളു വെന്നു വിശ്വസിച്ചിരുന്നതായിട്ടാണു് കാണുന്നതു്. പ്രാരംഭാന്വേഷകരായ അവൎക്കു കിട്ടിയ തെളിവു് അത്രയ്ക്കു പരിമിതമായിരുന്നു. എന്നാൽ നിരണത്തു മഹാവിദ്വാന്മാരും സൎവ്വകാലസംപൂജ്യന്മാരും ആയ നാലു മഹാകവികൾ ജീവിച്ചിരുന്നതായി ഇപ്പോൾ വെളിവായിട്ടുണ്ടു്. കണ്ണശ്ശരാമായണം ഉത്തരകാണ്ഡം അവസാനത്തിൽ നിന്നും താഴെ ചേൎക്കുന്ന പാട്ടുകൾ ഇതിനു തെളിവാണു്.

“വാനുലകിനു സമമാകിയ നിരണ-
മഹാദേശേ താൻ വന്നുളനായാൻ
ഊനമിലാതമഹാഗുരുവരനാ-
യുഭയ കവീശ്വരനായ മഹാത്മാ.
മാനിതനാകിയ കരുണേശൻ പര-
മാത്മാവേ താനെന്നറിവിനേറ.
ദീനതവാരാതേമറ്റോരോ ദേഹി-
കളേപ്പോൽ വാണാൻ വളരേ നാൾ.
ആനവരിരുവർതനുജന്മാരുളരായാർ—
ആയവരുടേ സോദരിമാരായ്
മാനിനിമാരൊരു മൂവർ പിറന്നാർ
മറ്റതുകാലമവൻ തിരുവടിയും
താനുടനേ തനുവോടലൊടുവേറായ്
തനിയേ പരമാത്മാവേയായാൻ.
ആനവനോടെതിരായ് വിദ്യാധിപ-
രായാർപുനരവനുടേ തനയന്മാർ
തനയന്മാരാമവരിരുവൎക്കുസ-
ഹോദരിമാർമൂവൎക്കും മകനായ്

അനുപമരായവർ മൂവരിലിള
യവളാകിയമാനിനിപെററവളനായാൻ
ഇനിയമഹാദേവാജ്ഞയിനാലേ-
യിതമൊട്ടവാലകനാകിയ രാമൻ
പുനരവനും നിജപാപം കളവാൻ-
പുരുഷോത്തമകഥ ചൊൽക തുനിഞ്ഞേൻ."

(ഉത്തരഭാഗം പാട്ട് 766-767-768)

ഈ വംശാവലി നമുക്ക ശരിയായ അറിവു തരുന്നുണ്ടെന്നു സ്പഷ്ടമാണ്. ഭൂലോകസ്വർഗ്ഗമായ നിരണംദേശത്തു ഉഭയ കവീശ്വരനും—രണ്ടു ഭാഷകളിൽ കവിതയെഴുതുന്നയാളും—ബഹുമാന്യനുമായ "കരുണേശൻ" എന്നൊരു മഹാപുരുഷൻ വാണിരുന്നു. അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി. അവരിൽ ഇളയ പുത്രിയുടെ മകനാണ് രാമായണം രചിച്ചതു്. നിരണത്തു നാലുകവികൾ ഉണ്ടായിരുന്നുവെന്നുള്ള അഭിപ്രായം ആദ്യമായി പ്രകാശിപ്പിച്ചതു് പണ്ഡിതവരേണ്യനും ഗവേഷണ വിശാരദനുമായ റാവുസാഹിബ്; മഹാകവി സാഹിത്യ ഭൂഷണൻ; ഉള്ളൂർ, എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ. ആണ്. അദ്ദേഹം മേലുദ്ധരിച്ച പാട്ടുകൾക്കും പുറമേ രാമായണത്തിൻെറ അവസാനത്തിലെ പാട്ടും ആരണ്യകാണ്ഡം അവതാരികയിൽ കാണിച്ചിരിക്കുന്നു. നിരണം കവി വംശചരിത്രപരമായ ആയതിപ്രകാരമാണ്:—


"അവനിയിൽ നന്മചേർ നിരണം തനിക്കൊരുദീപമായ് വ-
ന്നവതരണംചെയ്താൻ കരുണേശനാകിയ ദേശികൻമ-
റവനവണ്ണം പിറന്നുള്ള പുത്രരാമവർകൾക്കെല്ലാ-
മൻപമരുമകൻ കനിന്തൊരു രാമദാസനതീവ ബാലൻ
അവനിയിൽ മുൻപു മാമുനിതാനിയററിയ ചാരുരാമാ-
യണമതുകണ്ടതീവ ചുരുക്കമായീവണ്ണം മൊഴിന്താൻ."

ഇതിൽനിന്നെല്ലാം കരുണേശൻ എന്നൊരു മഹാദിവ്യനും അദ്ദേഹത്തിൻെറ മകളുടെ മകനായി "രാമൻ" എന്നൊരു കവിയും നിരണത്തുണ്ടായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടു്.

എന്നാൽ ഇനി മററുരണ്ടു കവികളെക്കൂടി നമുക്കറിയേണ്ടിയിരിക്കുന്നു. പൂർവ്വംപ്രതിപാദിതമായ "വാനുലകിനു ........"എന്നുള്ള പാട്ടുകൊണ്ടു് രണ്ടുപേരേപ്പററി മാത്രമേ അറിവുണ്ടാകുന്നുള്ളു. എന്നാൽ സ്വമാതാമഹൻെറ പുത്രന്മാരും തൻെറ മാതുലന്മാരും ആയി രണ്ടു മഹാപുരുഷന്മാർ ഉണ്ടായിരുന്നെന്നു് ആ പാട്ടിൽതന്നെ വ്യക്തമാക്കിയിട്ടുമുണ്ടു്. അവരുടെ പേരുകളോ കവിതകളോ സംബന്ധിച്ചു് യാതൊരു വിവരവും രാമായണകർത്താവു് നൽകുന്നുമില്ല. നിരണംകൃതികളിൽപെട്ട "ഭഗവത്ഗീത" എന്ന ഗ്രന്ഥത്തിൽ "പരിചൊടുമാധവനഹമിടർകളവൻ" എന്നു കാണുന്ന ഭാഗത്തിൽനിന്നും ഇവരിൽ ഒരാൾ ഭഗവത്ഗീതാകർത്താവായ "മാധവപ്പണിക്കർ" ആണെന്നു വിചാരിക്കാം. മറെറാരുകവി "ശങ്കരപ്പണിക്കർ" എന്ന പേരോടുകൂടി അറിയപ്പെടുന്ന ആളും മാധവപ്പണിക്കരുടെ സഹോദരനും ആണെന്നു കണക്കാക്കി വരുന്നു. നിരണംകവിതകളിൽ ഒന്നായി കണ്ടുകിട്ടിയിട്ടുള്ള "ഭാരതമാല"യുടെ അവസാനത്തിലുള്ള "ഫലശ്രുതി"യിൽ ഇപ്രകാരം കാണുന്നു—

"താനുണർവ്വേസംസാരച്ഛേദ-
സമർത്ഥവുമായേ കാലവുമെങ്ങും
തുന്നിനിറന്തഖിലത്തിനുമൊത്തു
തുരീയാതീതവുമായുണർവായേ
താനുണർവായുണർവേവടിവാകിയ
മഹാഭാരതകഥശങ്കരനൻപൊടു
ചൊന്നതുരയ്പവരെസ്സുവരെന്നും
ശോകമൊഴിന്തവനന്തസുഖത്തെ"

(സ്വർഗ്ഗാരോഹണപർവ്വം പാട്ടു് 13)



തൃക്കപാലീശ്വരം ക്ഷേത്രത്തിന്റെ ഒരു ഭാഗം

ഈ ഭാഗത്തിൽ കാണുന്ന "ശങ്കരൻ" എന്ന മഹാനാണു് നിരണത്തെ മററൊരു കവിയെന്നു സ്പഷ്ടമാകുന്നു. ഇപ്രകാരമുള്ള പരിശോധനകളിൽ നിന്നും സരസ്വതീവിലാസപൂർണ്ണമായ ഒരു കുടുംബത്തിൽ കരുണേശൻ, മാധവൻ, ശങ്കരൻ, രാമൻ ഇങ്ങനെ നാലു കവിവരേണ്യന്മാർ ഏറക്കുറെ ഒരു കാലത്തിൽ നിരണത്തു വാണിരുന്നെന്നു് ഇപ്പോൾ വിശദമായിരിക്കുന്നു. എന്നാൽ കണ്ടുകിട്ടിയേടത്തോളമുള്ള തെളിവുകൾകൊണ്ടു് "ഉഭയകവീശ്വര"നെപ്പററി കൂടുതൽ യാതൊരറിവും ഉണ്ടായിട്ടില്ല. മാധവപ്പണിക്കർ പിതാവും ശങ്കരപ്പണിക്കർ പുത്രനും ആയിരിക്കണമെന്നു് ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. അപ്പോൾ ഉഭയകവീശ്വരത്വം മാധവപ്പണിക്കർക്കു നൽകണം. ആ ഉഭയകവീശ്വരൻെറ രണ്ടു പുത്രന്മാരിൽ ഒരാൾ ശങ്കരപ്പണിക്കരാണെങ്കിൽ മറേറയാളിൻെറ നാമം അസ്പഷ്ടമായിത്തീരുന്നു. ഭഗവത്ഗീതാവിവർത്തനംകൊണ്ടു് ഉഭയകവീശ്വരൻ അനന്തരഗാമികൾക്കു സാഹിത്യസേവനത്തിനു മാർഗ്ഗദർശനം നൽകിയെന്നും കരുതാം. അങ്ങനെയെല്ലാം വിചാരിക്കുമ്പോൾ ശങ്കരപ്പണിക്കരുടെ സഹോദരൻെറ പേരെന്തു്? അദ്ദേഹം കൈരളീസേവനം തുടന്നിരുന്നില്ലേ? ഇങ്ങനെ ചില പ്രശ്നങ്ങൾ ഉദിക്കുന്നു. എന്നാൽ "കണ്ണശ്ശ" ശബ്ദത്തെപ്പററി ഇതിനുപരി ചെയ്തിരിക്കുന്ന ചർച്ച ഈ ഊഹങ്ങളെ അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു സ്പഷ്ടമാക്കും. ആ ചർച്ചയനുസരിച്ചു് ഇവിടെ ഉഭയകവീശ്വരൻെറ പേരു് മാധവനെന്നല്ല കൃഷ്ണനെന്നാണെന്നും സൂചിപ്പിച്ചുകൊള്ളുന്നു. ആ സ്ഥിതിക്കു് മാധവൻ ഉഭയകവീശ്വരൻെറ പുത്രനും ശങ്കരൻെറ ഭ്രാതാവും ആകേണ്ടതാണു്. അതിനാൽ മാധവശങ്കരന്മാരുടെ പിതൃപുത്രബന്ധാഭിപ്രായത്തോടു തൽ

ക്കാലം യോജിക്കാൻ നിവൃത്തിയില്ലെന്നു പ്രസ്താവിച്ചു കൊള്ളുന്നു.

## IV പണിക്കർ സ്ഥാനം.

നിരണം കവികൾ നായർ സമുദായത്തിൽപെട്ടവരാണ്. ഇവൎക്ക് "പണിക്കർ" എന്നായിരുന്നു സ്ഥാനപ്പേർ. സ്ഥാനപ്പേരിനെപ്പററി ഐതിഹ്യമല്ലാതെ മററു തെളിവൊന്നും ഉള്ളതായി അറിയുന്നില്ല. ഗ്രന്ഥകാരന്മാരും മററു പ്രഭാഷകന്മാരും നിരണം കവികളെ "പണിക്കർ" എന്ന സ്ഥാനപ്പേർ ചേൎത്തു വ്യവഹരിച്ചുവരുന്നുവെന്നു മാത്രം സ്മൎത്തവ്യമാണ്.

## V കണ്ണശ്ശൻ.

ഇനി "കണ്ണശ്ശ" പദത്തിൻെറ ആഗമത്തെപ്പററി ചിലതു ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ പദത്തിൻെറ യഥാൎത്ഥരൂപം "കൃഷ്ണൻ" എന്നു സങ്കല്പിക്കാം. അതു "കണ്ണൻ" എന്നും ബഹുമാനംകൊണ്ടു മററുള്ളവർ "കണ്ണശ്ശൻ" എന്നു് ഒന്നുകൂടി മാററിയതും ആയിരിക്കണം. ചില ദിക്കുകളിൽ ബഹുമാന സൂചകമായി "നമ്പൂരിയശ്ശൻ" എന്നും മററും ഇന്നും പറയാറുണ്ടു്. പക്ഷേ ഈ യുക്തിക്കു് ഒരു പ്രതിബന്ധം വന്നുചേരുന്നു. "നമ്പൂരിയശ്ശൻ" "കയ്മളശ്ശൻ" "പണിക്കരശ്ശൻ" എന്നിങ്ങനെയുള്ള പദങ്ങളിലെ "അശ്ശൻ" ശബ്ദം "അച്ഛൻ" എന്നുള്ളതിൻെറ രൂപാന്തരമാണെന്നു നിഷ്പ്രയാസം കാണാം. എന്നാൽ ആയതു് യഥാൎത്ഥമായ പേരിനോടല്ല ചേൎത്തുകാണുന്നതു്; അവ, സ്ഥാനപ്പേരിനോടാണ് ചേൎക്കുന്നതെന്നുള്ളതു സ്പഷ്ടമാണ്. പാട്ടുകളിലും കണ്ണശ്ശനെന്നു പ്രയോഗമില്ല. പണ്ടു് പേരുകളെ ചുരുക്കി ഉപയോഗിച്ചുവന്നിരുന്നുവെന്നുള്ളതു്

നിസ്സാരമാണ്. "ശ്രീദേവി" "ചിരുത"യും "ദേവകി" "തേവി"യും "നാരായണൻ" "നാണുവും" "ശങ്കരൻ" "ശങ്കു"വും "പരമേശ്വരൻ" "പരമു"വും ആവുക ധാരാള മാണല്ലോ. എന്നാൽ ഇക്കാലത്തും "ശങ്കു" "പരമു" മുത ലായ നാമങ്ങൾക്കു പ്രസക്തിയെങ്ങനെ വന്നു എന്നു ചോ ദിച്ചാൽ നാമകരണ കർത്താക്കളുടെ പൂർവീകഭക്തിയും മാമൂൽപ്രിയത്വവും കൊണ്ടാണെന്നു മറുപടി കിട്ടാവുന്ന താണ്. അതുപോലെ കൃഷ്ണൻ കണ്ണനായിക്കൂടെന്നി ല്ലെന്ന് കൃഷ്ണഗാഥ മുതലായവയിലെ പ്രയോഗങ്ങൾ തെളി യിക്കുന്നു. എന്നാൽ സ്ഥാനപ്പേരിനോടല്ലാതെ പേരിനോടു തന്നെ ഇതുപോലെയുള്ള പ്രയോഗങ്ങൾ ചേർക്കാറുണ്ട്. കേരളത്തിലെ പുരാതനവും അഭിജാതവുമായ "പാലിയം" മുതലായ തറവാടുകളിലെ അംഗങ്ങളുടെ പേരിനോടും 'അച്ചൻ' എന്ന് ഇന്നും ചേർക്കാറുണ്ടല്ലോ. നിരണം പാട്ടു കളിലാകട്ടെ കണ്ണശ്ശനെന്നില്ലെന്നു മേൽ പറഞ്ഞുവല്ലോ. അതിൽ നാം "കരുണേശ"നെന്നാണ് കാണുന്നതു്.

"മാനിതനാകിയ കരുണേശൻ" "കരുണേശനാകിയ ദേശികൻ" എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മേലുദ്ധരിച്ച പാട്ടുകളിൽ കണ്ടുകഴിഞ്ഞു. ഈ "കരുണേശ" പദം കൂടു തൽ ശ്രദ്ധാർഹമാണ്. കരുണാകരൻ 'കരുണ'നും ആ കരുണൻ കരുണേശനും ആയതാണോ കരുണേശൻ എന്ന പേരു പതിവില്ലെങ്കിലും കരുണാകരൻ എന്ന പേരു് വള രെമുമ്പുതന്നെ ഉപയോഗിക്കാറുള്ളതാണ്. തുഞ്ചത്തു ഗുരു പാദരുടെ ഒരു ശിഷ്യന്റെ പേരു്, അഥവാ ചില നിരൂ പന്മാരുടെ പക്ഷത്തിൽ തുഞ്ചത്തു ഗുരുവിന്റെ പേരു് 'കരുണാകരൻ' എന്നായിരുന്നെന്നു കാണുന്നുണ്ട്. കരുണാ കരനെ 'കരുണ'നെന്നും പുരുഷോത്തമനെ 'പുരുഷ' നെന്നും കാത്ത്യായനിയേ 'കാത്തി'യെന്നും മററും ചുരുക്കി

പ്പറയുന്ന രീതി ഇന്നു സാധാരണമാണ്. ഈവക ചുരുക്കങ്ങൾ മുൻപും ഉണ്ടായിരുന്നിരിക്കാം. 'പരമേശ്വരൻ' 'പാച്ചു' 'പത്മനാഭൻ' 'പപ്പു' ഇങ്ങനെ വളരെ ചുരുക്കുന്ന രീതിയും കാണുന്നുണ്ടു്. ആ സ്ഥിതിക്കു് കുലക്രൂടസ്ഥനായ 'കരുണാകരൻ' കരുണനായിത്തീൎന്നു് പാട്ടിൽ കരുണേശനായും (കരുണാകരനായും) അനന്തരകാലത്തു് കണ്ണേശനായും തീൎന്നതായി വരാവുന്നതല്ല. ഇതും ഒരാലോചനാവിഷയമാണു്. എന്നാൽ നിരണത്തുകണ്ണൻ എന്നു തന്നെ പ്രസ്തുത മഹാകവിയേ സംബന്ധിച്ചു് ചില പഴയ പാട്ടുകളിൽ ഉള്ളതായി കേട്ടിട്ടുണ്ടു്.

> "അരുമറകററകാളിതാശരുംപോചരാചൻ
> അറിവെഴുമൊട്ടക്കൂത്തർ ചങ്കരാചാര്യർതാമും
> നിരണത്തുകണ്ണൻകമ്പർ തുഞ്ചത്തിലച്ചൻതാമും
> നലമുടനെല്ലാവൎക്കും നാന്നവൎക്കപയംപുക്കേൻ."
>
> (സാഹിത്യദീപിക 1104 വൃശ്ചികം വാല്യം 1. ലക്കം 1. രാമകഥപ്പാട്ടിൻെറ കാലം. സി. പി. ഗോവിന്ദപ്പിള്ള)

കൃഷ്ണൻ എന്ന പദത്തിന്നു് കണ്ണൻ എന്നു് തത്സമം ആയി ഉപയോഗിക്കാറുള്ളതിൻെറ പ്രാചുൎയ്യാതിരേകം പരിഗണിക്കുമ്പോൾ മഹാകവിയുടെ പേരു് കൃഷ്ണനെന്നു തന്നെ ഊഹിക്കുകയും കരുണാകരനെന്നോ കരുണേശനെന്നോ അദ്ദേഹത്തിൻെറ നാമധേയമായിരുന്നില്ലെന്നുള്ളതു് അസമഞ്ജസമായും തോന്നുകയും ചെയ്യുന്നു. മലയാളപദങ്ങളെ സംസ്കൃതീകരിച്ചു ഭംഗിവരുത്തിത്തുടങ്ങിയ ഒരു കാലത്താണു് നിരണം കവിതകളുടെ ആവിർഭാവം; അതിനാൽ 'കൃഷ്ണ'ൻെറ രൂപാന്തരമായ 'കണ്ണൻ' എന്ന പദത്തോടുകൂടി ബഹുമാനപൂർവം അച്ചൻ എന്നതു കൂട്ടിച്ചേൎത്തു കണ്ണേശനായി നാട്ടിൽ നടപ്പുവന്നിരുന്നതു് "കരുണേശ" നായി സാഹിത്യരംഗത്തിലേക്കു് വേഷംമാറി വന്നുവെന്നു

കരുതണം. ഇവിടെ ഒരു പൂൎവ്വപക്ഷത്തിന്നു പ്രസക്തിയു ണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. "മാനിതനാകിയ കരുണേശൻ............വാണാൻ" എന്നിങ്ങനെ തൻെറ മഹാത്മാവായ മാതാമഹനെപ്പററി ഭക്തിപൂൎവ്വം സ്മരിച്ചു കാണുന്ന രാമകവി ആ മാതാമഹൻെറ യഥാൎത്ഥനാമ ത്തിന്നു് വലുതായ രൂപാന്തരം വരുത്തിയെന്നു് ഊഹിക്കാ വുന്നതാണോ? കരുണേശൻ എന്ന പദം കൃഷ്ണാൎത്ഥവാ ചിയല്ലെന്നു് പറയാവുന്നതല്ലതാനും. ഈ നിലയിൽ മാതാമഹൻെറ നാമധേയം കൃഷ്ണൻ എന്നാണെന്നു് കവിക്കു് അറിയാമായിരുന്നെങ്കിലും കണ്ണശ്ശൻ എന്ന പദത്തെ കരു ണേശൻ എന്നു വിവൎത്തനം ചെയ്തതു് അനുപപന്നമാകണ മെന്നില്ലല്ലൊ. കൂടാതെ;

"നാരായണനേ! പരമാനന്ദാ!
നാന്മറയിൻ പൊരുളാകിയദേവാ!
കാരാർമുകിൽവൎണ്ണാ! കരുണേശ!
കമലോത്ഭവനും കൎത്താവായേ"

(കണ്ണശ്ശഭാഗവതം)

എന്നതിലേ 'കരുണേശ' എന്ന കൃഷ്ണപരമായ പ്രയോഗവും ഈ യുക്തിക്കു് ഉപോൽബലകമായിരിക്കുന്നു. വിശിഷ്യ അടുത്ത അദ്ധ്യായത്തിൽ കാണിച്ചിരിക്കുന്ന നിരണംകവിതകളിലൊന്നായ "തൃക്കപാലീശപരദസ്തോത്രം" എന്ന കവിത കണ്ണശ്ശൻ പറമ്പിൽ കൃഷ്ണപ്പണിക്കർ എ ന്നൊരാൾ രചിച്ചതാണെന്നു് ആ നാട്ടുകാരിൽ പലരും അഭിപ്രായപ്പെടുകയും ആ സ്തോത്രം ഗാനംചെയ്തു പോരി കയും ചെയ്യുന്നുണ്ടെന്നുള്ളതും ഈ അവസരത്തിൽ ഓൎമ്മി ക്കേണ്ടതാണു്. നിരണം കവികളെയെല്ലാം ചേൎത്തു് "കണ്ണശ്ശന്മാർ" എന്നു പറയുന്നവരുമുണ്ടു്. നിരണംകൃതി കൾക്കു പൊതുവേ 'കണ്ണശ്ശൻകൃതികൾ' 'കണ്ണശ്ശകൃതികൾ'

'കണ്ണശ്ശന്മാരുടെ കൃതികൾ' എന്നെല്ലാം പറയാറുമുണ്ട്. അവരുടെ വാസഭൂമി കണ്ണശ്ശൻപറമ്പും. രാമപ്പണിക്കരാണ് സാക്ഷാത് കണ്ണശ്ശൻ എന്നു പറയുന്നതു് നിരണത്തു് ഒരു കവിയേ ഉണ്ടായിരുന്നുള്ളുവെന്നു പറയുന്നവരാണ്. ആ അഭിപ്രായമിപ്പോൾ മാറിക്കഴിഞ്ഞു. മേൽ പ്രസ്താവിച്ച പാട്ടുകൾ രാമപ്പണിക്കരുടെ ഗ്രന്ഥങ്ങളിലുള്ളതാണ്. "ഉഭയകവീശ്വരനായ മഹാത്മാ"വെന്നും "കരുണേശനാകിയ ദേശിക"നെന്നും തന്റെ മാതാമഹനെപ്പറ്റി തെളിച്ചുപാടി സ്തുതിക്കയാണ് അദ്ദേഹം ചെയ്തിരിക്കുന്നതു്. തന്നെപ്പററി പറയുമ്പോൾ "രാമൻ" എന്നു മാത്രമേ പറയുന്നുമുള്ളു. മാതാമഹന്റെ ദിവ്യത്വവും അദ്ദേഹത്തിന്റെ തായ്‌വഴിക്രമവും ആ തായ്‌വഴിയിൽ രാമപ്പണിക്കർക്കുള്ള സ്ഥാനവും പ്രസ്തുത പാട്ടുകളിൽ സ്പഷ്ടമാക്കിയിട്ടുമുണ്ടു്. ഈ ചർച്ചകളിൽനിന്നും 'കരുണേശൻ' തന്നെ കണ്ണശ്ശനെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം ഈ കവികുടുംബത്തിന്റെ മൂലപുരുഷനും ആണെന്നു വന്നുകൂടുന്നു. ആ മൂലപുരുഷന്റെ സ്മരണയെ നിലനിത്തുവാൻവേണ്ടി വാസസ്ഥലത്തിനു കണ്ണശ്ശൻ പറമ്പെന്ന പേരും നൽകിയതായി ഗണിക്കാം. തൽഫലമായി കണ്ണശ്ശൻവീട്ടിലെ അംഗങ്ങളായ മററു കവികളെ കണ്ണശ്ശന്മാരെന്നു സാമാന്യരീത്യാ വ്യവഹാരവും അതിനു പ്രചാരവും ഉണ്ടായതായിട്ടാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്.

## VI മലയിൻകീഴും നിരണം കവികുടുംബവും

നിരണം കവികൾക്ക് തിരുവനന്തപുരത്തിനടുത്തു് "മലയിൻകീഴ്" ദേശത്തും ഒരു താമസസ്ഥലം ഉണ്ടായിരുന്നു. ഈ സ്ഥലം ഇപ്പോഴത്തെ നെയ്യാററിൻകര താലൂക്കിൽ ചേർന്നതാണ്. മാധവപ്പണിക്കരുടെ ഭഗവത് ഗീതാ ഭാഷാന്തരത്തിൽ:—

"ഉരചേന്നമരാവതി സമമായേ--
യുററനചെൽവമെഴും മലയിൻകീഴ
തിരുമാതിൻവല്ലഭനരുളാലേ .... .... .... ...."

എന്നിങ്ങനെ മലയിൻകീഴ ശ്രീവിഷ്ണുഭഗവാനെ സ്തുതിച്ചു കാണുന്നു. അതിനും പുറമെ അക്കാലത്തു തന്നേ പേരും പെരുമയും സമ്പാദിച്ചു വാണിരുന്നതും ഇന്നത്തെ തിരുവല്ലാതാലൂക്കിൽപെട്ടതും ആയ ഒരു പ്രധാന ജന്മി നമ്പൂതിരി ഇല്ലമായ "മൂവിടത്തു്" ഇല്ലത്തേക്കും മററും ഇപ്പോഴും മലയിൻകീഴ് "ദേശവഴി"യുണ്ടു്. ആ ദേശവഴിയുമായുള്ള ബന്ധം മുഖേന തിരുവല്ലായും മലയിൻകീഴും പരസ്പരം ഇടപാടുകളിൽ ഏർപ്പെട്ടിരുന്നു. നിരണം ഇന്നത്തെ തിരുവല്ലാ ടൌണിന് അടുത്ത പ്രദേശമാണു്. ആ സ്ഥിതിക്കു് തിരുവല്ലായിലെ ഒരു പ്രസിദ്ധ ജന്മിയുടെ ആശ്രിതനോ കൈകാര്യകർത്താവോ എന്നുള്ള നിലയിൽ കണ്ണശ്ശപ്പണിക്കരന്മാർക്കും ഏതാദൃശമായ സാഹചര്യങ്ങൾ ലഭ്യമായിരുന്നിരിക്കണമെന്നു് ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടതു് വിശ്വസിക്കാവുന്നതാകുന്നു. എന്നാൽ ഇക്കാലത്താകട്ടെ കണ്ണശ്ശന്മാരെ സംബന്ധിച്ചു് അറിവു ലഭിക്കുന്ന യാതൊരു പരിതസ്ഥിതിയും മലയിൻകീഴിൽ ഇല്ല. അവിടത്തെ പരിപാവനമായ "തിരുമാതിൻവല്ലഭ" ക്ഷേത്രത്തിനു തൊട്ടു പടിഞ്ഞാറുവശത്തു ചില പുരത്തറകളും പുരാതനമെന്നു കരുതിവരുന്ന കിണറുകളും കാണ്മാനുണ്ടു്. അന്വേഷണത്തിൽ അവിടമായിരുന്നു കണ്ണശ്ശൻെറ വാസഗേഹമെന്നു ചില പഴമക്കാരിൽ നിന്നും അറിയുന്നതിനു് ഇടയായി. നിരണത്തുള്ള കണ്ണശ്ശൻപറമ്പും ഇപ്പോൾ അന്യകൈവശത്തിലാണു്. വിശിഷ്യ കണ്ണശ്ശന്മാരുടെ അനന്തരഗാമികളും ഉള്ളതായി അറിയുന്നില്ല. ഇങ്ങനെ നാമമാത്രമായിട്ടാണു് ഇന്നത്തെ അവസ്ഥ. എങ്കിലും

ഐതിഹ്യങ്ങളിൽനിഴലിക്കുന്ന യാഥാൎത്ഥ്യം ഗൗനിക്കുന്ന തായാൽ സമ്പത്തും പ്രതാപവും പാണ്ഡിത്യവും തികഞ്ഞ ഒരു പുരാതന നായർകുടുംബമായിരുന്നു നിരണംകവി കളുടെ തറവാടെന്നുകരുതാം. അതു സംഗതവുമായിരിക്കും. മേൽപറയപ്പെട്ട നാലു മഹാപുരുഷന്മാരേയും "നിരണം കവികൾ" എന്ന പേരുകൊണ്ടു് അദ്യാപി വ്യവഹരിച്ചു വരുന്നു.

---

## അദ്ധ്യായം ൨

### ജീവിതകാലം.

നിരണംകവികളുടെ ജീവിതകാലം കൊല്ലവർഷം ആറാം ശതകത്തിലാണെന്നു് പണ്ഡിതന്മാർ സാമാന്യ മായി കണക്കാക്കിവരുന്നു. അതിനു ചില ന്യായങ്ങളുമുണ്ടു്. "ലീലാതിലകം" എന്നപേരിൽ അടുത്തകാലത്തു പ്രസി ദ്ധീകൃതമായ ഉത്തമവും പുരാതനവുമായ മലയാളവ്യാകര ണഗ്രന്ഥമാണു് ഇതിനുള്ള ഒരു തെളിവു്. ആ ഗ്രന്ഥത്തിൽ "ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനാവൃത്തവിശേ ഷയുക്തം പാട്ടു്" എന്നാണ് പാട്ടിനു ലക്ഷണം ചെയ്തിരി ക്കുന്നതു്. ഋ ൠ ഌ ൡ എന്നീ നാലെണ്ണം കഴിച്ചുള്ള സ്വരാക്ഷരങ്ങളും ഖരം, അനുനാസികം, മദ്ധ്യമം, ഴ, റ, ഞ, ് ഈ വ്യഞ്ജനാക്ഷരങ്ങളും ചേൎന്നാണു് പഴയ മല യാള അക്ഷരമാല. ഇവയത്രേ ലീലാതിലകത്തിൽ വിവക്ഷി ക്കുന്ന ദ്രാവിഡാക്ഷരങ്ങൾ. 'എതുക'യെന്നതു് പിൽക്കാല ത്തു് "കേരളപ്രാസം" എന്നും "ദ്വിതീയാക്ഷരപ്രാസം" എന്നും വ്യവഹരിച്ചുവരുന്ന ഒരു ശബ്ദാലങ്കാരമാണു്. ഒരു പാട്ടു് രണ്ടു ഖണ്ഡമായിഭാഗിച്ചാൽ അതിൽ ഒന്നാംഖണ്ഡം

തുടങ്ങുന്ന ആദ്യ അക്ഷരംകൊണ്ടുതന്നെ രണ്ടാംഖണ്ഡവും ആരംഭിക്കുന്നതാണ് "മോനം." ഇതിന് പുറമെ ലീലാതിലക നിർമ്മാതാവായ ആചാര്യൻെറ ലക്ഷണ നിർവ്വചനത്തിൽ വിളിച്ചു പറഞ്ഞിട്ടില്ലെങ്കിലും "വൃത്തവിശേഷയുക്തം" എന്ന പ്രയോഗത്താൽ അന്തർനിഹിതമെന്നു ഗണിക്കാവുന്ന "അന്താദിപ്രാസം" എന്ന ഒരു ശബ്ദാലങ്കാരവും പഴയ പാട്ടുകളിലുണ്ട്. ഒരുപാട്ട് അവസാനിക്കുന്ന പദംകൊണ്ടുതന്നെ അടുത്ത പാട്ടും തുടങ്ങുകയെന്നുള്ളതാണ് ഈ ശബ്ദാലങ്കാരത്തിന്റെ ലക്ഷണം. എഴുത്തും അച്ചടിയും നടപ്പില്ലായിരുന്ന പുരാതന കാലത്തു് ഓർമ്മിക്കുന്നതിനുള്ള സൗകര്യത്തെ പരിഗണിച്ചാണ് ഈ സമ്പ്രദായം കൂടി നടപ്പാക്കിയിരുന്നതു്. ഭാഷാസാഹിത്യചരിത്രങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ "വാമൊഴി" യുടെ കാലം വളരെ നീണ്ടുനിന്നെന്നും അതിനുശേഷമാണ് "വരമൊഴി" ആവിർഭവിച്ചതെന്നും കാണാവുന്നതാകുന്നു. വാമൊഴിക്കു പ്രസക്തിയുണ്ടായിരുന്നതായി മാത്രം പരിഗണിക്കുന്ന ഒരു കാലത്തിൽ ഗാനങ്ങൾക്കായിരുന്നു പ്രചാരം. ഭാരതീയ സാഹിത്യമായ സംസ്കൃതത്തിലും പുരാതനകാലത്തു് ഇതു തന്നെയായിരുന്നു അവസ്ഥ. ആ ഭാഷയിൽ ആദ്യമുണ്ടായവേദങ്ങളും ഉപനിഷത്തുക്കളും ഇതിനു സാക്ഷ്യംവഹിക്കുന്നു. വേദത്തെ പല ഖണ്ഡങ്ങളായി തിരിച്ചു് ഓരോ ഖണ്ഡങ്ങൾക്കും സംഖ്യാനുപാതികമായി നാമനിർദ്ദേശങ്ങൾ ചെയ്തിട്ടുണ്ട്. അതിനും പുറമെ ഓരോ ഭാഗവും പഠിച്ചുതീരുമ്പോൾ അതാതിൻെറ ആദിമദ്ധ്യാന്ത പദങ്ങൾകൂടി ആവർത്തിക്കുന്ന സമ്പ്രദായം ഇന്നും വേദാദ്ധ്യയനനിരതരുടെയിടയിൽ ഊർജ്ജിതത്തിലിരിക്കുന്നുണ്ട്. "കുടുമ്മ" "അന്തം" എന്നെല്ലാം പേരുപറഞ്ഞു് ആവർത്തനം നടത്തുന്ന ഈ രീതി ഗുരുമുഖത്തിൽ നിന്നുതന്നെ

വേദംപഠിക്കണമെന്നുള്ളതിനാൽ ഓർമ്മശക്തിയെ ഉണർത്തുന്നതിനായി നിലവിലിരിക്കുന്നതാണു്. ആദ്യകാലങ്ങളിൽ തമിഴിനെ ആശ്രയിച്ചുവന്ന മലയാളത്തിൽ അന്താദിപ്രാസത്തിനു പ്രസക്തിവന്നതു് അതിശയജനകമല്ല. പാണ്ടിത്തമിഴ്ഗാനങ്ങളിൽ അന്താദിപ്രാസം അപരിത്യാജ്യമാണു്.

ഈ അന്താദിപ്രാസത്തെപ്പററി രാമചരിതത്തിന്റെ അവതാരികയിൽ റാവുസാഹിബ്ബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ പറയുന്നതിപ്രകാരമാണു്:—"ഭാഷാഗാനങ്ങളിൽ അന്താദിപ്രാസവും എഴുത്തച്ഛന്റെ കാലത്തിനു് മുൻപുവരെ സർവ്വസാധാരണമായിരുന്നു. എന്നാൽ കമ്പരുടെ രാമായണത്തിൽ ഈ പ്രാസത്തിന്റെ പ്രസങ്ഗമേ ഇല്ല. തമിഴ്നാട്ടിൽനിന്നും നിശ്ശേഷം പോയിട്ടും മലയാളത്തിൽ അതിന്റെ പ്രചാരത്തിനു് കുറവുവന്നില്ലെന്നാണു് നാം ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്." പിന്നീടു കേരളത്തിൽ വന്ന ആര്യന്മാർ വേദങ്ങളിൽ കാണിച്ച രീതിയും അന്താദിപ്രാസത്തിനു പ്രേരകമായതുതന്നെ. ഇങ്ങനെ ദ്വേധാ അനുകരണീയമായി ഈ പദ്ധതിക്കു മലയാളത്തിൽ സ്ഥാനം ലഭിച്ചെന്നു കരുതാം. പ്രാചീനഗാനസാഹിത്യകാലത്തേ തുടന്നു്, എഴുതിപ്പഠിക്കുന്ന സമ്പ്രദായം നടപ്പിൽ വന്നപ്പോൾമുതല്ക്കാണു് ഈ ശബ്ദാലങ്കാരം നിന്നുപോയതു്. അതിനാലാണു് ചമ്പുക്കൾ, കൃഷ്ണഗാഥ, കിളിപ്പാട്ടുകൾ, മുതലായവയിൽ ഈ രീതി കാണാതെയിരിക്കുന്നതെന്നു് അനുമിക്കാം. എഴുത്തുരീതി പ്രചാരമാകുന്നതിനു വന്ന ഈ കാലതാമസം കവിതകളുടെ പ്രാഗ്രൂപത്തിനു സാരമായ വ്യത്യാസം വരുത്തിയിട്ടുണ്ടാവും. ഇന്നത്തേ ഗവേഷകന്മാർ ശുദ്ധപാഠം

കണ്ടുപിടിക്കുന്നതിനു വിഷമിക്കുന്നതോർക്കുമ്പോൾ ഈ പ്രസ്താവന ഉപപന്നമാണ്. ഇനി പ്രകൃതം തുടരാം. ലീലാതിലകകർത്താവു് പാട്ടിന്റെ ലക്ഷ്യമായി താഴെ ചേർക്കുന്ന ഗാനമാണു് കാണിച്ചിട്ടുള്ളതു്.

"തരതലന്താനളന്താ, വിളന്താ, വെന്നാൻ—
തനകചെന്താർവരുന്തമേൽവാണൻതന്നെ—
ക്കരമരിന്താ, പുരാനേ! മുരാരീ! കണ്ണാ!
ഒരുവരന്താ പരന്താമമേ! നീകനി—
ന്തുരകചായീ! പിണിപ്പൗവംനീന്താവണ്ണം
ചിരതരന്താൾപണിന്തേനയ്യോ! താങ്കെന്നെ—
തിരുവനന്താപുരം തങ്കുമാനന്തനേ!"

ഇതിൽ ആദ്യത്തെ രണ്ടു വരികൾ ഒരു പാദം. ഒരു പാദത്തിൽ നാല്പതു മാത്ര. പഴയ മലയാളം പാട്ടുകളിൽ ഒന്നായ രാമചരിതത്തിൽ ഒന്നാംപടലത്തിലെ "കാനനങ്കളിലരൻകളിറുമായ്" എന്നാരംഭിക്കുന്ന പാട്ടിനും മററു പാട്ടുകൾക്കും ഇപ്രകാരം നാല്പതു മാത്രകൾവീതം കാണുന്നു. എന്നാൽ രാമചരിതത്തിൽ ഒന്നാമത്തേ അക്ഷരം ഗുരുവും മറേറതു ലഘുവുമാണ്. ലഘുവായ ഈ ഭേദം തത്പാവിലംഘിയാകുന്നതല്ല. മാത്രകൾക്കു പ്രാധാന്യം കൊടുത്തിട്ടുള്ള പഴയ പാട്ടുകളിൽ ഗുരുലഘുക്കളുടെ ഘടന സംഗീതത്തിനു കോട്ടം വരാത്ത വിധത്തിൽ ആയിരിക്കുമെന്നല്ലാതെ സംസ്കൃതവൃത്തനിയമങ്ങൾക്കോ അക്ഷരപരിമിതിക്കോ വിധേയമായിരിക്കയില്ലെന്നു് ഒരേ വൃത്തത്തിൽ പരിഗണിച്ചുവരുന്ന പാട്ടുകൾ തെളിയിക്കുന്നുണ്ടു്. ലീലാതിലകത്തിൽ ഉദാഹരണത്തിനു കൊടുത്തിരിക്കുന്ന പാട്ടു് ഏതു ഗ്രന്ഥത്തിൽനിന്നും എടുത്തതാണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. രാമചരിതത്തിൽനിന്നായിരിക്കാമെന്നുള്ള "കേരളപാണിനി"യുടെ അഭ്യൂഹം ശരിയല്ലെന്നു

പിന്നീടുള്ള പണ്ഡിതന്മാർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. വിശിഷ്യ ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുള്ള രാമചരിതത്തിൽ ഈ പാട്ടു് അന്ന്യകൃതമെന്നുള്ള നിലയിൽപോലും ഉദ്ധരിച്ചിട്ടുമില്ല. പ്രസ്തുത പാട്ടിൽ ഒന്നാംപാദത്തിൽ "തരതലന്താനളന്താ"എന്നാരംഭിക്കുന്നതു് ഒന്നാംഖണ്ഡം. "തനകമെന്താർ" എന്ന ഭാഗം രണ്ടാം ഖണ്ഡം. രണ്ടു ഖണ്ഡങ്ങളും "ത"കാരംകൊണ്ടാരംഭിക്കുന്നു, ഇതാണു് മോനപ്രാസം. ഈ മോനപ്രാസം ചില പാട്ടുകളിൽ സജാതീയങ്ങളായ സ്വരങ്ങളെക്കൊണ്ടോ വ്യഞ്ജനങ്ങളെക്കൊണ്ടോ സാധിച്ചിട്ടുള്ളതായും കാണുന്നുണ്ടു്. മററു പാദങ്ങളും ഇതുപോലെ ഖണ്ഡമാക്കി ആരംഭിക്കുന്നുണ്ടെന്നു് സ്പഷ്ടമാണു്. നാലു വരിയിലും കാണുന്ന "ര"കാരം എതുകപ്രാസം. അക്ഷരങ്ങൾ ദ്രാവിഡങ്ങൾതന്നെ. ഇതിന്റെ തുടർച്ചയായ പാട്ടു് കാണ്മാനില്ലാത്തതിനാൽ അന്താദിപ്രാസത്തിന്റെ സ്വരൂപം അറിയുന്നതിനു് രാമചരിതത്തിൽനിന്നു് ഒരു ഉദാഹരണംകൂടി കാണിക്കാം:—

"ഉയിരുണ്ടാകിൽ കണ്ടുകൊള്ളാമുലകത്തിൽ മററു നല്ലവെല്ലാം
തുയരം വാരാവൈരികളെത്തുയരാതവക്കു പോരിലെങ്ങും
പയമെന്നൊട്ടും നീയറിയാപ്പടയിൽ പിടിത്തണഞ്ഞുനിന്നെ-
ക്കയറും പൊട്ടും ചങ്ങലയും കനമിട്ടു കെട്ടിവയ്ക്കിലുമേ."

ഇതിൽ "വെക്കിലുമേ" എന്ന ഒടുവിലത്തെ പദംകൊണ്ടാണു് അടുത്ത പാട്ടു് ആരംഭിക്കുന്നതു്. ആയതിപ്രകാരമാകുന്നു:—

"വെക്കിലേൻറനിച്ചാച്ചയെല്ലാമിനിവമ്പനാമിരാകവനെ-
കൈക്കൊണ്ടാലും നററുണയായ്ക്കനെമുണ്ടു നിമ്മിൽവേണ്ടുകയും
തക്കം പെററുനിൻപേരച്ചന തമ്പി നീയെന്നേടമെനി-
ക്കൊക്കും നന്നായെൻററതുകേട്ടുടനേ വിപീഴണൻ ചൊല്ലിനാൻ."

ഇതാണു് അന്താദിപ്രാസത്തിന്റെ സ്വഭാവം. നിരണം കവിതകളിൽ ഈ പ്രാസങ്ങൾ കാണാം. മാത്രകൾക്കും വ്യവസ്ഥയുണ്ടു്. മലയാളഭാഷയിലുണ്ടായ സംസ്കൃതപ്രവേശനത്തിനു് സ്വാഗതമരുളുന്ന ഒരു ഘട്ടത്തിലുണ്ടായ കവിതകളിൽ "ദ്രവിഡസംഘാതാക്ഷരനിബദ്ധത്വം" കാണ്മാൻ പ്രയാസമാണു്. അതിനാലായിരിക്കണം ആ വ്യവസ്ഥയിൽനിന്നും നിരണംകവിതകൾ വ്യത്യാസപ്പെട്ടും, വിശിഷ്യ "ഭാഗവതാം" "പുരുഷാണാം" "ഹവിരാഹരണായ" "ദാവനിവാസിനി" തുടങ്ങിയുള്ള സംസ്കൃതപദങ്ങളോടും പ്രയോഗങ്ങളോടുംകൂടിയും കാണുന്നതു്. ലീലാതിലകത്തിൽ നിരണംകവിതകളെപ്പററി യാതൊന്നും പറഞ്ഞു കാണുന്നില്ല. ഒരു പാട്ടുപോലും അതിൽ ഉദാഹരിച്ചിട്ടുമില്ല. കന്യാകുമാരി മുതൽ ഭാരതപ്പുഴവരെയുള്ള ഗ്രന്ഥങ്ങളുടെ മഹാപരിചയം സിദ്ധിച്ചൊരു ഉജ്ജ്വലപണ്ഡിതനാണു് ലീലാതിലകകാരൻ. ഇതു് ആ മഹാഗ്രന്ഥം കൊണ്ടുതന്നെ സ്പഷ്ടമാകുന്നു. ആ സ്ഥിതിക്കു് അക്കാലത്തോ അതിനു മുമ്പോ ആയി പ്രശസ്തി സമ്പാദിച്ചിട്ടുള്ള, അഥവാ ഉണ്ടായിട്ടുള്ള, നിരണം കവികളേയോ, കവിതകളേയോപറ്റി ഒന്നും അറിഞ്ഞിട്ടില്ലായിരിക്കാമെന്നു ഗണിക്കുന്നതു് അസംഗതമാണു്. അതിനാൽ ലീലാതിലകനിർമ്മാണകാലശേഷമായിരിക്കണം നിരണംകവികളുടെ ജീവിതകാലം. പ്രത്യേകിച്ചും നിരണംകവികളുടെ കാലം ലീലാതിലകഘട്ടത്തിലോ അതിനുമുമ്പോ ആയിരുന്നെങ്കിൽ ആ വിശിഷ്ടഗ്രന്ഥത്തിൽ തീർച്ചയായും ഉത്തമങ്ങളായ നിരണംകവിതകൾക്കുകൂടി ലക്ഷണം നിർവചിക്കുമായിരുന്നെന്നുള്ളതു് പ്രസ്താവയോഗ്യമാണു്. ലീലാതിലകത്തിന്റെ കാലം സുപ്രസിദ്ധമായ ഉണ്ണുനീലിസന്ദേശനിർമ്മാണശേഷമാണു്.

"യത്സത്യം തൽഭവതുപുണർതംനാൾ പിറന്നെങ്ങൾകാന്തൻ
വന്നീട്ടിന്റമമമനസിജച്ചൂടൊഴിക്കുൻവതാകിൽ
തോഴീ! പൂച്ചോല്ലൊഴിവതിതുനൻറഷ്ടമേശുക്ലചന്ദ്രൗ-
ഭാഗ്യേജീവസ്സയമിതി നരങ്ങാശംസന്തീസ്ഥിതാവാ"

എന്നുള്ള ഉണ്ണുനീലിസന്ദേശപദ്യം ലീലാതിലകം നാലാം ശില്പത്തിൽ ഉദാഹരണത്തിനായി അംഗീകരിച്ചിട്ടുണ്ടു്. ഉണ്ണുനീലിസന്ദേശനിർമ്മാണകാലത്തെപ്പററി പലേ വാദമുഖങ്ങളും പണ്ഡിതന്മാരുടെയിടയിൽ ഉണ്ടായിട്ടുണ്ടു്. ഇന്നും ഇക്കാര്യത്തിൽ തക്കംതീരാതെയാണിരിക്കുന്നതു്. എങ്കിലും സാമാന്യമായി കൊല്ലവർഷം അഞ്ചാംശതകത്തിന്റെ ഒടുവിലോ ആറാംശതകത്തിന്റെ പൂർവാർദ്ധത്തിലോ ആയിട്ടാണു് ആ മനോഹരകാവ്യത്തിന്റെ ഉല്പത്തിയെന്നു കരുതേണ്ടിയിരിക്കുന്നു. അതിൽ പിന്നീടുണ്ടായ ലീലാതിലകത്തിനുശേഷവും, പില്ക്കാലത്തു് "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില"മെന്നു മഹാന്മാർ മുക്തകണ്ഠം പുകഴ്ത്തിവരുന്ന ഭാഷാചമ്പുക്കളിൽ പലതിന്റേയും ആവിർഭാവത്തിനു മുമ്പും ആയി ഒരു പ്രത്യേക കാലം നിരണംകവികൾക്കു നൽകേണ്ടിയിരിക്കുന്നു. ചമ്പൂകാരന്മാരിൽ ആദ്യൻ പുനംനമ്പൂതിരിയാണെന്നു പറയാം. അദ്ദേഹം സുപ്രസിദ്ധമായ കോഴിക്കോട്ടു പതിനെട്ടരക്കവിസദസ്സിലെ ഒരംഗവുമാണു്. പയ്യൂർഭട്ടതിരിമാർ ഒൻപതും തിരുവേഗപ്പുറ നമ്പൂതിരിമാർ അഞ്ചും മുല്ലപ്പള്ളിബ്ഭട്ടതിരി, കാക്കശ്ശേരിബ്ഭട്ടതിരി, ചേന്നാസ്സുനമ്പൂതിരി, ഉദ്ദണ്ഡശാസ്ത്രികൾ, ഇങ്ങനെ നാൽവരും അരക്കവി പുനവും ഉൾപ്പെട്ടതായിരുന്നു അന്നത്തെ ആ മഹാസദസ്സ്. ഇവരിൽ ചേന്നാസ്സുനമ്പൂതിരി "തന്ത്രസമുച്ചയം" എന്ന ഗ്രന്ഥം എഴുതിയതു് കൊല്ലവർഷം ഏഴാം ശതകാരംഭ (കൊല്ലം 604) ത്തിലാണെന്നു് ആ ഗ്രന്ഥത്തിൽ

നിന്നുംതന്നെ പണ്ഡിതന്മാർ തെളിവെടുത്തുകഴിഞ്ഞിട്ടുണ്ടു്. അതിനാൽ പുനംനമ്പൂതിരിയുടെ കാലം കൊല്ലം ഏഴാംശതകത്തിന്റെ ആരംഭത്തിലാണെന്നു ഗണിക്കാം. ഇങ്ങനെ നോക്കുമ്പോൾ നിരണംകവികളുടെ ജീവിതകാലം കൊല്ലവർഷം ആറാംശതകമായിരുന്നെന്നു ഗണിക്കേണ്ടതാണു്. എന്നാൽ നിരണംകവികളുടെ കാലഗണനയ്ക്കു് ലീലാതിലകത്തെ ആധാരമാക്കുന്നതു് അത്ര ശരിയല്ലെന്നു് ഈയിടെ ഒരു വാദം പുറപ്പെട്ടിട്ടുണ്ടു്. ആ വാദത്തെ ഇപ്രകാരം സംഗ്രഹിക്കാം. "ലീലാതിലകം പരിശോധിച്ചാൽ ഗ്രന്ഥകാരനു മദ്ധ്യതിരുവിതാംകൂറുമായി കൂടുതൽ പരിചയമുണ്ടെന്നു് ഊഹിക്കാം. മദ്ധ്യതിരുവിതാംകൂറുകാരായ നിരണംകവികളും ആചാര്യനും തമ്മിൽ പാണ്ഡിത്യപരമായ വൈരമുണ്ടായിരുന്നതിനാൽ അദ്ദേഹം നിഷേധിച്ച "ഛന്ദസ്സും" "മിശ്ര"വും പ്രബലപ്പെടുത്തി നിരണംകവികൾ വിജയംനേടി. അതിനാൽ സാഹിത്യസാമ്രാജ്യത്തിൽ പലപ്പോഴും സാധാരണമായുണ്ടാകാറുള്ള പാണ്ഡിത്യവൈരംകൊണ്ടു് ലീലാതിലകകാരൻ നിരണംകവിതകൾ വിട്ടുകളഞ്ഞതാണു്. എന്നുതന്നെയല്ല ലീലാതിലകത്തിൽ കാണുന്ന "ഭാഷാമിശ്രം പൊഴുതു കഥയാമി" എന്ന പ്രയോഗംകൊണ്ടു് മിശ്രഭാഷ, കണ്ണശ്ശന്റെ സൃഷ്ടിയോ ലീലാതിലകകാരന്റെ കണ്ടുപിടിത്തമോ അല്ലെന്നും വരുന്നു." ഈ ഉപപാദനവും ഒന്നു പരിശോധിക്കാം. ലീലാതിലകകാരൻ മദ്ധ്യതിരുവിതാംകൂറുകാരനോ മദ്ധ്യതിരുവിതാംകൂറുമായി കൂടുതൽ പരിചയമുണ്ടായിരുന്നയാളോ ആണെന്നുള്ളതിനു ഗ്രന്ഥത്തിൽ പ്രകടമായ യാതൊരു തെളിവും കാണുന്നില്ല. രേഖയോ ഐതിഹ്യംപോലുമോ ഇല്ല. ഉദ്ധരിച്ചിട്ടുള്ള ഉദാഹരണങ്ങൾ കൊണ്ടു് മദ്ധ്യതിരുവിതാംകൂറുകാരനെന്നപോലെതന്നെ

ഉത്തരകേരളീയനോ ദക്ഷിണതിരുവിതാംകൂർകാരനോ എന്നും സംശയിക്കാവുന്നതാണു്. വിശിഷ്യ ലീലാതിലക കർത്താവു് ഇന്നും ആരെന്നു തീർച്ചയായിട്ടും ഇല്ല. ഏതോ ഒരു പണ്ഡിതശ്രേഷ്ഠനാണു് ലീലാതിലകകാരൻ എന്നുള്ളതു മാത്രം നിർവ്വിവാദമാകുന്നു. അതിനും പുറമേ ലീലാതിലകത്തിന്റെ സൂത്രകാരനും വൃത്തികാരനും ഒരാളല്ലെന്നും ഒരു വാദമുണ്ടു്. എന്നാൽ അവ രണ്ടും ഒരാളുടേതെന്നു തന്നെ ഗണിക്കുന്നതായിരിക്കും സംഗതമെന്നു് അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു. രസപ്രകരണത്തിലും മററും ഉദ്ധരിച്ചിരിക്കുന്ന ചില ശ്ലോകങ്ങളെ അടിസ്ഥാനപ്പെടുത്തി കൊല്ലത്തു്, ഒരുകാലത്തു് പ്രശസ്തനും പണ്ഡിതസംരക്ഷകനും ആയി വാണ രവിവർമ്മചക്രവർത്തിയുടെ വിദ്വത് സദസ്സിലെ ഒരു പ്രധാന അംഗമായിരിക്കാം ലീലാതിലക കാരൻ എന്നു് ഒരു അഭ്യൂഹം മാത്രമേ പണ്ഡിതന്മാർ പുറപ്പെടുവിക്കുന്നുള്ളു. ഉത്തമന്മാരായ പണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥം മനഃപൂർവ്വം അപൂർണ്ണമോ വൈരപ്രകടന പേടകമോ ആയിത്തീർന്നുകൊള്ളട്ടെയെന്നു് ഒരിക്കലും വിചാരിക്കാൻ ന്യായമില്ല. ശാസ്ത്രപരമായ ഒരു ഗ്രന്ഥം എഴുതുമ്പോൾ വല്ല എതിരഭിപ്രായങ്ങളും ഉണ്ടെങ്കിൽ അവയെ അവതരിപ്പിച്ചു് കാര്യകാരണസഹിതം നിരൂപണം ചെയ്കയാണു് പതിവു്. അതു ശാസ്ത്രകാരന്റെ ധർമ്മവുമാണു്. നിരൂപണവിഷയത്തിൽ ലീലാതിലക കാരൻ ഒട്ടും പിറകിലല്ലായിരുന്നെന്നു് ആ ഗ്രന്ഥംതന്നെ വിളിച്ചുപറയുന്നുണ്ടു്. അപ്രകാരമുള്ള ഒരു നിരൂപണത്തിനും ലീലാതിലകത്തിൽ നിരണംകവിതകളെ വിധേയമാക്കിക്കാണുന്നില്ല. "ഭാഷാമിശ്രം" എന്നുമാത്രം സൂചിപ്പിച്ചു തള്ളത്തക്കവണ്ണം ദോഷഭൂയിഷ്ഠമാണെന്നോ, ഗണനാർഹമല്ലെന്നോ, ഉള്ള ഒരു ബാലിശമനോഭാവം ആചാ

ഘ്യനിൽ ആരോപിക്കുന്നതു സാഹസമാണു്. സകലശാസ്ത്രേ സരനും ശാസ്ത്രനിഷ്ണാതനും ആയ ഒരു മഹാപണ്ഡിതന്റെ യശസ്സിനു് അതു് ഒരിക്കലും ഭൂഷണമാകുന്നതല്ല. അതി നാൽ മേൽക്കാണിച്ച ഉപപാദനമതത്തിനു് രേഖാമൂല മായ കൂടുതൽ തെളിവുണ്ടാകേണ്ടതായ ഒരു പ്രാരംഭസ്ഥി തിയാണുള്ളതു്.

നിരണംകവികളുടെ ജീവിതകാലത്തെപ്പറ്റി ഐതി ഹ്യപരമായ ഒരു ധാരണ ചിലർക്കുള്ളതിനെക്കുറിച്ചും ഒരു ചർച്ചചെയ്യേണ്ടിയിരിക്കുന്നു. ഐതിഹ്യമാണെന്നുവച്ചു് ഗണിക്കാതിരിക്കുന്നതു ശരിയല്ലല്ലൊ. കുപ്പയിൽ മാണിക്ക ച്ചില്ലു ചിലപ്പോൾ കണ്ടെന്നുവന്നുകൂടെന്നില്ല. നിരണം കവികളെപ്പററി ധാരാളം ഐതിഹ്യങ്ങൾ ഇന്നും പ്രചാര ത്തിലുണ്ടു്. ഐതിഹ്യങ്ങളുടെ പൊതുസ്ഥിതി ഗ്രന്ഥാരംഭ ത്തിൽ പ്രതിപാദിച്ചിട്ടുള്ളതു് ഇവിടെ വിസ്തരിക്കുന്നില്ല. നിരണംകവികളെപ്പറ്റിയുള്ള ഐതിഹ്യങ്ങൾ ധാരാളമുള്ള വയിൽ ചിലതു കാര്യമായതും മററുചിലതു് നേരംപോക്കി നുമാത്രം കൊള്ളാവുന്നതും വേറേ ചിലതു് കളങ്കഭൂയിഷ്ഠ ങ്ങളും ആകുന്നു. ഈ മൂന്നുതരം ഐതിഹ്യങ്ങളിൽ ഒട്ടു വിലാത്തേ വകുപ്പിൽപെട്ടവ തുലോം വർജ്ജ്യങ്ങളാണു്. സ്വീകാര്യമെന്നു തോന്നിയ ഐതിഹ്യങ്ങളിൽ ഒരെണ്ണം മാത്രം ഇവിടെ ചർച്ചയ്ക്കെടുക്കാം. തുഞ്ചത്തു് ഗുരുപാദ രായ എഴുത്തച്ഛനും കണ്ണശ്ശനുമായി പരിചയമുണ്ടായിരു ന്നെന്നും അവർ തമ്മിൽ ധാരാളം സംവാദമുണ്ടായിട്ടുണ്ടെ ന്നുമുള്ള ഒരു ഐതിഹ്യം പ്രചാരത്തിലുണ്ടു്. ഇതാണു് കാലഗണനയിൽ ഒരു ചിന്തയ്ക്കുകൂടി ഇടം നൽകുന്നതു്. തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതകാലം കൊല്ലവർഷം എട്ടാം ശതകത്തിൻെറ ആരംഭത്തിലും ഏഴാം ശതകത്തിൻെറ

അന്ത്യത്തിലും ആയി ഒരു നിശ്ചിതഘട്ട (M:E. 729) ത്തിലായിരുന്നെന്ന് ഇപ്പോൾ സാമാന്യം ഖണ്ഡിതമാക്കി കഴിഞ്ഞിരിക്കുന്നു. ആ സ്ഥിതിക്ക് ഈ ഐതിഹ്യം തുഞ്ചത്തു ഗുരുപാദരേ പരാമർശിക്കുന്നതായി വരികയില്ല. എന്നാൽ നിരണംകവികളുടെ കാലം തുഞ്ചത്തു ഗുരുപാദക്കു വളരെ മുമ്പാണെന്നു പ്രബലമായ തെളിവുള്ളതുകൊണ്ടു് ഐതിഹ്യത്തിൻെറ ഉപപത്തിക്കുവേണ്ടി ഉത്തരകേരളത്തിലുണ്ടായിരുന്ന ഏതോ ഒരു എഴുത്തച്ഛനാണ് ഈ പരിചയക്കാരനെന്നു കണക്കാക്കുന്നതു് സംഗതമായിരിക്കും. 'അഭിനവകൽപഗ്രന്ഥമാല' എന്ന പേരിൽ ശ്രീമാൻ നന്ത്യാരുവീട്ടിൽ കെ. പരമേശ്വരൻപിള്ള അവർകൾ എം. എ. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കണ്ണശ്ശരാമായണം ബാലകാണ്ഡത്തിന്റെ അവതാരികയിൽ ശ്രീമാൻ കെ. പി. ശിവശങ്കരപ്പിള്ളശാസ്ത്രി അവർകൾ കണ്ണശ്ശൻപറമ്പും തുഞ്ചൻപറമ്പുമായുണ്ടായിരുന്ന 'സൗഹാർദ്ദബന്ധത്തിനു ദൃഷ്ടാന്തമായി "എഴുത്തച്ഛന്റെ നാമമുദ്രിതമായ ഒരു ശിലാപ്രതിമ കണ്ണശ്ശൻപറമ്പിൽ നിന്നും" കണ്ടുകിട്ടിയതു് ഒരു നായർ ഭവനത്തിൽ വച്ചു സൂക്ഷിച്ചു പൂജിച്ചുവരുന്നതായി അറിയുന്നെന്നു പ്രസ്താവിച്ചു കാണുന്നു. ഈ അറിവു് പരാമർശിക്കുന്നതായാൽ നിരണം ഗുരുക്കന്മാരുടെ അന്ത്യപരമ്പരയിൽപെട്ടവർ പിന്നെയും ഉണ്ടായിരുന്നെന്നും അവർ തുഞ്ചത്തു ഗുരുപാദരെ ആരാധിച്ചിരുന്നെന്നും കരുതേണ്ടതാണ്. ഏതായാലും ഈ പ്രതിമ ആക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അവർ അതു രഹസ്യമായി വച്ചു സൂക്ഷിക്കാതെ ഒരു ക്ഷേത്രം സ്ഥാപിച്ചു അതിൽ പ്രതിഷ്ഠിച്ചു് സർവരുടേയും ആരാധനയ്ക്കു് വിധേയമാക്കിത്തീർക്കേണ്ടതാണെന്നുള്ള അവതാരികാകാരൻെറ അഭിപ്രായം ശ്രദ്ധാർഹമാണെന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

കേരളീയജനതയ്ക്കു പുരാണേതിഹാസങ്ങൾ കേൾക്കുന്നതിനും പാരായണം ചെയ്യുന്നതിനും നല്ലതുപോലെ അഭിരുചിയുണ്ടായിരുന്ന കാലത്താണ് നിരണംകവികൾ ജീവിച്ചിരുന്നതു്. അവരുടെ സാഹിത്യപരിശ്രമപദ്ധതി കൊണ്ടു് ഇതു നമുക്കു മനസ്സിലാക്കാം. സ്വതന്ത്രകാവ്യങ്ങളെഴുതാതെ രാമായണം, ഭാരതം തുടങ്ങിയുള്ള ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തതു് ഇതിനു തെളിവാണ്. നിരണംകവിതകളിൽ ഒന്നായ ബ്രഹ്മാണ്ഡപുരാണം ഗദ്യഗ്രന്ഥത്തിന്റെ ഒടുവിൽ അതു് എഴുതിത്തീർത്തതായ കാലം കൊല്ലവർഷം 648 ധനു 20-ാം തീയതി ഞായറാഴ്ചയും മകവും പഞ്ചമിയുംകൂടിയ ദിവസമാണെന്നു കാണിച്ചിട്ടുണ്ടെന്നു് ക്യൂറേറ്റരായിരുന്ന ബ്രഹ്മശ്രീ കെ. സാംബശിവശാസ്ത്രികൾ തദവതാരികയിൽ വിവരിച്ചിട്ടുണ്ടു്. അപ്പോൾ കൊല്ലം ഏഴാം ശതകത്തിന്റെ പൂർവാർദ്ധത്തിനു മുമ്പാണ് ആ കവി ജീവിച്ചിരുന്നതെന്നു സ്പഷ്ടമാണ്. ബ്രഹ്മാണ്ഡപുരാണം രചിച്ചതു് നിരണത്തെ ഏതു കവിയാണെന്നു് അതിൽനിന്നും സ്പഷ്ടമാകുന്നില്ലെങ്കിലും അതു് രാമപ്പണിക്കരുടെ കൃതിയാണെന്നുള്ള മഹാപണ്ഡിതന്മാരുടെ അഭിപ്രായം അംഗീകരിക്കാവുന്നതാകുന്നു. രാമപ്പണിക്കർ നിരണംകവികളിൽ അന്ത്യനാണെന്നു സ്പഷ്ടമായിട്ടുള്ളതാകുന്നു. ആ സ്ഥിതിക്കു് കൊല്ലവർഷം ഏഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനു മുമ്പുതന്നെ നിരണത്തെ കവിപുംഗവന്മാർ ജീവിച്ചിരുന്നെന്നു കരുതാം. രാമപ്പണിക്കരുടെ ഗ്രന്ഥമായ രാമായണം ആരണ്യകാണ്ഡം 39-ാം പാട്ടിൽ ഇപ്രകാരം കാണുന്നു.

"ശക്തിവെയിൽക്കുകുറഞ്ഞിതുവർഷസമം—
പൊഴിയും പനിപോരിലറപ്പാ—
ലത്തൽ വരും ചേവകർ പോൽനീരി—
ലറയ്ക്കിൻറനജലപക്ഷികൾപോലും"

ഇതിലേ "ചേവകർ" എന്ന പദപ്രയോഗം ഒന്നു പരിഗണിക്കേണ്ടിയിരിക്കുന്നു. "പുത്തരിയങ്കം" പാട്ടിന്റെ പ്രസാധകനായ ശ്രീമാൻ ചേലനാട്ടു അച്യുതമേനോൻ അവർകൾ ബി. എ. അതിന്റെ മുഖവുരയിൽ "ചേവക" ശബ്ദത്തെപ്പററി ഇപ്രകാരം പറയുന്നു. "ചേകോന്മാർ ആരാണെന്നുള്ള വിചാരത്തിനു മുമ്പ് "ചേകവൻ" എന്ന ശബ്ദത്തെക്കുറിച്ചു തന്നെ രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ഡാക്ടർ ഗുണ്ടർട്ടിന്റെ അകാരാദിയിൽ ഇതിന്റെ രൂപം ചേകവൻ എന്നും ചേവകൻ എന്നും രണ്ടു വിധത്തിൽ കാണുന്നുണ്ടു്. ഈ പദം ചേകം (ചെയ്യുകയെന്ന ക്രിയയിൽനിന്നു്) എന്ന ശബ്ദത്തിൽനിന്നു് ഉത്ഭവിച്ചതാണോ എന്നും അദ്ദേഹം സംശയിക്കുന്നുണ്ടു്. അങ്ങനെയാണെങ്കിൽ 'ചേകവൻ' എന്നല്ലാതെ 'ചേവകൻ' എന്ന രൂപം വരാനിടയില്ല. 'ചേകം' എന്ന വാക്കിനു് (Chiefly about the Rajah's person (മുറ, പ്രവൃത്തി, പ്രത്യേകിച്ചു രാജദേഹത്തോടടുത്തുള്ളതു്) എന്ന അർത്ഥവും പറഞ്ഞു കാണുന്നുണ്ടു്. രാജാവിന്റെ രക്ഷാപുരുഷനായിരിക്കുക എന്നാണല്ലോ ഇതിന്നർത്ഥം. അങ്ങനെയാകുമ്പോൾ ആ സ്ഥാനം വഹിക്കുന്നയാൾക്കു് പ്രത്യേകമായ ചില പദവികളുണ്ടായിരിക്കണമല്ലോ. ആദികാലങ്ങളിൽ അതിവിദഗ്ദ്ധന്മാരായ രണശൂരന്മാർക്കു മാത്രമേ ആ മാന്യ പദവി കൊടുത്തിരിക്കാനും ഇടയുള്ളു. ക്രമേണ 'ചേകം' എന്ന പദം അരമനയേ സംബന്ധിച്ച എല്ലാ പ്രവൃത്തികൾക്കും ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ രക്ഷാകർത്തൃത്വം തുടങ്ങി, ഭൃത്യത്വം വരെയുള്ള സകല വൃത്തിക്കും ഈ വാക്കു് ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ—ചേകവനും ചേവകനും ഒരാളുതന്നെയോ എന്ന സംശയവും ജനിച്ചിരിക്കണം.

അല്ലാതെ ശ്രീമാൻ സി. വി. കുഞ്ഞുരാമൻ പറയുംപോലെ (ഈഴവരുടെ ഇതിഹാസം (മി. കെ. ദാമോദരൻ ബി. എ.) എന്ന ഗ്രന്ഥത്തിന്റെ മുഖവുര-രണ്ടാംഭാഗം) ചേവകശബ്ദത്തിന്റെ ഉത്പത്തി കണ്ടുപിടിക്കുവാൻ "സംസ്കൃതസേവകശബ്ദത്തെ സേവിക്കാൻ പോകേണ്ട ആവശ്യമില്ല." ആരോമൽ ചേകവരെക്കുറിച്ചുള്ള പാട്ടിൽ തന്നെ "അങ്കംപിടിച്ചാലേ ചേകോരാവൂ" എന്നു പ്രസ്താവിച്ചു കാണുന്നതിൽ നിന്നു് ചേകോൻപദവി സമരവീരന്മാരുടെ വീര്യമുദ്രയാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു." ഇതിലനിന്നും 'ചേകവൻ' എന്നും 'ചേവകൻ' എന്നും ഉള്ള പ്രയോഗത്തിനു് ഒരേ അർത്ഥത്തിൽ സാധുത്വം വരുമെന്നു കരുതണം. 'കൊട്ടാരത്തിൽ ശേവം' 'ശേകം' 'ശേവുകം' എന്നെല്ലാം പരിഷ്കാരമുണ്ടായിട്ടും പറയാറുണ്ടു്. അതിനെ 'സേവ' 'സേവനം' എന്നൊക്കെ മാററുക സാധാരണമല്ലാതെയാണിരിക്കുന്നതും. സമരധീരരും സ്ഥിരനിഷ്ഠരും ആയ ഒരു വിഭാഗമാണു് 'ചേവകർ' എന്നും ഗണിക്കണമോ? ഗണിക്കാം. എന്നാൽ ഇതു് ഒരു ജാതിനിർദ്ദേശകമല്ല. തൊഴിൽ പരാമർശകമായി കരുതാം. അവരിൽ അരമനജോലി ചെയ്യുന്നവരേയും അങ്കംപിടിക്കുന്നവരേയും പുരാതനകാലത്തു പരാമർശിക്കാതെ അങ്കംപിടിക്കുന്നവരേ മാത്രമാണു് ഗണിച്ചുവന്നതെന്നു കാണാവുന്നതാണു്. അങ്കംപിടിക്കയും ഒരു സേവനം—ശേവം—എന്നു കരുതേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ചേവകർ അങ്കത്തിൽ തോററാൽ അവക്കു വളരെ പോരായ്മയാണു്. ആരണ്യകാണ്ഡം പാട്ടിൽ കാണിച്ചിരിക്കുന്ന "പോരിനു്" അങ്കം എന്നർത്ഥം വിവക്ഷിക്കുന്നതുകൊണ്ടു് തെററില്ല. ഹേമന്തകാലത്തിലെ ജലത്തിന്റെ തണുപ്പു് ജലപക്ഷികളെ അത്യന്തം "അറപ്പിക്കുന്ന"

സ്വഭാവം "അത്തൽവരും ചേവകർപോൽ" എന്നു കവി പറഞ്ഞിരിക്കുന്നു.

"നീരിൽച്ചരിക്കുന്നവയാമീയിരിക്കുന്നപക്ഷികൾ
ഇറങ്ങുന്നീലതണ്ണീരിൽപ്പോരിലപ്രൗഢർപോലവേ."

എന്ന മൂലശ്ലോകവും ചിന്ത്യമാണ്. മൂലകാരന്റെ അപ്രൗഢരെന്ന ആശയത്തെ കവി കേരളീയത്വം വരുത്തി "ചേവകർപോൽ" എന്നാക്കിയതാവണം. ഈ ചേവകരുടെ കാലം എന്നാണ്? പ്രസ്തുത മുഖവുരയിൽ ശ്രീമാൻ അച്യുതമേനോൻ അവർകൾ ക്രി: വ. 796-ാം മാണ്ടിൽ നിന്നു ഒരു രണ്ടുശതാബ്ദം മുമ്പോട്ടുതള്ളി കാലഗണന ചെയ്തിരിക്കുന്നു. അപ്പോൾ കൊല്ലവർഷം ഒന്നാം ശതകമോ അതിനു സമീപമോ ആണ് ചേവകരുടെ പോരിനു പ്രസക്തികൊടുക്കേണ്ടതു്. അക്കാലങ്ങളെത്തുടർന്ന് കേരളത്തിൽ വളരെക്കാലം പ്രചാരത്തിലിരുന്ന "അങ്കംവെട്ടു്" "ചുരികയുദ്ധം" മുതലായ പയററുമുറകൾ സംബന്ധിച്ചുള്ള പ്രയോഗാവശിഷ്ടങ്ങളും കഥകളും പാട്ടുകളും ഊർജ്ജിതസ്മരണയിൽ നിരണംകവികളുടെ കാലത്തും ഉണ്ടായിരുന്നിരിക്കണം. ആ ഒരു സ്മരണയെ സൂചിപ്പിച്ചുള്ള പ്രയോഗമായിരിക്കാം ഇതെന്നല്ലാതെ കാലനിർണ്ണയത്തിനു കൂടുതൽ ഒരു തെളിവാകുമോ എന്നു സംശയമാണ്.

നിരണംകവികളുടെ ജീവിതകാലം "കേരളപാണിനീയ"ത്തെ ആധാരമാക്കിക്കൂടി ഒന്നുപരിശോധിക്കാം. പണ്ഡിതാഗ്രണിയും കലാവല്ലഭനും ആയിരുന്ന കേരളപാണിനി മലയാളഭാഷയുടെ അവസ്ഥാവിശേഷത്തെ മൂന്നു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. അതിൻപ്രകാരം കൊല്ലവർഷം ഒന്നു മുതൽ 500—വരെ പ്രാരംഭഘട്ടമാണു്. അക്കാലത്തെ കൃതികളായി അദ്ദേഹം 'രാമചരിതാ''ദി

ഗ്രന്ഥങ്ങൾ അംഗീകരിച്ചിരിക്കുന്നു. വടക്കൻ മലയാളം കർണ്ണാടകത്തിന്റെയും തെക്കൻമലയാളം തമിഴിന്റെയും ആക്രമണത്തിനു വിധേയമായിട്ടുണ്ട്. ആ സ്ഥിതിക്ക് ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള ഭാഷാഘട്ടവിഭാഗം അത്ര ശരിയല്ലെന്നു ചില അർവാചീനക്കഭിപ്രായമുണ്ട്. ഉണ്ണുനീലിസന്ദേശം തുടങ്ങി ദുർല്ലഭം ചില കാവ്യങ്ങൾ ഈ അഭിപ്രായഭേദത്തിനു പിൻതുണയായിട്ടുണ്ട് എന്നുള്ളതും യഥാർത്ഥമാണ്. എങ്കിലും; ഭൂരിപക്ഷം ഗ്രന്ഥങ്ങളുടെ ഉത്പത്തിയും, ഭാഷയുടെ ഗതിയും; കേരളചരിത്രത്തിലെ പരിവർത്തനങ്ങളും, പരിഗണിക്കുമ്പോൾ കേരളപാണിനിയുടെ ഘട്ടനിർണ്ണയത്തെ പാടേ അവഗണിക്കുന്നതു്, സാഹസമായിത്തീരും. പ്രാരംഭഘട്ടത്തിലെ ഭാഷാസ്വരൂപം കേരളപാണിനി വ്യക്തമാക്കിയിട്ടുണ്ട്. അതിൽ കാണിച്ചിരിക്കുന്നതിൽ നിന്നും, മലയാളഭാഷ വളന്ന പടിയിലാണ് നിരണംകവിതകൾ ആവിർഭവിച്ചിട്ടുള്ളതു്. രണ്ടാംഘട്ടം കൊല്ലവർഷം 500 മുതൽ 800 വരെയാണ്. ഈ ഘട്ടത്തിന്റെ ആദ്യം പ്രചാരത്തിലിരുന്ന "മുത്തമിഴാണ്" നിരണംകവിതകളിലെ ഭാഷ. ഈ ഭാഷയുടെ സ്വഭാവം അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്. "രാമപ്പണിക്കർ ലീലാതിലകം കണ്ടുകാണണമെന്ന് ഊഹിപ്പാൻ മാർഗ്ഗമുണ്ട്. അതുകൊണ്ടു് നിരണത്തു കവികളുടെ കാലം 550–നും 650–നും മദ്ധ്യേ ആയിരിക്കണം. 702–ൽ പകർത്തിയെഴുതിയ ഒരു രാമായണം എന്റെ കൈവശമുള്ളതിനു പുറമേ 614–ൽ പണിക്കരുടെ അനുവാദത്തോടുകൂടി പകർത്തിയെഴുതിയതായി മി. ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ള ഗ്രന്ഥം ഞാൻ കാണുകയുമുണ്ടായിട്ടുണ്ട്. അതുകൊണ്ടു രാമായണം 600–ാമാണ്ടിടയ്ക്കുണ്ടായതായിരിക്കണം" എന്നിങ്ങനെ കേരളഭാഷാസാഹിത്യ

ചരിത്രം ഒന്നാംഭാഗത്തിൽ തൽകർത്താവായ ശ്രീമാൻ ആർ. നാരായണപ്പണിക്കരവർകൾ ബി. എ. എൽ. റ്റി. പറയുന്ന അഭിപ്രായവും പരിഗണിക്കത്തക്കതാണ്. "കവിയുടെ കാലത്തെപ്പററി ഖണ്ഡിച്ചു് ഒരഭിപ്രായം പറയുന്നതു് എളുപ്പമല്ല. അമ്പലത്തുറ ആശാൻെറ കൈയ്യിലുള്ള കൊല്ലം 614-ൽ എഴുതിയതായ് ഭാഷാ ചരിത്രകർത്താവു് പറയുന്ന രാമായണത്തിന്റെ കൈയ്യെഴുത്തു പകർപ്പും" കൊല്ലവർഷം ഏഴാം നൂററാണ്ടിൽ പകർത്തിയെഴുതിയിട്ടുള്ള വേറേ ചില (പ്രസ്തുത) രാമായണഗ്രന്ഥങ്ങളും നോക്കിയിട്ടുണ്ടെന്നും; അതിനാൽ "രാമപ്പണിക്കരുടേയും മററും ജീവിതകാലം ആറാം ശതവർഷത്തിലായിരിക്കണമെന്നുള്ള അഭിപ്രായം എനിക്കും സമ്മതമാണ്." എന്നും; മഹാകവി ഉള്ളൂർ അവർകൾ ആരണ്യകാണ്ഡം അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു. വിശിഷ്യ, രാമചരിതാദി ഗ്രന്ഥങ്ങൾക്ക "പ്രാചീനമലയാള മാതൃകകൾ" എന്നും ഭാഷാഭഗവത്ഗീതാദി നിരണം കവിതകൾക്ക "മദ്ധ്യകാല മലയാളമാതൃകകൾ" എന്നും പേരു നൽകി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. ആധുനികഘട്ടമായി കേരളപാണിനി വ്യവഹരിക്കുന്ന കൊല്ലവർഷം 800-ന ശേഷമുള്ള ഭാഷാസ്വരൂപം നിരണംകവിതകളിൽ കാണുന്നുമില്ല. അതിനാൽ കൊല്ലവർഷം 500-നും 800-നും ഇടയ്ക്കുള്ള ഒരു ഘട്ടത്തിലാണ് നിരണംകവികൾ ജീവിച്ചിരുന്നതെന്നു വരുന്നു.

ഏതാദൃശചർച്ചകളിൽ നിന്നും, നിരണംകവികളുടെ ജീവിതകാലം കൊല്ലവഷം ആറാംശതകത്തിലാണെന്നു പരിഗണിക്കാവുന്നതാണ്.

# അദ്ധ്യായം ൩

## 1. നിരണംകൃതികൾ

നിരണംകൃതികളിൽ വളരെ കുറച്ചുമാത്രമേ ഇതേവരെ കണ്ടുകിട്ടിയിട്ടുള്ളൂ. അവയിൽ ചിലതു പഴക്കംകൊണ്ടു പൊടിഞ്ഞതിൻെറ അവശേഷവുമാണ്. നിരണത്തെ ചില പുരാതന ഗൃഹങ്ങളിൽ ഒട്ടുവളരെ ഗ്രന്ഥങ്ങൾ ചിതൽ നശിപ്പിച്ചിട്ടുള്ളതായും അവയിൽ നിരണംകവിതകളും ഉണ്ടായിരുന്നിരിക്കാമെന്നുള്ളതായും ചില സുഹൃത്തുക്കൾ പ്രസ്താവിക്കാറുണ്ട്. ഏതായാലും കണ്ടുകിട്ടിയിട്ടുള്ള ഗ്രന്ഥങ്ങൾ കൈരളിയുടേയും ഭാഷാപ്രണയികളുടേയും അമൂല്യനേട്ടങ്ങളിൽ ഉൾപ്പെടുത്താം. അവയേപ്പററി സാമാന്യം ചിലവ പഠിക്കയും ചെയ്യാം. എന്നാൽ ഒരു സംഗതി ശോച്യമാണെന്നു് ഇവിടെ എടുത്തു കാണിക്കേണ്ടിയിരിക്കുന്നു. അതായതു് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള നിരണംകൃതികൾക്കു തന്നെ ഭാഷാഭിമാനികളുടേയും പൊതുജനങ്ങളുടേയും സഹായസഹകരണങ്ങളുടെ കുറവുകൊണ്ടു് പ്രചാരം നന്നെ വിരളമാണു്. അല്പമെങ്കിലും പ്രചാരമുള്ളതു വിദ്യാർത്ഥിലോകത്തിലാകുന്നു. അതിനു തന്നെ കാരണമായതു് വിദ്യാഭ്യാസാധികൃതരുടെ കരുണയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മദ്രാസ് യൂണിവേഴ്സിററിയും ഇക്കാര്യത്തിൽ കുറേയൊക്കെ സഹായിച്ചിട്ടുണ്ടു്. തിരുവിതാംകൂർ സർവ്വകലാശാല പുരാതന ഗ്രന്ഥസമുദ്ധാരണത്തിനും അവയുടെ പ്രചരണത്തിനും കഴിയുന്നത്ര പരിശ്രമിച്ചുവരുന്നുണ്ടെന്നുള്ളതു് അഭിമാനജനകം തന്നെ. ഇതേവരെ അറിവിൽപെട്ടിട്ടുള്ള നിരണംകവിതകൾ താഴെക്കാണിക്കുന്നവയാണു്.

1. തൃക്കപാലീശ്വരസ്തോത്രം
2. രാമായണം
3. ഭാഗവതം
4. ശിവരാത്രിമാഹാത്മ്യം
5. ഭാരതം
6. ബ്രഹ്മാണ്ഡപുരാണം ഗദ്യം
7. ശ്രീമത് ഭഗവത്ഗീത
8. ഭാരതമാല
9. സീതാസ്വയംവരം അമ്മാനപ്പാട്ട്
10. ശ്രീവല്ലഭകീർത്തനം

ഇവയ്ക്കു പുറമെ ഗുരുഗീത, പാത്മപുരാണം, നള ചരിതം പാട്ട്, എന്ന് മൂന്നു ഗ്രന്ഥങ്ങൾകൂടി ഉള്ളതായി പറഞ്ഞുവരുന്നുണ്ട്.

## II കർത്തൃത്വനിർണ്ണയം

I തൃക്കപാലീശ്വരസ്തോത്രം: ഭക്തിരസപൂർണ്ണവും ഹൃദ്യവുമായ ഈ ഗാനം നിരണത്തു കൃഷ്ണപ്പണിക്കരുടേതാണെന്നു പറഞ്ഞുവരുന്നു. ഉഭയകവീശ്വരന്റെയോ മററാരുടേയോ കൃതിയാണെന്ന് പരിഗണിക്കുന്നതിന് ഇതിൽ പ്രകടമായ യാതൊരു തെളിവുമില്ല. കവിത അപൂർണ്ണവുമാണു്. ഈ സ്തോത്രം ഏതാനും ഭാഗം ഈയിടെ അച്ചടിപ്പിച്ചിട്ടുണ്ടു്.

II രാമായണം: ഇതു രാമപ്പണിക്കരുടെ കൃതിയാണു്. സംസ്കൃതം വാത്മീകിരാമായണവും അതിന്റെ ഉത്തരഭാഗവും ഇദ്ദേഹമാണു് ഭാഷയിലേക്കു വിവർത്തനം ചെയ്തതു്. ഇതിലേക്ക് ഈ പുസ്തകത്തിന്റെ ഒന്നാം

അദ്ധ്യായത്തിൽ; രാമായണകഥയുടെ അവസാനത്തിൽ നിന്നും ഉദ്ധരിച്ച "അവനിയിൽ നന്മചേർന്നിരണം തന്നിക്കൊരു ദീപമായ്" എന്ന ഗാനവും ഉത്തരരാമായണം അവസാനത്തിൽനിന്നും എടുത്തുകാണിച്ചിട്ടുള്ള "വാനലകിന്നു സമമാകിയ നിരണമഹാദേശേ..." എന്നുള്ള ഗാനവും മതിയായ തെളിവുകളാണ്. രാമായണം രാമപ്പണിക്കരുടെ ബാല്യകൃതിയാണെന്ന് പാട്ടിൽ ഒരു ഭാഗത്തു കാണുന്ന "രാമദാസനരീവബാലൻ" എന്ന പ്രയോഗം വച്ചുകൊണ്ടു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഏതായാലും കവിയുടെ വിനയത്തെ കാണിക്കുന്നതിനു പററിയ ഒരു പ്രസ്താവനയായി മാത്രം ഈ പ്രയോഗത്തെ ഗണിച്ചാൽ മതിയാകയില്ല. നിരണംകവികളിൽ കൂടുതൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മഹാൻ രാമപ്പണിക്കരാണെന്നാണ് ഇതേവരെയുള്ള തെളിവുകൊണ്ടു കാണുന്നത്. ആ സ്ഥിതിക്ക് ജീവിതകാലത്തിൽ ഭൂരിഭാഗവും അദ്ദേഹം പുരാണേതിഹാസപര്യടനശ്രമത്തിൽ ഏപ്പെട്ടിരുന്നതായി ഗണിക്കണം. അതിനാൽ അദ്ദേഹത്തിൻെറ നിരവധി കൃതികളിൽ രാമായണം ആദ്യകൃതിയായി കണക്കാക്കാവുന്നതാകുന്നു. അതിനു പ്രസ്തുത 'ബാല'നെന്ന പ്രയോഗം സഹായിക്കുന്നുണ്ട്.

III ഭാഗവതം: സംസ്കൃതം ശ്രീമഹാഭാഗവതം ദശമസ്കന്ധത്തിന്റെ ഭാഷാന്തരമാണിതു്. ഇതും രാമപ്പണിക്കരുടെ കൃതിയാണ്. ഇതിലേക്ക് പ്രസ്തുത ഗ്രന്ഥത്തിലുള്ള താഴെ ചേർക്കുന്ന പാട്ടു് തെളിവായി സ്വീകരിക്കാം:—

"ദേവകീമകനായേയവതാരം
ദേവകൾ വിധിയാലേ ചെയ്തീടിയ
പൂവിൽമടന്തമണാളൻ തന്നുടെ
പുണ്യമതായീട്ടും കഥ ചെമ്മേ

ആവിയിലുളവായീടും ദുരിത–
മറുംപടിരാമന്തരത്തീടിയകവി–
ഏവരുരത്തീടിൻറവരേവരു–
മെയ്തീടും പരമാമറിവോടേ”

ഇങ്ങനെയാണ് ഭാഗവതം സമാപിപ്പിച്ചിരിക്കുന്നത്.

IV ശിവരാത്രിമാഹാത്മ്യം: ഈ ഗ്രന്ഥവും രാമപ്പണിക്കർ രചിച്ചതാണ്. ചുവടേ കാണിക്കുന്ന പാട്ട് ശിവരാത്രിമാഹാത്മ്യത്തിലുള്ളതാകുന്നു.

“... ... ... ... ... ... ... ...

ശിവരാത്ര്യൗവ്രതകഥയിതുതന്നാലായപ്രകാരം
സാരതയിലാതകൃതി, രാമൻ; നിരണത്തുകപാലീശ്വരമേ
ചേരുമുമാപതിതന്നരുളാലേചെയ്താനേവംഭാഷയിനാലേ’:

V ഭാരതം: ഈ ഗ്രന്ഥവും രാമപ്പണിക്കരുടെ ഒരു ഉപഹാരമാണ്.

“കളവാൻപാപം മുന്നേരാമ—
കഥാമൊട്ടായ പ്രകാരം ചൊന്നേ
നിളയാതേശ്രീകൃഷ്ണകഥായാ—
മിനിയൊരുപടിചൊൽകനിനൈന്തേൻ”

എന്നു ഭാരതത്തിൽ കാണുന്ന ഗാനഭാഗം തെളിവായിക്കരുതാം.

VI ബ്രഹ്മാണ്ഡപുരാണം ഗദ്യം: മേൽ കാണിച്ച ഗ്രന്ഥങ്ങളുടെ കർത്തൃത്വം ഗ്രന്ഥഭാഗങ്ങൾ കൊണ്ടുതന്നെ നമുക്കു സുഗമമായി ഗ്രഹിക്കാൻ സാധിച്ചു. എന്നാൽ അതുപോലെ കർത്തൃത്വ നിർണ്ണയത്തിനു പ്രസ്തുത ഗ്രന്ഥത്തിൽ പ്രകടമായ യാതൊരു തെളിവും കാണുന്നില്ല. ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്ത മഹാപണ്ഡിതനായ

ബ്രഹ്മശ്രീ കെ. സാംബശിവശാസ്ത്രി അവർകൾ ഇതിന്റെ കർത്തൃത്വം രാമപ്പണിക്കർക്കു നൽകിയിരിക്കുന്നു. ഈ പ്രസാധനത്തിന്നാധാരമായ മൂലഗ്രന്ഥം ആദ്യന്തവിഹീനവും ഇടയ്ക്കിടയ്ക്കു പൊടിവൃതട്ടിയതും ആണു്; എന്നും അദ്ദേഹം പറയുന്നു. അതിനാൽ പുസ്തകത്തിൽ അപൂർണ്ണത കാണുന്നുണ്ടു്. പ്രസ്തുത, താളിയോലഗ്രന്ഥത്തിന്റെ ഒടുവിൽ അതു് എഴുതിത്തീർന്നതായ കാലം കാണിച്ചിട്ടുണ്ടെന്നു ബ്രഹ്മശ്രീ സാംബശിവശാസ്ത്രി അവർകൾ പ്രതിപാദിച്ചിട്ടുള്ള വിവരം രണ്ടാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സ്ഥിതിക്കു് നിരണംകവികളിൽ അന്ത്യനായ രാമപ്പണിക്കരായിരിക്കണം ഇതിന്റെ കർത്താവു്. വിശിഷ്യ ഭാഷയുടെ വളർച്ചയെപ്പററി ചിന്തിക്കുമ്പോൾ ഗദ്യത്തിലേക്കു അല്പമായ ബന്ധം ഈ ഘട്ടത്തിൽ കൈരളിക്കുണ്ടായിത്തുടങ്ങിയതായും കരുതണം. അതിനാൽ പൊതുസേവനത്തിൽ കേരളഭാഷയെ ആലംബമായിക്കരുതിയ രാമപ്പണിക്കർ ഒരു ഗദ്യ ഗ്രന്ഥംകൂടി രചിച്ചുവെന്നു കരുതുന്നതിൽ അസാംഗത്യം ഇല്ല.

## VII ശ്രീമത്ഭഗവത്ഗീത: സർവ്വോപനിഷത്

സാരസംഗ്രഹവും ഭാരതസംസ്ക്കാര ഭണ്ഡാഗാരവും ആയ ശ്രീമത്ഭഗവത്ഗീതയുടെ ഭാഷാന്തരമാണിതു്. വിവർത്തകൻ നിരണത്തു മാധവപ്പണിക്കരാണു്.

.... .... .... .... .... .... മലയിൻകീഴ–
തിരുമാതിൻ വല്ലഭനരുളാലേ
തെളിവൊടുമാധവനഹമിടർകളവാൻ
പരമാദരവൊടുചൊല്ലിയഞാന–
പ്പനുവം ഉരചെയ്യുവർ അത്ഭുതമുക്തിപരം"

എന്നു് ഇതിൽ കാണുന്ന ഫലശ്രുതി കർത്തൃത്വനിർണ്ണയ വിഷയത്തിൽ ശ്രദ്ധാർഹമാണു്.

VIII ഭാരതമാല: ഇതു മഹാഭാരതകഥയുടെ സംഗ്രഹവിവർത്തനമാണ്. വിവർത്തകൻ നിരണത്തു ശങ്കരപ്പണിക്കരാകുന്നു. അതിലെ ഫലശ്രുതി താഴെ ചേർക്കാം. ഈ ഗ്രന്ഥം ഇതുവരെയും അച്ചടിപ്പിച്ചിട്ടില്ല.

"താനുണർവേസംസാരച്ഛേദ-
സമർത്ഥവുമായേകാലവുമെങ്ങും
തുന്നിനിറന്തഖിലത്തിനുമൊത്തു
തുരീയാതീതവുമായുണർവായേ
തന്നുണർവായുണർവേവടിവാകിയ-
മഹാഭാരതകഥശങ്കരനൻപൊടു-
ചൊന്നതുരയ്പവരെയ്തുവരെന്നും
ശോകമൊഴിന്തവനന്തസുഖത്തെ"

IX സീതാസ്വയംവരം അമ്മാനപ്പാട്ട്: നൂറിൽപരം വത്സരം പഴക്കമുള്ളതും നിരണംപാട്ടുകൾ മാത്രമടങ്ങിയതും ആയ ഒരു താളിയോലഗ്രന്ഥത്തിലുണ്ടായിരുന്ന പ്രസ്തുത പാട്ട് പഴയകാലത്തു പ്രചാരത്തിലിരുന്ന മംഗളോദയം മാസിക ഒന്നാം പുസ്തകത്തിൽ (1084 ഇടവം, മിഥുനം) ഏഴും എട്ടും ലക്കങ്ങളിലായി റാവു സാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. ഇതിന്റെ കർത്തൃത്വം നിർണ്ണയിക്കുന്നതിന്ന് ആന്തരമായി തെളിവുകളൊന്നുമില്ല. ഇതും രാമായണകർത്താവിന്റെ കൃതിയായിരിക്കാമെന്നു മഹാകവി പ്രസ്തുത പ്രസിദ്ധീകരണ പീഠികയിൽ അനുമിച്ചിട്ടുണ്ട്. കഥാഗതി രാമായണം ബാലകാണ്ഡത്തെ അനുകരിച്ചും സംഗ്രഹമായും ആണ്. രാമായണം വളരെ വിപുലമായ ഒരു കാവ്യമായതുകൊണ്ടു സ്ത്രീകൾക്കു ഒരമ്മാനപ്പാട്ടായി സീതാസ്വയംവരം കഥ ചുരുക്കി ഇപ്രകാരം രചിച്ചതായിരിക്കണം. അതോ നിരണത്തെ ഉഭയകവീശ്വരാദി മററു വല്ലവരുമാണോ രചിച്ചതു്?

X ശ്രീവല്ലഭകീർത്തനം: ശ്രീമാൻ ടി. ജി. അച്യുതൻനമ്പൂതിരി (താമരക്കുളം) അവർകൾ പകർത്തിയയച്ച ഒരു താളിയോലഗ്രന്ഥത്തിൽ നിന്നും റാവുസാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ ഈ പാട്ട് സമസ്തകേരള സാഹിത്യപരിഷത്ത് ത്രൈമാസികം മൂന്നാംപുസ്തകം രണ്ടാം ലക്കത്തിൽ (1110 വൃശ്ചികം) ഒരു ചെറിയ മുഖവുരയോടുകൂടി പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. ഇതിന്റെയും കർത്തൃത്വം നിരണംകവികളിൽ ആരാണെന്നു തീർത്തു പറവാൻ പ്രയാസമാണ്. മലയിൻകീഴ് 'ശ്രീവല്ലഭ'നെപ്പററിയുള്ള സ്തുതിയാകയാൽ ഭഗവത്ഗീതാകർത്താവിന്റേതായിരിക്കാനിടയുണ്ടെന്ന് അനുമിക്കാം.

XI. ഗുരുഗീത XII. പാദ്മപുരാണം XIII. നളചരിതം പാട്ട് ഇവയുടെ നിർമ്മാതാക്കൾ നിരണംകവികളാണെന്നു ചിലർ അഭിപ്രായപ്പെടുന്നതല്ലാതെ കൂടുതൽ തെളിവൊന്നും കിട്ടിയിട്ടുള്ളതായി അറിവില്ല. അച്ചടിപ്പിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഇവ ഉൾപ്പെടുന്നില്ല.

## III വൃത്തരീതി.

നിരണം കവിതകളിലെ വൃത്തരീതി ഒന്നു പ്രത്യേകമാണ്. ആ കവികളല്ലാതെ വേറെയാരും ആ വൃത്തത്തെ അതേപടിയിൽ അംഗീകരിച്ചിട്ടുള്ളതായിക്കാണുന്നില്ല. ചില പഴയ മാന്ത്രികഗാനങ്ങളിൽ നിന്നാണ് നിരണവൃത്തങ്ങളുടെ ആവിർഭാവം. ശ്രീമാൻ കെ. പി. ശിവശങ്കരപ്പിള്ള അവർകളുടെ അഭിപ്രായവും ഇക്കാര്യത്തിൽ ശ്രദ്ധാർഹമാണ്.

"നളിനീദലഗതജലമതിതരളം തദ്വജ്ജീവിതമതിശയചപലം
ബുദ്ധിവ്യാദ്ധ്യഭിമാനഗ്രസ്തംലോകം ശോകഹതഞ്ചസമസ്തം"

"എന്നു മാത്രാസമകം, പാദാകുലകം, മുതലായ പേരുകളാൽ വിജ്ഞാതമായ ഒരു വൃത്തം സംസ്കൃതത്തിൽ പറഞ്ഞു കാണുമാറുണ്ടു്. അതിലും നിരണവൃത്തത്തിലെ പ്പോലെ മാത്രയ്ക്കല്ലാതെ വർണ്ണങ്ങൾക്കു നിയമം ഇല്ല. അതേവൃത്തത്തിൽ എട്ടു പാദമുണ്ടാക്കിച്ചൊല്ലിയാൽ നിരണവൃത്തമായി.

"അണിമതികലയുംസുരവാഹിനിയും
ഫണിപതിഗണഫണിമണികളുമണിയും"

എന്നിങ്ങനെ 16 മാത്രയിൽ ഓട്ടംതുള്ളലിൽ കാണുന്ന വൃത്തത്തിനും മൂലം ഈ സംസ്കൃതഛന്ദസ്സായിരിക്കാനാണു ന്യായം." ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള:—

"സംസ്കൃതമാകിനചെങ്ങഴിനീരും
നററമിഴാകിനപിച്ചകമലരും
ഏകകലൻകരമ്പകമാലാം
വൃത്തമനോജ്ഞാംഗ്രഥയിഷ്യേതഃ"

എന്ന പാട്ടിലും മാത്രാപ്രധാനങ്ങളായ ചില സംസ്കൃതവൃത്തങ്ങളിലും നിരണവൃത്തഛായ കാണുമാറുണ്ടെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. വിജ്ഞന്മാർ "നിരണവൃത്ത"മെന്നു പേർ നൽകിയിരിക്കുന്ന ഈ നൂതന ഛന്ദസ്സിനെ സാമാന്യേന ഒൻപതായി തിരിക്കാം. പഴയ പാട്ടുകൾക്കു് ലീലാതിലകമതപ്രകാരമുള്ള ലക്ഷണത്തെ നിരണംകവികൾ എത്രമാത്രം അംഗീകരിച്ചിട്ടുണ്ടെന്നു് ഇതിനുപരി പ്രസ്താവിച്ചിട്ടുള്ളതാകുന്നു. നിരണംപാട്ടുകൾ ഓരോ വരിയും ഈരണ്ടു ഖണ്ഡങ്ങളായി തിരിക്കാവുന്നവയാണു്. അങ്ങനെയുള്ള എട്ടു ഖണ്ഡങ്ങൾ കൂടിയതു് ഒരു പാട്ടു്. അപ്പോൾ നാലുപാദം തികയുന്നു. ഒരു ഖണ്ഡത്തിൽ പതിനാറുമാത്ര. ഇങ്ങനെ ഒരു പാട്ടിനു്

നാലു പാദത്തിലുംകൂടി 128 മാത്രയുണ്ടു്. ഒരു പാദം, 32 മാത്രകാണും. ഇതാണു് ഒന്നാമത്തെവിഭാഗം.

ഉദാ:-വ്രു്മൊരു്പു ണ്യക്ഷേത്ര്മന്നതിന്/

വ് ര് മാ കി ന്ന് കു് രു ക്ഷേ ത്ര ത്തിൽ

പ് രി് ക് രി് തേർ കാ ലാ െ് ളാ് ട്ട നാ മും |

പാ ണ്ഡ് വ് രും ചെ യ്യ് വ് യെന്തെൻ്റത്തു്

അ് ര് ച ൻ ധൃ് ത് രാ ഷ് ട്ര ൻ ചോദിച്ചു്ത്തു് |

വ മ്പേ റി് യ് സ ഞ്ജ് യ് ന് ര് ചെ യ്യാ ൻ-

ത പ് രി് തം പാ ണ്ഡ് വ് ർ ത മ്മു് െ്ടസൈന്യം |

ദു ര്യോ ധ് ന് നും ക ണ്ടാ നെ ന്നേ.

(ഭഗവത്ഗീത)

ഒരു മാത്രയുള്ള ലഘു;—രണ്ടുമാത്രയുള്ള ഗുരു; / ഒരു ഖണ്ഡം; ഇങ്ങനെ അടയാളം കാണിച്ചിരിക്കുന്നതുകൊണ്ടു് ഇതു ധരിക്കുന്നതിനു കഴിയുമെന്നു വിശ്വസിക്കുന്നു. എന്നാൽ നാലാം പാദത്തിൽ ഒന്നാം ഖണ്ഡത്തിലെ 'വർ' എന്നതു് ഒരു മാത്രയായി ഇവിടെ അടയാളപ്പെടുത്തേണ്ടിവന്നു. അതു് ലഘുപ്രയത്നമായി ഉച്ചരിച്ചു ശരിയാക്കാവുന്നതാണെന്നു കരുതുന്നു. ശിവരാത്രി മാഹാത്മ്യം, രാമായണം, ഭാഗവതം മുതലായി മിക്കകൃതികളിലും ഈ 128 മാത്രകളടങ്ങിയ പാട്ടുകൾ ധാരാളമുണ്ടു്. പിൽക്കാല പണ്ഡിതന്മാരുടെ നിരീക്ഷണഫലമായി ഈ വൃത്തം വേഷംമാറി പല ഭാഷാഗാനങ്ങളിലും സംക്രമിച്ചിട്ടു

ണ്ടെന്നു് അറിവായിരിക്കുന്നു. ചമ്പുക്കളിലെ ഗദ്യങ്ങൾ, കൃഷ്ണഗാഥ, ബ്രാഹ്മണിപ്പാട്ടു്, പതിനാലുവൃത്തം, ഓട്ടൻതുള്ളൽ ഇവയിലെല്ലാം ഈ വൃത്തത്തിന്റെ ഛായ നല്ലതുപോലെ കാണ്മാനുണ്ടു്. അതിനാൽ താദൃശഗ്രന്ഥങ്ങൾക്കു് വൃത്തനിബന്ധനത്തിൽ സ്ഥൂലമായ ഒരു മാർഗ്ഗനിർദ്ദേശം നിരണംകവികൾ നൽകിയിട്ടുണ്ടെന്നു് അനുമാനിക്കാം. ചില ഉദാഹരണങ്ങൾകൊണ്ടു് ഈ പ്രസ്താവന സ്പഷ്ടമാക്കാം:—

രാമായണചംപുവിലെ അയോദ്ധ്യാവർണ്ണനഗദ്യം:—

"പെരികെവളർന്നുവളർക്ഷതതേടിന
കൈലാസാദ്രിപരംപരപോലെ
മേലേമേലേപോന്നുയരുന്നത—
രംഗചയങ്ങളിലിടകലരുന്നതി—
മിംഗലമുഖമകരാഘൂർണ്ണന—
ഘോഷാകർണ്ണനബധിരദിശാഗജ—
വിധുരവിരാവൈരുലകുമുഴങ്ങ"

എന്നിങ്ങനെ ആരംഭിച്ചു് സുദീർഘമായിപ്പോകുന്ന പുനംനമ്പൂതിരിയുടെ ഗദ്യം ശ്രദ്ധേയമാണു്.

ബ്രാഹ്മണിപ്പാട്ടു്

"നീലക്കാർമുകിൽ മാലയതെന്നും
നിറമെഴുമഞ്ജനപർവ്വതമെന്നും
നീലിമകോലിന ശൈവലമെന്നും
വിഷമശരൻതൻപൂന്തഴയെന്നും"

(സാഹിത്യചരിത്രസംഗ്രഹം ശ്രീ പി. ശങ്കരൻ നമ്പ്യാർ അവർകൾ എം. എ.)

കൃഷ്ണഗാഥ: കൃഷ്ണഗാഥാ നിർമ്മാതാവു് ഗാഥാവിഭാഗത്തിൽ വിവിധവൃത്തങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടു്. മാത്രാഭേദമനുസരിച്ചാണു് ഈ വിഭാഗങ്ങൾ കാണുന്നതു്.

അവയിൽ ഒരു ഭാഗത്തു് നിരണവൃത്തച്ഛായ കാണുന്ന വിധം നോക്കുക:—

"മറപൊരുളായിമറഞ്ഞവനേഹരി
മലർമകൾ കൊങ്കപുണർന്നവനേഹരി
മധുരിതവെണ്ണകവർന്നവനേഹരി
മരുതുമരങ്ങൾ ഞെരിച്ചവനേഹരി" ഇത്യാദി

ശ്രീമാൻ പി. ശങ്കരൻനമ്പ്യാരവർകൾ കൃഷ്ണഗാഥയിൽ നിന്നും താഴെചേക്കുന്ന ഭാഗം ഉദാഹരണമായി കാണിച്ചിരിക്കുന്നു.

"ഉത്തമരായുള്ളശചികളേററം
ഭക്തിപൊഴിഞ്ഞുപൃകണ്ണുതെളിഞ്ഞു
അച്യുതപാദസരോരുഹയുഗ്മം
നിശ്ചലരായി വണങ്ങിനനേരം"

കുഞ്ചൻനമ്പ്യാരുടെ കൃതിയായ പതിനാലുവൃത്തത്തിലും പ്രസ്തുത നിരണവൃത്തത്തിന്റെ ഛായ കാണാവുന്നതാണു്. ഉദാ:—

"യദുകുലകമലദിനേശൻ കൃഷ്ണൻ
മൃദുലമനോഹരലീലാതൃഷ്ണൻ.
ഹൃദയമുദംമമസതതം പൃഷ്ണൻ
പ്രദിശതുകുശലം നാരായണജയ"

കുഞ്ചൻനമ്പ്യാരുടെ ഓട്ടൻതുള്ളലിലും ഈ വൃത്തത്തിന്റെ അനുകരണം കാണാം. അതിപ്രകാരമാണു്:—

"അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും"

വൃത്തമഞ്ജരീകാരൻ ഗാഥയ്ക്കു് മഞ്ജരിയെന്ന ഒരു പേരിലാണു് പ്രധാനമായി ലക്ഷണം ചെയ്തിരിക്കുന്നതെങ്കിലും അതിനു രീതിഭേദങ്ങളുണ്ടെന്നു് കൃഷ്ണഗാഥകൊണ്ടു സ്പഷ്ടമാണു്. ആ ഭേദങ്ങളിലൊന്നാണു് മേൽക്കാണിച്ചതു്. തുള്ളലിൽ 'തരംഗിണി' വൃത്തമാണു് നിരണവൃത്ത

ത്തിന്റെ അനുകരണമായിക്കാണുന്നതു്. "ദ്വിമാത്രം ഗണമെട്ടെണ്ണംയതിമദ്ധ്യംതരംഗിണി" എന്നാണു് വൃത്തമഞ്ജരിയിൽ ലക്ഷണം ചെയ്തിരിക്കുന്നതു്. ഇരുപത്തുനാലു വൃത്തത്തിൽ 'സ്തിമിതാ' വൃത്തമായിക്കാണുന്നു;

"ശ്രീരാമചന്ദ്രജയ സീതാകടാക്ഷമധു-
പാരാമമേ പെരിയകാരുണ്യമെന്നിലരുൾ
നേരേവരുത്തുക തെളിഞ്ഞാദരേണതവ-
നാരീശിരോമണിയെ നാരായണായനമഃ"

ഇത്യാദി ഗാനങ്ങളും പ്രസ്തുത നിരണവൃത്തത്തിന്റെ അനുകരണങ്ങളായി പരിഗണിക്കാവുന്നതാണു്. നിരണം കവിതകളിൽ കൂടുതൽ പാട്ടുകൾ, 32 മാത്രയിലുള്ളവയാകുന്നു.

രണ്ടാമത്തെ വിഭാഗത്തിൽപെടുന്ന നിരണവൃത്തം അൻപത്തു മാത്രവീതമുള്ളതാണു്. ഇതു് ഭാഷാഭഗവത് ഗീത പതിനൊന്നാമദ്ധ്യായത്തിലും ഭാഗവതത്തിൽ ചിലയിടങ്ങളിലും രാമായണം ആരണ്യകാണ്ഡത്തിലും സുന്ദരകാണ്ഡത്തിലും കാണുന്നു.

—  — —  — —  — - —
"താന്‌വി്ടേയി്രുത്തി്യ്വക്ക്പൂജ്യി്യററി്മുററം
—  — —  — —  — — —
താപ്മി്യന്ന്തീയ്യി്ലെ്രിഞ്ഞ്മെയ്യോ്ളി്വോട്ട്ടൻപോ്യ്-
വാനലകം പൂകുന്തനനൻപുചേർശരഭംഗനെന്നും
മാമുനിതാനനന്തരമുററമററുള്ളതാപസന്മാർ
വാനത്തിൽ നിന്നിയങ്ങിനകാററുനീർതളികായ്കിഴങ്ങും
വാടിവറണ്ട വിഴീലമററുമിത്തരമായൊരോന്നേ
പോനകമാകിനിന്നു തപംപുകന്നു വിരിഞ്ചലോകം
പോലുമമന്നുകൊൾവതിനാംതപോബലമേറെയുള്ളോർ"

(രാമായണം ആരണ്യകാണ്ഡം)

"ഃനോക്കുകിലേറെറിഞ്ഞനലാക്സന്നിഭമിപ്രകാശം
ന്തൽത്തിരുമാർവരോടിമയോർകളും തൊഴുമാതിദേവാ
സൂക്ഷ്മമതായ നിൻപെരുമയ്ക്കൊരെല്ലയുമില്ല ചൊൽവാൻ
സ്തോത്രമിയററുവാൻ തവതത്വമൊന്നറിയാവതല്ലേ
ആക്കമെഴും തത്വമക്ഷരമായതപ്രമേയം പരം നീ
യാശ്ചരിയത്തോടീ ഭുവനത്രയത്തിനു നീ നിധാനം
നീക്കംവരാതധർമ്മതിന്നുരക്ഷയതായതും നീ.
നീക്കരുതാതനിൽപ്പൊരുൾ നീ മറയ്ക്കും സനാതനൻ നീ"

(ഭാഷാഭഗവത്ഗീത. അ 11. പാട്ട് 6)

പിൽക്കാല കവിതകളിൽ ഇതിൻെറ അനുകരണം അത്ര കാണുന്നില്ല.

എന്നാൽ മുൻ കവിതയായ രാമചരിതം പതിനാറാം പടലത്തിൽ ഈ വൃത്തം പ്രയോഗിച്ചിട്ടുണ്ട്.—

"അരുന്തവമുള്ളരക്കനൊരിക്കൽവന്നതുകണ്ടു നൻറാ–
യകന്തിളു വന്നവന്തുയരെന്നി ലങ്കയലങ്കരിപ്പി–
ത്തിരുന്നളവന്നിചാചരിമാരോടേകി വിമാനമേററി–
ച്ചിരുണ്ടകണ്ണാളെയുക്കൊട്ടപോക്കളത്തിലണഞ്ഞനേരം
പറന്തുനിറന്തുചോരിയണിന്തിലക്കണനും വിണ്ണോർതൻ–
പരമ്പരനും കിടന്തതുകണ്ടുപണ്ടറിവോരെല്ലാരും
നിരന്തരമായുരപ്പതുരത്തുമൈതിലിമെയ്തളന്താൻ
നിറം പെറുമാറു കാപ്പവരെന്നെയെന്നിടരേറിനാളേ"

<u>നാല്പതു മാത്രയോട്ടുകൂടി</u> രണ്ടു ഖണ്ഡം വീതം ചേന്നതാണ് മൂന്നാമത്തേ വൃത്തസമ്പ്രദായം. ഇതു് നിരണം കൃതികളിൽ മിക്കഭാഗങ്ങളിലും കാണുന്നുണ്ടു്. ഒരു ഉദാഹരണം ഇവിടെ കാണിക്കാം:—

–  —  –  —
"ഉള്ള്ര്ജ്നീച്ര്ക്ലത്തിന്മ്ഹാഗ്ദ്വ്—
–  —  —  – –
ഭാര്ഗ്ഗ്ണ്നാകിയ്ക്വ്വി്സൂനു്മ്ന്നി്ശുക്രൻ.

ചൊല്ലെ്ഴ്മ്വന്ന്സ്തർനാൽവരസുരന്മാ-
രനഘ്യ്സ്ഖായ്ശ്രൂ്ഷ്കണ്മ്ക്രായ്മ്ഹി്മ്യൊ്ടും
നല്ലവരേററമത്തു നിൽക്കാവിന്നതാതനയർ
നാഗരിപൂവാംഗരുഡനൊടരുണാദി ചില
തുല്യമിലയാതകർ കളിരെണ്മർ ചിത്രരഥ
ശുഭചരിതനാദിമുനി തന്നുടെ സുതന്മാർ”

(ഭാരതം പാട്ട് 64. സംഭവപർവ്വം)

മുപ്പത്തിയെട്ടു മാത്രയോടുകൂടിയതും രണ്ടു ഖണ്ഡം വീതം ചേർന്നതുമാണു് നാലാമത്തെ വൃത്തരീതി.

ഉദാഹരണം:—

“മേവ്മ്വനെന്ന്ണ്യ്ംമ്ര്ണ്കാലേ
വേ്രിത്റിചോറ്മി്ക്വ്ണ്ണ്മ്വ്രുണ്ണാർ
ജീവ്ന്ത്പോയ്തി്ന്ന്നേരുറ്ങ്ങ്വേനും
ചിന്ത്യിൽമ്റന്നൊ്രു്ന്റുങ്ങ്മ്റങ്ങാ്നും
കേവലമീയോഗമണയാതൊഴിയുമെന്നാൽ
കേളപ്പെഴവിഹാരമൊട്ടുറക്കമശനംമ—
ററിവകപെരുക്കകയൊഴിഞ്ഞേ—
ഇമ്പമൊടിയററുമവനെത്തും നല്ലയോഗം”

ഈ വൃത്തം പിൽക്കാലകവിതകളിൽ അനുകരിച്ചു കാണുന്നുണ്ടു്. ‘ഇന്ദുവദന’ (“ഇന്ദുവദനയ്ക്കു ഭജസംന ഗുരു രണ്ടും”) യുടെ ഇരട്ടിപ്പായി തോന്നുന്ന ഒരു ഭാഗം ഇവിടെ ചേക്കാം:—

“മാമുനിവനോടു നൃപനൊൻറിതരുടം ചെയ്താൻ
മാധവനുടനവനി പുത്രനെ വധിച്ചേ
മാൻമിഴികൾ തങ്ങളെ വിവാഹമെങ്ങനെതാൻ
ബാധകൾ വരാതപടിചെയ്തവയുമെല്ലാം.

മാമുനിവ! ചെല്ലുമമയെൻറവഴികേട്ടേ—
മായവരുടേ കഥ സാദരവിനോടേ—
താമരചനോട്ടരചെയ്ത്താനവനിൽ മേന്മേൽ
തങ്ങിനദയാവിനൊട്ട ശ്രീശുകമുനീന്ദ്രൻ"

(ഭാഗവതം രണ്ടാംഭാഗം അ: 59)

ഇരുപത്തുനാലുവൃത്തത്തിലെ അതിസമ്മത ഇതിൻെറ ഛായയാണ്. "നസയം യലഗം ചേന്നാലതി സമ്മത യായിട്ടും." സർവ്വലഘുവായ നഗണം, അന്ത്യഗുരുവായ സഗണം, ആദിലഘുവായ യഗണം രണ്ട്, ഒരു ലഘു, ഒരു ഗുരു—ഇതാണ് വൃത്തമഞ്ജരിപ്രകാരം അതിസമ്മതയുടെ ലക്ഷണം.

— — — — — — —

"ഭു് വ് ന്/മ്പി് പൂ/ര് യാ മാ/ സ് ഭേ രീ/ര് വൈ—
രവനതസുരാംഗനാനന്ദഗാനങ്ങളും
സവിധഭുവിനാരദൻ വീണവായിക്കയും
നവരസദമാട്ടവും നൗമിനാരായണം"

ഇതാണ് ഇരുപത്തുനാലുവൃത്തത്തിലെ അതിസ

— — — — —

മ്മത. "മേവു്മ് / വ്നെന്ന് /ണ്യുംമ്/ര്ണ്കാ/ലേ" ഇതിൽ ഗുരുലഘുക്കൾക്കല്ലമായ സ്ഥാനമാററം കാണുന്നുണ്ട്. എന്നിരുന്നാലും ചൊല്ലുമ്പോൾ ആ ന്യൂനത കാണുന്നില്ല. കിളിപ്പാട്ടിലെ മണികാഞ്ചിയും ശീതങ്കൻ തുള്ളലിലെ 'കളകാഞ്ചി'യും ഇതിനോട്ട സമാന്യം യോജിച്ചതാണെന്നു കാണാം. നോക്കുക:—

"കാകളിയ്ക്കുള്ള പാദങ്ങൾ
രണ്ടിലും പിന്നെയാദിമം
ഗണംമാത്രം ലഘുമയ—
മായാലോ മണികാഞ്ചിയാം"

"മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരുഗണത്തിന്
എട്ടുചേർത്തുള്ളീരടിയ്ക്കു ചൊല്ലാം കാകളിയെന്നു പേർ".
ഇതാണ് കാകളിയുടേയും അതിൽ നിന്നല്പമാത്രം ഭേദമുള്ള മണികാഞ്ചിയുടേയും ലക്ഷണം. മൂന്നക്ഷരം അഞ്ചുമാത്രയിൽ ഗണങ്ങളായി ചേർത്ത് എട്ടു ഗണമായി വരുന്ന ഈരടിയാണ് കാകളി. അതിൽ ഈരടിയുടെ രണ്ടുപാദങ്ങളിലേയും ആദ്യഗണങ്ങൾ അഞ്ചുമാത്ര കിട്ടത്തക്കവണ്ണം ലഘുതന്നെയായാൽ മണികാഞ്ചിയായിത്തീരും.

"ഉദാ:—പരമപുരുഷൻ മഹാമായതൻവൈഭവം
പറകയുമനാരതം കേൾക്കയും ചെയ്കിലോ"

എന്നാൽ ഈ "മണികാഞ്ചിയെ കളകാഞ്ചിയുടെ ഇടയ്ക്കല്ലാതെ ഒരു പംക്തിലോ അദ്ധ്യായത്തിലോ മുഴുവൻ ഉപയോഗിച്ചുകണ്ടിട്ടില്ലെ"ന്നുകൂടി ശാസ്ത്രകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

"അതികുടിലഘനസദൃശനിറമുടയവേണിയും
അത്ഭുതമാകും നിടിലപ്രദേശവും"

എന്നുള്ള അഹല്യാമോക്ഷം ശീതങ്കൻതുള്ളലിലെ ഭാഗമാണ് തുള്ളൽപ്പാട്ടിലെ കളകാഞ്ചിക്കുദാഹരിച്ചിട്ടുള്ളത്. ഇതിൽനിന്നെല്ലാം അല്പമായ ഭേദമേ മേൽക്കാണിച്ച നിരണവൃത്തത്തിനുള്ളൂവെന്നു വ്യക്തമാണ്.

അഞ്ചാമത്തു് 22 മാത്രയിലുള്ള ഒരുതരം വൃത്തമാണ്.

---

ഇതു് പ്രധാനമായി ഭാഗവതം രണ്ടാംഭാഗത്തിൽ 58-ാം അദ്ധ്യായത്തിൽ കാണുന്നു.

— — — — — —

"അൻറ് വന്തി് രാജ് നായ് വിന്ദ്ന് മ് വിന്ദ് നും
നൻറിയോടുടപ്പിറന്ന മിത്രവിന്ദയാമവൾ.

മൻറിലെങ്ങുമൊച്ചപെററ മാധവന്നിലാഗ്രഹം
ചെൻറ ചെൻറുററച്ചിട്ടൻറ ചിന്തയോടുരാജനേ!"

(അ. 58. ഭാഗവതം. പാട്ട് 18)

"രാജാധിദേവിമകൾ രാജീവലോചനാ-
രാജേന്ദ്ര! അച്യുതനിൽ രാഗംമുഴുത്തുപോയ്
ആശാംസുയോധനനണച്ചിട്ടവാനവളെ-
ആശിസ്സിനോടവന്തിരാജേന്ദ്രൻതൻനിനവ്"

(ടി. പാട്ട് 19.)

ഇതിന്റെ മൂന്നാം പാദത്തിൽ വസന്തതിലകം എന്ന സംസ്കൃതവൃത്തം ഹൃദ്യമായി നിഴലിച്ചു കാണുന്നുണ്ട്. ഭാഗവതം 58-ാം അദ്ധ്യായത്തിൽ 18 മുതൽ 40 വരെ പദ്യങ്ങൾ ഈ പ്രത്യേക വൃത്തത്തിൽ കാണുന്നു. ഭാരതമാലയിൽ ചിലയിടങ്ങളിലും ഭാഗവതത്തിൽ 66-ാം അദ്ധ്യായത്തിലും 24 മാത്രയിലുള്ള ഒരുതരം വൃത്തം കാണുന്നതു് ആറാമത്തൊരു വകപ്പിൽ ഉൾപ്പെടുത്താം.

— — — — — — — — — —

"വാസുദേവനാകി മണ്ണിൽവന്നു ഞാൻജനിച്ചതും
വാസുദേവൻഞാനിതെൻറവാലരാംവചസ്സിനാൽ
ആദരേണ ചിന്തചെയ്തിടിൻറതൊൻറ ഞായമല്ല
യേതുമൊൻറ കൃഷ്ണനോടുരയ്ക്കയെൻറചൊല്ലിനാൻ"

ഇതു്, ചൊല്ലുമ്പോൾ 'കുസുമമഞ്ജരി'യുടെ മട്ടു കാണുന്നു.

ഏഴാമത്തേതു് 52 മാത്രയുള്ള ഒരുതരം വൃത്തമാണു്. ഇതു് ഭാഗവതത്തിൽ ചിലയിടങ്ങളിൽ കാണാം.

— — — — — — — — —

"ഇന്തിരിയങ്ങൾ ഇന്തിരിയത്തിൽദേവതയങ്ങിവററി—

— — — — — — — — —

നീടിനിറന്നീടുംവിഷയങ്ങളാവതുനീയതെൻറം

ചന്തമതായഭൂതങ്ങൾക്കുമൂലമാകിയതാമസാഹംകാരവു–
മിന്ദ്രിയത്തിന്നുമൂലമാകിയതേജസ്സംനീ.
എന്നുള്ളപ്രതീതമാത്രമതായദേവകൾക്കുമൂലമായ് നീ–
ൻറീടിയസാത്ത്വികംതവകേളിവററിന്നു ജീവനംനീ
അന്തമിയൻറിവററിന്നു സാക്ഷിയായറിവായ് വിനാശാദിക–
ളിൻറിനിൻറരുളിൻറവീശ്വരനെൻറുംനീയേ"

(ഭാ അ. 85. പാ 4.)

ഓരോ പാദങ്ങളിലും 26 മാത്രയോടുകൂടിയ നാലു പാദങ്ങൾ വീതമുള്ള ഒരുതരം വൃത്തം ഭാഗവതം 13—ം 14—ം അദ്ധ്യായങ്ങളിലായി കാണുന്നുണ്ട്. ഇതു് എട്ടാമത്തെ വകുപ്പിൽ ഉൾപ്പെടുന്നു:—

"മായ്യാലിത്തു്വത്സ്പാല്ക്രായ്ച്ച്മഞ്ഞിഹ്കൃഷ്ണ്നേ—
ആയതെൻറ റിഞ്ഞനിതൻപൊട്ടുഞാനമാകിയട്ടക്കിനാൽ
മായമേറെറാരുവക്കമെന്നെമറപ്പതിന്നരുതെൻറമേ
മായവന്നൊഴിഞ്ഞെൻറ രാമനുംമാനസേട്ടഢമാക്കിനാൻ."

(ഭാ. അ. 13 പാ. 28)

ഇതു് മല്ലികാവൃത്തത്തിന്റെ ഒരു രൂപഭേദമാണെന്നു പറയാം. "രംസജംജഭരേഫമിഗ്ഗണയോഗമത്രഹിമല്ലികാ" എന്നു ലക്ഷണം.

42 മാത്രയോടുകൂടിയതും കിളിപ്പാട്ടിലേ മണികാഞ്ചിയോടു സാമാന്യമായി സാദൃശ്യപ്പെടുത്താവുന്നതുമായ ഒരു വൃത്തമാണു് ഒൻപതാമത്തേതായി കാണുന്നതു്. നോക്കുക:—

"ആമ്ര്വിനോട്കാളിന്ദിതന്നിൽച്ചെന്നി—
ട്ട്വർക്ളുഷ്യേക്ളിച്ചമ്മ്ണൽതിട്ട്മേൽ
നീതിയോടുമെസെകതിയായ രൂപംചെമ്മേ—
നിനവോടുചമച്ചുപൂജിച്ചുപ്രാർത്ഥിച്ചിതം

"ബോധമയമേമഹാമായയേ! യോഗിനീ—
മുഖ്യമയമേയതല്ലനന്ദസുതനെങ്ങൾ—
ക്കാദരവിനോടുപതിയാവതിനിദാനീം
അതിനുനമയെസംപ്രീതംമാസമതുചെയ്‌വാൻ"

(ഭാ: അ. 2. പാ 2)

ഈ മാതൃകയിലുള്ള വൃത്തം രാമചരിതം പതിമ്മൂന്നാം പടലത്തിൽ കാണുന്നുണ്ടു്. നോക്കുക:—

"തഴനിഴലിലേറംനീടാർപടക്കോപ്പുമായ്
തെയമുകനിരിക്കെക്കരണ്ടാക്കെഴപായ്ന്താന-
ന്തഴകിനോടുമൂടിനാർചുററുമീടുംകിട-
ങ്ങചലങ്ങളുടത്തെടുത്തിട്ടാരോളുകമായ-
മുഴുമതികൾതിക്കൊള്ളുംമാളികപ്പന്തിയും
മുരന്തണിമതിൽക്കല്ലും തല്ലിയെല്ലാംതക-
ത്തഴിവുനകരിക്കെങ്ങുംചെയ്തുചെയ്താത്തടു-
ത്തരികുലവും വേന്തരും ചുററിനാർമുററുമേ"

മേൽ പ്രസ്താവിച്ച ഒൻപതു തരം വൃത്തങ്ങൾക്കു പുറമേ ഈഷദീഷദ്ഭേദവിവക്ഷയുണ്ടാകാവുന്ന വേറെ വൃത്തരീതികളും ഉണ്ടു്. അവ ദുർല്ലഭങ്ങളും അപ്രധാനങ്ങളുമാകയാൽ വിട്ടിരിക്കുന്നു.

മനോനേത്രാഭിരാമമായ പൂംപൊയ്കയിലെ മന്ദമാരുതസഞ്ചലിതമായ തരംഗപരമ്പരകളിൽ സാനന്ദം കളിയാടുന്ന ഒരു ചെറുതോണിയിൽ രാഗാലാപം ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാമണീയക പ്രതീതിയാണു് നിരണവൃത്തങ്ങൾ പാരായണം ചെയ്യുമ്പോൾ ഉണ്ടാകുന്നതു്. രസത്തിൽ ശാന്തമെന്നപോലെയും ഗുണത്തിൽ മാധുര്യമെന്നപോലെയും ആസ്വദിച്ചാനന്ദിക്കുന്നതിനും ശ്രവണസാഫല്യം വരുത്തുന്നതിനും പര്യാപ്തമായ ശയ്യാഗുണമുള

വാക്കുന്നതിനു് ഈ വൃത്തരീതി നിരണംകവികൾക്ക പ്രയോജനപ്പെട്ടിട്ടുണ്ടു്. ഇങ്ങനെ മാത്രാപ്രധാനങ്ങളായ വൃത്തങ്ങൾ മലയാളഭാഷയിൽ നിരണംകവികൾക്ക മുമ്പും നടപ്പുണ്ടായിരുന്നു. രാമചരിതം ഇതിനു് ഒരു തെളിവാണല്ലൊ.

എന്നാൽ രാമചരിതം ലീലാതിലകത്തിനു പിമ്പാണെന്നു് ഇപ്പോൾ ഒരഭിപ്രായം പ്രചാരത്തിൽ വന്നിട്ടുണ്ടു്. എന്നുതന്നെയല്ല അത്തരചിച്ചതു് നിരണംകവിതകൾക്ക മുമ്പോ പിമ്പോ എന്നും ചിലവാദമുഖങ്ങൾ പുറപ്പെട്ടു കാണുന്നു. പണ്ഡിതനായ ശ്രീമാൻ ആർ. നാരായണപ്പണിക്കർ അവർകൾ ബി. ഏ. എൽ. ററി. യുടെ കേരളഭാഷാസാഹിത്യചരിത്രത്തിൽ മാത്രാ വൃത്തങ്ങൾ നിരണം കവിതകൾക്ക മുമ്പുതന്നെ പ്രചാരത്തിലിരുന്നുവെന്നുള്ളതിനു മതിയായ തെളിവുകൾ ഉദ്ധരിച്ചിട്ടുണ്ടെന്നുള്ളതു് ഈ അവസരത്തിൽ പ്രസ്താവ്യമാണു്. അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെടുന്നു.

"ഓടിയണഞ്ഞുമഹേശചരിപുൽകിയ-
തോൎത്തനുരാഗവശേന ചിരിച്ചേ"

"എന്ന നിരണവൃത്തം ലീലാതിലകത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള 'സംസ്കൃതമാകിന···ഗ്രഥയിഷ്യേതഃ' എന്ന പാട്ടിലും കാണുന്നു. മാത്രാവൃത്തങ്ങൾ കണ്ണശൻെറ കാലത്തിനു മുമ്പും നടപ്പായിരുന്നെന്നു് ഇതുകൊണ്ടു ഗ്രഹിക്കാം." രാമചരിതത്തിലേ ചില പാട്ടുകൾക്കും തുല്യമായ വൃത്തരീതി നിരണംകവിതയിലും കാണാം.

"എസ്ഥിവിഷയാദികളിൽ വീണുഴലുമപ്പ-
ഞ്ചേന്ദ്രിയമറിഞ്ഞറിവകന്നുപരമാത്മം" (ഭഃഗീ)

ഇതാണു് പിൽക്കാലത്തു് "ഇന്ദുവദന"വൃത്തമായി രൂപാ

രന്തപ്പെട്ടതു്. ഇക്കാര്യവും ശ്രീ. നാരായണപ്പണിക്കരവർകഠം എടുത്തുകാണിച്ചിട്ടുള്ളതാകുന്നു. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ മുതലായി പിൽക്കാലത്തു ജീവിച്ചിരുന്നവരുടെ കവിതകഠം പരിശോധിച്ചാൽ നിരണവൃത്തം നശിച്ചിട്ടില്ലെന്നും രൂപാന്തരപ്പെട്ടിട്ടേയുള്ളൂവെന്നും ശ്രീ. നാരായണപ്പണിക്കരവർകഠം അഭിപ്രായപ്പെട്ടിട്ടുള്ളതു് വാസ്തവം മാത്രമാണു്.

ആധുനികന്മാരിൽ "ശാസ്ത്രിമഹോപാദ്ധ്യായ" കെ. പി. ശിവശങ്കരപ്പിള്ളയവർകഠം, ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ സമാധിപദ്യഗ്രന്ഥത്തിൽ രണ്ടു പദ്യം നിരണവൃത്തത്തിൽ രചിച്ചിട്ടുണ്ടു്. പഴയ സ്വർണ്ണം കൊണ്ടു പുതിയമട്ടിൽ ആഭരണം പണിയിച്ചു കാണുന്നതു ആക്കഠം കൗതുകകരമായിരിക്കുമല്ലോ" എന്നിങ്ങനെ ഈ ഗാനരചനയെപ്പററി വിദ്വാൻ ശ്രീമാൻ കെ. ഇ. നാരായണപിള്ള അവർകഠം "കണ്ണശ്ശന്മാരും എഴുത്തച്ഛനും" എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. അദ്ദേഹം സ്വഗ്രന്ഥത്തിൽ ആ രണ്ടുപദ്യങ്ങളും ചേർത്തിട്ടുണ്ടു്.

"ആരോടുചൊൽവതുമിന്നിഹമാനസ
താരതുലാത്തിവരുത്തീടുമീയിടർ
പാരതുമററും പെരുകിനപൂകളൊടു
പരമാചാര്യപദം കൈക്കൊണ്ടേ
താരകനെന്നൊരരക്കനെ വെന്നോൻ
ദാസനതാംശ്രീഭട്ടാരകഗുരു
താരക്ബ്രഹ്മമണഞ്ഞിതു, നികർഅരു—
താതൊരുയോഗി, മറ്റൈപ്പൊരുഠംകററോൻ"

അനന്തരം അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. അതും ശ്രദ്ധാർഹമാകയാൽ ഇവിടെക്കാണിക്കാം.

"പക്ഷെ ഇതിൽ പ്രാചീനപദങ്ങൾകൂടി ഘടിപ്പിച്ചതു കൊണ്ടായിരിക്കാം അനുകരണഭൂമികളായ ഇന്നത്തെ യുവ കവികൾ അനുകരിക്കാതിരിക്കുന്നതു്. എന്നാൽ പൂർവ്വ സ്വത്തായിരുന്നു് ഇടക്കാലത്തു പ്രചാരലുപ്തങ്ങളായ പദങ്ങളെ തേച്ചുമിനുക്കി അധുനാതനമാക്കി, ഭാഷാസ്വത്തു വർദ്ധിപ്പിക്കണമെന്നു കരുതുന്ന ഭാഷാപ്രണയികൾ അത്തരം പദങ്ങളേയും കവിതയിൽ ഉപയോഗിച്ചു് പ്രചാരപ്പെടുത്തേണ്ടതാണു്. "പുരവി. പരവ. എകിർ. ഇനിയ. മുറുവൽ. അനത്തും. കുറൾ. വെന്നി. തണ്ടി. മതുമത. തുപ്പം" തുടങ്ങിയ പദങ്ങൾ കൈകാര്യമില്ലാതെ ക്ഷയിച്ചുകിടക്കുന്ന, ഭാഷാത്തറവാട്ടിലെ സ്വത്തുക്കളാണെന്നു ഭാഷാപ്രണയികൾ വിചാരിച്ചാൽ കൊള്ളാം...... നിരണംകവികളുടെ ഛന്ദസ്സും മററും ആധുനികമാക്കുന്നതു് ഭാഷാസ്നേഹത്തിനു മകുടോദാഹരണമാണു്."

## IV നിരണംഗദ്യരീതി.

ബ്രഹ്മാണ്ഡപുരാണമാണു് നിരണം ഗദ്യകവിത. ഇതു് കേരളസാഹിത്യത്തിൽ ആദ്യമായുണ്ടായ ഗദ്യകൃതിയാണെന്നു പറയാം. അതിനുമുമ്പു് സാഹിത്യരസസ്ഫുരിതമായ ഗദ്യം തുലോം ദുർല്ലഭമായിരുന്നു. ചെമ്പുപട്ടയങ്ങൾ, ശിലാരേഖകൾ, താളിയോലക്കരണങ്ങൾ തമിഴ് എന്നു പറയുന്ന പുരാണേതിഹാസഗദ്യപ്രബന്ധങ്ങൾ ആട്ടപ്രകാരം, ക്രമദീപിക മുതലായവകളാണു് അന്നത്തേ ഗദ്യസമ്പത്തു്. ഇവയെല്ലാം കാര്യമാത്രപ്രസക്തങ്ങളെന്നല്ലാതെ സാഹിത്യപ്രാതിനിദ്ധ്യം ഉള്ളവയായിരുന്നില്ല. അതായതു് ചില റിക്കാർഡുകൾ മാത്രമാണവ. റിക്കാർഡുകൾക്കു സാഹിത്യം അത്യന്താപേക്ഷിതമല്ലല്ലൊ നോക്കുക:—

“ഹരിഃശ്രീഗണപതയെ നമഃ ശ്രീഭൂപാലനരപതി വീരകേരള ശക്രവൎത്തി ആളിയായി മുറമുറൈയേ പലനൂറായിരത്താണ്ടു ചെങ്കോലു നടത്തായി നിൻറ ശ്രീവീരരാഘവശക്രവൎത്തി തിരുവിരാജ്യം ചെല്ലാ യിൻറമകരത്തുൾ വിയാഴം, മീനഞായറ് ഇരുപത്തൊൻറു ചെൻറ ശനിരോഹണിനാൾ പെരിൻ കോയിലകത്തിരുന്നരുളെമകോതൈർ പട്ടണത്തു ഇരവികോൎത്തനായ ചേരമാൻ ലോകപെരും ചെട്ടിക്കു മണക്കിരാമപട്ടം കുടുത്തോം വിളാപാടയും, പവനത്താങ്കും, വെറുപേ രും, കടത്തുവളെഞ്ചിയമും, വളഞ്ചിയത്തിൽ തനിച്ചെട്ടും, മു (ൻ) ച്ചൊ ല്ലും, മുന്നാടേയും, പഞ്ചവാദ്യമും, ശംഖും, പകൽ വിളക്കും, പാവാടയും, ഐന്തോളവും, കൊററക്കുടയും, …………… ചന്ദ്രാദിത്യകളുള്ള നാളെക്കു കുടുത്തോം………”

(കൊച്ചീരാജ്യചരിത്രം P. 1. അ 7. വശം 124-125)

ഇതു് വീരരാഘവപ്പെരുമാൾ, ചേരമാൻ ലോകപ്പെരുംചെട്ടി എന്നു പറയുന്ന ഇരവികോൎത്തനു് മണിഗ്രാമസ്ഥാനം അനുവദിച്ചുകൊടുത്തതായി കാണിക്കുന്ന ഒരു ചെമ്പുപട്ടയമാണു്. ലേഖനദൈൎഘ്യത്തെ ഭയന്നാണു് ഇതിൽ ഏതാനും ഭാഗം ഇവിടെ പരിത്യജിച്ചിരിക്കുന്നതു്. കൊച്ചീരാജ്യചരിത്രത്തിൽ ഇതും വേറെ പലശാസനങ്ങളും തൽകൎത്താവായ ശ്രീ. കെ. പി. പത്മനാഭമേനോൻ അവർകൾ എടുത്തു കാണിച്ചിട്ടുണ്ടു്. ഏതായാലും ഇങ്ങനെ ദുൎല്ലഭം ചില ഗദ്യസരണി മാത്രമായിരുന്നു മുൻപു മലയാളത്തിൽ നടപ്പുണ്ടായിരുന്നതു്. മേൽകാണിച്ച കരണം ക്രി: വ: 775 ൽ ഉണ്ടായതാണു്. എന്നാൽ നിരണം കവികളുടെ കാലം പിന്നെയും വളരെക്കഴിഞ്ഞാണല്ലൊ. മേൽക്കാണിച്ച മാതൃകയിലുള്ള ഗദ്യത്തിൽ സാഹിത്യം ഇല്ലെങ്കിലും ഭാഷയുടെ പഴമകൊണ്ടു് ഇന്നത്തെ വായനക്കാൎക്കു് അവ ഹൃദ്യങ്ങൾ തന്നെയാണു്. ഇവ കൂടാതെ പുരാണകഥകൾ പറയുന്നതിലേക്കു് കൂത്തുകാരും പാഠക

പ്രവാചകരും തമിഴ് എന്ന പേരിൽ ഒരു തരം ഗദ്യം പ്രചരിപ്പിച്ചിരുന്നു. അതിൽ സാഹിത്യമുണ്ടെങ്കിലും സാധാരണജനങ്ങൾക്ക ഗഹനമാണ്. അങ്ങനെയുള്ള ഒരു ഗദ്യം കേരളപാണിനി ഉദ്ധരിച്ചിട്ടുള്ളത് അടിയിൽ ചേക്കാം. "അനിലാനലേന്ദ്രപുരന്ദരോപേന്ദ്രസമാനപരാക്രമനാകിയ സവിതൃകുലനാഥദൂതൻ ശ്രീഹനുമാൻ സായംകാലത്തുംകൽ സകലകലാപരിപൂർണ്ണനാകിന്ന ചന്ദ്രദേവനുടെ ചന്ദ്രികാസ്പർശത്തിനാൽ അപനീതാധ്വശ്രമനായി ആലംബശിഖത്തിന്മേൽ നിന്നിറങ്ങി."

(സുന്ദരകാണ്ഡം തമിഴ്. കേ. പാ. പീഠിക P 61)

ഇതിൽ 'മണിപ്രവാളത്വം' കാണാം. ഇനി ബ്രഹ്മാണ്ഡപുരാണത്തിൽ നിന്നും ഒരു ഭാഗംകൂടി ഉദ്ധരിച്ച് നിരണംഗദ്യരീതി ഏതു പ്രകാരമെന്നു പരിശോധിക്കാം:– "വസിഷ്ഠമഹർഷിയുമരുളിച്ചെയ്താൻ — — "കേൾപ്പുയാകരാജാവേ, ഹേഹയന്മാരുടെ സാമത്ഥ്യം കേൾക്ക. പണ്ടു ശ്രീനാരദമഹർഷി എഴുന്നരുളിനാൻ ക്ഷീരസമുദ്രത്തിനുടെ നടുവേൽ ശ്വേതദ്വീപാകിൻറ സ്ഥാനമുണ്ടു്. അ ശ്വേതദ്വീപാകിൻറതു പതിനായിരം യോജന വീതിയോടും, അതിൽ ഇരട്ടി നീളത്തോടുംകൂടെപ്പെട്ടിരിപ്പിതു. ക്ഷീരസമുദ്രത്തിനുടെ ചെറുതിര തട്ടുകയാൽ അതിധവളമായിരിപ്പിതു. അതിനുടെ നടുവേ ആയിരം യോജന വീതിയോടും അതിൽ ഇരട്ടി നീളത്തോടുംകൂടെ, പെട്ടിരിപ്പിതൊരു നാരായണസ്ഥാനമുണ്ടു്. അതിനുടെ നടുവേ അനന്തനാകിൻറ മഹാനാഗത്താനേകൊണ്ടു ശയനമായി വിരിച്ച് അവനുടെ ആയിരം ഫണങ്ങളിലും നടുവിലെ ഫണത്തിന്മേൽ വൈയ്യപ്പെട്ടിരിപ്പിതു. അവിടത്തിൽ ഉണ്ടായിരിക്കിൻറ രത്നത്തിനുടെ ഒളിവിനാലും നാരായണസ്വാമി

യുടെ തിരുവുടംപിലെ ഒളിവിനാലും ആദിത്യചന്ദ്രന്മാർ കൂടാതെയും വാണായിട്ടിരിപ്പിതു" (ബ്ര: പു: P. 13) "ഗദ്യം കവീനാം നികഷംവദന്തി" എന്നുള്ള സാഹിത്യപരമായ നിർവ്വചനത്തിന് ഇതിൽ സാമാന്യേന സ്ഥാനമുണ്ട്. എന്നാൽ വാക്യഘടന, ഖണ്ഡികകൾ, മുതലായ കാര്യങ്ങളിൽ പിൽക്കാലത്തുണ്ടായിട്ടുള്ള നിയമങ്ങൾ ഒന്നും ഈ ഗദ്യകാലത്തു നടപ്പിൽ വന്നിരുന്നതായിക്കാണുന്നില്ല. വിശിഷ്യ ഈ കൃതി ഒരു ഭാഷാന്തരവുമാണ്. ഏതായാലും അന്നത്തെ ഗദ്യസാഹിത്യത്തിന്റെ സാമാന്യസ്വഭാവം ബ്രഹ്മാണ്ഡപുരാണത്തിൽ നിന്നും വെളിവാകുന്നുണ്ട്. 'തമിഴ്' എന്നതിന് 'ഭാഷ'യെന്ന വ്യാപകാർത്ഥം വിവക്ഷിച്ച് സംസ്കൃതത്തേയും ഉൾപ്പെടുത്തരുതോ? അതും യുക്തമല്ല. ഇപ്പോൾ ഭാഷാകവിത–ഭാഷാകാവ്യം–ഭാഷാപാഠം എന്നെല്ലാം പറയുമ്പോൾ 'മലയാളം' അർത്ഥത്തിലാണല്ലോ 'ഭാഷ' നിൽക്കുന്നതു്. മററു ഭാഷകളെപ്പററി പറയുമ്പോൾ 'സംസ്കൃതഭാഷ' 'ബംഗാളിഭാഷ' എന്നെല്ലാമാണ് പറയുന്നതു്. അതിനാൽ ഭാഷാശബ്ദത്തിനു വ്യാപകാർത്ഥമുണ്ടെങ്കിലും 'തമിഴ്' എന്നതിനു മലയാളമെന്ന സാങ്കേതികാർത്ഥം കൊടുക്കണമെന്നുവരുന്നു. മലയാളഭാഷ' എന്നു പറയുന്നിടത്തും ഭാഷയുടെ വ്യാപകാർത്ഥമാണ്. എന്നാൽ മേൽക്കാണിച്ച ബ്രഹ്മാണ്ഡപുരാണഭാഗത്തിൽ 'തമിഴഭാഷ' എന്നു പ്രയോഗമുള്ളതിന്റെ അർത്ഥം മലയാളഭാഷയെന്നാണല്ലോ.

"തമിഴ്സംസ്കൃതമെൻറുള്ള സുമനസ്സുകൾകൊണ്ടൊരു
ഇണ്ടമാലതൊടുക്കുന്നേൻപുണ്ഡരീകാക്ഷപൂജയാ"
"സംസ്കൃതമാകിനചെങ്ങഴിനീരുംനററമിഴാകിന പിച്ചകമലരും
ഏകകലർന്നുകുരമ്പകമാലാംവൃത്തമനോജ്ഞംഗ്രഥയിഷ്യേതഃ"

ഇത്യാദി ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള പഴയ മണിപ്രവാളപദ്യങ്ങളിൽ 'തമിഴ്' പദം മലയാളമെന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാണു്. അതിനാൽ തമിഴശബ്ദം സംസ്കൃതത്തേയും ചേൎത്തു വ്യവഹരിക്കാവുന്നതല്ലെന്നു കരുതാം.

## V ഭാഷയും ഗ്രന്ഥങ്ങളുടെ പ്രചാരക്കുറവും.

നിരണംകവിതകളിൽ ഉപയോഗിച്ചിരിക്കുന്നതു് മിശ്രഭാഷയാണു്. പാണ്ടിത്തമിഴും സംസ്കൃതവും മലയാളവും അതിൽ അടങ്ങിയിട്ടുണ്ടു്. ഇങ്ങനെ ഭാഷാത്രയങ്ങളെ ആസ്പദമാക്കി ഈ ഭാഷാരീതിയെ മുത്തമിഴ് എന്നു പറയാറുണ്ടു്. നിരണംകവികൾ തങ്ങളുടെ ഭാഷയ്ക്കു 'മിശ്രഭാഷ' (ഭാഷാമിശ്രം) എന്ന പേരു് ഉദ്ദേശിച്ചിരുന്നതായി

"ഭാഷാമിശ്രമിതെൻറികഴാതേ—
പരമേശ്വരഭക്ത്യാ ... ... ..."

എന്ന ഭാഗത്തുനിന്നും അറിയാം. ആ സ്ഥിതിക്കു 'മുത്തമിഴ്' എന്ന പേരു് പിൽക്കാലത്തുള്ളവർ നൽകിയതായിരിക്കാനേ വഴിയുള്ളൂ. 'മുത്തമിഴ്' എന്ന ശബ്ദത്തെ 'മുൻ + തമിഴ്' എന്നു പിരിച്ചു വ്യവഹരിക്കുന്നതിലുള്ള വ്യാകരണസാധുത്വംകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. മലയാളത്തിലെ ആദ്യവ്യാകരണമായ ലീലാതിലകപ്രകാരം 'തേസ്യച' 'ലോകപഞ്ചമേഷു' ഇത്യാദിസൂത്രങ്ങൾ കൊണ്ടു് പൊൻതാർ–പൊൽത്താർ; പൊൻകണ്ണാടി–പൊൽക്കണ്ണാടി–പൊർക്കണ്ണാടി ഇങ്ങനെയുള്ള മാററങ്ങളാണു് കാണുന്നതു്. അപ്പോൾ മുൻതമിഴ്–മുൽത്തമിഴ്; അല്ലെങ്കിൽ മുർത്തമിഴ് എന്നാല്ലേ വരേണ്ടതു്. 'ശേഷം പ്രയോഗാത് ജ്ഞേയം' എന്ന സൂത്രമനുസരിച്ചു് 'മൂന്നു

ന്തറ്—മൂന്തറ്; മൂന്നു കണ്ണുള്ളവൻ—മുക്കണ്ണൻ എന്നിങ്ങനെ യാകുന്നുവെന്നു വൃത്തികാരൻ പറയുന്നുമുണ്ടു്. ആ സ്ഥിതിക്കു് മുത്തമിഴ് 'മുമ്മൊഴി' മുതലായ പദങ്ങൾക്കും മൂന്നെന്നവിശേഷണത്തിൽ പ്രയോഗസാധുത്വം വരാവുന്നതാണു്. 'പൊൻ + താലം' പൊന്താലമോ 'പൊൽത്താലമോ എന്നല്ലാതെ 'പൊത്താലം' എന്നു വരുന്നുമില്ലല്ലൊ. കേരളപാണിനിയുടെ മതം നോക്കുക:—

ഖരത്തിൻമുമ്പുലാദേശം
മുൻപിൻപൊന്നെന്നനാവിന്നു് (സൂ 23)

ഉദാ: തിരുമുൻ + കാഴ്ച—തിരുമുൽക്കാഴ്ച
പിൻ + പാടു്—പിൽപ്പാടു്
പൊൻ + കുടം—പൊൽക്കുടം

'മുത്തമിഴ്" എന്നതിൽ 'മുൻ' എന്നതിലെ 'ൻ' ഇടനില മാറി തകാരംവന്നു് ഇരട്ടിക്കയാണു് ചെയ്തിരിയ്ക്കുന്നതെന്നു പറയുന്നതെങ്ങനെ? അതേരീതിയിൽ മറെറാരു പദം പ്രയോഗത്തിലുണ്ടോ? ഇതിനും സാധുത്വം അറിയേണ്ടിയിരിക്കുന്നു. മുൻ + തമിഴ്—മുൽ + തമിഴ് ഖരമിരട്ടിച്ചു മുൽത്തമിഴ് എന്നു വരേണ്ടതല്ലേ? എന്നാൽ പൊൻതാമര—പൊൻതാലം— ഇവ പൊന്താമര—പൊൽത്താമര—എന്നും പൊന്താലം പൊൽത്താലം എന്നും അല്ലാതെ പൊത്താമരയെന്നോ പൊത്താലമെന്നോ ആകുന്നില്ല. എന്നാൽ അതു പൊയ്ത്താമരയും പൊയ്ത്താലവും ആകുന്നുണ്ടല്ലോ. കാൽത്താളം—കാത്താളം—കാറ്റാളം എന്നു വരുന്നപോലെ പൊറ്റാമര—പൊറ്റാലം—എന്നു മലയാളികൾ പ്രയോഗിക്കാത്തതെന്തുകൊണ്ടു്. ഒരേ പ്രയോഗത്തിനു തന്നെ ഭിന്നത ഇവിടെക്കാണുന്നു. 'പൊൽത്താമര'—'കാൽത്താളം' മുതലായവയിലെ 'ൽ' ആ വക പദ

ങ്ങൾ കാലവാചികളല്ലാത്തതിനാൽ വിശേഷണ പ്രസക്തികതകാരത്തിന്റെ ചില്ലായ 'ൽ' തെളിഞ്ഞുനിന്നു എന്നു കരുതരുതോ? 'മുത്തമിഴ്' എന്ന പദം കാലവാചിയായതുകൊണ്ടു് 'ൽ' ത്തയിൽ ലയിച്ചുപോയി എന്നു വരാമോ? എന്നാൽ കാലവാചിയായ 'പിൽപ്പാട്ട്' എന്നതിലെ 'ൽ' മങ്ങാത്തതെന്തുകൊണ്ടാണു്? അതു 'പിർപ്പാട്ട്' എന്നാകുമല്ലൊ. 'ൽ' 'ല'കാരത്തിന്റെ ചില്ലല്ലെന്നും പറയാം. എന്നാൽ 'ത്ത' കാരത്തിനുമുമ്പുള്ള തകാരച്ചില്ലായ 'ൽ' മലയാളത്തിൽ ലോപിക്കുമെന്നുള്ളതിനു 'കത്തളം' 'കോയിൽത്തമ്പുരാൻ—കോയിത്തമ്പുരാൻ'—'അൽത്താഴം—അത്താഴം' 'മേൽത്തരം—മേത്തരം' 'ആൽത്തറ—ആത്തറ' മുതലായ പദങ്ങൾ തെളിവാണു്. അതുപോലെ 'മുൽത്തമിഴ്' എന്നതിലേ 'ൽ' ലോപിച്ചു് 'മുത്തമിഴ്' എന്നു വരാമെന്നുള്ളതും ശ്രദ്ധാർഹമാണു്. കേരളപാണിനീയം 23-ാം സൂത്രത്തിൽ മേൽക്കാണിച്ച തത്വം അടങ്ങിയിട്ടുള്ളതായി കരുതുകയും ചെയ്യാം. വിശിഷ്യ; 41-ാം സൂത്രത്തിൽ നപുംസകപ്രത്യയമായ 'അം' എന്നതിനെപ്പററി ചൎച്ചചെയ്യുന്ന വൃത്തിയിൽ കേരളപാണിനി പറയുന്നതു നോക്കുക:—"അനുനാസികങ്ങൾക്കു ഖരാദേശം സമസ്തപദങ്ങളിൽപ്പോലും സാധാരണ വരുന്നതാണു്. ആണ്ടുപിറന്നാൾ=ആട്ടപ്പിറന്നാൾ ചെമ്പുക്കുടം—ചെപ്പേട്ട്—ഇത്യാദികൾ ഉദാഹരണങ്ങൾ." ഇനി 108-ാം സൂത്രം നോക്കാം.—

"അനുനാസികസംസൎഗ്ഗം
സ്വാതന്ത്ര്യവിശ്രാന്തിസൂചകം
ഖരാദേശമിരട്ടിപ്പും
പരസംക്രാന്തചിഹ്നമാം."

"ശബ്ദാന്തവ്യഞ്ജനത്തിൽ അനുനാസികം ചേർത്താൽ ആ ശബ്ദത്തിന്റെ അർത്ഥം അതിൽതന്നെ ലയിക്കുന്നതല്ലാതെ മറെറാരു ശബ്ദത്തിലേക്കു വ്യാപിക്കുന്നില്ലെന്നു കാണിക്കും; നേരേമറിച്ച്, ശബ്ദാന്തത്തിലേ വർണ്ണത്തേ ഇരട്ടിക്കയും, അതു് അനുനാസികമായിരുന്നാൽ ഖരാദേശം ചെയ്തു ഇരട്ടിക്കയും ചെയ്യുന്നതു് ആ ശബ്ദത്തിന്റെ അർത്ഥം സ്വാത്മപര്യാപ്തമാകാതെ മറെറാരു ശബ്ദത്തിലേക്കു വ്യാപിക്കുന്നുവെന്നു സൂചിപ്പിക്കും. ഇതിൽ ആദ്യത്തെ നയത്തിനു് അനുനാസികസംസർഗ്ഗം എന്നും രണ്ടാമത്തേതിനു ദ്വിത്വം മാത്രമാണെങ്കിൽ ദ്വിത്വനയം എന്നും അല്ലെങ്കിൽ ഖരാദേശനയമെന്നും വ്യവഹാരസൗകര്യത്തിനുവേണ്ടി സംജ്ഞാകരണമിരിക്കട്ടെ. ഒരു ശബ്ദത്തിൻെറ അർത്ഥം സ്വാത്മവിശ്രാന്തമാകുമ്പോഠ അതിനു പരാപേക്ഷയില്ലാത്തതിനാൽ അതിനു വിശേഷ്യത സിദ്ധിക്കുന്നു. അതിനാൽ അനുനാസികശബ്ദം ഭേദകങ്ങളേയും കൃതികളേയും നാമമാക്കാൻ ഉപയോഗിക്കാം. ദ്വിത്വഖരാദേശങ്ങഠ മറിച്ചു, നാമങ്ങളിൽനിന്നു ഭേദകങ്ങളുണ്ടാക്കാൻ കൊള്ളാം." ഇനി സമാസങ്ങളെ വിവരിക്കുന്നിടത്തേ ഒരു സൂത്രം കാണിക്കാം:—

"വിശേഷണീഭാവചിഹ്നം
ലിംഗസംഖ്യാദ്യലോപവും
ശുദ്ധഭാഷാസമാസത്തിൽ
കാണും പൂർവ്വപദത്തിനു്" (സൂ: 185)

"തൽപുരുഷനും ബഹുവ്രീഹിയും വിശേഷണ വിശേഷങ്ങഠ തമ്മിലുള്ള സമാസമാണല്ലൊ. അതുകളിൽ ഘടകങ്ങഠ ശുദ്ധ മലയാളപദങ്ങളാണെങ്കിൽ പൂർവ്വപദം വിശേ

ഷണമാണെന്നു കാണിക്കാനുള്ള പ്രക്രിയകൾ പ്രസക്തിയുള്ളിടത്തെല്ലാം വന്നുകാണും. — —"

ഉദാ:— (പ്രകൃതത്തിനുവേണ്ടതു മാത്രം) ചെപ്പുക്കുടം ആട്ടബലി- (അംഗരൂപം അനുനാസികത്യാഗം) "ചെധാതുവിൽനിന്നും 'ചെമപ്പു'' 'ചെവന്ന' മുതലായ പദങ്ങൾ കിട്ടുന്നു. അനുസ്വാരത്തിൻെറ പ്രാഗ്രൂപത്തിൽ തമിഴ്മുറയനുസരിച്ചു് 'അൻ' പ്രത്യയം വരും." അപ്പോൾ 'ചെൻ' എന്ന ധാതുചുവപ്പു വർണ്ണത്തിനു കൊടുത്തു് ചുവന്ന പൂവുണ്ടാകുന്ന 'ചെന്താമര' 'ചെത്തി' ആദിയായ പദങ്ങൾ കിട്ടുന്നതു നോക്കുക. 'മുഴൻ+കോൽ–മുഴക്കോൽ' 'മരൻ+തുണ്ടു്–മരത്തുണ്ടു്.' 'പന്തി–പത്തി' 'വലൻകൈയ്യു്–വലംകൈയ്യു്–വലത്തുകൈയ്യു്''; 'ഇടൻകൈയ്യു്—ഇടംകൈയ്യു്–ഇടത്തുകൈയ്യു്–'കടൻതുക–കടത്തുക' പണൻ+തുക' പണത്തുക. ആദിയായ രൂപങ്ങളിലും അനുനാസികത്തിനു ഖരാദേശം വരുന്നതു കാണാം. ഇതുപോലെ 'മുൻതമിഴ'' 'മുത്തമിഴ'' എന്നു വരാവുന്നതാണു്. എന്നാൽ ഇതുപോലെ അധികപദങ്ങളില്ലായിരിക്കാം. ആവശ്യമനുസരിച്ചാണല്ലോ പദങ്ങൾ ഉണ്ടാകുന്നതു്. "കണ്ണശ്ശൻകൃതികൾ പുരാതന മലയാളഭാഷയിൽ എഴുതിയിട്ടുള്ളവയാകയാൽ" അവയ്ക്കു 'മുത്തമിഴ്'' എന്നു പറയാമെന്നും. 'മലയാളഭാഷയുടെ പ്രാഗ്രൂപം മുത്തമിഴ'' ആണെന്നും, ശ്രീ. പി. ശങ്കരൻനമ്പ്യാർ അവർകൾ അദ്ദേഹത്തിൻെറ സാഹിത്യചരിത്രസംഗ്രഹത്തിൽ പറഞ്ഞിട്ടുള്ള വസ്തുതയും ഈ അവസരത്തിൽ സ്മരണീയമാണു്. തമിഴ് എന്നാൽ ഭാഷയെന്നർത്ഥം. മുത്തമിഴിനെ മൂന്നുതമിഴെന്നുള്ളതിനും പുറമേ മുൻതമിഴെന്നും (പഴയഭാഷയെന്നും) വ്യവഹരിക്കുന്നവരുണ്ടു്. ഇതിൽ രണ്ടാം പക്ഷമാണു് കൂടുതൽ ഉപപന്നം.

മലയാളഭാഷയെപ്പററി പറയുമ്പോഴാണ് തമിഴശബ്ദ ത്തിനു ഭാഷാൎത്ഥത്തിൽ പുരാതനകാലങ്ങളിൽ പ്രസക്തി ഉണ്ടായിരുന്നതു്. "ഭാഷാവ്യാഖ്യാനം" ഉള്ള അമരകോശ ത്തിനു് അമരം "തമിഴ്ക്കുത്തു്" എന്നു പറയാറുണ്ടു്. "ഞാനും...ന അറിയാമക്കൊണ്ടു തമിഴ് ഭാഷയായിച്ചൊ ല്ലിന്റിതു്" എന്നിങ്ങനെ നിരണം ബ്രഹ്മാണ്ഡ പുരാണ ത്തിന്റെ ഒടുവിൽ കാണുന്ന "തമിഴ് ഭാഷ" എന്ന പ്രയോ ഗം "മലയാള" ഭാഷാൎത്ഥത്തിലാണെന്നു സ്പഷ്ടമാകുന്നു. ചാക്യാന്മാരും മററും പാഠകത്തിനുപയോഗിക്കുന്ന ഭാഷാ ഗദ്യഗ്രന്ഥത്തിനു് 'തമിഴ്' എന്നാണ് പറയുന്നതു്. രാമാ യണംതമിഴ്, ഭാരതംതമിഴ് മുതലായ പ്രയോഗങ്ങൾ സ്മൎത്തവ്യങ്ങളാകുന്നു. അതിനാൽ പഴയ മലയാളമെന്ന ൎത്ഥം കരുതിക്കൊണ്ടു പിൽക്കാലത്തുള്ളവർ കൊടുത്ത പേരായിരിക്കണം മുത്തമിഴ്. (മുൻ+തമിഴ്) തമിഴ പദം ദ്രാവിഡഗോത്രജയായ പാണ്ടിത്തമിഴഭാഷയേയും പരാമ ൎശിക്കുമെങ്കിലും അതു് സംസ്കൃതത്തിനു പറയാറില്ല. നിരണംകവിതകളിൽ മലയാളത്തിനു പുറമെ തത്ഭവ ങ്ങളും തത്സമങ്ങളും ആയ സംസ്കൃതതമിഴപദങ്ങളും, ഉണ്ടു്. എന്നാൽ ഇവയെല്ലാം ചേൎന്നതായിരുന്നു അന്ന ത്തെ മലയാളം എന്നല്ലാതെ വേറൊന്നും ഗണിക്കേണ്ട തില്ല. ഉണ്ണുനീലിസന്ദേശമെന്ന മനോഹരമായ ഒരു മണി പ്രവാളകാവ്യവും മററു ചില ലഘുകാവ്യങ്ങളും ലീലാതില കമെന്ന ഒരു ശാസ്ത്രഗ്രന്ഥവും അക്കാലത്തുണ്ടായിരുന്ന സ്ഥിതിക്കു് അവയിലെ ഭാഷാരീതിയും ലീലാതിലക കാരന്റെ നിൎദ്ദേശങ്ങളും അംഗീകരിക്കാതെ നിരണം കവികൾ എന്തിനാണു് ഇങ്ങനെ പ്രത്യേകരീതിയിലുള്ള ഭാഷാഗതിയെ അംഗീകരിച്ചതു്? ഇതിനു ചില കാരണ

ങ്ങളുണ്ടു്. വ്യവഹാരഭാഷ അനുദിനം വളൎന്നുകൊണ്ടാണി രിക്കുന്നതു്. അതിനാൽ മേൽപ്രസ്താവിച്ച ഗ്രന്ഥങ്ങൾക്കു ശേഷമുണ്ടായ നിരണംകവിതകളുടെ കാലത്തെ വ്യവഹാര ഭാഷ പ്രതിബിംബിച്ചു് നിരണംകവിതകളിൽ കാണുന്ന താണെന്നു കരുതണം. അതോ ലീലാതിലകകൎത്താവിന്റെ അഭിപ്രായത്തോടുള്ള എതിരാണോ? അപ്രകാരമുള്ള ഒരു എതിരാണെന്നു കരുതുന്നതു് അസംഗതമാണു്. ലീലാതി ലകകൎത്താവു് മിശ്രഭാഷാരീതിയെ ശക്തിയായി അപല പിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാകുന്നു. എന്നിരുന്നാലും മഹാകവികൾ നിരങ്കുശപ്രഭാവന്മാരാണല്ലൊ. അവരുടെ സ്വച്ഛന്ദഗതിയെ തടയുന്നതിനു് ഒരു ശാസ്ത്രത്തിനും കഴി വുള്ളതല്ല. വിശിഷ്യ, അപ്രകാരമുള്ള മഹത്തുക്കളു ടെ സ്വതന്ത്രചിന്തകളുടേയും സ്വച്ഛന്ദവിഹാരങ്ങളുടേയും കാമ്യങ്ങളായ ഫലങ്ങളാണു് ലോകത്തെ എപ്പോഴും പുരോഗമിപ്പിച്ചുകൊണ്ടിരിക്കുന്നതു. ചെറുശ്ശേരി, തുഞ്ച ത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ, തുടങ്ങിയ മഹാപുരുഷന്മാരുടെ നിരങ്കു ശതയാണു് കൈരളിയുടെ ഇന്നു കാണുന്ന പുരോഗമന ത്തിനാലംബമെന്നുള്ളതു് കേവലം പരമാൎത്ഥം മാത്രം ആകുന്നു. എല്ലാ ഭാഷാസാഹിത്യങ്ങളിലും ഇങ്ങനെയുള്ള അവസ്ഥാവിശേഷങ്ങൾ കാണാൻ കഴിയും. പൂൎവ്വാചാൎയ്യ മതങ്ങളെ നിൎബന്ധമായി പരിപാലിച്ചുവരുന്ന സംസ്കൃത സാഹിത്യത്തിൽപോലും കാളിദാസൻ, ഭവഭൂതി, തുട ങ്ങിയ മഹാകവികളുടെ ഗ്രന്ഥങ്ങളിൽ പാണിനിയുടെ വ്യാകരണനിയമങ്ങളേയോ ഭരതമുനിയുടെ നാട്യശാസ്ത്ര പ്രമാണങ്ങളേയോ അതിലംഘിച്ചുള്ള പ്രയോഗങ്ങൾ സുലഭങ്ങളാണു്. അങ്ങനെയുള്ള പ്രയോഗങ്ങൾക്കു പിൽ

കാലങ്ങളിൽ "മഹാകവിപ്രയോഗം" എന്ന ന്യായത്തിന്മേൽ സാധുത്വം അനുവദിക്കയും ചെയ്തിട്ടുണ്ട്. കേരളസാഹിത്യത്തിൽ ഇന്നത്തെ ഒരു ശാസ്ത്രഗ്രന്ഥമായ "വൃത്തമഞ്ജരി"യിൽ പ്രത്യേക ലക്ഷണം ചെയ്തിട്ടില്ലാത്ത പല ദ്രാവിഡ വൃത്തരീതികളും ഇപ്പോൾ ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. വൃത്തമഞ്ജരീകാലത്തുള്ള ചില ഭാഷാഗാനങ്ങൾക്ക ലക്ഷണബന്ധം വരാതെയും കാണും. ഇതെല്ലാം ഭാഷയെ സംബന്ധിച്ചിടത്തോളം ഒരു ശാസ്ത്രകാരന്ന് മഹാകവികളെ സ്വപ്രമാണവലയങ്ങളിൽ നിർബ്ബാധം ബന്ധിച്ചുനിർത്തുവാൻ പ്രയാസമാണെന്നുള്ളതിന്നു തെളിവാണ്. ലോകചരിത്രത്തിൽ ഏതദ്ധ്യായത്തിലും മഹാത്മാക്കളുടെ ഉദയം നവീനപ്രസ്ഥാനങ്ങളെ ഉണർത്തുകയും ഉയർത്തുകയും ചെയ്തതായി വിവരിക്കുന്നതു കാണാം. അതിനാൽ "ഭാഷാമിശ്ര" രീതിയെ ലീലാതിലകകാരൻ ആക്ഷേപിക്കുന്നതിന്നിടയായിട്ടുണ്ടെങ്കിൽ ഇനിയൊരു ശാസ്ത്രകാരൻ അപ്രകാരം ചെയ്യാതിരിക്കാൻ ഇടയാകട്ടെയെന്നു കരുതിയും, വിശിഷ്യ അന്നു നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷ—ഇതു സാഹിത്യഭാഷയുമായി ചില അംശങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കും—പ്രചാരത്തിൽ വരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയും ആയിരിക്കണം നിരണംകവികൾ ഈ ഭാഷാരീതി അംഗീകരിച്ചതു്. വേറെ ചില കാര്യങ്ങൾ കൂടി ശ്രദ്ധിച്ചു നോക്കാം. "ഭാഷാമിശ്രം" എന്ന അവസ്ഥ എല്ലാ ഭാഷയ്ക്കും ഉണ്ടാകാവുന്നതാണ്. അന്യഭാഷകളുമായിട്ടുള്ള സാഹചര്യമാണ് ഇതിന്ന് ഹേതുവായിട്ടുള്ളതു്. വിശേഷിച്ചും പ്രാരംഭകാലം മുതൽ ഇന്നുവരെ പരാശ്രയത്തിൽ കഴിയുന്ന കൈരളിയെ ഒരു മിശ്രഭാഷയായി നാം കാണുന്നതിൽ അതിശയിപ്പാനില്ല. തനിമലയാളത്തിൽ

കവിതകൾ തുലോം ചുരുക്കമെന്നു തന്നെ പറയണം. പുരാതനകാലത്തു് തമിഴിൽ നിന്നും; തുടന്നു് സംസ്കൃതത്തിൽ നിന്നും; ഇപ്പോഴാകട്ടെ ഇംഗ്ലീഷ് ഹിന്ദി, ബംഗാളി ആദിയായ ഭാഷകളിൽ നിന്നും; തത്ഭവമായും തത്സമമായും നിരവധി പദങ്ങൾ മലയാളഭാഷയിൽ കടന്നുകൂടിയിട്ടുണ്ടു്." താരാനാഥൻ റാന്തൽ കത്തിച്ചിടുമ്പോൾ" "വാഷിംഗ്ടൺ വടിവൊടു കത്തിനിൽക്കെ" "ഷാപ്പിലുള്ളൊരു പറങ്കിവയിൻപോൽ" മുതലായ പ്രയോഗങ്ങൾ കൂടി ഇന്നു കാണാവുന്നതാണു്. ഏതാനും വർഷങ്ങൾ പിറകോട്ടുനോക്കിയാൽ സംസ്കൃതത്തിന്റെ പ്രാബല്യമാണു് നാം കാണുന്നതു്. ചമ്പുക്കൾ, ആട്ടക്കഥകൾ, മുതലായവ ഇതിലേക്കു തെളിവാണു്. ഉണ്ണായിവാര്യരുടെ "ചാമിവ" "അപരിഹരണീയവിധിയന്ത്രത്തിരിപ്പുമൂന്നീ" കുഞ്ചൻ നമ്പ്യാരുടെ "പൂർണ്ണേഗർഭേ" തുഞ്ചത്തെഴുത്തച്ഛന്റെ "ദാസോസ്മികോസലേന്ദ്രസ്യരാമസ്യഞാൻ" ഈവക പ്രയോഗങ്ങൾ ഭാഷാഭിജ്ഞന്മാർക്കു സുപരിചിതങ്ങളാണല്ലോ. എന്നാൽ അവ അവരിൽത്തന്നെ സുലഭങ്ങളോ, മററുള്ളവരാൽ അനുകരണീയങ്ങളോ ആവാതെ വന്നതു് ഭാഗ്യമെന്നു കരുതേണ്ടിയിരിക്കുന്നു. ആശയങ്ങളിലും ഈ "കാട്ടുകയററം" ദുർല്ലഭമായിക്കാണാം.

"കാമിനിയുടെകരവല്ലരികടകത്താൽ-
മിന്നിടുന്നുമലപോലെ" എന്നും.

"ഗതിവിജിതമഹാവമ്പെഴും കൊമ്പനാനേ!" എന്നും മററുമുള്ള പ്രയോഗങ്ങൾ നോക്കുക. ഇവയും വർദ്ധിക്കാഞ്ഞതു നന്നായി. എന്നാൽ പഴയ പാട്ടുകളിലും മററുമുള്ള തമിഴുപദങ്ങളുടെ സമവായമനോജ്ഞതയും നീരക്ഷീരപാകത്തിലുള്ള സംസ്കൃതബന്ധങ്ങളും സവിശേഷം

ആരാദ്ധ്യങ്ങളുമാണ്. "അനന്തും" "വെയ്യവായ" "ഒണ്ണുതലാർ" മുതലായ തമിഴ്പദങ്ങളുടെ പ്രസക്തിയും, 'ഹവിരാഹരണായ' 'ഭാവനിവാസിനി' 'ഭാഗ്യവതാം' ആദിയായ സംസ്കൃപദങ്ങളുടെ യോജനയും, സ്തുത്യർഹങ്ങളാണ്. നിരണം കവിതകളിൽ സംസ്കൃതം, മലയാളം, തമിഴ്, ഈ മൂന്നു ഭാഷകളിലേയും പദങ്ങളും ചുരുക്കം ചില വ്യാകരണനിയമങ്ങളുടെ ആരാധനകളും നമുക്കു കാണാവുന്നതാണ്. കാലനിർണ്ണയപ്രകരണത്തിൽ കാണിച്ചപ്രകാരം ചിന്തിക്കുന്നതായാൽ അന്നത്തെ മലയാളഭാഷ ഇപ്രകാരമുള്ള ഒരു പടിയിൽ അന്ന് എത്തുകയും ചെയ്തിരുന്നിരിക്കണം. അതിനാൽ അക്കാലത്തെ ഭാഷാസ്ഥിതിയുടെ നേർപകർപ്പുകൂടിയാണ് നിരണം കവിതകളെന്നു പരിഗണിക്കേണ്ടിയിരിക്കുന്നു. ഭാഷകളുടെ കലപ്പിന്നു ചില ഉദാഹരണങ്ങൾ ഇവിടെ കാണിക്കാം.

(1) സംസ്കൃതം.

"ആ കഥിതം തവവൃത്തം"
ഭാഗ്യവതാമൊഴിയെക്കാണാമോഭവതാം വരവ്"
"ഉച്ചൈരാസ്ഫോടനമതുചെയ്താൻ"

(2) തമിഴ് (3) മലയാളം.

"ഓരെത്താരുപായമതിന്നുമഹീപതി—
ഒണ്ണുതലാരെ വിളിച്ചുരചെയ്താൻ"

നിരണംകവിതകളിലെ വൃത്തരീതിയും ഭാഷാരീതിയും ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. ഇത്രയെല്ലാം മഹനീയമായിരുന്നിട്ടും ഈ കൃതികൾക്ക് ഇക്കാലത്തു സുലഭപ്രചാരമുണ്ടാകാത്തതു് എന്തുകൊണ്ടാണെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. നിരണംകവികൾക്കുശേഷം മലയാളഭാഷ പരിഷ്കൃതവും ശാസ്ത്രീയപദ്ധതികൾക്കു വിധേയവു

മായി പുരോഗമിച്ചുതുടങ്ങി. അപ്രകാരമുള്ള ഒരു സംസ്കാരം ഭാഷയ്ക്കു ലബ്ധമാകയും സംസാരത്തിൽപോലും ആ നവീനതം ഇടകലരുകയും ചെയ്തു. പിൽക്കാലകവികൾ ആ സംസ്കാരത്തെ മുൻനിർത്തി നിരണംകവികൾ വിവർത്തനം ചെയ്ത ഗ്രന്ഥങ്ങളെ ലോകരുചിക്കനുസരണമായി വീണ്ടും ഭാഷാന്തരപ്പെടുത്തുകയും ചെയ്തു. സംസ്കൃതമലയാളപദങ്ങളുടെ രമണീയമായ സമ്പർക്കംകൊണ്ടും സംഗീതാത്മകവും ആദ്ധ്യാത്മികചൈതന്യമസൃണവുമായ കാവ്യതല്ലജങ്ങൾകൊണ്ടും പരിശോഭിതമായ ഒരന്തരീക്ഷമാണ് കൈരളീസാഹിത്യലോകത്തിൽ പിന്നീടു ദൃശ്യമായതു്. വിശിഷ്യ വർദ്ധമാനമായ വിദ്യാഭ്യാസം നവീനപദ്ധതികൾക്ക് ഇടംകൊടുക്കുകയും ലോകം ആ വഴിക്കു തിരിയുകയും ചെയ്തു. കുറെക്കാലം ഗവേഷണത്തിനും സ്ഥാനം ഇല്ലാതെ പോയി. ഇങ്ങനെ കാലഗതിയിൽ അന്തർനിഹിതമായ നിരണംകവിതകൾ പ്രചാരമാകാതെ വന്നതിൽ കൂടുതൽ അതിശയത്തിനു സ്ഥാനമില്ല. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, പൂന്തം മുതലായവരുടെ കവിതകളും കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതൽക്കുള്ള മഹാത്മാക്കളുടെ കവിതകളും നവീനമാർഗ്ഗങ്ങളിൽക്കൂടി കൈരളിയേ മുന്നോട്ടു നയിക്കയാണു ചെയ്തതു്. അതിനാൽ നിരണംകൃതികൾ വിസ്മൃതിയിൽപെട്ടു. പിന്നീടു, പരിഷ്കാരാഭിവൃദ്ധിയോടു കൂടി ഗവേഷണത്തിനും ഒരു സ്ഥാനം വന്നതുകൊണ്ടാണു് ഇപ്പോൾ അവ കുറേയൊക്കെ പ്രകാശിതമായിത്തുടങ്ങിയിരിക്കുന്നതു്. മാതൃഭാഷാഭിമാനികൾ തങ്ങളുടെ ശ്രദ്ധ കൂടുതൽ പതിപ്പിക്കുന്നതായാൽ നിരണംകവികൾക്കു് സജീവമായ സാഹിത്യലോകപ്രചാരം വരുത്താവുന്നതാണു്.

---

# അദ്ധ്യായം ൪

## ഗ്രന്ഥവിചാരം.

### I തൃക്കപാലീശ്വരസ്തോത്രം.

നിരണത്തു കൃഷ്ണപ്പണിക്കർ രചിച്ചതെന്നു കരുതിവരുന്ന ഈ സ്തോത്രത്തിൽ ആകെ 18 പാട്ടുകൾ ഉണ്ടു്. തദ്ദേശപരദേവതയായ തൃക്കപാലീശ്വരനെ സ്തുതിക്കയാണ് ഇതിൽ ചെയ്തിരിക്കുന്നതു്. ഭക്തിരസം, പദലാളിത്യം, ശയ്യാഗുണം, ഇവകൊണ്ടു് നിത്യപാരായണാർഹമാണു് ഈ സ്തോത്രം. 'നമശ്ശിവായ' എന്ന പഞ്ചാക്ഷരപ്രാരംഭംകൊണ്ടു് അഞ്ചും കകാരാദി പന്ത്രണ്ടും ഫകാരത്തിൽ ഒന്നും ഇങ്ങനെയാണു് ഇവയുടെ രചന. പഞ്ചാക്ഷരകീർത്തനത്തിൽ 5-ാമത്തേതു് 'യ' കൊണ്ടു പ്രാരംഭിക്കാതെ 'എൻ' കൊണ്ടാണാരംഭിച്ചിരിക്കുന്നതു്. കകാരാദിയിൽ കൃ-ക്ഷ-കം-ക ഇവകൊണ്ടാരംഭിക്കുന്ന പാട്ടുകൾ കാണുന്നില്ല. ഒന്നാമത്തെ കീർത്തനത്തിൽ ഒന്നരപാദം വിട്ടുപോയപോലെ തോന്നുന്നുണ്ടു്. ആദ്യത്തെ അഞ്ചും ആണു് പഞ്ചാക്ഷരകീർത്തനം. ഫകാരം ഒടുവിലത്തേതാണു്. കീർത്തനപ്രാരംഭം നോക്കുക:—

"നല്ലതുവരുവതിനായിന്നിറനിൻ
    പദയുഗകമലം തൊഴുതേൻ
അല്ലലകററീടുക സതതം ചൊല്ലേറം
    മലമകൾ കാന്താ!
.... .... .... .... .... ....
    .... .... .... ....
വെല്ലണമെൻരിപുകുലമെല്ലാം—
    .... .... .... .... ....
"നീരണകപാലേശ്വരമമരും
    ഗിരിതനയാരമണതൊഴുന്നേൻ"

പാട്ടിൻെറ മാതൃക വിശദമാകുന്നതിനും കവിതാരീതി ധരിക്കുന്നതിനുംവേണ്ടി ഏതാനും ഭാഗംകൂടി ചുവടേ ചേക്കാം:—

"മതികലധരനാകിയ നിൻകൃപ—
മരണം വരുമളവിൽ
അതികോപമൊടന്തകനിങ്ങൊരു
ഗദയുമെടുത്താശു വരുമ്പോൾ
മതിമോഹമൊടന്തകവൈരി
ശരണം നീയല്ലാതില്ലേ
നിരണകപാലീശ്വരമമരും—
ഗിരിതനയാരമണ തൊഴുന്നേൻ
ശില്പം നിൻകോപ്പുകളെല്ലാം—
പനിമതിയും ഭസ്മക്കുറിയും
സപ്പങ്ങളുമെല്ലുമെലിമ്പും
സരസമതായുള്ളൊരു പെണ്ണും
ശില്പാകൃതിയോടൊരു മാനു—
ണ്ടുംപ്പൂവിൽ വിളങ്ങിന നാഥാ!
നിരണകപാലീശ്വര.... ... .... ....
.... .... .... .... ...."

തുടന്നു പഞ്ചാക്ഷര കീത്തനത്തിൽ രണ്ടു പാട്ടുകൾ കൂടിക്കഴിഞ്ഞാൽ കകാരാദിയാരംഭിക്കുന്നു.

"കതിരവനൊടു മുഴുമതിതിരുമുടി
കനൽമിഴിയൊരു തൊടുകുറിയഴകും
പരിചൊടുമകുടത്തിൽ കുളുർമതി—
കലനദിയുമതണിയും
തെളിവൊടുഫണിഗണകുസുമവു
മിതമൊടു വിലസീടുക നീയതും
നിരണകപാലീശ്വര.... .... .... ....
.... .... .... .... ....

അടുത്തു കാണിക്കുന്ന പാട്ട് ശബ്ദഭംഗിയും കൂടുതൽ സാഹിത്യരസികത്വവും ഉള്ളതാണ്. നോക്കുക.—

"കുങ്കുമകളഭങ്ങളുതണിയും—
മങ്കയിൽ മണിയാകിയ പാർവ്വതി
വഞ്ചനചെയ്തഞ്ചിക്കൊഞ്ചിക്കൊങ്കയിൽ—
വച്ചുൻപൊട്ടു പുണരും
പങ്കജമലരമ്പനെവെന്നൊരു—
ശങ്കരനടനെങ്കൽ വിളങ്ങുക.
നിരണകപാലീശ്വര.... .... .... ....
.... .... .... ....
കെല്പൊട്ടുമതകരിയുടെ തൊലിയതു—
ചാത്തീടിന തിരുവരതനുവിൽ
ശില്പമൊട്ടുടഞ്ഞാണരവങ്ങൾ
കെല്പൊട്ടുവലിച്ചുമുക്തികേശാദികൾ
പാദത്തോടിണചേത്തീടിന
തിരുവെണ്ണീറൊട്ടു—
നിരണകപാലീശ്വര.... .... .... ....
.... .... .... ....

ഈ സ്തോത്രപദ്ധതിയുടെ അവസാനമിപ്രകാരമാണു്.

"ഹരശങ്കരശിവവൃഷവാഹനപുരശാസനമുനി—
സുരവന്ദിതപരമേശ്വരപന്നഗഭൂഷണപാർവ്വതിപതി—
മങ്കമണാളാമമദുരിതങ്ങളകററിയിയററുക സേവിപ്പോ
ക്കുള്ളതാശേഷം നിരണകപാലീശ്വര.... ...."

വൃത്തരീതിക്കനുസരിച്ചു് ഇതു് ഇണക്കിയെടുക്കാൻപല സ്ഥാനങ്ങളിലും വിഷമം കാണുന്നുണ്ടു്. എന്നാൽ ചൊല്ലി ശരിപ്പെടുത്താവുന്നതുമാണു്. 'വിജയാനന്ദോപഹാരം' എന്ന പേരിൽ ഈയിടെ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽ മററു പല കവികളുടെയും സ്തോത്രങ്ങൾ പ്രസിദ്ധം ചെയ്തിട്ടുള്ളവയുടെ കൂട്ടത്തിൽ ഒരു ഭാഗമായി ഇതിലെ 'കകാരാദി' മുതൽക്കുള്ള സ്തോത്രങ്ങൾ പ്രസിദ്ധംചെയ്തിട്ടുണ്ടു്. എന്നാൽ പഞ്ചാക്ഷരകീത്തനം ഇതിൽ

കൊള്ളിച്ചുകാണുന്നില്ല. അതു് അപൂർണ്ണമായതുകൊണ്ടാ യിരിക്കാം പ്രസാധകർ ചേർക്കാതിരുന്നതെന്നു തോന്നുന്നു.

## പുരാണേതിഹാസവിവർത്തനങ്ങൾ.

നിരണംകവികൾ പുരാണേതിഹാസങ്ങളെ വിവർത്തനംചെയ്തു് കേരളീയരെ അത്യുന്നതയിലേക്കും മാനസിക സംസ്കരണത്തിലേക്കും നയിക്കുകയാണു് ചെയ്തിട്ടുള്ളതു്. വാത്മീകി, വ്യാസൻ, ശ്രീശുകൻ, എന്നീ മഹർഷിമാരാണു് സംഗീതാത്മകവും സൗന്ദര്യമസൃണവുമായ ആർഷഭാരതത്തെ സമുജ്ജ്വലമാക്കി പ്രകാശിപ്പിച്ചിട്ടുള്ളതു്. അതേ, ആര്യാവർത്തത്തിലെ സുവർണ്ണഘട്ടത്തിൽ; ജീവിതം ത്യാഗത്തെ മുൻനിർത്തി നയിച്ച "വസുധൈവകുടുംബക"ന്മാരായ മഹർഷീശ്വരന്മാർ. അവർ ചിത്സുഖത്തിൻെറ മാധുര്യം അറിഞ്ഞു് അതിനെ പ്രകൃതിസൗന്ദര്യവുമായി ഇടകലർത്തി സംഗീതാത്മകമായ അന്തരീക്ഷത്തെ ഭാരതഭൂമിയിൽ സംജാതമാക്കി. അവരുടെ വിശ്രമകേന്ദ്രങ്ങൾ പരമാത്മാവിന്റെ വിലാസരംഗങ്ങളായിരുന്നു. ആ വിഹാരരംഗങ്ങൾ പ്രാസാദശ്രേണികളോ ഹംസതൂലശയ്യകളോ ആയിരുന്നില്ല. മന്മഥസാമ്രാജ്യചക്രവർത്തിനിയായ ഒരു വിശ്വമോഹിനിയും അവരുടെ സഹധർമ്മിണിയായി വർത്തിച്ചിരുന്നില്ല. പ്രശാന്തസുഖദയും നിതാന്തപവിത്രയും ആയ ഗംഗാദേവിയുടെ പ്രാന്തങ്ങളിലെ വിപിനങ്ങളിൽ പരുപരുത്ത ശിലാബന്ധങ്ങളുടെ അന്തർഭാഗങ്ങളിൽ അങ്ങിങ്ങായി സ്വഹസ്തവിനിർമ്മിതങ്ങളായ പർണ്ണശാലകളും, ആൽത്തറകളും, ആയിരുന്നു അവരുടെ—ഋഷീശ്വരന്മാരുടെ—വിശ്രമസ്ഥാനം. സാക്ഷാത് പരാശക്തിയായിരുന്നു സഹധർമ്മിണി. സരസ്വതീദേവി പാദശുശ്രൂഷകി. നോക്കുക; ആനന്ദത്തിൻെറ പാരമ്യം!

അമ്മഹാശയന്മാരാം മുനിമാരനവേലം
ബ്രഹ്മനിശ്ചലധ്യാനംനിത്തി വിശ്രമിക്കുമ്പോൾ
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത—
നർമ്മസല്ലാപങ്ങളേ, നിങ്ങൾക്കുനമസ്കാരം!
ഭാസകാളിദാസാദ്യന്മാരെയും പുലത്തിയ—
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ
ദുർഗ്ഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു—
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ
ഉച്ചകൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ
സച്ചതുർവ്വർഗ്ഗാഭിഖ്യസസ്യക്ഷേത്രങ്ങളേ
പേർപെരുമാര്യ്യന്മാർതൻ വിജയസ്തംഭങ്ങളേ
ശ്രീപുരാണാഗ്ര്യങ്ങളേനിങ്ങൾക്കു നമസ്കാരം”

എന്നുള്ള മഹാകവി ശ്രീ: വള്ളത്തോൾ നാരായണമേനോൻ അവർകളുടെ പ്രശംസാപദ്ധതി എത്രയോ പരമാത്ഥാവസ്ഥയെയാണ് കാണിക്കുന്നത്. ഇതിഹാസങ്ങളുടേയും അവസ്ഥ ഇതുതന്നെയാണ്. അതിനാൽ സാഹിത്യം, കവിത, രസാലങ്കാരങ്ങൾ, ഗുണദോഷങ്ങൾ ഇവയെ സംബന്ധിച്ച് പാശ്ചാത്യവും പൗരസ്ത്യവും ആയിട്ടുള്ള സകല നിർവ്വചനങ്ങളും അവയ്ക്കു യോജിക്കുന്നതാണ്. അങ്ങനെ സർവ്വലക്ഷണസമ്പന്നമായ ആ കാവ്യസരണിയെ കേരളീയ ജനതയുടെ രുചിക്കിണങ്ങുമാറ് നിരണംകവികൾ എത്രമാത്രം പ്രകാശിപ്പിച്ചിട്ടുണ്ടെന്നു മാത്രമേ ഇവിടെ നോക്കേണ്ടതുള്ളു. കാവ്യത്തിന്റെ ഗുണദോഷങ്ങൾക്കു ഉത്തരവാദിത്വം ഏതാദൃശപണ്ഡിതമഹർഷിശ്രേഷ്ഠന്മാർക്കാണെങ്കിലും തർജ്ജമകളുടെ നില സാമാന്യം സ്വതന്ത്രമാകയാൽ ചർച്ചയെ അർഹിക്കുന്നെന്നുള്ള സംഗതി ഇവിടെ സ്മർത്തവ്യമാണ്. പുരാണേതിഹാസതർജ്ജമകളിൽ ഒന്നാമതായി രാമപ്പണിക്കരുടെ കൃതികളെത്തന്നെ പരിശോധിക്കാം.

## i രാമായണം.

ഇതു് അതിവിശിഷ്ടമായ വാല്മീകിരാമായണം സംസ്കൃതഗ്രന്ഥത്തിന്റെ സാമാന്യം സംഗ്രഹരൂപമായ വിവർത്തനമാണു്. വാല്മീകി ആദികവി. രാമായണം ആദികാവ്യം. "കവിതാശാഖിമേലേറി രാമരാമേതി ഭംഗിയിൽ" കൂകുന്ന കോകിലവും, "കവിതക്കാട്ടുചുററുന്ന" മുനികേസരിയുമാണു് വാല്മീകി. അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായ ശോകം കരുണരസപ്രധാനമായ ഒരു മഹാകാവ്യത്തെ ഉദ്ഘാടനംചെയ്തു. ഭാരതഭൂമിയെ ഹർഷപുളകിതയാക്കി. സൂര്യവംശത്തെ സമുജ്ജ്വലമാക്കി. ലോകത്തെ താത്വികചൈതന്യത്തിലേക്കുനയിച്ചു. ലോകോത്തരമഹത്വമുള്ള ആ കാവ്യം, അതിന്റെ കവി, അതിലെ കഥാപാത്രങ്ങൾ, ഇവയെല്ലാം ആദികവിയെപ്പോലെ നിസ്തുലങ്ങൾതന്നെ. രാമായണ പാരായണം നടത്താത്തവരും, അതിലെ കഥകേൾക്കാത്തവരും, ആ ഗ്രന്ഥത്തെ പൂജിക്കാത്തവരുമായി ഹിന്ദുക്കളിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അന്യമതക്കാരും, വിദേശികളുംപോലും രാമായണത്തിലെ കാവ്യചൈതന്യത്തെ ആസ്വദിക്കയും ആരാധിക്കയും ചെയ്യുന്നുണ്ടു്. ക്രിസ്ത്യാനികളുടെ ബൈബിൾ; ഹിന്ദുക്കളുടെ രാമായണം, ഭഗവത്ഗീത, ഇവ വാസ്തവത്തിൽ ഒരു മതക്കാരുടേയും പ്രത്യേക സമ്പാദ്യമല്ല. അവ ലോകത്തിന്റെ പൊതുസ്വത്താണു്. ഇവയുടെയെല്ലാം ആദർശം "ലോകാഃസമസ്താഃസുഖിനോഭവന്തു" എന്നാകുന്നു. "സഹൃദയാഗ്രണികളായ പണ്ഡിതന്മാൎക്കു് ദ്രാക്ഷാപാകത്തിലുള്ള അതിലെ കാവ്യാമൃതരസാസ്വാദനതത്പരതയും, പണ്ഡിതവൃദ്ധന്മാൎക്കു് അതിലെ വേദാത്മകമായ പ്രൗഢതയും ധൎമ്മാധൎമ്മചിന്തകളും കൊണ്ടുണ്ടാകുന്ന

വിരാഗതയും, എത്രയോ അമൂല്യങ്ങളായിരിക്കുന്നു" എന്നു് ഒരു നിരൂപകൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. "വാത്മീകിക്ഷന്നിലുളവായ്" രാമാബ്ധിക്കുഗമിക്കുന്ന ഈ രാമായണമഹാനദിയിൽ വിവിധഭാഷയിലും വേഷത്തിലും അനുഷ്ഠാനത്തിലും നിരവധി കവിരാജഹംസങ്ങൾ വിഹരിച്ചിട്ടുണ്ടു്. അങ്ങനെയുള്ളവരിൽ കവിരാജനാണു് നിരണത്തു രാമപ്പണിക്കർ. അദ്ദേഹം മലയാളഭാഷയിൽ ആദ്യത്തെ വിഹർത്താവല്ലെങ്കിലും വൈപുല്യമുള്ള ഒരു വിഹർത്താവാണു്. ആദ്യവിവർത്തനം രാമചരിതം ആയിരിക്കണം. പിന്നീടു് കേരളവർമ്മരാമായണാദി വിവർത്തനങ്ങൾ ഉണ്ടായിട്ടുമുണ്ടു്. ഏതായാലും നിരണം കവികൾക്കുമുമ്പും പിമ്പും രാമായണത്തിനു ഭാഷാവിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഭാഷാവിവർത്തനങ്ങളുടെ ആധിക്യം ഗ്രന്ഥത്തിൻെറ മാററു കൂട്ടുകയാണു് ചെയ്തിരിക്കുന്നതും. വിശിഷ്യ പുനംനമ്പൂതിരിയെപ്പോലെയുള്ള കവികൾ തങ്ങളുടെ മനോധർമ്മത്തെയും യുക്തിയെയും ഇടകലർത്തി സ്വതന്ത്ര്യസ്വാതന്ത്ര്യതയേ വെളിവാക്കുകയും ചെയ്തിട്ടുണ്ടു്.

ഇനി നമുക്കു നിരണം രാമായണത്തിലേക്കു നോക്കാം. ഒരന്യഭാഷാഗ്രന്ഥം മലയാളത്തിലേക്കു വിവർത്തനംചെയ്യുമ്പോൾ കൈക്കൊള്ളാവുന്നനയം രാമചരിതകർത്താവു് ഏറെക്കുറേ വ്യക്തമാക്കിയിട്ടുണ്ടു്. എങ്കിലും ഉത്തമതർജ്ജമക്കാരന്റെ ആദർശങ്ങളെ പൂർണ്ണമായിക്കാണിച്ചു് അപ്രകാരമുള്ള ഭാഷാന്തരീകരണപദ്ധതിയെ ആദ്യമായി വിപുലമായരീതിയിൽ അവതരിപ്പിച്ചതു് നിരണംകവികളാണെന്നുപറയാം. ഭാരതമാല, ഭഗവത്ഗീത, രാമായണം മുതലായ നിരണംകവിതകൾ ഇതിനുതെളിവാണു്. തർജ്ജമ

മൂലഗ്രന്ഥത്തിന്റെ വ്യാഖ്യാനമാകാതിരിക്കുക, ജനതയുടെ രുചിക്കനുസരിച്ച് അനുകരണം സങ്കോചനം വികസനം എന്നീമാൎഗ്ഗങ്ങൾ സ്വീകരിക്കുക, കഥാശ്രവണോത്സുകതയെ പോഷിപ്പിക്കുക, ശബ്ദാൎത്ഥാലങ്കാരരസകൃതികളായ കാവ്യസാമഗ്രികളെ പുഷ്ടിയായി പ്രകാശിപ്പിക്കുക, സദാചാരം വേദാന്തം മുതലായവയെ ലളിതവും ഋജുവുമായ പദ്ധതികളിൽക്കൂടി വെളിവാക്കുക, ഇങ്ങനെയുള്ള പല നയങ്ങളും ഭാഷയ്ക്കിണങ്ങുന്നവൃത്തം സ്വീകരിക്കാമെന്നുള്ള അഭിപ്രായവും ഈ കവികൾ സ്വകാവ്യങ്ങൾ മുഖേന ഭംഗിയായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നും ഈ അദ്ധ്യാലക്ഷണം പിൽക്കാലകവികൾക്കും പ്രയോജനപ്പെട്ടിട്ടുണ്ടെന്നും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഗ്രന്ഥവിഹാരത്തിൽനിന്നും ഈ തത്വങ്ങൾ കുറേയെല്ലാം വ്യക്തമാകുമെന്നു വിശ്വസിച്ചുകൊള്ളട്ടെ. സംഗ്രഹണസമ്പ്രദായത്തിൻെറ അവികലവും പ്രഗത്ഭവും ആയ ഒരു മാതൃകയായി ഈ ഗ്രന്ഥത്തെ ഗണിക്കാം. ഇതു രാമപ്പണിക്കരുടെ ആദ്യകൃതിയാണെങ്കിലും തുഞ്ചത്തു ഗുരുപാദരുടെ കൃതികളിൽ ശ്രീമഹാഭാരതം, കുമാരനാശാൻെറ കൃതികളിൽ പ്രരോദനം, വള്ളത്തോൾ മഹാകവിയുടെ സാഹിത്യമഞ്ജരികൾ, സി. വി. രാമൻപിള്ളയുടെ ആഖ്യായികകളിൽ രാമരാജാബഹദൂർ, ഇവ അതാതു കവികളുടെ സാഹിത്യപരിശ്രമത്തിൻെറ ഏതേതുഘട്ടങ്ങളെ കാണിക്കുന്നുവോ അതുപോലെ പ്രസ്തുത രാമായണം, രാമപ്പണിക്കരുടെ സാഹിത്യപരിശ്രമത്തിന്റെ സുവൎണ്ണാദ്ധ്യായത്തെയാണ് കാണിക്കുന്നതു്. കാൎയ്യഭാഗങ്ങളെല്ലാം വരുത്തി ആശയങ്ങൾ വിട്ടുപോകാതിരിക്കാൻ നല്ല നിഷ്കൎഷ കാണിച്ചിട്ടുണ്ടു്. വിപുലവും അവഗാഹവുമായ വാത്മീകിരാമായണം ഇത്ര ഭംഗിയായി തൎജ്ജിമ

ചെയ്തതിൽനിന്നും കവിയുടെ അഗാധമായ പാണ്ഡിത്യം സരസത ഇവ വെളിവാകുന്നുണ്ട്. ഇതു് രാമപ്പണിക്കരുടെ ആദ്യ കൃതിയാണെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാമായണം ആറുകാണ്ഡം. ഓരോകാണ്ഡവും അനേക സർഗ്ഗങ്ങളാണു്. ഓരോ സർഗ്ഗങ്ങളിലുമായി ബഹുശതം പദ്യങ്ങളും അടങ്ങിയിട്ടുണ്ട്. ഒരു ഭാഗംകൊണ്ടു് ഈ പ്രസ്താവന സ്പഷ്ടമാക്കാം. ഒന്നാമത്തേതായ ബാലകാണ്ഡം തന്നെ നോക്കുക. അതിൽ 77 സർഗ്ഗങ്ങളും, മൊത്തം 2123 ശ്ലോകങ്ങളും ഉണ്ട്. അതു് രാമപ്പണിക്കർ 326 പാട്ടുകളിലായിട്ടാണു് വിവർത്തനം ചെയ്തിരിക്കുന്നതു്. മററു കാണ്ഡങ്ങളും ഇതുപോലെ പരിമിതമായ സംഖ്യയിലുള്ള പാട്ടുകളെക്കൊണ്ടാണു് ഭാഷപ്പെടുത്തിയിരിക്കുന്നതു്. ഓരോ കാണ്ഡത്തിലേയും കഥാഭാഗവും ഘടനയും മൂലാനുസാരികൾ തന്നെ. രാമായണത്തിന്റെ പ്രാരംഭത്തിലേ "മാനിഷാദപ്രതിഷ്ഠാംത്വമഗമഃ ശാശ്വതീസമാഃ യൽക്രൗഞ്ചമിഥുനാദേകം അവധീഃ കാമമോഹിതം" എന്ന പദ്യം തർജ്ജമ ചെയ്തിട്ടില്ല.

"ശാപം ചെയ്തവചസ്സൊരു പദ്യശരീരമിതെന്നു് അരികേ നിന്നരുളിയ" എന്നു ചുരുക്കി ആയതു സാധിച്ചിരിക്കുന്നു. തർജ്ജമ ചുരുക്കാവുന്നിടത്തോളം ചുരുക്കിയിട്ടുണ്ടെങ്കിലും സംക്ഷേപണത്തിന്റെ ആവശ്യമില്ലാത്തതു അങ്ങനെ തന്നെ പ്രകാശിപ്പിച്ചും ആവശ്യവും ഔചിത്യവും അനുസരിച്ചു മനോധർമ്മം പ്രകാശിപ്പിച്ചും ആണു് സാധിച്ചിട്ടുള്ളതു്. ഇതു് കേരളീയ ജനതയുടെ അഭിരുചിയേ ലക്ഷ്യമാക്കിയും എന്നാൽ മൂലകാരന്റെ ആദർശങ്ങളേയും സചാരസ്യസാരങ്ങളേയും ഭംഗിയായി പ്രകാശിപ്പിച്ചും ആണു് വിവർത്തനം ചെയ്തിരിക്കുന്നതു്. സംക്ഷേ

പണത്തിന്ന ചില ഉദാഹരണങ്ങൾ കാണിക്കാം. 5-ാംസർഗ്ഗത്തിലെ അയോദ്ധ്യാവർണ്ണന മൂലത്തിലിപ്രകാരമാണ്:—

"ഹൃഷ്ടസ-പുഷ്ടമായ് വൻനാടൊന്ന കോസലനാമകം
സരയൂക്കരമേലുണ്ട ധനധാന്യസമൃദ്ധമായ്
അങ്ങുണ്ടയോദ്ധ്യയെന്നായിപ്പാരിൽ പുകഴ്പെട്ടും പുരി
മനുവാം മാനവശ്രേഷ്ഠൻ താന്താൻ തീർപ്പിച്ചിതപ്പുരി
ഈരാറയോജനപ്പാടാം നീളവും മൂന്ന വീതിയും
ചേലൊത്തവമ്പാതകളും ചേന്നതിശ്രീമഹാപുരി
വെള്ളമെല്ലായ്പൊഴും പാററിപ്പൂക്കൾ ചിന്നിവിരിയ്ക്കയാൽ
ചേലിയന്ന മഹാരാജമാർഗ്ഗത്താലേലസിപ്പതാം
.... .... .... .... .... ....
ഇടം തടവുമങ്ങാടികമാനം വാതിലൊത്തതായ്
സർവ്വയന്ത്രായുധം ചേൻ സർവ്വശില്പിസമേതമായ്
സൂതമാഗധരും തിങ്ങി ശ്രീപൂണ്ടതുലശോഭമായ്
കൊടിക്കാൽ കൊത്തളം പൊങ്ങിശ്ശതഘ്നീശതയുക്തമായ്
നാരീനാടകസംഘങ്ങളുള്ളൊന്നപ്പുരിയെങ്ങുമേ
മതിലാമരഞ്ഞാൺ ചാത്തിമാങ്കാവുദ്യാനമൊത്തതാം.
പെരുംകുണ്ടകിടങ്ങും ചേന്നന്യർ കേറാതെ ദുർഗ്ഗമാം
ഒട്ടകം കാളകഴുത ഗജാശ്വങ്ങൾ നിറഞ്ഞതാം
കപ്പം കൊടുക്കുവാൻ വന്നകീഴ്മന്നവർ ചുഴന്നതാം
നാനാപ്രദേശങ്ങളിലെക്കച്ചോടക്കാരണഞ്ഞതാം.
കളിക്കന്നകളും രത്നപ്പള്ളി മേടവരാന്തയും
നിറഞ്ഞിന്ദ്രന്റെയമരാവതിപോലെലസിപ്പതാം.
നൽസ്ത്രീകൾ വാഴ്വതായ്ച്ചതുരപ്പടത്തിൻ വടിവൊത്തതായ്
സർവ്വരത്നാഢ്യമായ്ച്ചിത്രവിമാനഗൃഹയുക്തമായ്
ഗൃഹങ്ങൾ തിങ്ങിടക്കെടൈന്ന്യേ നിരന്ന ഭൂവിനില്ലതാം
വെൺനെല്ലരികരിംപിൻനീരെതിർ നീരും നിറഞ്ഞതാം
മൃദംഗം പണവം വീണ പെരുംപറയിവററിനാൽ
തുലോമൊലിക്കൊള്ളുവതാം, മന്നിൽവച്ചുമികച്ചതാം
സിദ്ധക്ക തപസാകിട്ടും വിമാനത്തിന്ന തുല്യമാം
ചേലൊത്ത വീടുകളുമായ്ശ്രേഷ്ഠമർത്ത്യർ ചുഴന്നതാം."

(വള്ളത്തോൾ പരിഭാഷ. സർഗ്ഗം 5. പ 5—20)

അടുത്ത ഏഴു പദ്യങ്ങൾകൂടി ഈ വർണ്ണനയിൽ പെട്ടും. എന്നാൽ രാമപ്പണിക്കർ ഈ ദീർഘമായ വർണ്ണനയെ ഒരു പാട്ടുകൊണ്ടു സാധിച്ചിരിക്കുന്നു.

"തിലകമതായേ ഭൂലോകത്തിനു നിറം
ഏറും ഉത്തരകോസല വിഷയേ
പല പല ഗുണഗണം ഈടും അയോദ്ധ്യാഭവനം
അതീവ മനോഹരമായേ
നലമൊടു സൂർയ്യോത്ഭവ കുലരാകിയ
നരപതിമാർ മരുവീടുമതിന്നായ്
അലമിതുമനുനാനിർമ്മിതമായുണ്ടായി-
തൊരമരാവതി സമമായേ"

മൂലകാരൻെറ വിവിധപദാർത്ഥവർണ്ണനകളെ "പല പല......മനോഹരമായേ" എന്നു മാത്രം പറഞ്ഞുകൊണ്ടു് വായനക്കാരൻെറ ഭാവനാകുശലതയ്ക്കു വഴി കാണിക്ക മാത്രമാണു് ചെയ്തിരിക്കുന്നതു്. പുരാണേതിഹാസങ്ങളിലെ ആലോചനാമൃതമായ സാഹിത്യത്തേക്കാൾ അവയിലെ കഥാഗതിയായിരുന്നിരിക്കണം, അന്നത്തെ സാമാന്യലോകം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതെന്നു, കരുതേണ്ടിയിരിക്കുന്നു. എന്നാൽ കേരളീയരുടെ രുചിക്കനുസരണമായ സാഹിത്യരീതിക്കും വർണ്ണനകൾക്കും വിലയുണ്ടായിരുന്നുവെന്നുള്ളതു മറക്കത്തക്കതല്ല. വാത്മീകിരാമായണത്തിൻെറ ഒരു സംഗ്രഹമായ ഇരുപത്തുനാലുവൃത്തത്തിൽ, "സൂർയ്യവംശേ പിറന്ന ഭൂപാലാനാം കോസല വിഷയങ്ങളിലുണ്ടായി" എന്നിങ്ങനെ ആരംഭിച്ചു സാമാന്യം ദീർഘമായ ഒരു വർണ്ണനയാണു് കാണുന്നതു്. പുനംനമ്പൂതിരിയുടെ രാമായണചമ്പുവിൽ ബഹുതകൃതിയായും മൂലാതിശായിയുമായ വർണ്ണനയാണു് കാണുന്നതു്. ഈ കാലങ്ങളേക്കാൾ ഭിന്നമായ ഒരു രുചിയിലായിരിക്കണം രാമപ്പണിക്കരുടെ കാലത്തെ സാമാന്യലോക

മെന്നു കരുതുന്നതു് സംഗതമായിരിക്കും. ദശരഥരാജാവു്, മന്ത്രി, ഇവരെയെല്ലാം വർണ്ണിക്കുന്നതിനു് മൂലകാരൻ സർഗ്ഗങ്ങൾ തന്നെയംഗീകരിക്കുന്നു. ഭാഷാകാരനാകട്ടെ ഇതെല്ലാം ഓരോ പാട്ടുകൊണ്ടാണു് സാധിച്ചിരിക്കുന്നതു്. പുത്രകാമയാഗാഗ്നിയിൽ പ്രത്യക്ഷമായ ഭൂതത്തെ വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

"നിനവൊടു മുനി വൈഭകണ്ഡകൻ അന്നു-
 നിരാകുലനായേ കർമ്മംചെയ്തളവു്,
അനഘൻ അയൻ തിരുവടിയരുളാലേ-
 അഗ്നിയിൽ നിന്നേപായസപാത്രം
കനകമയം കയ്യേന്താണ്ടൊരു ഭൂതം-
 കനിവൊടു വന്നു് ഉരചെയ്തിതു നൃപനോടു്
"ജനകുലതിലകാ! ദേവകളാൽ-
 നിർമ്മിതമിതു തവസന്തതികൾ എന്നേ"

(ബാലകാണ്ഡം)

ഇവിടെ മൂലകാരൻ എന്തുചെയ്തിരിക്കുന്നുവെന്നു നോക്കുക:-

"ഉടൻ വെളിപ്പെട്ടു മഖാഗ്നിയിൽ നിന്നതുലപ്രഭം
കറുത്തൊരു മഹാഭൂതം മഹാവീര്യം മഹാബലം.
ഉടുത്തതാമ്രപ്പട്ടും ചെമ്മുഖവും ഭേരിയൊച്ചയും
സ്നിഗ്ദ്ധകേസരി രോമാഭമായ നന്മീശ കേശവും
സല്ലക്ഷ്മങ്ങളുമുള്ളൊന്നു ദിവ്യാഭരണ ഭൂഷിതം
മഹീധ്രശിഖരോത്തുംഗം ദൃപ്തശാർദ്ദൂലവിക്രമം
ആദിത്യനൊത്തവടിവിലെരിതീജ്വാലപോലവേ"

(സർഗ്ഗം 16. 11—ാം പദ്യം മുതൽ).

മൂലകാരന്റെ ഭൂതം എത്ര ഭയങ്കരം! സാത്വിക പരിപൂർണ്ണമായ യാഗത്തിൽ ഈ ഭയാനക സ്വരൂപത്തെ വിട്ടിട്ടു് "കനകമയംകയ്യേന്താണ്ടൊരു ഭൂതം" എന്നുമാത്രം വർണ്ണന ചുരുക്കിയ കവിയുടെ ഔചിത്യബുദ്ധിയും മസൃണമായ മാനസികാവസ്ഥയും ശ്ലാഘാർഹം തന്നെയാണു്. അതേ, കൈരളിക്കു തൽക്കാലം അത്രേവേണ്ടൂ. പിന്നീടു്

വിശ്വാമിത്രാഗമനം, അസ്ത്രോപദേശം, വാദപ്രതിവാദങ്ങൾ, ഇവയെല്ലാം വളരെ ചുരുക്കിയാണ് പ്രതിപാദിക്കുന്നതു്. താടകാവർണ്ണനത്തിൽ സംക്ഷേപണവും മനോധർമ്മവും സമ്മേളിക്കുന്നതും ശ്രദ്ധേയമാണു്. ഒരു പക്ഷേ മൂലകാരൻ ചുരുക്കിയതിനെ കവി വിസ്തരിച്ചതായും ഗണിക്കാം.

"അശ്ശബ്ദം കേട്ടതോടൊപ്പമരിശം മൂത്തരാക്ഷസി
വേഗാൽശ്ശബ്ദം പുറപ്പെട്ട ദിക്കിലേക്കോടിയെത്തിനാൾ
കാകുൽസ്ഥന്മാർക്കുപരിതയാം വിരൂപവികൃതാസ്യയെ—
പെരുംക്രൂരത്തിയെക്കണ്ടിട്ടോതിലക്ഷ്മണ നോട്ടടൻ.
"നോക്കു! ലക്ഷ്മണ! വല്ലാത്തയക്ഷിതൻ ഘോരവിഗ്രഹം
വീണ്ടുപോമിവളെക്കണ്ടാൽ ബ്‌ഭീരുക്കൾക്കു കരൾത്തടം"

(സർഗ്ഗം 26. പദ്യം 7—10)

ഇങ്ങനെ ഒരു വിരൂപിണിയായ "മൂത്തരാക്ഷസി"യെക്കാണിക്കുവാനല്ല രാമപ്പണിക്കർ തുനിഞ്ഞതു്. വീരബീഭത്സങ്ങളെ ഇടകലർത്തി മനോധർമ്മയുക്തമായിട്ടാണു് അദ്ദേഹം താടകയേ വർണ്ണിച്ചിരിക്കുന്നതു്. ആയതിപ്രകാരമാണു്.

"അണന്തൊരു നീലമഹാമേഘംപോൽ
    അലറിയതിവഭയം വരുമാറേ
നിണം കലരും കുടൽമാലയണിന്തുനിലാ—
    വിലികും പിറപോലെകിറോട്ടും.
ഉയൻ ചിനമൊത്തൊട്ടുമായകൾ എല്ലാം
    ഉടനവൾ ചെയ്യവയെയ്യുകെടുത്തു
വണങ്ങിമുനീന്ദ്രനെയവനരുളാലേ
    മനകുലനായ കനവള്ളുയിർ കൊണ്ടാൻ"

(ബാലകാണ്ഡം)

"നീലമഹാമേഘംപോൽ" "നിലാവിലികും പിറപോലെ കിറോട്ടും" ഇത്യാദികൾ മൂലത്തിലില്ലല്ലോ. ഈ മനോധർമ്മരസികത്വം കൊണ്ടു ഭയങ്കരസ്വരൂപിണിയായ താട

കയുടെ ഒരു പുറപ്പാട് വായനക്കാരുടെ മുമ്പിൽ കാണുന്ന പോലെയാക്കിത്തീർത്തിട്ടുണ്ട്. വിസ്തൃതമാക്കിയിട്ടുള്ള വയ്ക്കു് ബാലകാണ്ഡത്തിൽനിന്നും ഒരു ഉദാഹരണംകൂടി കാണിക്കാം. വിശ്വാമിത്രതപോവനത്തിലെ രംഭാപ്രവേശം നോക്കുക:—

"അവൻെറ ചൊൽകേട്ടഴകുവളത്താവിലാസിനി
വെള്ളപ്പുഞ്ചിരിയും തൂകിപ്പുകിട്ടി ഗാധിപുത്രനെ
കേട്ടാനദ്ദേഹമോക്രുകം കുയിലിൻ മധുരസ്വനം
അതിൽ കരൾക്കാമ്പു തുലോംകുളുത്തവളെനോക്കിനാൻ
പിൽപ്പാടതിൻ ശബ്ദത്താലെതിരില്ലാത്ത പാട്ടിനാൽ
രംഭാസന്ദർശനത്താലും ശങ്കതേടീടിനാൻ മുനി"

(വാത്മീകി. സർഗ്ഗം. 64. പ 8-10)

ഭാഷ ഇപ്രകാരമാണ്.

"പുഷ്പിതദിവ്യലതാദികൾ തോറും പോയ്
മധുപാനമഹോത്സവമിടിയ
ഷട്പദകോകിലകോലാഹലമൊട്ടു
സകല മനോഹരമായിതു വിപിനം
പുഷ്പശരൻ താനും പുനരെവിടേ
പുക്കാൻ മുനിധൈര്യം കളവാനായ്.
അത്ഭുതമായൊരു കുയിലായിന്ദ്രനു—
മരിയതപോധനനരികുപുകുന്താൻ
അരിയജലാശയമതിൽ നീരാടിയനന്തരമേ—
പൂമ്പൊടിയുമണിഞ്ഞേ
പെരിയസുഗന്ധവശാഗതരാകിയ
ഭൃംഗമഹാത്ധംകാരത്തോടേ
പരപ്പൊരുവൻ മരമൊക്കെയിളക്കി
വരുന്ന മഹാഗജസമനായേ
വിരവൊട്ടുതെന്നലിയന്നഴകോടേ—
വീചീമുനിവരനരികതുകാലം
അതുകാലംഗാനംകേൾക്കായിതതീവ—
മനോഹരമാധുര്യത്തൊട്ടു

വിധിയാലേനയനങ്ങൾ തുറന്നതി-
വിസ്മയമോടമ്മുനികുലവരനും
ഗതധൈര്യം നോക്കുന്നതു കാലം ഗഗനേ
ചരനാരീമണിരംഭയെ-
യതിശയമാകിയ സൗന്ദര്യത്തോടട-
വിയിലൂടേനടപ്പതുകണ്ടാൻ"

(ബാലകാണ്ഡം പാട്ടു് 219-221)

പാഞ്ചാലി, വൈദർഭി ഈ രണ്ടു രീതികളും ഇടകലർത്തിയും മനോഹരമായ ഒരു പ്രകൃതിവർണ്ണനയോടുകൂടിയും ഈ ഭാഗം എത്ര തന്മയത്വമാക്കിത്തീർത്തിരിക്കുന്നെന്നു വാചാമഗോചരമാകുന്നു. രസാത്മകമായ ഒരു സ്വതന്ത്രകാവ്യംപോലെയാണ് ഈ ഭാഗത്തിന്റെ സ്ഥിതി. "ഷട്പദകോകില......വിപിനം" എന്നതിലെ പദലാളിത്യം ഹാദാകർഷണീയവും ഹൃദയസ്പൃക്കും ആയിരിക്കുന്നു. ഏതൊരു കാവ്യവും വായിച്ചുരസിക്കുന്നതിനു് ശരിയായ സഹൃദയത്വം ആവശ്യമാണ്. ആ സഹൃദയത്വം പ്രകൃതിയുടെ ഏതവസ്ഥകളിലും കാവ്യത്വം കാണുന്നതാകുന്നു. താദൃശമായ സഹൃദയത്വം ഈ അവസരത്തിൽ തിളച്ചുകൂത്താടുമെന്നുള്ളതിനു പക്ഷാന്തരമില്ല. കാലദേശരുചിക്കനുസരണമായ ഈവിധതർജ്ജമകളാണ് കൈരളിയുടെ അമൂല്യനേട്ടങ്ങളെന്നുള്ളതിനു തർക്കമില്ല.

രാമപ്പണിക്കരുടെ മനോധർമ്മങ്ങൾക്കും ഔചിത്യബോധത്തിനും തെളിവായി രാമായണത്തിൽ നിരവധി ഭാഗങ്ങൾ കാണാം. മൂലകാവ്യത്തിന്റെ തന്മയത്വവും ജീവനുംവിടാതെ അതിനെ പോഷിപ്പിക്കുന്നവിധത്തിൽ ഉള്ള ഗതിയാണ് എവിടെയും കാണുന്നതു്. ചില ഉദാഹരണങ്ങൾകൂടി ഇതിലേക്കു് ഉദ്ധരിക്കാൻ തുടങ്ങുന്നു. ജനസ്ഥാനവൃത്താന്തമറിഞ്ഞ രാവണവൻ കമ്പനനുമായി നടത്തുന്ന സംഭാഷണത്തിൽ ഒരു ഘട്ടം.

"ആരെൻചാരുജനസ്ഥാനംമുടിച്ചു ചത്തടങ്ങുവാൻ
ആക്കേതുലോകത്തുമിടംകിട്ടുകില്ലെന്നു വന്നുപോയ്
എനിക്കനിഷ്ടംചെയ്തിട്ടുസുഖംനേടാൻ കഴിഞ്ഞിടാ
മഹേന്ദ്രനും, കുബേരനും, യമന്നും, വിഷ്ണുവിന്നുമേ!
കാലന്നും കാലനത്രേഞാനഗ്നിയേയുമെരിച്ചിടും
മൃത്യുവിന്നുംമൃതിപെടുത്തീടുവാൻ ശക്തനാണഞാൻ!
തേജസ്സാൽചുട്ടെരിക്കുംഞാൻ സൂര്യാഗ്നികളെയുംരുഷാ
കാററിൻെറയുക്കതരസാമാററാനും ശക്തനാണഞാൻ"

(വാല്മീകി. ആരണ്യം. സർഗ്ഗം 31. പ. 4-7)

ഇതിൻെറ തർജ്ജമ ഇപ്രകാരമാണ്.

"എന്നതുകേട്ടുദശാനനവീരനു
മീടിയകോപാവേശത്താലേ
കൊന്നുമുടിപ്പാൻപോലേ നോക്കി-
ക്കൂറിനനന്നവകമ്പനനോടേ.
ഇന്നിതുചെയ്തവരാരേനമ്മോ-
ടിട്ടിടുവൻ കാരാഗൃഹമതി
ലിന്ദ്രനെവെന്നിമികമ്പാവകനെ-
ച്ചുട്ടുവേനന്തകനെക്കൊലചെയ്വൻ.
വൻപൊട്ടുനിരൃതിയുമെന്നെതിർവാരാ
വരുണനെബന്ധിപ്പൻ പാശത്താൽ
കമ്പമൊടോടിപ്പൻവായുവിനെ-
ക്കാണാതവരാരേമമവീര്യം
മുൻപുകുബേരനെവെന്നുപറിച്ചിതു-
മുഖ്യംപുഷ്പകവിമാനമി
തൻപരിലൻപൻപരമേശ്വരനെയു-
മചലത്തോടുമെടുത്തേനല്ലോ.
ഓടിപ്പോവോംനാരായണനു-
മൊരുത്തരുമെന്നെതിർനില്ലാരെന്നാൽ
കേടതിയററിയതാരെന്നകമേ
കേവലമീടിയകോപത്തോടേ
ക്രൂടച്ചൊന്നദശാനനവാക്യം
ക്രൂരക്കേട്ടവനകമ്പനനവിടെ

ല്പ്പടിച്ചടിമലർതൊഴുതറിയിച്ചാൻ
പെരുമാനേശരണടിയേനെന്നേ”

(ആരണ്യം പാട്ട് 113-115)

ഭാഷയിലെ ആശയവ്യാപ്തിയും വീരരസോദ്ദീപകത്വവും ശ്രദ്ധിച്ചാൽ രാവണന്റെ ഗാംഭീര്യം ഉത്തേജിച്ചിരിക്കുന്നതായി അറിയാം. സീതാപഹരണത്തിനായി സന്ന്യാസിവേഷം ധരിച്ച രാവണനെ മൂലകാരൻ രംഗപ്രവേശം ചെയ്യിപ്പിക്കുന്നതിപ്രകാരമാണ്.

“കാത്തുനിന്നദശഗ്രീവനങ്ങിത്തക്കം ലഭിക്കയാൽ
ചിക്കെന്നുസീതതൻനേർക്കുചെന്നാൻസന്ന്യാസിരൂപനായ്
ശിഖ, ഛത്രം, മെതിയടി, മിന്നുസക്കാവിമുണ്ടുമായ്
നൽക്കമണ്ഡലുവുംദണ്ഡുമിടംചുമലിൽവച്ചവൻ
സന്ന്യാസിവടിവിൽച്ചെന്നാൻസീതാപാർശ്വത്തിലേയ്ക്കുടൻ”

(വാല്മീകി. ആരണ്യം സർഗ്ഗം 46. പ. 2–4)

കൊണ്ടാനകമേകാലമിതവളെ–
ക്കൊൾവാനെന്നുദശാനനനുമുടനേ–
കണ്ഠാലരിയകഷായുപടാവൃത–
കടിതടലോഭിതനായ് വാമാംസേ
ദണ്ഡാരുജലഭാജനമതുമേന്തിനിറം
കലരുംകുടയോടുചെരിപ്പും
കൊണ്ടീടിയസന്ന്യാസികൾവടിവായ്
കുസുമശരാതുരനായേചെന്നാൻ” (പാ: 180)

മൂലകാരന്റെ ആശയത്തെ അതേപടിയിൽത്തന്നെ വ്യക്തമായി ഇവിടെക്കാണിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. എന്നാൽ “കുസുമശരാതുരനായേ” എന്നുള്ള വിശേഷണം മൂലകാരൻ കുറേ പദ്യങ്ങൾ കഴിഞ്ഞും സീതയോടു രാവണൻ സംഭാഷണം ചെയ്യുവാൻ ആരംഭിക്കയും ആണ് പ്രയോഗിച്ചിട്ടുള്ളത്, എന്നുമാത്രം ഒരു ഭേദവും ഉണ്ട്.

സുന്ദരകാണ്ഡത്തിൽ ബ്രഹ്മാസ്ത്രബദ്ധനായ ഹനൂമാൻ കണ്ടതായ രാവണന്റെ രൂപം നോക്കുക:—

"ചെന്നതുകാലം മാരുതികണ്ടാൻ
ചെമ്മേ സിംഹാസനഗതനായേ
നിന്നിലകും മുടി പത്തുമണഞ്ഞു
നിറംപെട്ടമാഭരണങ്ങളുമെല്ലാം.
ഒന്നിനിറന്നരുൺ്ണാഭയസമമാ-
മൌളിവിയലും പൂന്തുകിൽ പൂണ്ടവിടെ
വെന്നികലന്തകരാവലിയോട്ടം
മേവിയിരുന്ന ദശഗ്രീവനെയെ
ഏറെ മനോഹരമാം കാർമുകിൽ നിറ-
മീടിയിടന്തടവും മാറ്വിലേ
ക്രൂരതാതളമുത്തിൻമാലകൾ
ക്രൂടനിലാവെഴമെകിറകളോട്ടം
വേറൊരു ചെന്താമരമലർമാല
വിളങ്ങിനപോലേ നേത്രാവലിയൊട്ട
മാറില്ലയാമണികുണ്ഡലമണ്ഡന
മൊൻ നിറന്ന മുഖാവലിയോട്ടം
ഉമ്പർപുരാൻ മുതലാമമരന്മാ-
രുടനടനേവിട്ടസ്ത്രങ്ങളെയും
വമ്പുടദിഗ്ഗജദന്തങ്ങളെയും
മാറ്വിലേററതഴമ്പുകളോട്ടം
തുൻപമനത്തുലകത്തിന നൽകി-
ത്തുലവിയലാവടിവോടേദശമുഖ-
നിമ്പമിയന്നമരിന്നതുമാരുതി
യീടിയബഹുമാനത്തൊട്ട കണ്ടാൻ

(സുന്ദരം. പാ: 234-236)

രാവണന്റെ ഒന്നാംതരം ഒരു ചിത്രം മൂലകാരനെ അനുകരിച്ചു കവി ഇവിടെ സ്പഷ്ടമാക്കിയിരിക്കുന്നു. മൂലം ഇപ്രകാരമാണു്.

"മികവേറിയതായ് മുത്തിൻതൊങ്ങൽ ചുഴെച്ചുഴന്നതായ്
മിന്നുന്ന പൊന്നിൻമകുടം ചൂടിയോൻ പ്രഭക്രൂടിയോൻ.

മഹാർഹരത്നമയമായ് വജ്രക്കല്ലുപതിച്ചതായ്
മനസ്സാൽ തീർത്തപോലുള്ളചിത്രപ്പൊൻകോപ്പുചാർത്തിയോൻ
മുന്തും വെൺപട്ടുടുത്തോൻ ചെഞ്ചന്ദനച്ചാറ പൂശിയോൻ
വിചിത്രമായ്പ്പലതരം വരച്ചു കുറിയിട്ടവൻ.
കാണേണ്ടതായ്, വിസ്ഫുടമായ്, കൺചുകന്നുഗ്രരൂപമായ്
ക്രുത്താളുംവാരെ കീറുകളൊത്തുള്ളതൂങ്ങിയചുണ്ടുമായ്
ഈരഞ്ചുതലയുള്ളൊരു വീരനോജസ്സിയന്നവൻ
വിവിധവ്യാളശിഖമാം മന്ദരം പോലിരിപ്പവൻ
വാർതിങ്കൾ നേർനടക്കല്ലുള്ളാരം മാറിൽധരിക്കയാൽ
വെള്ളിൽച്ചേർന്നമുകിൽക്കൊത്തോൻ നീലാഞ്ജനചയപ്രഭൻ
തോളത്തുവിളയിട്ടഗ്ര്യചന്ദനം തേച്ചുരുണ്ടവ,
ധൃതാങ്ഗദങ്ങൾ പഞ്ചാസ്യപ്പാമ്പൊളിക്കുകളൊത്തവൻ
രത്നപ്പണിത്തരംചേർന്നു, നൽവിരിപ്പുവിരിച്ചതായ്
വിചിത്രമാം പളുങ്കിൻവൻതൃപ്പീഠത്തിലിരിപ്പവൻ
വടിവിൽക്കോപ്പണിഞ്ഞുള്ള മടവാർനാലിടത്തിലും
കൈയ്യിൽ വെൺചാമരവുമായരികേ നിന്നീടുന്നവൻ.
.... .... .... .... ....
കാണായ്വന്നുമഹാമാനതേജഃസ്സുറമരക്കർകോൻ
മേരുശൃങ്ഗത്തിലമരും നീരണിക്കൊണ്ടൽപോലവേ”

(സുന്ദരം. സർഗ്ഗം 49. പദ്യം 2—14)

ഈ ഉദാഹരണങ്ങളിൽ നിന്നും മൂലകാരന്റെ വർണ്ണനാപാടവം കാലദേശസ്ഥിതിക്കനുസരിച്ചു രുചികരമാക്കി പ്രകാശിപ്പിക്കുന്നതിനു രാമപ്പണിക്കർക്കുള്ള നൈപുണ്യം അന്യാദൃശമെന്നു വെളിവായിരിക്കുമല്ലോ. യുദ്ധകാണ്ഡത്തിൽ നിന്നുകൂടി ഒരു ദൃഷ്ടാന്തം എടുത്തുകാണിക്കേണ്ടിയിരിക്കുന്നു.

“പള്ളികൊണ്ടാൻ തലകിഴക്കോട്ടാക്കിദ്ദർഭമെത്തമേൽ
മഹാർണ്ണവത്തെത്തൊഴുതിട്ടാഴിവക്കത്തു രാഘവൻ
പാമ്പിൻമെയ്യിന്നുനേരാം കൈതലയ്ക്കും വച്ചരിന്ദമൻ
മുന്നംസുവർണ്ണപ്പണ്ടങ്ങളണിയപ്പെട്ടിരുന്നതായ്

മുത്തുംപൊന്നോലംവളകളുംമുത്തണിബ്ഭൂഷണങ്ങളും
അണിഞ്ഞപൊന്മണിക്കയ്യാൽ തേപ്പിക്കപ്പെട്ടിരുന്നതായ്
മുൽപ്പാട്ടചന്ദനമകിൽസ്സൗരഭ്യം പൂണ്ടിരുന്നതായ്
ബാലാർക്കനൊത്തപാടീരം ചേലിൽപ്പൂശിയിരുന്നതായ്
കിടയ്ക്കമേൽഗ്ഗംഗയിലത്തക്ഷകാകൃതിപോലവേ
ശോഭിച്ചിരുന്നതായ് സീതതലയുംവച്ചിരുന്നതായ്
നകത്തിന്നെതിരായ്പ്പോരിൽ മാററാർക്കഴൽവളപ്പതായ്
സുഹൃത്തോഷദമായ് മന്നിലെല്ലാം താങ്ങായിനീണ്ടതായ്
ഇടത്തുഭാഗത്തമ്പെയ്ത്താൽ ഞാൺതഴമ്പിയലുന്നതായ്
സഹസ്രഗോദായകമായ്, പ്പെരുംപരിഘതുല്യമായ്
മഹത്തായ വലംതൃക്കൈതലയ്ക്കും വച്ചുദക്ഷിണൻ
"എനിക്കിപ്പോൾ മരണമോ സമുദ്രത്തെക്കടക്കലോ"
എന്നുറച്ചുബ്ധിയെപ്പാർത്തുശയിച്ചാനാത്തമൗനനായ്
വിശുദ്ധനായ് നിയതനായ് ച്ചെമ്മേരാമൻമഹാഭുജൻ"

(യുദ്ധം. വാത്മീകി. സർഗ്ഗം 21. പ 1—9)

വാത്മീകിയുടെ ശ്രീരാമനു രാജത്വം കൂട്ടമെങ്കിൽ രാമപ്പണിക്കരുടെ ശ്രീരാമന് പരം പുരുഷത്വമാണ് കൂട്ടുന്നതു്. അതിനാൽ വർണ്ണനകളിൽ അങ്ങനെയൊരു ഭേദം കാണുന്നതു് ഗണിക്കാതെ നിവൃത്തിയില്ല. മേൽ ഉദ്ധൃതമായ വിപുലവർണ്ണനയേ കവി ചുരുക്കിയിരിക്കുന്നതിപ്രകാരമാണ്.

"ആനതുകാലംപ്രാങ്മുഖനായലയാഴിയെയുന്തൊഴുതർണ്ണവതീരേ
മാനിതമാകിയദർഭാസ്തീർണ്ണമഹീതലമതിൽവിനയേനകിടന്നാൻ
മാനവവംശശിഖാമണിയായ പരമ്പുരുഷൻ ഭുവനത്രയവീരൻ
വാനവർകോന്നുസമാനനതീവമനോഹരനായ നരേന്ദ്രനിരാമൻ"

(യുദ്ധം. പാട്ട് 124)

"മുന്നം സുവർണ്ണപ്പണ്ടങ്ങളണിയപ്പെട്ടിരുന്നതായ്"
എന്നുമുതൽക്കുള്ള മൂലകാരന്റെ ദീർഘമായ വർണ്ണനയേ

മുഴുവനുംകൂടി "മാനവവംശശിഖാമണി" യെന്നാരംഭിക്കുന്ന ഉത്തരാർദ്ധംകൊണ്ടു് സാധിച്ചിരിക്കുന്നു. വിശേഷണങ്ങളോരോന്നും വിളിച്ചുപറയാതെ മൂലകാരന്റെ വിശേഷണങ്ങളെല്ലാം യോജിക്കുന്ന വർണ്ണവ്യവസ്ഥകളെക്കൊണ്ടു തർജ്ജമ സാധിച്ചിരിക്കുന്ന ഈ രീതി മററുപല സ്ഥലങ്ങളിലേപ്പോലെ വായനക്കാരുടെ ഭാവനാ പാടവത്തെ വികസിപ്പിക്കുന്നതിനു് അത്യന്തം സഹായിക്കുന്നതായിരിക്കുന്നു.

ഈ ആറു കാണ്ഡങ്ങളുടെ തുടർച്ചയായ ഒരു ഭാഗം എന്നമട്ടിൽ തന്നെ ഉത്തരഭാഗം ആരംഭിക്കയാണു് ചെയ്യുന്നതു്. അതിനാലായിരിക്കണം ഇവിടെ പ്രത്യേകവന്ദനങ്ങളോ മററു് ആമുഖങ്ങളോ കാണാതെ ഇരിക്കുന്നതു്.

"ചൊല്ലേറും മനുവംശപരമ്പര-
    ശ്ശൂരനിരാമനരേന്ദ്രനിവണ്ണം
പൊല്ലാനിശിചരരെക്കൊലചെയ്തേ-
    ഭൂപരിപാലനംചെയ്തഴകോടേ.
നല്ലാർജാനകിയോടുമയോദ്ധ്യയിൽ-
    നാനാസുഖമോടിരുന്നതുകാല-
ത്തെല്ലാമുനിവരുമന്നരവീരനെ-
    യിതമൊടുകാണ്മാനായേവന്നാർ"

എന്നിങ്ങനെ ഉത്തരഭാഗം ആരംഭിക്കുന്നു. ഉത്തരഭാഗം സാരസ്യ നിഷ്യന്ദകമായ ഒരു വിവർത്തനം ആണു്. അതിൽ എല്ലാഭാഗങ്ങളും ഒരുപോലെ ശ്രദ്ധേയമാകുന്നു. ചില ഉദാഹരണങ്ങൾ മാത്രം ഇവിടെ കാണിക്കുന്നതിനേ തല്ക്കാലം നിവൃത്തിയുള്ളു. വിദ്യുത്കേശനു സന്ധ്യാത്മജയിൽ ഉണ്ടായ പുത്രനേയുപേക്ഷിച്ചു് അവർ പോയപ്പോൾ ആ കുട്ടി അവിടെ കിടന്നു നിലവിളിച്ചു. ആ അവസരത്തിൽ അവിടെ പാർവ്വതീപരമേശ്വരന്മാരുടെ ആഗമനം ഉണ്ടായതിനെ വർണ്ണിക്കുന്നതിപ്രകാരമാണു്.

"മറയിട്ടവത്തുകാലത്താകാലേ–
മുകിഴ്മലമാത്തമയാളൊട്ടക്രടി.
പിറയണിയുംചെടയൻപുരവൈരി–
പിനാകധരൻപരമേശ്വരനമലൻ.
കറമിറടൻതിരുവടിയെഴുന്നരുള–
ക്കണ്ടാനാദിത്യോദയസമമായ്.
നിറമിയലിന്നനിശാചരപുത്രനെ–
നിലമതിലഴുതുകിടന്നപ്രകാരം
കാരുണികൻപരമേശ്വരനുമാപതി–
കണ്ടുകനിന്തുമമാത്തരചെയ്തു–
ത്താരണിമീതിലിറങ്ങിയെട്ടത്തതി–
സന്തോഷിച്ചുവരങ്ങൾകൊടുത്താൻ
നീരുജനാക,മരത്വമിയന്നുനിരാ–
കുലനായേയയൗവ്വനമോട്ടം
പാരിതിൽവാഴ്ക! സുകേശാ! യെന്നാൻ
പശുപതിയസുര വരാത്മജനോടേ.
ഏറവിരന്താകാശഗമാംപുന–
രിന്ദുകലാധരനായജഗത്പതി
വേറവിടേനിമ്മിച്ചുകൊടുത്താൻ–
വീരതരാ! തവഭവനമിതെന്നേ
ഏറെമതിൻനിഷേകാന്തരമേ–
പ്രസവിക്കനിശാചരിമാരിനി.
മാറിലയായാത്മജ! യൗവ്വനവും–
വരുകെന്നേയെന്നാളുമമാത്തും
ഉമ്പർപിരാനഖിലേശനുമാപതി–
യുടെപരിചാരകനായാകാശേ.
തുമ്പമകന്നമരുംപുരിവാണ്ണ–
സുകേശനുടെ മാഹാത്മ്യംകണ്ടേ.

തൻപ്രിയപുത്രിയെയന്നുസുകേശൻ-
തന്നെവിളിച്ചിതമോടുകൊടുത്താൻ
വമ്പിലകംഗന്ധർവ്വൻഗ്രാമണി-
വൈകാതവനവളെക്കൊണ്ടാൻ."

(ഉ. ഭാ. പാ. 34-37)

പ്രത്യേകഭാഗങ്ങളായി ഉത്തരഭാഗം തിരിച്ചിട്ടില്ല. മൊത്തത്തിൽ പാട്ടുകളെല്ലാം കൂട്ടിച്ചേർത്തിരിക്കയാണു്. എന്നിരുന്നാലും അവസാനംവരെ വായിക്കവാൻ തക്ക വണ്ണം ആകർഷകമായിട്ടാണു് രചന. ഭർതൃപരിത്യക്തയായ സീതാദേവി മുറയിടുന്ന ഭാഗം നോക്കുക:—

എന്നുരചെയ്തതുകേട്ടേജാനകി-
യേറിയസന്താപേനവിറച്ചേ.
നിന്നുപൊറാതേമോഹിച്ചവിടേ-
നിലത്തേവീണുകിടന്നാളൊട്ടേ.
നിന്നാസുമിത്രാത്മജനൊടുപിന്നെ-
നിരൂപിച്ചെഴുതാകുലമൊടുചൊന്നാ-
ളെന്നുംദുഃഖിപ്പാനേകേവല-
മെന്നെവിധാതാനിർമ്മിച്ചോനോ?
ഓരാതെഞാൻപണ്ടതിപാപ-
മുടൻചെയ്തേനോപുനരിതുവരുവാൻ
ദാരാദികളൊടുവേറുപെടുത്തു-
സദാപലരെഖേദിപ്പിച്ചേനോ?
വീരാധിപനാമെൻഭർത്താവു-
വിവേകമൊഴിഞ്ഞെന്നെക്കളവാനെ-
ന്താരേഗതിയിനി? യാശ്രമമതിൽഞാ-
നാരുംകൂടാതേവാഴ്‌വേനോ?
ഓർത്താൽമുനിവരരോടുംപത്നിക-
ളോടുംഞാനിനിയെന്തേചൊൽവൻ?

ധാത്രീപാലകനെന്തേനിന്നേ-
താൻകളവാ? നെന്നവർചോദിച്ചാൽ
പേത്തും ഞാനെറിയാതുമരിപ്പൻ
പിൻപാരുംസന്തതിയില്ലായ്കയിനാൽ
... ... ... ... ...
... ... ... ... ..."

(പാ. 396-400)

കരുണമസൃണവും സ്വാഭാവികവുമായ ഈ വിലാപം തുലോം ഭംഗിയായ ഒരു ഭാഷാന്തരമാണ്. ഈ ഗ്രന്ഥത്തിന്റെ ഒടുവിലാണ് ശ്രീരാമചന്ദ്രന്റെ സ്വർഗ്ഗാരോഹണവർണ്ണനം. ആ അവസരത്തിൽ സകല ജീവരാശികളും ഭഗവാനേ സ്തുതിക്കുന്നുണ്ട്. ഈ സ്തുതിയിൽ ദശാവതാരവർണ്ണനകൾക്കു പുറമേ രാമായണകഥ മുഴുവനും സംഗ്രഹിച്ചിട്ടുണ്ട്. രാമായണം മുഴുവനും നിത്യപാരായണം ചെയ്യണമെന്നുള്ളവർക്ക് ഈ ഭാഗം കൂടുതൽ പ്രയോജനപ്രദമാകുന്നു. പിൽക്കാലത്തു കൃഷ്ണഗാഥാകർത്താവ് ഗാഥയുടെ ഒടുവിൽ ശ്രീകൃഷ്ണകഥ സംഗ്രഹിച്ച് ഈ രീതിയുടെ അനുകരണരസികത്വം സ്പഷ്ടമാക്കിയിട്ടുണ്ട്. ഉത്തരഭാഗത്തിൽ മേൽക്കാണിച്ച ഭാഗങ്ങൾക്കു പുറമേ, നരകവർണ്ണന, സ്വർഗ്ഗാരോഹണം, ഇങ്ങനെ പല ഘട്ടങ്ങളും അത്യന്തം ശ്രദ്ധാർഹങ്ങളാണ്. നരകവർണ്ണനയിൽ വിവിധരസങ്ങളുടെ സങ്കലനമാണ് കാണുന്നതു്. സ്വർഗ്ഗാരോഹണഭാഗം ശാന്താത്മകമായ കരുണത്തെ പ്രകടമാക്കിയിട്ടുള്ളതാണ്. ഇങ്ങനെ വിവിധരസങ്ങളുടെ വിലാസംകൊണ്ടു് ഉത്തരഭാഗം ഹൃദ്യമായിരിക്കുന്നു. സ്വർഗ്ഗാരോഹണഭാഗംകൂടി ഇവിടെ എടുത്തുകാണിക്കാം:—"അയോദ്ധ്യയിലുള്ള സകല പ്രാണിവർഗ്ഗങ്ങളോടുംകൂടി ശ്രീരാമചന്ദ്രൻ സരയൂതീരം പ്രാപിച്ചു."

"അന്നഖിലേശ്വരനംബുജലോചന-
        നാശ്രിതവത്സലനാദിപുരാനും
നിന്നൊരുനാലരനാഴികനേരം-
        നിതരാമേകാത്മാവേയായാൻ"
"ആനത്തുകാലമനേകംപകലവ-
        രവിടേവന്നുദയംചെയ്തതുപോൽ
മാനിതമായ് മൂവുലകുനിറഞ്ഞമ-
        ഹാതേജസ്സോടുമനുകുലതിലകൻ
താനവിടേനിന്നളവുവിധാതാ-
        സകലജഗത്പതിസരസിജസംഭവ-
നൂനമിലാതവിമാനാവലികളോ-
        ടവിടേവന്നാനമരരുമായേ"

(ഉ. ഭാ. പാ. 725-726)

ചുരുക്കിയും വലിയ ആശയം ഉൾക്കൊള്ളിച്ചും ഈ ഭാഗം കവി അവസാനിപ്പിച്ചിരിക്കുന്നതു ശ്രദ്ധാർഹമാണ്.

ചുരുക്കിപ്പറയുന്നപക്ഷം ആദികവി, ഭാരതാംബയുടെ ഓമനപ്പുത്രൻ. "ഏകോരസഃകരുണയേവ" എന്നു പിന്നീടു ഭവഭൂതിയേക്കൊണ്ടു തലകുലുക്കി സമ്മതിപ്പിച്ച വിജ്ഞാനഭണ്ഡാഗാരം, വാത്മീകിമഹർഷി, ഭാരതീയകാവ്യകലയ്ക്കു മുഴുവൻ ആലംബമായി ആരാദ്ധ്യമായി നിർമ്മിച്ച സർവോത്തമമായ രാമായണത്തിന്റെ മേന്മയേയും തൽപ്രകീർത്തിതമായ സൂർയ്യവംശത്തിന്റെ മഹത്വത്തേയും കേരളീയജനതയേ അനുഭവിപ്പിക്കുന്ന വിഷയത്തിൽ രാമപ്പണിക്കർ ചെയ്തിട്ടുള്ള ശ്രമം സർവകാലസംപൂജ്യമെന്നല്ലാതെയൊന്നും പറയാൻ കാണുന്നില്ല. അക്കാലത്തേ ഒരു കേരളവാത്മീകിയായിത്തന്നെ രാമപ്പണിക്കർ പരിലസിക്കുന്നുണ്ടു്. ധർമ്മകർമ്മൈകമൂർത്തി, ഏകപത്നീനിഷ്ഠൻ, പ്രജാഹിതൈ

കാഭിലാഷി, ശ്രീരാമചന്ദ്രനും; ഭാരതീയാദർശപുരുഷനായി രംഗത്തു് ആചന്ദ്രതാരം പ്രശോഭിക്കയും ചെയ്യുന്നു.

## ii ഭാഗവതം

ഇതു് രാമപ്പണിക്കരുടെ ജീവിതത്തിൻെറയും പാണ്ഡിത്യത്തിൻെറയും താരുണ്യഘട്ടത്തിലുള്ളതാണെന്നു പറയേണ്ടിയിരിക്കുന്നു.

രാമായണത്തേപ്പോലെ പ്രസ്തുത ഭാഗവതവും രാമപ്പണിക്കരുടെ സാഹിത്യപരിശ്രമത്തിൻെറ സുവർണ്ണാദ്ധ്യായത്തെയാണു് വെളിവാക്കുന്നതു്.

അസ്പൃശ്യം പശ്യമായിക്കിടന്ന ഈ അമൂല്യരത്നത്തെ ശുദ്ധിചെയ്തു് ലോകസമക്ഷം പ്രദർശിപ്പിച്ചതു് തിരുവിതാംകൂർ ഗവൺമെൻറിനാൽ നിയുക്തനായ ബ്രഹ്മശ്രീ കെ. സാംബശിവശാസ്ത്രി അവർകളാണു്. നിരവധി പാഠഭേദങ്ങൾ അദ്ദേഹം ഇതിൽ കാണിച്ചിട്ടുള്ളതിനാൽ ഒന്നിലധികം ഗ്രന്ഥങ്ങൾ പരിശോധിച്ചു് ശുദ്ധമായ പാഠങ്ങൾ കണ്ടുപിടിച്ചാണു് ഇതിൻെറ പ്രസിദ്ധീകരണം സാധിച്ചിട്ടുള്ളതു് എന്നു വ്യക്തമാണു്. ഈ മഹാഗ്രന്ഥം പ്രത്യേകം പ്രത്യേകം അവതാരികയോടുകൂടി രണ്ടു ഭാഗങ്ങളായിട്ടാണു് പ്രകാശിപ്പിച്ചിരിക്കുന്നതു്. ശ്രീശുകബ്രഹ്മർഷിയാൽ വിരചിതവും നിഗമകല്പതരുഫലവും ആയ ശ്രീമഹാഭാഗവതം ദശമസ്കന്ധത്തെയാണു് രാമപ്പണിക്കർ ഭാഷാവിവർത്തനം ചെയ്തിരിക്കുന്നതു്. ആകെ 91 അദ്ധ്യായങ്ങളുള്ളതിൽ 49 അദ്ധ്യായങ്ങൾ ഒന്നാംഭാഗത്തിലും ബാക്കി 42 അദ്ധ്യായങ്ങൾ രണ്ടാംഭാഗത്തിലും അടങ്ങിയിരിക്കുന്നു.

രാമായണത്തെപ്പോലെതന്നെ ഭാഗവതം മുഴുവനായും ഭാഗങ്ങളായും രാമപ്പണിക്കരെക്കൂടാതെ വേറെ പല കവികളും തർജ്ജമ ചെയ്തിട്ടുണ്ടു്. എന്നാൽ അവ പിൽക്കാല

കവിതകളാണ്. ഭാഗവതം ദശമത്തിൻെറ സരസലളിതമായ പ്രതിബിംബമായി കൃഷ്ണഗാഥ, ശ്രീകൃഷ്ണചരിതം മണിപ്രവാളം, തുഞ്ചത്തു ഗുരുപാദരുടെ സമ്പൂർണ്ണഭാഗവതം ഇങ്ങനെ അനേകം ഗ്രന്ഥങ്ങൾ നമുക്കുണ്ട്. ഏകാദശം തന്നെ വരവൂർ ശാമുമേനോൻ അവർകൾ തർജ്ജമ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രസിദ്ധീകരണപരമ്പരകളിൽ പ്രഥമമായ സ്ഥാനമാണ് രാമപ്പണിക്കരുടെ ഗ്രന്ഥത്തിനുള്ളതെന്നു നിർമ്മത്സരന്മാർ സമ്മതിക്കതന്നെ ചെയ്യും.

മഹാവിഷ്ണുവിന്റെ പൂർണ്ണാവതാരമാണ് ശ്രീകൃഷ്ണൻ. ആ അവതാരകഥ അറിവില്ലാത്ത ഭാരതീയരെന്നല്ല അജ്ഞരാരുംതന്നെയുണ്ടായിരിക്കയില്ല. എന്നാൽ മൂലകഥയേ അതേരൂപത്തിലും, പിൽക്കാലകവികളുടെ മനോധർമ്മ ഭേദകത്തിലും, ഇങ്ങനെ പല വിധത്തിലായിരിക്കും പ്രചരിപ്പിച്ചിട്ടുള്ളതു്, എന്നു ഗണിക്കേണ്ടിയിരിക്കുന്നു. ഒരു തർജ്ജമക്കാരൻെറ ധാർമ്മികമായ കടമ മുഴുവൻ ഭാഗവതത്തിൽ രാമപ്പണിക്കർ അംഗീകരിച്ചിട്ടുണ്ടെന്നു പരിശോധിച്ചാലറിയാവുന്നതാണ്. ഏതാനും പ്രകരണങ്ങളുദ്ധരിച്ചു് ഈ തത്വത്തെ വെളിവാക്കുകമാത്രമാണ് ഇവിടെ ചെയ്യുന്നതു്. വൃത്താനുവൃത്തവും പദാനുപദവുമായ തർജ്ജമയേക്കാൾ ഭൂരിപക്ഷം ലോകം ഇഷ്ടപ്പെടുന്നതു് കാവ്യഗുണോപേതമായ സാരാംശപ്രതിപാദനമാണെന്നുള്ള തത്വം നിരണംകവികളുടെ കാലത്തു് ഊർജ്ജിതത്തിലിരുന്നുവെന്നുള്ളതിനു പക്ഷാന്തരമില്ല. ആ പരമാർത്ഥത്തെ നിരണം കവിതകൾ തെളിച്ചു കാട്ടുന്നുമുണ്ട്. എങ്കിലും മൂലഗ്രന്ഥത്തോടു് കഴിയുന്നത്ര അടുപ്പിച്ചുതന്നെയാണ് ഭാഗവതം തർജ്ജമയുടെ പോക്കെന്നു പറയേണ്ടിയിരിക്കുന്നു.

ഒന്നാം അദ്ധ്യായത്തിൽ പ്രാരംഭമായി കവിയുടെ സ്വന്തം സ്തുതികൾ കഴിഞ്ഞാൽ മൂലത്തെ അനുസരിച്ചുതന്നെ കഥ ആരംഭിക്കയാണ് ചെയ്യുന്നതു്.

രാജോവാച:—

"കഥിതോവംശവിസ്താരോഭവതാസോമസൂര്യയോഃ
രാജ്ഞാം ചോഭയവംശ്യാനാംചരിതം പരമാത്ഭുതം
യദോശ്ചധർമ്മശീലസ്യ നിതരാം മുനിസത്തമ!
തത്രാംശേനാവതീർണ്ണസ്യവിഷ്ണോർവ്വീര്യാണിശംസനഃ"

(മൂ. അ. 1 ശ്ലോ. 1. 2.)

ചന്ദ്രവംശത്തിലെ രാജാവായ ശ്രീപരീക്ഷിത്തിന് ശുകബ്രഹ്മർഷി ഏഴു ദിവസംകൊണ്ടാണ് ശ്രീമഹാഭാഗവതം ഉപദേശിക്കുന്നതു്. അതിൽ ആദ്യത്തെ ഒൻപതു സ്കന്ധങ്ങളിലായി നിരവധി അദ്ധ്യായങ്ങളെക്കൊണ്ടു് വിവിധ കഥകൾ വിസ്തരിച്ചുകഴിഞ്ഞിരിക്കുന്നു. അടുത്തതായി യദുവംശാബ്ധിരാകാശശാങ്കനായ ഭഗവാൻ ശ്രീകൃഷ്ണന്റെ കഥാപ്രതിപാദനം ദശമസ്കന്ധത്തിൽ ആദ്യമായി ആരംഭിക്കുന്നു. രാമപ്പണിക്കർ പ്രാരംഭസ്തുതികൾക്കായി അഞ്ചു പാട്ടുകൾ എടുത്തശേഷം ആറാം പാട്ടിൽ കഥ ആരംഭിക്കയാണു് ചെയ്യുന്നതു്.

"എല്ലാഗ്ഗുണമുടയപരീക്ഷി
ത്തിതമൊടു ശ്രീശുകമാമുനിയോടേ
മെല്ലേ ചോദിച്ചാൻ "ഭവതാമമ-
വിസ്മയമാകിയ സൂരിയവംശം,
ഉല്ലാസത്തൊടു സോമകുലത്തെയു-
മൊട്ടൊഴിയാതേയരുളിച്ചെയ്തിതു
ചൊല്ലാമെന്നാൽ ശ്രീകൃഷ്ണൻകഥ-
യിതമൊടുകേട്ടില്ലല്ലോയിന്നും
എല്ലയില്ലാതമഹാധാർമ്മികനാ-
യീടിയയദുവംശേസ-ാംശത്തോ-
ടല്ലലനത്തു ജഗത്തും തീപ്പാ-
നായവതാരം ചെയ്തഖിലേശൻ

ചൊല്ലുക ചെയ്തമഹാവ്യാപാരം
ശോഭയോടേപുനരൊട്ടൊഴിയാതേ
എല്ലാം വിസ്താരേണയെനിക്കാ-
യിപ്പോഴുരതേപുനരെന്നു "നൃപേന്ദ്രൻ"

ആദ്യന്തം മനോഹരമായ ശ്രീമഹാഭാഗവതത്തെ അതേ പടിയിൽ കേരളീയജനതാമദ്ധ്യത്തിൽ പ്രകാശിപ്പിക്കുന്നതിനും, എന്നാൽ ഔചിത്യംപോലെ മനോധർമ്മപൂർണ്ണമാക്കുന്നതിനും കവി അനന്യസാധാരണമായി ദീക്ഷിച്ചിട്ടുണ്ടു്.

നിതാന്തസുന്ദരവും, പ്രശാന്തരമണീയവുമായ ശ്രീകൃഷ്ണാവതാരസമയവും, ഭഗവത്സ്വരൂപവും, ഭക്തിസങ്കുലമായ അന്തരീക്ഷത്തെ പുഷ്ടിപ്പെടുത്തിയാണു് രാമപ്പണിക്കർ ഭാഷപ്പെടുത്തിയിട്ടുള്ളതു്. ഈ ഘട്ടത്തെ ആധാരമാക്കി പല കവികളും കാവ്യരചന സാധിച്ചിട്ടുണ്ടു്. അവയിലെല്ലാം ഒരുപോലെ ആസ്വാദ്യാവസ്ഥ നമുക്കു കാണുകയും ചെയ്യാം.

"അഥസവ്ഗുണോപേത—കാലഃപരമശോഭനഃ
യർഹ്യേവാജനജന്മർക്ഷം—ശാന്തർക്ഷഗ്രഹതാരകം
ദിശഃപ്രസേദുർഗ്ഗഗനം—നിർമ്മലോഡുഗണോദയം
മഹീമംഗലഭൂയിഷ്ഠ—പുരഗ്രാമവ്രജാകരാ
നദ്യഃപ്രസന്നസലിലാ—ഹ്രദാജലരുഹശ്രിയഃ
ദ്വിജാളികുലസന്നാദ സ്തബകാവനരാജയഃ
വവൗവായുസ്സുഖസ്പർശഃ—പുണ്യഗന്ധവഹശ്ശുചിഃ
അഗ്നയശ്ചദ്വിജാതീനാം—ശാന്താസ്തത്രസമിന്ധത
മനാംസ്യാസൻ പ്രസന്നാനി—സാധൂനാമസുരദ്രുഹാം
ജായമാനേജനേ തസ്മിൻ—നെദുർദ്ദുന്ദുഭയോദിവി
ജഗുഃകിന്നരഗന്ധർവ്വാ—സ്തുഷ്ടുവുസ്സിദ്ധചാരണാഃ
വിദ്യാധര്യശ്ചനനൃതു—രപ്സരോഭിസ്സമം മുദാ,
മുമുചുർമ്മുനയോദേവാഃ സുമനാംസിമുദാന്വിതാഃ
മന്ദമന്ദം ജലധരാ.... ജഗർജ്ജുരനുസാഗരം"

(മൃ. അ 3. പ. 1—7)

സൽഗ്ഗുണങ്ങളോടു ചേൎന്ന പരമശോഭനമായ കാലം. രോഹിണീനക്ഷത്രം. ഗ്രഹതാരകങ്ങൾ ശാന്തം. ദിക്കുകൾ സുപ്രസന്നം. ആകാശം നിൎമ്മലവും താരാഗണസേവിതവുമാണ്. മംഗലഭൂയിഷ്ഠങ്ങളായ പുരഗ്രാമഗോകുലരത്നസമന്വിതമായ മഹീമണ്ഡലം. നദികൾ പ്രസന്നസലിലകളായും ഹ്രദങ്ങൾ അംബുജസൂനശ്രീവിരാജിതങ്ങളായും കാണുന്നു. പൂങ്കുലകളും ഭൃംഗസമൂഹങ്ങളും ചേൎന്നുവിരാജമാനമായ വനനിരകൾ. സുഖസ്പൎശിയും പുണ്യഗന്ധവാഹിയുമായ മന്ദമാരുതൻ. ശാന്തോജ്ജ്വലങ്ങളായ ഹോമാഗ്നികൾ. സാധുഹൃദയങ്ങൾ സൎവ്വത്ര സുപ്രസന്നം. ദുന്ദുഭി തുടങ്ങിയ വാദ്യഘോഷങ്ങൾ. കിന്നരഗന്ധൎവ്വാദികളുടെ ഗാനങ്ങൾ. വിദ്യാധരിമാരുടേയും അപ്സരസ്സുകളുടേയും മോഹനലാസ്യങ്ങൾ. ദേവന്മാരുടെ പുഷ്പവൃഷ്ടി. മേഘങ്ങളുടെ സ്വച്ഛന്ദസഞ്ചാരം. ഹാ! എത്ര ആകൎഷകമായ ഒരവസരത്തിലാണ് ശ്രീകൃഷ്ണജനനം! ഈ മോഹനാവസരത്തെ മഹാനായ മേൽപ്പുത്തൂർ നാരായണീയത്തിൽ വൎണ്ണിക്കുന്നതു് ഇപ്രകാരമാണ്. പ്രസ്തുതഗ്രന്ഥം ഭാഗവതത്തിന്റെ ഒരു സംഗ്രഹമാകുന്നു. നോക്കുക:-

"ആനന്ദരൂപ ഭഗവന്നയി തേവതാരേ
പ്രാപ്തേ പ്രദീപ്തഭവദംഗനിരീയമാണൈഃ
കാന്തിവ്രജൈരിവ ഘനാഘനമണ്ഡലൈർദ്യാ-
മാവൃണ്വതീ വിരുരുചേ കില വൎഷവേലാ.
ആശാസു ശീതളതരാസു പയോദതോയൈ-
രാശാസിതാപ്തിവിവശേഷു ച സജ്ജനേഷു
നൈശാകരോദയവിധൗ നിശി മദ്ധ്യമായാം
ക്ലേശാപഹസ്ത്രിജഗതാം ത്വമിഹാവിരാസീഃ"

ഇങ്ങനെയുള്ള സംഗ്രഹം മൂലത്തെ ആധാരമാക്കിത്തന്നെയാണു് കാണുന്നതു്. കൂടുതൽ മനോധൎമ്മമൊന്നും

കാണുന്നില്ല. ഭാഷാകവികളിൽ സരസാഗ്രേസരനായ കുഞ്ചൻനമ്പ്യാരുടെ വർണ്ണന നോക്കാം.

DHARMARAM COLLEGE LIBRARY, BANGALORE. 20231

"ലോകൈകനാഥൻെറശുഭാവതാരേ-
ലോകങ്ങളെല്ലാമുടനേതെളിഞ്ഞു
മാകന്ദമന്ദാരസുഗന്ധവാഹീ-
മാഴ്കാതവണ്ണംവിലസീസമീരൻ.
പ്രസന്നരായീതുജനങ്ങളെല്ലാം
പ്രസൂനവർഷംഗഗനേതുടങ്ങി"

(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

അടുത്തതായി കൃഷ്ണഗാഥാകർത്താവിൻെറ വർണ്ണനാരസികത്വം കൂടി നോക്കാം.

"മംഗലജാലങ്ങൾപൊങ്ങിനിന്നെങ്ങുമേ-
തിങ്ങിയെഴുന്നുതുടങ്ങിയപ്പോൾ.
ആരണർകുണ്ഡത്തിലഗ്നികളെല്ലാമേ-
പാരമെഴുന്നുവലംചുഴന്നു.
സ്വച്ഛങ്ങളായ്‌വന്നുതോയങ്ങളെല്ലാമേ-
സജ്ജനമാനസമെന്നപോലേ.
താരങ്ങളായുള്ളഹാരങ്ങൾപൂണ്ടിട്ടു
പാരംവിളങ്ങീവിയത്തുമപ്പോൾ.
മത്തങ്ങളായ്‌നിന്നുപാടിത്തുടങ്ങീതു
ചിത്തംതെളിഞ്ഞുള്ളഭൃംഗങ്ങളും
മന്ദമായ് വന്നങ്ങുവീശിത്തുടങ്ങിനാൻ
സുന്ദരമായോരുതെന്നൽ താനും
ഇങ്ങനെയോരോരോനന്മകൾപിന്നെയും
മംഗലമായിട്ടുവന്നുകൂടീ."

ഇങ്ങനെ വിവിധതൂലികാവിലാസങ്ങൾക്കു വിധേയമായ ഈ മോഹനാവസരം രാമപ്പണിക്കർ അവതരിപ്പിച്ചിരിക്കുന്നതു് ഇപ്രകാരമാണു്.

" ... ... ... ... ... ചതുർ
ദശലോകങ്ങളുമതിശോഭിതമായ്—
,നിന്നതുനാളവതാരംചെയ്യാൻ.
അതുനേരംഭൂമിയുമതിശോഭിത—
മായാകാശേനക്ഷത്രങ്ങളു
മിതമായ് വായുസുഖസ്പർശനമാ—
യെങ്ങുംവീചിസുഗന്ധത്തോടേ.
അതുനേരത്തുജ്വലിച്ചുദ്വിജന്മാ—
രഗ്നിയു,മസുരകൾചിത്തംവിറച്ചിതു
അതുനേരംദുന്ദുഭിയുടെയൊച്ചയു—
മാകാശേകേട്ടിതുമുടന്നുടനേ.
ഉടനേകിന്നരഗന്ധർവ്വാദിക—
ളൊരുമനമോടേപാടീതാടി,
പടഹാദികളൊടുസന്തുഷ്ടരുമായ്
പരമാനന്ദംമനസിനിറഞ്ഞേ.
വടിവീടിയരാത്രൗസിംഹമ—
ഹാമാസേയഷ്ടമിരോഹണിനാ—
ളടിയാർകരുവിന്നതീക്കുംനാരാ—
യണനപ്പൊഴുതവതാരം ചെയ്യാൻ"

രാമപ്പണിക്കരുടെ സ്വതന്ത്ര ശൈലിയിൽ രസനിഷ്യന്ദകവും ഭക്തിസങ്കുലവുമായിട്ടുള്ള ഈ വർണ്ണനയുടെ ഹൃദയംഗമത്വം വാചാമഗോചരം തന്നെ. ചുവടേ ചേർക്കുന്ന ഭാഗവതപദ്യങ്ങൾ ശ്രീകൃഷ്ണകീർത്തനമായി ഭക്ത

ന്മാർ ചൊല്ലാറുണ്ട്. അവ, അവതീർണ്ണമായ ഭഗവദ്രൂപത്തിന്റെ സർവ്വമോഹനമായ ഒരു ചിത്രമാണ്.

"തമദ്ഭുതം ബാലകമംബുജേക്ഷണം
ചതുർഭുജംശംഖഗദാർയ്യുദായുധം
ശ്രീവത്സലക്ഷ്മംഗളശോഭികൗസ്തുഭം
പീതാംബരംസാന്ദ്രപയോദസൗഭഗം
മഹാർഹവൈഡൂര്യ്യകിരീടകുണ്ഡല—
ത്വിഷാപരിഷ്വക്തസഹസ്രകുന്തളം
ഉദ്ദാമകാഞ്ച്യംഗദകങ്കണാദിഭിഃ
വിരോചമാനം വസുദേവഐക്ഷത"

(മൂ: അ. 3 പ 9—10)

വിവർത്തകന്റെ ചിത്രീകരണം നമ്മുടെ ഹൃദയഭിത്തിയിൽ എത്രമാത്രം പ്രശോഭിക്കുന്നെന്നു നോക്കുക!

"താനൊരു മേഘനിറത്തൊടു കൈയ്യിൽ—
ശംഖൊടുപത്മം ചക്രം ഗദയും
മാനിതമാകിയ മഞ്ഞപ്പട്ടൊടു—
മകരമഹാകുണ്ഡലമുടനൊന്നും
ഉപമയില്ലാതൊരുകൗസ്തുഭമണിപുന—
രുദരമഹാബന്ധം വളകടകം
മാനിതമാമുരസ്ഥപുരമാദിമ—
ഹാലം കൃതനായ്ക്കണ്ടിതുതാതൻ."

(അ. 3. പാ. 4.)

കൈരളീഭക്തന്മാർ പുലർകാലത്തിൽ കീർത്തനം ചൊല്ലുന്നതിന് ഇതംഗീകരിച്ചാൽ ഒരു മഹത്സേവനം, ബഹുധാ, പൂർവ്വികാരാധനം, കൈരളീസേവനം, ശ്രീകൃഷ്ണഭജനം, ഇങ്ങനെ പലവിധത്തിൽ—സാധിച്ചതായി

കൃതാൎത്ഥതയ്ക്കുപകാരമുണ്ടാകും. ശാന്തരസപ്രധാനമായ ഭക്തിക്കനുഗുണമായ ശയ്യാഗതിയും ഇവിടെക്കാണുന്നതു ശ്രദ്ധേയമാണു്.

കംസൻെറ ആജ്ഞാനുസരണം പരമദുഷ്ടയായ പൂതന നടത്തിയ ശിശുനിഗ്രഹങ്ങൾക്ക കൈയ്യും കണക്കു മില്ല. അവൾ സുന്ദരീവേഷമണിഞ്ഞു് അമ്പാടിയിൽ പ്രവേശിക്കുന്ന ഭാഗം നോക്കുക:—

"സാഖേചൎയ്യേകദോപേത്യ—
പൂതനാനന്ദഗോകുലം.
യോഷിത്വാമായയാത്മാനം
പ്രാവിശൽകാമചാരിണീ
താംകേശബന്ധവ്യതിഷക്തമല്ലികാം
ബൃഹന്നിതംബസ്തനകൃച്ഛ്മദ്ധ്യമാം
സുവാസസംകമ്പിതകൎണ്ണഭൂഷണ—
ത്വിഷോല്ലസൽകുന്തളമണ്ഡിതാനനാം.
വൽഗുസ്മിതാപാംഗനിസൎഗ്ഗവീക്ഷിതൈ—
ൎമ്മനോഹരന്തീംവനിതാംവ്രജൗകസാം
അമംസതാംഭോജകരേണരൂപിണീം
ഗോപ്യഃശ്രിയം ദ്രഷ്ടുമിവാഗതാംപതിം"

(മൂ. അ. 6–ശ്ലോ 4—6)

ഈ ഭാഗത്തിൻെറ ഭാഷാന്തരം നോക്കാം.

"അന്നു പുരഗ്രാമാദികൾതന്നിലു—
മവതാരം ചെയ്തോരുശിശുക്കളെ
ഒന്നൊഴിയാതെകൊന്നുനടന്നാ—
ളുടനെ പൂതനയതിസുന്ദരിയായ്

ചെന്നിതൊരുന്നാറം നന്ദഗൃഹേയവറം
ചെന്താമര നിജകൈകൊടെടുത്തി-
ട്ടന്നൊരു ശ്രീ ഭഗവതിയെപ്പോലെ-
അമ്പാടിയിൽനൃപവരകുലവീരാ!
വരമാകിയകുന്തളഭാരത്തിടെ-
വകവകയേ പുഷ്പങ്ങളണിഞ്ഞവറം,
പരിചീടുന്നനിതംബസ്തനമിട-
പാക്കിലൊടിഞ്ഞിടുമെന്നേതോന്നും;
വരവാരണമതിനുടെനടയോടു-
മഹാവസ്ത്രാഭരണാദികളോടേ
തിരുനീറാലണിയും കനൽപോലെ-
ദശിച്ചാറംബാലകനെയതിശോഭാ.

(അ. 6. പാ. 2-3)

തന്മയത്വപരിപൂർണ്ണമായ ഈ ചിത്രം അത്യാകർഷകമാണു്. "ചെന്താമര.........ശ്രീ ഭഗവതിയെപ്പോലെ" എന്നുള്ള ഉപമ ഗോകുലവാസികറം അവളെ ആനന്ദപൂർവ്വം സ്വീകരിച്ചതിൽ അതിശയമില്ലെന്നു കാണിക്കുന്ന ഒരു സ്വതന്ത്രകല്പനയാണു്! 'കൃശമദ്ധ്യമാം' എന്നതിനു് 'ഇടപാക്കിലൊടിഞ്ഞിടുമെന്നേ തോന്നും' എന്നു ഭാഷപ്പെടുത്തിയതിലുള്ള സഹൃദയത്വം ഊഹൈകവേദ്യമായിട്ടുള്ളതാകുന്നു. "തിരുനീറാലണിയും കനൽപോലെ"യെന്നുള്ള ഉപമ ഭഗവാനും പൂതനയ്ക്കും ഒരുപോലെ പററുന്നതാണു്. പൂതന ദുഷ്ടതകൊണ്ടെങ്കിൽ ശ്രീകൃഷ്ണൻ ശിഷ്ടരക്ഷണാത്ഥം മായാമാനുഷവേഷമെടുത്തു് ദുഷ്ടനിഗ്രഹതേജസ്സിനെ അന്തർനിഗ്രഹിതനാണു്. അവളുടെ മായാസുന്ദരീത്വം ശിഷ്ടനിഗ്രഹത്തിനെന്നു ഭേദം. നോക്കുക കവിയുടെ പാണ്ഡിത്യവൈപുല്യം.

കംസൻെറ അനേകം കിങ്കരന്മാർ മായാവികളായി വിവിധവേഷത്തിൽ ശ്രീകൃഷ്ണനെ നിഗ്രഹിക്കാനായി

ശ്രമിച്ചു. അവരിൽ ഒരാളായ തൃണാവൎത്തൻ ചുഴലിക്കാററായി ആഗമിച്ചു നിഗ്രഹശ്രമത്തിലേൎപ്പെട്ടു. ആ അവസരം ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു.

"തൃണാവൎത്തക: ശാന്തരയോ
വാത്യാത്മോപധരോഹരൻ.
കൃഷ്ണംനഭോഗതോഗന്തും
നാശക്നോൽഭൂരിഭാരഭൃത്
തമശ്മാനംമന്യമാന
ആത്മനോഗുരുമത്തയാ
ഗളേഗ്രഹീതഉൽസ്രഷ്ടും
നാശക്നോദത്ഭുതാൎഭകം
ഗളഗ്രഹണനിശ്ചേഷ്ടോ
ദൈത്യോനിൎഗ്ഗതലോചന:
അവ്യക്തരാവോന്യപതൽ
സഹബാലോവ്യസുർവ്രജെ.
തമന്തരിക്ഷാത് പതിതംശിലായാം
വിശീൎണ്ണസൎവ്വാവയവംകരാളം
പുരംയഥാരുദ്രശരേണവിദ്ധം
സ്ത്രിയോരുദത്യോദദൃശു: സമേതാ:"

(ഭാ. അ. 7. ശ്ലോ. 26–29)

ചക്രവാതമായി തൃണാവൎത്താസുരൻ വന്നു. ശ്രീകൃഷ്ണനെ എടുത്തു മേല്പോട്ടു തിരിച്ചുവെങ്കിലും ഭാരക്കൂടുതൽ—ഒരു മനുഷ്യശിശുവിൽക്കവിഞ്ഞു വളരെ വളരെ അധികം—തോന്നിയതിനാൽ ക്രമാധികമായി അസുരന് ഉയരാൻ സാധിച്ചില്ല. ഭാരക്കൂടുതലുള്ള ആ നീലപൎവ്വതത്തെ താഴെയിടാമെന്നായി അസുരൻെറ ആഗ്രഹം. പക്ഷേ തൻെറ കഴുത്തിൽ പിടികൂടിയിരുന്ന ആ അത്ഭുതശിശുവിനെ താഴെയിടാൻ അയാശം ശക്തനായില്ല. കേവലം

ഒരു ശിശുവിനോടു മഹാമായാവിയും അതിപരാക്രമിയും ആയ തൃണാവർത്താസുരനു പിണഞ്ഞ പരാജയം അതിശയിക്കത്തക്കതുതന്നെ!—ഇതു് ഒരസാധാരണശിശുവാണെന്നു് അയാൾ ഓർത്തില്ലായിരിക്കാം!—എന്തിനധികം! മാരിതനായ അസുരൻ ശിശുവിനോടുകൂടി ഭൂമിയിൽ പതിച്ചു. "പുരംയഥാരുദ്രശരേണ വിദ്ധം" എന്ന മട്ടിൽ അശ്മനിപതിതമായ ആ രൂപത്തേ ശിശുവോടുകൂടി സങ്കടവതികളായ സ്ത്രീകൾ കണ്ടു. കുഞ്ചൻനമ്പ്യാർ ഈ ഭാഗം തുലോം സംഗ്രഹിച്ചാണു് കാണിച്ചിരിക്കുന്നതു്.

"ക്ഷണംതൃണാവർത്തമഹാസുരൻ താ-
നണഞ്ഞു ചക്രാനിലവേഷധാരീ
വനാന്തകത്തദ്രിതടം പൊടിച്ചു
കനക്കവേ ഭൂമിതലം കുലുക്കി
ഭൂരേണുനാ വിശ്വമിരുട്ടടപ്പി
ച്ചാരാലണഞ്ഞീടിന ചക്രവാതം
നാരായണൻതന്നെവഹിച്ചുമൂഢൻ
പാരാതെമേൽപോട്ടുയരുംദശായാം
കണ്ഠേകരംകൊണ്ടുപിടിച്ചുദേവൻ
കണ്ഠേതരാഞ്ഞെക്കിയമത്തനേരം
പ്രാണംവെടിഞ്ഞാശുമഹാദ്രിതുല്യൻ
ക്ഷോണീതലേ വീണിതു യാതുധാനൻ"

(സ: 3. പ. 4–6)

വർണ്ണനാചതുരനായ ചെറുശ്ശേരി ഈ അവസരത്തിൽ തന്റെ പേടകത്തെ ഒന്നുകൂടി തുറന്നുവെച്ചിട്ടില്ല, കേവലം സംഭവം മാത്രം കാണിച്ചു് അദ്ദേഹം തൃപ്തനായിരിക്കുന്നു. എന്നാൽ തുഞ്ചത്തു ഗുരുപാദർ മൂലാതിശായിയായിത്തന്നെ ഈ ഭാഗം വർണ്ണിച്ചിട്ടുണ്ടു്. രാമപ്പണിക്കരുടെ വർണ്ണനയുമായി ഒത്തുനോക്കാം.

"പുനരഥ ചുഴലിക്കാററായ് വന്നാൻ-
പൊങ്ങിനനാദത്തോടത്യന്തം
ജനമവർ തമ്മെ മറയ്ക്കുംവണ്ണം
നിതരാം ശർക്കരയാൽ ധൂളിച്ചു.
ചിനമൊട്ടുബാലകനെക്കൈലേന്തി-
ത്തെളിവൊട്ടുപോയീതവനാകാശേ.
മന്നകുലതിലകഃ! നയനമെവർക്കും
വശമായില്ലതുറപ്പാനതുനാൾ.
അതുനേരത്തരചാപൊടിയാലെ
യാവൃതമാകിയനേരം മാതാ
വതുനേരത്താത്മജനെക്കാണാ-
ഞ്ഞവിടേവീണ്ണാളതിദുഃഖിതയായ്.
അതുനേരത്തു തുറപ്പാൻ നയനവൃ-
മായില്ലേവർഷിച്ചൊരുപൊടിയാ-
ലതുനേരത്തെല്ലാഗോപികളു-
മണഞ്ഞൊരശ്രുജലത്തൊടുകൂടെ
അശ്രുജലത്തൊടുഗോപസ്ത്രീകളു-
മമ്മയുമാത്മജനെച്ചിന്തിച്ചു
രശ്രുജലത്തൊടുഗോക്കൾ സുതൻമൃത-
നായതുനേരം കരയുംപോലെ
അശ്രുതിയോടേമേവിനകാല-
ത്തംബരമാർഗ്ഗേ ചുഴലിക്കാററായ്
അച്യുതനെഘോരനായുയന്നസുരനു,
മന്നകനത്തുതുടങ്ങീതേററം.
കനത്തെരുളുംബാലകനെവിട്ടത്തേ-
കളവാനുംവശമായില്ലസുര-
ന്നനർത്ഥമിതെൻരുകഴുത്തിൽപിടിപെ-
ട്ടാനതിനാൽനിഗ്ഗതലോചനനായ്

കനത്തമഹാമലവീഴുംപോലത്ത
കാലംപ്രാണവിയോഗത്തോടും
അനത്ഥപ്പെട്ടവനിയിലേവീണ്ണിത്ത
ജീർണ്ണാകൃതിയായ് ബാലനമായേ"

(അ: 7. പാ. 12-15)

തുഞ്ചത്തു ഗുരുപാദരുടെ ഭാഗവതത്തിൽ ഇപ്രകാരം വർണ്ണിക്കുന്നു:—

"പിന്നെയും കംസനയച്ചുവരുന്നതി-
ലുന്നതനാംതൃണാവത്തനൊരുദിനം
വന്നുവ്രജംപുക്കുതന്നുടെദേഹവു-
മന്യൂനമായയാലാശുമറച്ചവൻ
സന്നിധിപുക്കതറിഞ്ഞുനന്ദാത്മജ-
മുണ്ണിയെസമ്മോദമുൾക്കലെന്നമ്മയും
ചെമ്മേപരിചോടെടുത്തുപരിചരി-
ച്ചുമ്മഞ്ഞിനൽകിനടക്കുംദശാന്തരേ
പാരംകനത്തുതുടങ്ങിജഗത്രയ-
കാരണനാംജഗത് കുക്ഷിതിരുവുടൽ
ഭാരംമുഴുത്തെടുത്തീടരുതായ്കയാൽ
ചാരുതല്പേകിടത്തീടുവാനായവൾ
നേരേനടന്നതരുതാഞ്ഞുവീഴുംതരം
പാരിലിരുന്നുനാരായണൻതന്നെയും
വച്ചുഭുവനൈകനായകനാകിയോ-
രച്യുതൻതന്നെയും ധ്യാനിച്ചോരിത്തിരി
പൃത്ഥ്വിയിലാമ്മാറിരുന്നെഴനീററുത-
ദച്ക്രുപാദക്ഷാളനായ്പോകുംവിധൌ
തെറെറന്നുകാററായ് ചുഴന്നുവന്നുണ്ണിയെ
ചുററിയെടുത്തുനടന്നാനസുരനും

കാററുംപൊടിയുംമുഴത്തൊരിരുട്ടുമ-
ങ്ങേററംവളന്നോരിരപ്പും മുഴക്കവും
ചേൎത്തുചുഴിഞ്ഞുചുഴിഞ്ഞുപൊങ്ങീടിനാ-
നാൎത്താൎത്തിനാശനൻതന്നെയുംകൊണ്ടവൻ.
തത്സമയേസകലേശനായ്മേവിന-
വത്സനെക്കാണാഞ്ഞുനന്ദവിലാസിനി,
ദുഃഖിച്ചുവക്ഷസിതാഡിച്ചുപാരിൽവീ-
ണാക്രന്ദനംവിട്ടുകരഞ്ഞുരുണ്ടീടിനാൾ
മററുള്ളഗോപീജനങ്ങളുംവീണുരു-
ണ്ടുററാവനെച്ചൊല്ലിവാവിട്ടലറിനാർ

.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....
.... .... .... .... .... ....

കഷ്ടമേകാററും ചുഴലിയുംപോയ് മറ
ഞ്ഞൊട്ടൊട്ടുദിക്കുകൾകാണായുളവോരോ
കട്ടകൾകല്ലുകൾമുട്ടികൾപാറകൾ
വട്ടശ്ശിലകൾപത്രങ്ങൾപതത്രികൾ
പുഷ്പരേണിന്നങ്ങുവീണുധരിത്രിയിൽ
അക്ഷണമങ്ങവകണ്ടുഗോപാലരും
മണ്ടിനാർ, പേടിച്ചുരണ്ടസുരേന്ദ്രനും
കൊണ്ടൽനേൎവ്വൎണ്ണനെക്കൊണ്ടുവിഹായസാ
കണ്ടുകൂടാതോളമാൎത്തുമേൽപോട്ടൊരു-
കണ്റതയെന്നിയേചെന്നുതന്നാത്മനി
ചിന്തിച്ചകാൎയ്യംലഭിച്ചിതെന്നിങ്ങനെ
ചിന്തിച്ചുകൊന്നുഭുജിപ്പതിന്നായവൻ

ചിന്തിച്ചുളവുമഹാമഹതാംമഹാ-
ചിന്തനീയപ്രദനായനിരാമയൻ
സംപ്രതിതൽസ്വതാവിഷ്ടഭാരംജ്വലി-
ച്ചമ്പരന്നെന്നപോലേവലഞ്ഞീടിനാൻ.
തൽക്ഷണമങ്ങൊരുപൃഥീധരോപമം
ഉത്തമശ്ലോകനാമർഭകൻതന്നുടൽ
സത്വരമേററംകനത്തുചമഞ്ഞതി-
ശക്തനങ്ങൽപതിച്ചീടരുതായ്കയാൽ
വട്ടംതിരിഞ്ഞുതിരിഞ്ഞുഴലുന്നവൻ
കട്ടക്കിടാവിനെവേർപെടുത്തീടുവാൻ
പെട്ടെന്നനേകംതൊഴിലെടുത്തീടിനാൻ
കെട്ടിപ്പിടിച്ചുപററീടിനാൻബാലകൻ
കണ്ഠംമുറുകെമുറുകെക്രമേണഭീ-
കൊണ്ടെന്നപോലെവൈകുണ്ഠൻപിടിച്ചു-
കൊണ്ടവൻവീർപ്പുകൾനേരേപുറപ്പെടാ-
ഞ്ഞിടൽപൂണ്ടുണ്ടായസങ്കടംകൊണ്ടുകാൽ
രണ്ടുംതലയുംകുടഞ്ഞുകുടഞ്ഞക-
ത്തണ്ടിലെഴമിടർകൊണ്ടുമിഴികളും-
നട്ടുനിശ്ചേഷ്ടനായ്മറഞ്ഞുകീഴ്
പെട്ടുപോന്നിങ്ങനെവട്ടശ്ശിലയുടെ
മീതേമലന്നുമരിച്ചുവീണീടിനാൻ”

ഇങ്ങനെ സുദീർഘമായി വർണ്ണിക്കുന്നു. പരിതഃസ്ഥിതികളെ സമീചീനമാക്കുകയും ചെയ്തിട്ടുണ്ടു്. മലയാളഭാഷാ പരിഷ്കരണവിഷയത്തിൽ പ്രഥമസ്ഥാനാർഹനായ തുഞ്ചത്തു ഗുരുപാദർ പലേ സംഗതികളിലും നിരണം കവികളെ ആലംബമാക്കിയിട്ടുണ്ടെന്നു അനേകം നിരൂപകന്മാർ ശക്തിപൂർവ്വം അഭിപ്രായപ്പെട്ടിട്ടുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണു്. അപ്രകാരം ഗുരുപാദർക്കു

മഗ്ഗദർശകം വഹിക്കുന്ന നിരണംകവികളെപ്പററി നമുക്കു കൂടുതൽ അഭിമാനത്തിന്നാണു് വഴിയുള്ളതെന്നും പ്രസ്താവയോഗ്യമാണു്. മാതൃപാശബന്ധിതനായ ഭഗവാൻ മുന്നോട്ടിഴഞ്ഞു. ആ അവസരത്തിൽ മരുതുമരങ്ങളിൽ ഉരൽ തട്ടി അവ മുറിഞ്ഞുവീണു. അപ്പോഴവിടെ പ്രത്യക്ഷരായ യക്ഷന്മാരുടെ ശാപഹേതുവെന്തെന്നു് ശ്രീപരീക്ഷിത്തുചോദിക്കുന്നതിനു ശ്രീശുകൻ പ്രത്യാഖ്യാനം ചെയ്യുന്നതിപ്രകാരമാണു്.

"രുദ്രസ്യാനുചരൗഭൂത്വാ—സുദൃപ്തൗധനദാത്മജൗ—
കൈലാസോപവനേരമ്യേ—മന്ദാകിന്യാംമദോൽക്കടൗ
വാരുണീമദിരാംപീത്വാ—മദാഘൂർണ്ണിതലോചനൗ
സ്ത്രീജനൈരനുഗായത്ഭിഃ—ചേരതുഃപുഷ്പിതേവനേ.
അന്തഃപ്രവിശ്യഗംഗായാ—മംഭോജവനരാജിനി
ചിക്രീഡതുർയ്യുവതിഭി—ർഗ്ഗജാവിവകരേണുഭിഃ
യദൃച്ഛയാചദേവർഷിർ—ഭഗവാംസ്തത്രകൗരവ!
അപശ്യന്നാരദോദേവൗ-ക്ഷീബാണൗസമബുധ്യത"

(മൂ. അ 10. ശ്ലോ. 2 മു)

എന്നിങ്ങനെ ആരംഭിച്ചു് മദോന്മത്തതയെക്കുറിച്ചും നാരദശാപത്തെപ്പററിയും ദീർഘമായി പ്രസ്താവിക്കുന്നു. അനന്തരം,

"ഏവമുക്ത്വാസദേവർഷിർഗ്ഗതോനാരായണാശ്രമം
നളകൂബരമണിഗ്രീവാവാവസതുർയ്യമളാർജ്ജുനൗ"

എന്നു് ഉപസംഹരിച്ചിരിക്കുന്നു. ആകെ ഇരുപത്തുനാലു പദ്യങ്ങളിലായിട്ടുള്ള ഈ വിപുലപ്രതിപാദനത്തെ സംക്ഷേപിച്ചിരിക്കുന്നതു് കേവലം ഒൻപതു പാട്ടുകളേക്കൊണ്ടാണു്.

"....  ....  ....  ....  ....

രുദ്രനുടെയനുചരരായിട്ടു—
ങ്ങരചാ! വൈശ്രവണനുസുതന്മാ—
രായുളരായാരിരുവരുമെൻറ.

ആയവർനാരികളോടുംകൂടി-
    ട്ടത്യന്തംമധുപാനംചെയ്തേ.
പോയിതുകൈലാസോപവനേയതി-
    പുണ്യമതാംമന്ദാകിനിയരികേ.
ആയവണ്ണംപാടീട്ടുകളിച്ചാ-
    രതിമത്തന്മാരായ്പുഷ്പിതവന
മായതിലെങ്ങുംചേരേനടന്നി-
    ട്ടങ്ഗനമാർകളുമായ്ക്രീഡിച്ചേ.
അവിടെച്ചെന്നഗ്ഗംഗയിൽനടുവേ-
    ആനകളുംപിടികളുമെൻറതുപോ
ലവിടെത്താമരവനമതിൽമദ്ധ്യേ-
    യത്യന്തംക്രീഡിക്കിൻറതുനാം
അവിടേനാരദമാമുനിതാനമി-
    താഗതനായവരെക്കണ്ടപ്പൊഴു-
തവിടേശാപഭയംകൊണ്ടങ്ഗന-
    മാർകളുടുത്താൻവസ്ത്രമെടുത്തേ"

എന്നിങ്ങനെ വർണ്ണിച്ചു് തുടൎന്നു്

"കാരുണ്യത്താലയനാകിയമുനി-
    കനിവൊടുപോയിതനുജ്ഞകൊടുത്തേ.
വീരിയരാംനളനുംകൂബരനും
    വീരാ! മരുതായാരതുകാലം"

എന്നു് അവസാനിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൽ ഒരു പാഠഭേദംകാണുന്നതു് ശ്രദ്ധേയമാണു്. മൂലകാരൻ നളകൂബരനെന്നും മണിഗ്രീവനെന്നുമാണു് പറയുന്നതു്. നമ്മുടെ കവി നളനെന്നും കൂബരനെന്നും രണ്ടുപേരേ നളകൂബരപദംകൊണ്ടു വേർതിരിക്കയും മണിഗ്രീവപദം വിട്ടുകളയുകയും ചെയ്യുന്നു. ശ്രീമഹാഭാഗവതത്തിന്റെ സംഗ്രഹമായ ശ്രീമന്നാരായണീയത്തിൽ

"കുബേരസൂനുൎന്നളകൂബരാഭിധഃ
പരോമണിഗ്രീവഇതിപ്രഥാംഗതഃ

മഹേശസേവാധിഗതശ്രീയോന്മദര
ചിരംകിലത്വദ്വിമുഖോവഖേലതാം''

എന്നും; ശ്രീമഹാഭാഗവതംകിളിപ്പാട്ടിൽ

"ചിത്രമിദംകുബേരാത്മജന്മാരിവർ-
മുന്നംനളകൂബരമണിഗ്രീവന്മാ-
രെന്നവർമാമുനിനാരദന്തന്നുടെ-
ശാപേനവന്മരുതായ്‌വന്നവക്കുരു-
താപമൊഴിച്ചുഗതിവരുത്തീട്ടവൻ''

എന്നും കാണുന്നു. ദശമസ്കന്ധകഥയായ കൃഷ്ണഗാഥയിൽ;

"വിത്തേശൻതന്നുടെ പുത്രന്മാരായ് പണ്ടു-
മത്തന്മാരായുള്ള ഗുഹ്യകന്മാർ."

എന്നേ പറയുന്നുള്ളൂ. എന്നാൽ അതേ കഥയായ ശ്രീകൃഷ്ണചരിതംമണിപ്രവാളത്തിൽ;

"ധരിക്കകൃഷ്ണാ! നളകൂബരൻഞാൻ-
പരൻമണിഗ്രീവനിവൻ മഹാത്മൻ."

എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. ഈ സ്ഥിതിക്ക് രാമപ്പണിക്കർ സ്വീകരിച്ച മൂലപാഠം ഏതാണെന്ന് അവ്യക്തമായിട്ടാണിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. വേദാന്തപ്രസംഗം എത്ര രസകരമായിരുന്നാലും ക്രമത്തിലധികം ദീർഘിച്ചാൽ ലൗകികാമഗ്നക്കു മുഷിവുതോന്നാനിടയുണ്ട്. അതിനാലായിരിക്കണം ഈ ഭാഗം ചുരുക്കിയതെന്നു കരുതേണ്ടിയിരിക്കുന്നു. ദീർഘതത്വപ്രസംഗം ഉപേക്ഷിച്ച് കാര്യകഥനത്തിനു സ്ഥാനമനുവദിച്ചിരിക്കുന്ന ഈ സംക്ഷേപണനൈപുണ്യം പ്രശംസാർഹമാകുന്നു. മൂലകഥാകാരന്റെ ആശയം മുഴുവൻ വന്നിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. ഇതിലേ ഭാഷാന്തരീകരണപരമായ ചച്ച് ഇനി അധികം വിസ്തരിക്കണമെന്നുദ്ദേശിക്കുന്നില്ല. ഇപ്രകാരം ഓരോന്നിനെപ്പറ്റിയും ഘട്ടംപ്രതി ചിന്തിക്കു

വാൻ തുടങ്ങിയാൽ അതിനു തന്നെ ഒരു പ്രത്യേകഗ്രന്ഥം ആവശ്യമായിവരും. അതിനാൽ ചില ഉദാഹരണങ്ങൾ കൂടി മാത്രം കാണിച്ചു് വിരമിക്കാം.

കംസന്റെ മരണത്താൽ ദുഃഖിതരായ തൽപത്നിമാർ—ആസ്തിയും പ്രാസ്തിയും—തങ്ങളുടെ പിതാവായ ജരാസന്ധന്റെ അടുക്കൽ പോയി സങ്കടനിവേദനം ചെയ്തു എന്നതുമുതൽക്കാണു് രണ്ടാംഭാഗം ആരംഭിക്കുന്നതു്.

"ആസ്തിഃ പ്രാപ്തിശ്ച കംസസ്യ മഹിഷ്യൗ ഭരതർഷഭ!
മൃതേ ഭർത്തരി ദുഃഖാർത്തേ ഈയതുഃ സ്മ പിതുർഗൃഹാൻ.
പിത്രേ മഗധരാജായ ജരാസന്ധായ ദുഃഖിതേ
വേദയാം ചക്രതുഃ സർവ്വമാത്മവൈധവ്യകാരണം"

(മൂ. അ 50. ശ്ലോ 1. 2.)

ഇതിന്റെ തർജ്ജമയാണു് 50-ാം അദ്ധ്യായം മുതലുള്ള ഭാഷാഭാഗവതം (രണ്ടാംഭാഗം) ആരംഭിക്കുന്നതു്.

"ആയതലോചനമാരാമസ്തിയു-
മരചാ! പ്രാസ്തിയുമായ കൃഷ്ണനാൽ
നായകനാകിയ ഭർത്താവിനുടെ-
നാശം വന്നവവന്തരമേതാൻ
പോയ് നിജതാതൻ മഗധനൃപേന്ദ്രനു-
പുനരറിയിച്ചാർ കംസനെ വെൻറതു
തീയെരിയും കോപത്തൊടു ശോകം
ചേർന്നീടിന്റാരുവചനം ചൊന്നാൻ"

(ഭാ P. 11. അ. 50. പാ 1)

മൂലകാരന്റെ പ്രാപ്തിയെ പ്രാസ്തിയാക്കിയാണു് ഭാഷാകാരൻ കാണിച്ചിരിക്കുന്നതു്. അനന്തരം ജരാസന്ധന്റെ ആക്രമണാദികൾ വർണ്ണിച്ചു കഥ മുന്നോട്ടുപോകുന്നു. ആ ഭാഗം അങ്ങനെ നിൽക്കട്ടെ. നമുക്കു വേറെ ചിലഘട്ടങ്ങൾ നോക്കാം.

വിദർഭപുത്രിയായ രുഗ്മിണിയെ ശ്രീകൃഷ്ണന്ന വിവാഹം ചെയ്തുകൊടുക്കണമെന്ന് ആലോചിച്ചു. ഭീഷ്മകന്റെയും ബന്ധുക്കളുടെയും ഈ നിശ്ചയത്തെ ഭഗവദ്ദ്വേഷിയും രുഗ്മിണിയുടെ ജ്യേഷ്ഠഭ്രാതാവുമായ രുഗ്മി എതിർക്കുകയും ചൈദ്യനായ ശിശുപാലന്ന സഹോദരിയെ വിവാഹം കഴിച്ചുകൊടുക്കണമെന്ന നിശ്ചയിക്കയും മററുള്ളവരെ നിർബ്ബന്ധപൂർവ്വം ആയത്തു സമ്മതിപ്പിക്കയും ചെയ്തു. ഈ വിവരം അറിഞ്ഞു ശ്രീകൃഷ്ണനിൽ അനുരാഗവതിയായ രുഗ്മിണി രഹസ്യമായി ഒരു ബ്രാഹ്മണൻ മുഖേന ഒരു സന്ദേശമയച്ചു. ആ സന്ദേശം ഇപ്രകാരമാണ്.

രുഗ്മിണ്യുവാച:—

ശ്രുത്വാഗുണാൻഭുവനസുന്ദരശൃണ്വതാംതേ-
നിർവ്വിശ്യകർണ്ണവിവരൈർഹരതോംഗതാപം.
രൂപംദൃശാംദൃശിമതാമഖിലാർത്ഥലാഭം
ത്വയ്യച്യുതാവിശതിചിത്തമപത്രപംമെ.
കാത്വാമുകുന്ദമഹതീകുലശീലരൂപ-
വിദ്യാവയോദ്രവിണധാമഭിരാത്മതുല്യം
ധീരാപതിംകുലവതീനവൃണീതകന്യാ
കാലെനൃസിംഹനരലോകമനോഭിരാമം
തന്മെഭവാൻഖലുവൃതഃപതിരംഗജായാം
ആത്മാർപ്പിതശ്ചഭവതോത്രവിഭോവിധേഹി
മാവീരഭാഗമഭിമർശതുചൈദ്യആരാൽ
ഗോമായുവന്മൃഗപതേർബ്ബലിമംബുജാക്ഷ
പൂർത്തേഷ്ടദത്തനിയമവ്രതദേവവിപ്ര-
ഗുർവ്വർച്ചനാദിഭിരലംഭഗവാൻപരേശഃ
ആരാധിതോയദിഗദാഗ്രജഏത്യപാണിം
ഗൃഹ്ണാതുമെനദമഘോഷസുതാദയോന്യേ.

ശ്വോഭാവിനി ത്വമജിതോദ്വഹനേ വിദർഭാൻ
ഗുപ്തഃ സമേത്യ പൃതനാപതിഭിഃ പരീതഃ
നിർമ്മഥ്യ ചൈദ്യമഗധേന്ദ്രബലം പ്രസഹ്യ
മാം രാക്ഷസേന വിധിനോദ്വഹ വീര്യശുല്ക്കാം.
അന്തഃപുരാന്തരചരീമനിഹത്യ ബന്ധൂം-
സ്ത്വാമുദ്വഹേ കഥമിതി പ്രവദാമ്യുപായം
പൂർവ്വേദ്യുരസ്തി മഹതീ കുലദേവിയാത്രാ
യസ്യാം ബഹിർന്നവവധൂർഗ്ഗിരിജാമുപേയാൽ
യസ്യാംഘ്രിപങ്കജരജഃസ്നപനം മഹാന്തോ
വാഞ്ഛന്ത്യുമാപതിരിവാത്മതമോപഹത്യൈ
യർഹ്യംബുജാക്ഷ ന ലഭേയ ഭവൽപ്രസാദം
ജഹ്യാമസൂൻ വ്രതകൃശാൻ ശതജന്മഭിഃ സ്യാൽ"

(മൂ. അ. 52. പ. 37-43)

"ഹേ! ഭുവനസുന്ദര! കേൾക്കുന്നവരുടെ കർണ്ണവിവരങ്ങളിൽക്കൂടെ പ്രവേശിച്ചിട്ട് അംഗതാപത്തെ ഹരിക്കുന്ന ഗുണങ്ങളേയും, അങ്ങയുടെ, കണ്ണുള്ളവരുടെ, കണ്ണുകളുടെ അഖിലാർത്ഥലാഭത്തോടുകൂടിയ സൗന്ദര്യത്തേയും കേട്ടിട്ട് ഹേ! അച്യുത! എന്റെ മനസ്സ് അപത്രപമായിത്തീർന്ന് അങ്ങയിൽ ആവേശിക്കുന്നു. അല്ലയോ മുക്തിപ്രദ! നൃസിംഹ! കുലവതിയും മഹതിയും ധീരയും ആയ കന്യക; കുലം, ശീലം, രൂപം, വിദ്യ, യൗവ്വനം, ദ്രവിണസമൃദ്ധി, പ്രഭാവം, എന്നിവയാൽ, ആത്മതുല്യനായും നരലോകമനോഭിരാമനായും ഇരിക്കുന്ന അങ്ങയെ യഥാകാലം (വിവാഹസമയത്തിങ്കൽ) ഭർത്താവായിട്ടു വരിക്കയില്ലേ? അതിനാൽ, എന്നാൽ ഭവാൻ പതിയായിട്ട് വരിക്കപ്പെട്ടു എന്നു നിശ്ചയം തന്നെ. ഭവാനായിക്കൊണ്ടു് ഞാൻ ആത്മാർപ്പിതയാകയും ചെയ്തു. ഹേ! വിഭോ! ഇവിടെ വന്ന് എന്നെ ജായയായി സ്വീകരിച്ചാലും! ഹേ വീര! മൃഗപതിയുടെ ബലി

യെ കുറുക്കൻ എന്നപോലെ അങ്ങയുടെ ഭാഗമായ എന്നെ അല്ലയോ അംബുജാക്ഷ! ശിശുപാലൻ സ്പൎശിക്കരുതു്.

പൂൎത്തേഷ്ടദത്തനിയമ വ്രതദേവവിപ്രഗുൎവ്വൎച്ചനാദികളാൽ സൎവ്വേശ്വരനായ ഭഗവാൻ ആരാധിതനായിട്ടുണ്ടെങ്കിൽ ശ്രീകൃഷ്ണൻ ആഗമിച്ചിട്ടു് പാണിയെ ഗ്രഹിക്കട്ടെ. അതുമതി. അല്ലാതെ ശിശുപാലാദികൾ ഗ്രഹിക്കേണ്ട. ഹേ അജിത! നാളെ ഉണ്ടാകാൻ നിശ്ചയിച്ചിരിക്കുന്ന വിവാഹത്തിൽ അങ്ങു് രഹസ്യമായിട്ടു് വന്നുചേൎന്നു് സേനാസമേതം ശിശുപാലജരാസന്ധാദികളെ തോല്പിച്ചു് ബലാത്ക്കാരേണ വീൎയ്യശുല്ക്കയായ എന്നെ രാക്ഷസവിധിയിൽ നിന്നു മോചിപ്പിച്ചു വിവാഹം കഴിക്കേണമേ! "അന്തഃപുരാന്തത്തിൽ ചരിക്കുന്ന നിന്നെ ബന്ധുക്കളെ ഹനിക്കാതെ എങ്ങനെ കല്യാണം കഴിക്കും?" എന്നു ചോദിക്കുന്നതായാൽ അതിനുള്ള കഴിവു് എന്താണെന്നു പറയാം. തലേന്നാൾ ആഘോഷത്തോടുകൂടിയ ഒരു യാത്ര കുലദേവിയെ വന്ദിക്കുന്നതിലേക്കു് ഉണ്ടാകും. അപ്പോൾ വിവാഹത്തിനുള്ള കന്യക ഗിരിജാവന്ദനത്തിനു വരുന്നതാണു്. (ആ അവസരത്തിൽ സ്വീകരിക്കണമെന്നു സാരം) അവിടുന്നു്, പരമശിവനാൽപോലും ആരാദ്ധ്യനായ ഭഗവൻ!; എന്നെ അനുഗ്രഹിക്കുന്നില്ലെങ്കിൽ വ്രതകൃശങ്ങളായ പ്രാണങ്ങളെ ത്യജിക്കുന്നതാണു്" ഇതായിരുന്നു രുഗ്മിണീദേവിയുടെ സന്ദേശം. ഈ ഭാഗത്തെ താഴെപ്പറയുംപ്രകാരം ഭാഷപ്പെടുത്തിയിരിക്കുന്നു.

"ഉരചെയ്തുരുഗ്മിണീവചനം ദ്വിജൻ സകലേശ്വരന്നോ-
ടുലകങ്ങളേഴിലും പെരികീടിനോരു മനോഹരത്വം.
തിരുവുരുവായിടും ഭുവനൈകസുന്ദര! നിന്മാഹാത്മ്യം
തെളിവൊടുകേട്ടെനക്കു മനസ്സുലജ്ജയിനോടുവേറായ്
പരിചൊടുറച്ചുനിങ്കലതീവനിന്മഹിമാദികേട്ടാൽ
പറന്നിടുമംഗതാപമശേഷമത്രയുമല്ലകാണ്മോ-

ക്കെരുപൊഴുതുംമുദാപൂനരൊൻറുകാൺകയിലാഗ്രഹംപോ–
ന്നടന്നറയാ, നീന്മേനിയെയൊൻറുനോക്കിനകണ്ണിനേളും
കനിവൊടു സകലോത്ഭവമായീടിൻെറാരുകന്നിയെൻറും
കമലചരനടേതുയിരുള്ളിൽ വന്നുതുടങ്ങും നേരം
നിനവിയലാവൊരുത്തനെ നിന്നെയെൻറിയതിന്നുമൂലം
നിറമൊടുശീലവിദ്യാകുലം വയസ്സുധനങ്ങൾകാമം
പുനരുടനേവയും തന്നൊടൊത്തിട്ടുംപടികണ്ടുമേററം
പുണ്യതചേൻറിട്ടും നരലോകസുന്ദരനാകകൊണ്ടും
മനമുറയായൊരുത്തനിലാകയാലിതുകാലം ഞാനും
മനസിയുറച്ചുതേപതിയാക്കി നിന്നെയിതെൻറുനൻറയ്.
ആദരവോടെന്മാനസം നിങ്കലപ്പിതമായിതിപ്പോ–
ഴാക്കകനീതഥാപൂനരെന്നെയിൻെറാരു ഭാര്യയായേ.
ചേദിപവീരഭാഗമതായവന്നെയണച്ചിടൊല്ലാ–
ചേച്ചയിയൻറിടാമൃഗരാജഭാവങ്ങളെൻറുമുണ്ടോ.
നീതിയിനോട്ടുടൻ നരിചെൻറുതൊട്ടിടുമാറുഭക്ത്യാ–
നിയമവ്രതങ്ങൾ പൂത്തങ്ങൾ ദത്തമിഷ്ടങ്ങൾ ദേവപൂജാം
ആദരവോടനന്തനെ,യിത്തിയാദികൾകൊണ്ടുമച്ചി–
ച്ചാകിൽമുദാകരഗ്രഹണംചെയ്യുന്നെ മുകുന്ദനെൻെറ.
ഇൻറുമിതൊൻററിഞ്ഞിട്ടു നീ വിവാഹമതാം ദിനംതാ–
നിതമൊട്ടു നാളെയെൻറതറിഞ്ഞതിന്നുമുമ്പേ വിവാഹം
വന്നിഹകാണ്മതിന്നൊരുകാംക്ഷയോടുടനെൻറപോലേ
വരിക മഹാപെരുമ്പടനായകേന്തിരരും പിന്നാലെ
ഉന്നിയിടായ്ക്കസ്ത്രീധനം വീയ്യമെൻറതിതൊൻറുതന്നെ
ഒരു ധനമാക്കിമാഗധന്നൊടു ചൈദ്യന്നടെവെലം നീ
മൻറിടനിൻറുനിർമ്മഥനം ചെയ്യുന്നെനിശാചരന്മാർ
വടിവൊടുചെയ്തീടിൻെറ വിവാഹമെൻറതുപോൽചെയ്യുറേ
പുതുമതഴത്തെഴും ഭവനത്തിലുള്ളിലിരിക്കമെന്നെ
പുനരെങ്ങനേഹരിച്ചിട്ടുമാറു ബന്ധുജനത്തെയെല്ലാം
വധചെയ്തിടാതെയെൻെറാരു ശങ്കയൊൻറുമിയൻറിടേണ്ടാ
വടിവൊടിതിന്നുപായവുമുണ്ടുകേട്ടീടളും വിശേഷാൽ
ഇതമൊട്ടുമുമ്പിലേയറികൊണ്ടിനിക്കവ്രതം മഃഹശീ–
മിനിയപദാംബുജം തൊഴുവാൻ മതിൽക്കുപുറത്തുവന്നി
ട്ടതിന്നുവരിൻറകാലമണഞ്ഞുകൈക്കൊള്ളുതേരുമായ് നീ
യഖിലഗുണാകര!യതിനേതുമേ പഴുതാക്കൊല്ലായേ

പഴുതുപെടാതവണ്ണം മുനീന്ദ്രരും മറായാതും നിന്റെ
    പദതളിരെന്റമേദുരിതോപശാന്തിവരുത്തുവാനയ്യേ്
തൊഴുതിടുവാൻ മുഴുത്തുവരിന്റഭക്തിവരിച്ചീടിന്റോർ
    സുഖമൊടിതാകയാൽ മമനിൻപ്രസാദമിയന്റീടായ്കിൽ
കഴലിണസന്തതം നിനവുററിടിന്റ വ്രതത്തിനോടേ
    കളഞ്ഞിടുവൻപിരാണനെ; ശതജന്മങ്ങൾകൊണ്ടുനിന്റെ
കഴലിണയിന്റിയാദരവില്ല ചൈദ്യനെയെന്റിതെല്ലാം
    കനിവൊടു രുഗ്മിണീവചനം ദ്വിജൻ ഹരിയോടു ചൊന്നാൻ”

(ഭാ: അ. 52. പാ. 13-18)

ഇതാണു് മൂലാനുസാരിയായ ഒരു തർജ്ജമ. സ്വാരസ്യം ഭാഷയിൽ സരസമായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നു സ്പഷ്ടം. ഭാഷാവിവർത്തകർ എക്കാലത്തും ശ്രദ്ധിക്കേണ്ടതായ പലേ തത്വങ്ങളും നിരണംകവികൾ സ്പഷ്ടമായിക്കാണിച്ചിട്ടുണ്ടു്. വൃത്താനുവൃത്തം, പദാനുപദം, അനുകരണം, സ്വാതന്ത്ര്യം, ഇങ്ങനെ പലേ രീതിയിൽ അന്യഭാഷാകാവ്യങ്ങൾ കൈരളിക്കു് ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. എന്നാൽ ഈ വിവിധതത്വങ്ങൾ അംഗീകരിക്കുന്നതുകൊണ്ടു് ന്യൂനതയില്ലെങ്കിലും അതാതു കാലങ്ങൾക്കനുയോജ്യവും ഔചിത്യമസൃണവും രസാലങ്കാരസമ്മിളിതവും ആയ ഓരോ പദ്ധതികളാണു് നമ്മുടെ കവികൾ അംഗീകരിക്കേണ്ടതെന്നു പ്രത്യേകം പ്രസ്താവ്യമാണു്. ഭാഷാകുലഗുരുവായ തുഞ്ചത്തു ഗുരുപാദർ ഭാരതത്തിൽ ഭഗവത്ഗീത അത്യധികം ലഘുവാക്കിച്ചേർത്തതിന്റെ സമാരാദ്ധ്യമായ ഔചിത്യം ഇവിടെ സ്മരിച്ചുകൊള്ളുന്നു. നിരണംകവികളിൽ രാമപ്പണിക്കരാണു് ധാരാളം ഗ്രന്ഥതല്ലജങ്ങൾ വിവർത്തനം ചെയ്തു കൈരളിക്കു സമർപ്പിച്ചതു്. തദ്വാരാ അദ്ദേഹം ഭാഷാന്തരീകരണവിഷയത്തിൽ ഉത്തമനായ ഒരു മാർഗ്ഗദർശിയായി പരിലസിക്കുന്നുണ്ടു്. പിൽക്കാലകവികളും ഈ തത്വത്തെ

അനുകരിച്ചിട്ടുണ്ടെന്നുള്ളതു് അഭിമാനജനകമായിട്ടുള്ളതാകുന്നു.

ഭാഗവതത്തിൽനിന്നു് ഒരു ഭാഗംകൂടി എടുത്തുകാണിച്ചുകൊണ്ടു് അതേപ്പററിയുള്ള അനുസ്മരണം തല്ക്കാലം നിറുത്താമെന്നു കരുതുന്നു. ഒരിക്കൽ സരസ്വതീനദീതീരത്തുവച്ചു് പരമഭാഗവതന്മാരായ മഹർഷീശ്വരന്മാർ ഒരു യാഗം നടത്തി. ആ അവസരത്തിൽ ത്രിമൂർത്തികളിൽവച്ചു് ഉത്ക്കർഷം ആൎക്കാണെന്നു് ഒരു വാദം ഋഷികൾ തമ്മിലുണ്ടാകയും ആയതു പരീക്ഷിച്ചറിയാൻ ഭൃഗുമഹർഷിയെ ഭരമേല്പിക്കയും ചെയ്തു. അദ്ദേഹം ആദ്യമായി ബ്രഹ്മസഭയിൽ പ്രവേശിച്ചു.

"നതസ്മൈപ്രഹ്വണം സ്തോത്രംചക്രേസത്വപരീക്ഷയാ
തസ്മൈചുക്രോധഭഗവാൻ പ്രജ്ജ്വലൻ സ്വേനതേജസാ
സ ആത്മന്യുത്ഥിതംമന്യുമാത്മജായാത്മനാപ്രഭുഃ
അശീശമദ്യഥാവഹ്നിഃസ്വയോന്യാവാരിണാത്മഭൂഃ
തതഃകൈലാസമഗമൽസതം ദേവോമഹേശ്വര
പരിരബ്ധുംസമാരേഭഉത്ഥായഭ്രാതരംയഥാ
നൈച്ഛത്വമസ്യുൽപഥഗഇതിദേവശ്ചുകോപഹ
ശൂലമുദ്യമ്യതംഹന്തുമാരേഭേതിഗ്മലോചനഃ
പതിത്വാപാദയോർദ്ദേവീസാന്ത്വയാമാസതംഗിരാ
അഥോജഗാമവൈകുണ്ഠംയത്രദേവോജനാർദ്ദനഃ
ശയാനംശ്രീയഉത്സംഗെപദാവക്ഷസ്യതാഡയൽ
തതഉത്ഥായഭഗവാൻസഹലക്ഷ്മ്യാസതാംഗതി.
സ്വതൽപാദവരുഹ്യാഥനനാമശിരസാമുനിം
ആഹതെസ്വാഗതംബ്രഹ്മന്നിഷീദാത്രാസനെക്ഷണം
അതീവകോമലൗതാതചരണൗതെമഹാമുനെ
ഇത്യുക്ത്വാധിപ്രചരണൗമർദ്ദയൻസ്വേനപാണിനാ
പുനീഹിസഹലോകംമാംലോകപാലാംശ്ചമൽഗതാൻ
പാദോദകേനഭവതസ്തീർത്ഥാനാം തീർത്ഥകാരിണാ

അദ്യാഹംഭഗവല്ലക്ഷ്മ്യാത്മസമൈകാന്തഭാജനം
വത്സത്വരസിമേഭൂതിർഭവൽപാദഹതാംഹസഃ

(മൃ. അ. 89 പ. 3–12)

അന്തഃകരണത്തിൽ സത്വഗുണാധിക്യം അഭിവ്യക്തമായി ആക്കുണ്ടോ ആ ദേവൻതന്നെ മഹാദേവൻ. അതിൻെറ പരീക്ഷണം ലക്ഷ്യമാക്കിക്കൊണ്ടു് ഭൃഗുമഹർഷി ബ്രഹ്മാവിനെക്കണ്ടപ്പോഠം സ്തുതിക്കാതിരുന്നു. കോപിഷ്ഠനായ ബ്രഹ്മാവു് വാത്സല്യംകൊണ്ടുമാത്രം ഭൃഗുമഹഷിയേ ശപിച്ചില്ലെന്നേയുള്ളൂ. മഹഷി അവിടെനിന്നും തിരിച്ചു് കൈലാസം പ്രാപിച്ചു. പരമശിവൻ ഭ്രാതാവിനെയെന്നപോലെ ഭൃഗുവിനെ ആലിംഗനം ചെയ്യാൻ ആരംഭിച്ചപ്പോഠം ഉൽപഥഗൻെറ ആലിംഗനം താൻ ഇഷ്ടപ്പെടുന്നില്ലെന്നു് അറിയിച്ചു. ദേവൻ കോപിച്ചു. മാത്രമല്ല, ശൂലമുയർത്തി നിഗ്രഹിക്കാൻ ഒരുങ്ങുകയും ചെയ്തു. ഉടനെ പാവ്വതീദേവി ശിവനെ സ്തുതിച്ചു കോപം ശമിപ്പിച്ചു. ഭൃഗുവാകട്ടെ, വൈകുണ്ഠം പ്രാപിച്ചു. അവിടെ മഹാവിഷ്ണു ശ്രീഭഗവതിയുടെ ഉത്സംഗത്തിൽ തലയുംവച്ചു് ഉറങ്ങുകയായിരുന്നു. ഭൃഗുമഹർഷി ഭഗവാൻെറ വക്ഷസ്സിൽ ചവിട്ടി. പെട്ടെന്നുണന്ന ഭഗവാൻ സസന്തോഷം, മഹഷിയെ നമസ്കാരപൂവ്വം സൽക്കരിച്ചു. മഹർഷിയുടെ മൃദുവായ പാദങ്ങഠംക്കു വേദന ഉണ്ടായിരിക്കുമെന്നു പറഞ്ഞു് ശുശ്രൂഷിക്കയും ലക്ഷ്മീദേവി സ്ഥിരമായി ആ പാദാങ്കിതമായ സ്വവക്ഷസ്സിൽ വസിക്കുമെന്നു് അറിയിക്കയും ചെയ്തു. ഇതിൽനിന്നും മഹാവിഷ്ണുവാണു് ഉത്തമദേവനെന്നു മഹഷിമാർ വിധിച്ചു.

ഈ പുരാണകഥയേ ഭാഷയാക്കിയിരിക്കുന്നതിപ്രകാരമാണു്.

“സുഖമൊടൊരുന്നാൾവായ്മകൾതന്നൊടെ–
സുന്ദരമാംതീർത്ഥത്തിൻകരമേൽ
സുഖമേചെയ്തിതുപലരുമതായേ–
സൂക്ഷിച്ചുള്ളസൽക്രിയകളനേകം.
അകതാർതന്നിലവർക്കൊരു സംശയ–
മാവിർഭൂതമതായീതന്നാൾ.
സകലാധീശ്വരനായവനേതിതു–
താനിവർമൂവരിലുംപുനരെന്റ.
എന്റതുനിശ്ചയമറിവാനായ്ക്കൊ–
ണ്ടിതമൊടയച്ചാൻഭൃഗുവിനെയവരും
ചെന്നിതയന്നരികേയൊരുവന്ദന–
ചെയ്തില്ലതിന്നമുനിഞ്ഞിതുബ്രഹ്മൻ.
വെന്റിയൊടതിനെയടക്കീതത്ര–
വിചാരംകൊണ്ടജനിങ്ങവയെല്ലാം
നന്റിയൊടേപോയാനതുകണ്ടേ
നന്മുനിവൻപരമേശ്വരനരികേ.
അരികേചെന്റു നമസ്കാരാദിക–
ളാകിയവാചാരംചെയ്യാതേ
പരമേശനെയാശ്ലേഷംചെയ്‌വാൻ–
പാരാതെചെല്ലിന്റതുകണ്ടേ.
പെരുതാകിയകോപത്തൊടുതത്രപി
നാകിവധിപ്പതിനായേശ്ശൂലം
കരതാർകൊണ്ടതെടുത്തതുകണ്ടേ–
കാർകുഴലാളതൊഴിച്ചിതുവീരാ!
വീരാ! അ(വ?)വിടെയുംനിന്റമ്മുനിവൻ–
വേഗംപോയ്പുക്കിതുവൈകുണ്ഠം
നേരേശ്രീമടിയിൽക്കിടന്നീടിന
നിഖിലജഗന്മയനുടെമണിമാറിൽ

പാദാതൊന്റു ചവിട്ടിനനേരം
പരിചൊടുമുനിവനടെപദപത്മം
കാരാർമുകിൽനിറമുടയമഹാത്മാ-
കനിവൊടുഗ്രഹണംചെയ്തുമുകന്ദൻ
താനുടനേമലർമാതൊടുകൂടീ
തത്രമുദാവന്ദിച്ചുനമസ്കൃതി
മാനവവീരാ! ചെയ്തരുളുംചെയ്താൻ.
വന്നുവെല്ലീയിരുന്നീടുകയവിടെ
ഞാനറിയാതെചെയ്തപരാധം
നമ്മൊടറിഞ്ഞുപൊറുത്തരുൾനിൻപദ-
മാനത്തുകഴുകീടിയജലമൊത്താ-
ലഖിലജനത്തിനശുദ്ധമിതല്ലോ-
എന്റാലിപ്പദമുദ്രയെനിക്കി-
ങ്ങെന്റുംവരികാഭരണവുമായേ
നന്റായിവിടെയിരിക്കുംലക്ഷ്മീ-
നല്ലസമൃദ്ധിയുമതിനാലുണ്ടാം.
എന്റേവംഭഗവദ്വചനംകേ-
ട്ടീടിയഹർഷാശ്രുക്കളൊടവിടെ.
നന്റായൊന്റുരിയാടാതേപോയ-
നന്മുനിമാരുടെയരികേചെന്നാൻ”

(ഭാ. അ 88. പാ 1-7.)

ഈ ഭാഷാന്തരത്തിൽ ഒരു വ്യതിയാനം വരുത്തിയിട്ടുള്ളതു ശ്രദ്ധേയമാണു്. അതു് ഭൃഗുമഹർഷിയുടെ പരമേശ്വരസന്ദർശനവേളയിലാകുന്നു. ശിവൻ മഹർഷിയെ ആലിംഗനംചെയ്‌വാൻ ചെന്നപ്പോൾ ഉൽപഥഗനായ ദേവനെ നിഷേധിക്കയും ദേവൻ കോപിക്കയും പാർവ്വതീദേവി സമാധാനിപ്പിക്കയും ചെയ്തുവെന്നു് മൂലകാരൻ പറയുന്നു. എന്നാൽ ഭാഷാകാരൻ “അരികേ

ചെൻറു……വീരാ!" എന്നാണ് പ്രസ്താവിക്കുന്നത്. ശിവനെ പരിശോധിക്കേണ്ട കടമ മഹർഷിക്കാണ്. അതിനാലായിരിക്കണം മഹർഷിയിൽ ഈ കൃത്യങ്ങൾ ഭാഷാകാരൻ ആരോപിച്ചത്. എന്നാൽ കോപം ശമിപ്പിച്ചവിധം വായനക്കാരൻെറ ജിജ്ഞാസയ്ക്കു വിട്ടുകമാത്രം ചെയ്തിരിക്കുന്നു. ഏതായാലും ഈ അല്പ വ്യതിയാനം കൊണ്ടു കഥാപ്രതിപാദനത്തിൽ ന്യൂനതയില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ഭാഷാഭാഗവതം 91 അദ്ധ്യായം കഴിയുന്നതോടുകൂടി കൃഷ്ണാവതാരം ദശമകഥ പൂർണ്ണമാകുന്നു. ഒടുവിൽ ഫലശ്രുതിയും ചേർത്തിട്ടുണ്ട്. ഇതിനും പുറമേ ശ്രുതിഗീതാദ്ധ്യായം ഒരു പാട്ടുകൊണ്ടു സമാപിപ്പിക്കയും ചെയ്തിരിക്കുന്നു. മൂലകാരൻ 90 അദ്ധ്യായം കൊണ്ടാണ് ദശമകഥ അവസാനിപ്പിച്ചിരിക്കുന്നത്. ഭാഷാകാരൻ ശ്രുതിഗീത തർജ്ജമ ചെയ്തിരിക്കുന്നതിനെ പ്രസാധകൻ 88-ാം അദ്ധ്യായത്തിൻെറ ഒടുവിൽ ചേർത്തിരിക്കുന്നു. നോക്കുക:—

"അറിവായൊളിവായ്പ്പരിപൂർണ്ണവുമാ-
യാത്മാവാകിയ പരമാനന്ദനെ
നെറിയേമാമറകൾക്കുമറിപ്പാൻ
നിതരാമിങ്ങനെയെൻറുരചെയ്താൻ.
പറയാംലക്ഷണയാലേയെൻറു-
പറഞ്ഞാൻ ശ്രുതികളുമെൻറദ്ധ്യായം
നെറിയേചൊൽവതിനെളുതല്ലേതും
നിർണ്ണയമതുനീൽക്കട്ടിനിയെൻേറ"

ഈ പാട്ടു ചേർക്കേണ്ട സ്ഥാനം പ്രസാധകനും സംശയമുള്ളതാണ്. എങ്കിലും ക്രമം തെററാതെ അദ്ദേഹം അങ്ങനെ ചെയ്തിരിക്കുന്നെന്നാണ് സമാധാനം.

91–ാം അദ്ധ്യായത്തിൻെറ അന്ത്യത്തിൽ കാണുന്ന പാട്ടുകളിൽ ഒരു ഭാഗത്തു് "ഏതുമറഞ്ഞീടാതൊരു ബാലകനെതിരായേ" എന്നു കാണുന്ന പ്രയോഗം ബാല്യപ്രായമെന്ന അനുമാനത്തിനു വിധേയമല്ലെന്നു പറയേണ്ടിയിരിക്കുന്നു. അതു വിനയസൂചകമായിമാത്രം കരുതിയാൽ മതിയാകും.

രാമായണത്തെക്കാൾ കൂടുതലായി മൂലാശ്രയത്വം ഭാഗവതത്തിനു കാണുന്നുണ്ടു്. അതിനാൽ മനോധർമ്മങ്ങൾ അത്രയധികം ചേർത്തിട്ടില്ല. ഭക്തിക്കും സ്തോത്രത്വത്തിനും കൂടുതലായ പ്രസക്തി ഭാഗവതത്തിനുള്ളതിനാൽ സാഹിത്യപരമായ മനോധർമ്മങ്ങളെ അധികം കടത്താതിരുന്നതായിരിക്കണം. വിശിഷ്യ സ്വകീയമായ സാഹിത്യരാമണീയകപ്രകാശനവൈഭവം വാത്മീകിയുമായി യോജിച്ചു് രാമായണത്തിൽ കാണിക്കയും ചെയ്തിട്ടുണ്ടു്. അതിനാലായിരിക്കാം കഥാപ്രതിപാദനത്തിനും, മൂലാനുസരണത്തിനും അധികമായ സ്ഥാനം ഭാഗവതത്തിൽ നൽകിയതു്. ഏതുവിധേനയും ഇതു് കൈരളിയുടെ ഒരമൂല്യനിധിയാണെന്നുള്ളതിനു പക്ഷാന്തരമില്ല.

iii. <u>ശിവരാത്രിമാഹാത്മ്യം</u>:—ശിവപുരാണം കിളിപ്പാട്ടിലെ 'മിത്രസഹമോക്ഷം' കഥയാണു് കേരളീയർക്കു സുപരിചിതമായിട്ടുള്ളതു്. എന്നാൽ ഈ ഗ്രന്ഥത്തിൽ സുകുമാരബ്രാഹ്മണനു മോക്ഷംകിട്ടിയ കഥയാണു് പ്രസ്താവിക്കുന്നതു്. ഈ ഗ്രന്ഥവും രാമപ്പണിക്കരുടേതാണെന്നു കർത്തൃത്വനിർണ്ണയഭാഗത്തു കാണിച്ചിട്ടുണ്ടല്ലൊ.

പ്രാരംഭമായി ഗണപതി, സരസ്വതി, ഇവരെ വന്ദിക്കുന്നു. തുടർന്നു് തൃക്കപാലീശ്വരത്തു ശിവൻ, ഗുരുനാഥന്മാർ, വേദവ്യാസപ്രഭൃതികൾ ഇവരെ സ്തുതിച്ച

ശേഷം വിനയപ്രകടനത്തോടുകൂടിയാണ് കഥ ആരംഭി ക്കുന്നതു്. സൂതൻശൗനകാദികളോടു കഥ പറയുകയാണു്, നോക്കുക:—

"അടിതൊഴുതിതുവേദവ്യാസൻതിരു
വടിയരുൾചെയ്തപ്രകാരംസൂതൻ
പടുതരരായമഹാമുനിമാരൊടു
പറവതിനുടെഭാഷാസംക്ഷേപം
ദൃഢമിതുഞാൻചൊല്ലിൻറതുമറവും
ദിവ്യമഹാകഥയിതുപലജാതിയു-
മുടനരുൾചെയ്തപുരാണങ്ങളിലറി-
വുടയമുനിപ്രവരന്മാരെന്നാൽ"

(ശി. രാ. മാ. പാ. 5)

തുടർന്നുള്ള ചില പാട്ടുകളിൽ ശിവരാത്രി കഥാകഥ നാഗമപ്രസ്താവനയ്ക്കുശേഷം 9-ാം പാട്ടുമുതൽക്കു് കഥ ആരംഭിക്കുന്നു. പ്രതിപാദനരീതി സാമാന്യമായി ഒന്നു സംഗ്രഹിച്ചുകാണിക്കമാത്രമാണു് ഈ പ്രകരണത്തിൽ ചെയ്യുന്നതു്.

കല്പാന്ത്യത്തിൽ ബ്രഹ്മാവു നിദ്രാപരായണനാകയും ഭൂമി "കല്പപയോധി"യിൽ താഴുകയും ചെയ്തു. അപ്പോൾ

"അരുണാംബുജനയനൻനാരായണ-
നനുപമസൂകരവിഗ്രഹമായേ"

ഭൂമിയേ ഉയൎത്തി രക്ഷിച്ചു. ദശാവതാരകഥയിലെ വരാഹാവതാരം ഇതായിരിക്കുമെന്നു തോന്നുന്നില്ല. ജഗദു ദ്ധരണശേഷം മഹാവിഷ്ണു, താൻതന്നെ ലോകത്രയനാഥ നെന്നു കൽപിച്ചുകൊണ്ടു് പാലാഴിയിലെത്തി അനന്ത ന്മേൽ നിദ്രാവശഗനായി ശയിച്ചു. അപ്പോൾ ബ്രഹ്മാവു്

ഉണ്ടെന്നു. പലേടത്തും ചുററിനടന്ന് വിശ്വങ്ങളേയും ചരാചരങ്ങളേയും കണ്ടു സന്തോഷിച്ചു് വിശ്വനാഥൻ താൻതന്നെയെന്നു വിധാതാവും തീച്ച്യയാക്കി. മഹാവിഷ്ണുവിനോടു കയത്തു. അപ്പോറം;—

"വിനയമൊഴിഞ്ഞുമുനിഞ്ഞെഴുന്നിൻേറ-
വിഷ്ണുവിരിഞ്ചനൊടരുളിച്ചെയ്യാൻ.
മനസിനിന്നക്കണ്ടെഭാഭ്രമമാരേ-
മററുജഗത്തിനുപതിഞാനല്ലാൽ
പുനരറിന്നിന്നുമെകത്താവുംഞാൻ
പോനീയെൻററതിനേറെമുനിമന്ത
കനമിന്നിനമ്മിലെതിത്തമർചെയ്യേ-
കല്പിക്കാവിതിതെന്നാനയനം"

കയത്തു. അപ്പോഠം മഹാവിഷ്ണു ശാർങ്ങ്ഗചാപം വളച്ചു് ബ്രഹ്മാവിൻേറ നേക്ക് അനേകം ദിവ്യാസ്ത്രങ്ങളമായി എയ്തു. ബ്രഹ്മാവു് അവയെയെല്ലാം തടുത്തു. ഒടുവിൽ "...ഹരിയുംനിജചക്രം-

കതിരവർപലർക്കൂടിയപോലൊലിവൊടു-
കാണായതിനെമുതിന്നേവിട്ടാൻ" അജൻ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. ഇങ്ങനെ അസ്ത്രപ്രത്യസ്ത്രങ്ങളോടുകൂടി അവർ പലവത്സരം യുദ്ധംചെയ്തു. അവസാനത്തിൽ:—

"മാനിതമാഘമാസിചതുർദ്ദ-
ശ്യാമസിതായാമീശാഗമനം"

സംഭവിച്ചു. അദ്ദേഹം യുദ്ധമദ്ധ്യത്തിൽ വന്നുനിന്നു. രമാരമണനും അജനും അന്യോന്യം പ്രയോഗിച്ച പാശുപതാസ്ത്രങ്ങറം ശിവലിംഗസ്വരൂപത്തിൽ ലയിച്ചു. ആ മഹാതേജസ്സിൻെറ അന്തം അറിയുന്നതിന്നായി ബ്രഹ്മാവു് പക്ഷി

യായി മേൽപോട്ടു പറന്നുതുടങ്ങുകയും മഹാവിഷ്ണു പന്നിയായി കീഴ്പോട്ടു തുരന്നു തുടങ്ങുകയുംചെയ്തു. ഒടുവിൽ ശരിയായ ലക്ഷ്യമൊന്നും കിട്ടാതെ രണ്ടുപേരും ഇടത്തും വലത്തുമായിനിന്നു് ഉമാപതിയെ സ്തുതിച്ചു. അപ്പോൾ;

"കാലാന്തകനഖിലേശനുമാപതി—
കാരുണ്യാമൃതപൂർണ്ണകടാക്ഷം
ഫാലാഗ്നിജ്വലനേശലഭത്വം—
പണ്ടംഗജനവലംബിയദേവൻ
നീലാരുണനിറമായ്നിജദേഹേ—
നിൻവഴിനിർഗ്ഗതമാം വരരശ്മീ—
ജ്ജ്വാലാമാലകളാലേവിശ്വം—
സ്നപിതമിതെന്നുംവർണ്ണംനിൻറാൻ"

അക്കാലത്തു് മാഘമാസത്തിൽ ചതുർദ്ദശിദിവസം ബ്രഹ്മാവും മഹാവിഷ്ണുവുംകൂടി "നീയേപതി സകലത്തിനുമെന്നു്" പ്രശംസിച്ചുപരമശിവനെ സ്തുതിച്ചു. ശിവൻ സന്തുഷ്ടനായി. ഇപ്രകാരം ലോകധ്വംസനഹേതുകമായ ഒരു മഹാസംഭവത്തെ അടക്കി പരമശിവൻ ആനന്ദനൃത്തം ചെയ്ത സുദിനമാണു് ശിവരാത്രി. അതിനാൽ അന്നേദിവസം ലോകർ വ്രതം സ്വീകരിച്ചു് ശിവസേവ ചെയ്യുന്നതു് അത്യുത്തമവും അവശ്യകരണീയവും ആയിട്ടുള്ളതാണെന്നു് ആ ത്രിമൂർത്തിസദസ്സതീരുമാനം ചെയ്തു. ഉപവാസം, ജാഗരം, ശിവപൂജ, മുതലായി വിവിധതരം ആരാധനകളോടുകൂടി ശിവരാത്രിദിനത്തെ ആഘോഷിക്കേണ്ടതാണെന്നും വിധിച്ചു. ഇത്രയും പ്രതിപാദിക്കുമ്പോൾ ശിവരാത്രിമാഹാത്മ്യം ഗ്രന്ഥത്തിൽ 43 പാട്ടുകഴിയുന്നു. 44-ാം പാട്ടിലാണു് കഥാരംഭം.

"അതിപുണ്യംഉമരവിന്ധ്യാചല—
മതിനുവടക്കേസിന്ധുമഹാനദി—

യതിനുടെതിരേകുഞ്ജരരാജ്യ-
    മമൻറളനായാൻപണ്ടൊരുരാജാ.
വിധിപിഴയാതേതാനവരവരെ-
    വിഷാദമൊഴിച്ചുഴകോട്ടരേിച്ചേ
ഗതഭയമായ് വാണ്ണാൻപലകാലം-
    ഗജപുരമതിലന്ന് നൃപകുലതിലകൻ"

ആ രാജാവിൻെറ പ്രധാന കാൎയ്യാകാൎയ്യ വിചാരക്കാരനായിരുന്ന ഒരു ഉത്തമ ബ്രാഹ്മണന്ന് സർവ്വാങ്ഗസുന്ദരനായ ഒരു പുത്രൻ ജനിച്ചു. ആ പുത്രൻ പ്രായമായപ്പോൾ

    "........... ...............................കാമ-
    മഹാശാസ്ത്രങ്ങൾ പഠിച്ചറിവുററ
വിവശതയായ് നാരികളോടുകൂട-
    വിനോദിച്ചതിസുഖമായെപ്പോഴും
തവവുമട്ടത്തമഹാകർമ്മങ്ങൾ
    സമസ്തവുമൊട്ടൊഴിയാതുമറന്നവ-
നവരവരേനന്ദിയ്ക്കുംപരിചുട-
    നായാൻവിപ്രവരൻസുകുമാരൻ"

ആ സുകുമാരബ്രാഹ്മണൻ ചണ്ഡാലവധുക്കളോട് രമിച്ചുകഴിഞ്ഞുവന്നു. എന്തിനേറെ?–

"സാരതയുള്ളവരാംഗനമാരും-
    തൽപതികളെയുമുപേക്ഷിച്ചവനോടു.

ജാരവിനോദം......" തുടങ്ങിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. സുകുമാരൻെറ ഈ അധൎമ്മാചരണങ്ങൾ ജനാപവാദത്തിന്നു വിധേയമായി രാജകർണ്ണങ്ങളിലും എത്തി. രാജാവു സുകുമാരനെ വരുത്തി ശാസിക്കയും, കിരാതദേശത്തേക്കു പാൎക്കുന്നതിന്നു വിധിക്കയും ചെയ്തു. അവിടെയുള്ള അതിമനോഹരമായ ഉദ്യാനത്തിലെ നിൎമ്മല തടാകത്തിൽ സുകുമാരൻ കുളിക്കാൻ ചെന്നിറങ്ങി. ആ

അവസരത്തിൽ ഒരു ചാണ്ഡാലിയും "അവിടെ മുതിന്നു കളിപ്പതിനായേ"

(പാ: 56)

അവർതമ്മിൽ അത്യധികമായ അനുരാഗമുണ്ടാകയും

"നാമിരുവരിലൊരുവർമരി-
പ്പളവുംഞാൻപിരിയായ്കെൻവം
മാനിനികളിൽ നീയഴിയായെന്നുൻവംമററും"

സത്യംചെയ്തു്, ദമ്പതിമാരായിത്തീരുകയും ചെയ്തു. എഴുപത്തു വത്സരക്കാലം സുകുമാരൻ ആ ചാണ്ഡാലിയുമായി രമിച്ചു! ബ്രാഹ്മണീയമായ കുലവൃത്തി നിശ്ശേഷം പരിത്യജിച്ചു്;—

"മൻറാഴിയാരേജലചരജാതിക-
ളോരോവിധപക്ഷികൾനാനരിമൃത-
ലെൻറുഗങ്ങളിവററിനിറച്ചിക-
ളെല്ലാംതിൻറതിസന്തോഷിച്ചാൻ."

മദ്യപാനം രണ്ടുപേക്കും വളരെപ്രിയം. ധൂത്തു നിമിത്തം കാലക്ഷേപമാഗ്ഗം അടഞ്ഞു. അപ്പോൾ സുകുമാരൻ, ഒരു ബ്രാഹ്മണനെ കൊന്നു് ധനാപഹരണം സാധിച്ചു. പശു, കാള, മുതലായി അസംഖ്യം ജീവികളെ ബുഭുക്ഷാശാന്തിക്കായി ജഠരാഗ്നിയിൽ ആഹുതിചെയ്തു. "പഞ്ച മഹാപാതകം" അവതരണം ചെയ്തതുപോലെ ഈ ദമ്പതികൾക്കു് അഞ്ചുപുത്രന്മാരും രണ്ടു പുത്രിമാരും ജാതരായി. ചാണ്ഡാലി മരിച്ചു. പുത്രിമാരേ സുകുമാരൻ തന്നെ വീണ്ടും ഭാര്യാപദത്തിലേക്കംഗീകരിച്ചു രമിച്ചുവന്നു. നോക്കുക കുത്സിതവൃത്തിയുടെ ഭീകരത്വം! അഹോ! അതിഗർഹണീയം! അചിന്ത്യം!! ഉദരംഭരണത്തിനു വേണ്ടി ബ്രാഹ്മണനിധനം, ധനചൗര്യം, തുടങ്ങിയ ദുർവൃത്തികൾ സുകുമാരൻ സദാപി ആദരിച്ചുവന്നു! സുകുമാരൻെറ 'നവപത്നിമാർ'—വീതശങ്കം ഗർഭംധരിച്ചു.

രണ്ടു പുത്രന്മാരും ഉണ്ടായി. സുകുമാരനെ രാജകിങ്കരന്മാർ അന്വേഷണം തുടങ്ങി. അയാൾ ഭയപ്പെട്ടു് സകുടുംബം ഓരോരോദിക്കിലായി ഒളിച്ചുതാമസിച്ചുവന്നു. ഒരു ശിവരാത്രി ദിവസം സ്വകളത്രങ്ങളെ ചൂടിക്കുവാൻ പൂവന്വേഷിച്ചു സുകുമാരൻ പലേ ദിക്കുകളിലും നടക്കുന്നതിനിടയായി. അപ്പോൾ, നാഗേശ്വരമെന്ന ശിവക്ഷേത്രത്തിൽ മനോഹരവും ശ്രവണസുഖദവുമായ വാദ്യമേളങ്ങളും ഭജനാരവങ്ങളും മുഖരിതമായതു് അയാളുടെ ശ്രദ്ധയേ ആകർഷിച്ചു.

"ഘോഷമിതെന്തറിയേണമിതെൻറ-
ക്കൂടവിടെച്ചെൻറീടിയഷിഡ്ഗൻ
ഭൂഷിതരായ് നാനാപുരവാസികൾ
പുത്രകളത്രാദികൾപലരോടും
ഭൂഷണമരുമാറേശിവരാത്രിയെ
നോററവിടത്തിലുറക്കൊഴിവാനായ്
വേഷമൊടുംപലവസ്തുകൊണ്ടാട്ടേ-
വിസ്മയമാനസനായേനിൻറാൻ"

അവിടത്തെ പൂജാവിധാനങ്ങളും സ്തുതിഗീതങ്ങളും കൊണ്ടു് അത്ഭുതപരതന്ത്രനായ സുകുമാരൻ ഈശ്വരബിംബത്തെ അതിദൂരെനിന്നു കണ്ടു. അത്രമാത്രമല്ല;

"അടിമലർതൊഴുതഖിലേശ്വര-
ശരണമേൻറപോയാൻ"

പിന്നെയും ഓരോ പാപകർമ്മങ്ങൾ അനുഷ്ഠിച്ചു് ചണ്ഡാലികളോടുംകൂടി ജീവിതം മുഴുവൻ കഴിച്ചു; മരിച്ചു. യമകിങ്കരന്മാർ ദണ്ഡു്, പാശം, മുതലായ ആയുധങ്ങളോടുകൂടിവന്നു് ആ പാപിയുടെ ആത്മാവിനെ നരകത്തിലോട്ടു വലിച്ചുതുടങ്ങി. അപ്പോൾ കൈലാസത്തിൽനിന്നും

ശിവപാരിഷദന്മാർ വന്നു് യമഭൃത്യരെത്തടുത്തു ഭയങ്കരമായ യുദ്ധംനടന്നു. ഒടുവിൽ ശിവഭൃത്യർ ജയിച്ചു. സുകുമാരൻെറ ആത്മാവിനെ കൈലാസത്തിലേക്കാനയിച്ചു.

"ഊനമില്ലാതമഹേശ്വരവിഗ്രഹ-
മുടനവനംകണ്ടാനന്ദിച്ചാൻ"

ഭക്തിവാർദ്ധിയിലാറാടിയ സുകുമാരൻ പരമശിവനെ നമസ്ക്കരിച്ചു സ്തുതിച്ചു. ഈശ്വരനാകട്ടെ;-

"മീനതവാരാതേത്തുക്കൈകളെ-
നീട്ടിയെടുത്തുടൽതടവിനിന്നക്കൊണ്ടു
ഹാനിവരായ്കെന്നരിയവിമാനവു-
മപ്പൊഴുതവനുകൊടുത്താൻ……."

ഈ സംഭവമെല്ലാം യമധർമ്മരാജൻ അറിഞ്ഞു. ചിത്രഗുപ്തനെ വരുത്തി കണക്ക പരിശോധിപ്പിച്ചതിൽ സുകുമാരൻെറ പേരിലുള്ള പാപങ്ങൾ സംഖ്യാതീതങ്ങളാണെന്നു തെളിഞ്ഞു. അല്പനേരം ചിന്തിച്ചശേഷം അന്തകൻ സപരിവാരം കൈലാസത്തിലേക്ക യാത്രയായി. കൈലാസം കണ്ടു ഹർഷപുളകിതനായ അന്തകൻ പരമശിവനെ സ്തുതിച്ചു് സുകുമാരൻെറ നീചകൃത്യങ്ങളെ ഉണർത്തിച്ചു. സുകുമാരകൃതപാപഫലം,

"വാനിടനിന്നവനിയിൽവീഴുംചില-
മഴനീർത്തുള്ളികൾ ഭൂമിയിലേമണ-
ലാനവയെണ്ണിക്കാണ്മാൻപണിപെ-
ട്ടതുപോലെ….."യാണു്. സുകുമാരനെ അന്നു അന്തകകിങ്കരന്മാരിൽ നിന്നും മോചിപ്പിച്ചു് കൈലാസത്തിലേക്കാനയിച്ചതു് തുലോം അനുചിതമാണെന്നും; ഈനിലയ്ക്കു് പാപികളെ ശിക്ഷിക്കുന്നതാൻ ഇനിയെന്തു ചെയ്യണമെന്നും അന്തകൻ

സവിനയം ചോദിക്കുന്നു. "ചണ്ഡാലിക്കുവേണ്ടി പൃഷ്ഠാന്വേഷണ ബുദ്ധിയോടുകൂടിയെങ്കിലും ശിവരാത്രിഘോഷങ്ങൾ സന്ദർശിച്ച സുകുമാരൻ മോക്ഷലാഭത്തിന് അർഹനാണ്. ഇനി വളരെക്കാലം സുകുമാരൻ കൈലാസസുഖമനുഭവിച്ചശേഷം "ദധീചി"യായി ജന്മമെടുക്കും. അപ്പോൾ ഇന്ദ്രൻ വൃത്രനിഗ്രഹത്തിനായി ദധീചിയുടെ അസ്ഥിദാനമായി സ്വീകരിക്കുന്നതാണ്. അനന്തരം സുകുമാരാത്മാവ് വീണ്ടും കൈലാസത്തിൽ വരുകയും അതോടുകൂടി സായൂജ്യം പ്രാപിക്കയും ചെയ്യും" ഇതായിരുന്നു പരമശിവന്റെ ഉത്തരം. അതിനുശേഷം, ശിവരാത്രിമഹത്വം, ശിവഭക്തലക്ഷണം ഇവയും പരമശിവൻ അന്തകനെ ധരിപ്പിക്കുന്നുണ്ട്. ത്രുഷ്ടനായ അന്തകൻ സ്വപുരിയിലേക്കു മടങ്ങി. വിവരം സ്വപരിവാരങ്ങളേയും ധരിപ്പിച്ചു. എല്ലാവരും ശിവഭക്തിയിൽ മുഴുകി. പരമശിവഭക്തരെ ഉപദ്രവിക്കയില്ലെന്നും ഉപദ്രവിക്കാൻ പാടില്ലെന്നും അന്തകൻ വിളംബരം ചെയ്തു. ഇങ്ങനെ സർവത്ര ശിവം. ഈ കഥ പരമശിവൻ സുബ്രഹ്മണ്യനോടും സുബ്രഹ്മണ്യൻ നാരദനോടും നാരദൻ വേദവ്യാസനോടും പറഞ്ഞു. വേദവ്യാസൻ സൂതനോടും സൂതൻ ലോകരോടും പ്രഖ്യാപനം ചെയ്തു മുനിമാരെ ധരിപ്പിച്ചു.

"ആരണരാദിസമസ്തപ്രാണിക-
ളാമവർകൾക്കുംപാപംകളവാൻ
കാരണമാകിയശിവരാത്ര്യവ്രത-
കഥയിതുതന്നാലായപ്രകാരം
സാരതയില്ലാതേകൃതിരാമൻ
താൻനിരണത്തുകപാലീശപരമേ-
ശ്വരുമുമാപതിതന്നരുളാലേ-
ചെയ്താനേവംഭാഷയിനാലേ"

അതിനാൽ:—

"ഭാഷാമിശ്രമിതെന്റികഴാതെ-
പരമേശ്വരഭക്ത്യാവല്ലവരും
താഴാതഷ്ടമിമററുചതുർദ്ദശി
സകലേശ്വരരാത്രികളിലുമെല്ലാം
ദോഷാപഹമഴകോടേചൊൽവർ-
ദുരിതമശേഷമറുത്തിഹലോകേ.
വീഴാതതിവദ്ഭുതരൊട്ടുംപോയ്
മേവുവരന്തെശങ്കരലോകേ."

എന്നാണു് ഫലശ്രുതി. ലോകരെല്ലാം ശിവരാത്രിവ്രതസ്വീകരണതത്പരരായി ശിവപദം പ്രാപിക്കട്ടെയെന്ന പ്രാർത്ഥനയോടുകൂടി 150 പാട്ടുകൾ അടങ്ങിയ ഈ കാവ്യം ഉപസംഹരിച്ചിരിക്കുന്നു.

കഥാപ്രതിപാദനത്തിൽ വളരെ പരിമിതമായ ഒരു ഗതിയാണു് ഇതിൽ കാണുന്നതു്. എന്നിരുന്നാലും ആവശ്യവും ഔചിത്യവും അനുസരിച്ചു് ഹൃദ്യങ്ങളായ വർണ്ണനകൾ ചെയ്തിട്ടുണ്ടെന്നുള്ളതു് ശ്രദ്ധേയമാകുന്നു. അവയെല്ലാം കാവ്യാസ്വാദനപരമായ അദ്ധ്യായത്തിൽ കാണിക്കുന്നതാകയാൽ ഇവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല.

IV. ഭാരതം:—ശ്രീ. രാമപ്പണിക്കരുടെ ഈ കൃതിയുടെ പ്രസിദ്ധീകരണം അപൂർണ്ണമാണു്. വിപുലമായ ഈ തർജ്ജമയിൽ ദ്രോണപർവംവരെയുള്ള ഭാഗങ്ങൾ കണ്ടിട്ടുള്ളതായി മഹാകവി ഉള്ളൂർ അവർകൾ ഒരു ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. മററുഭാഗങ്ങൾ നഷ്ടപ്പെട്ടാണിരിക്കുന്നതെങ്കിൽ അതു് ശോചനീയമാണു്. വേദവ്യാസമഹർഷിയുടെ ഭാരതം അഞ്ചാമത്തേ വേദമാണു്. ഈ

തർജ്ജമ രാമായണാനന്തരമുള്ളതും ഭാഗവതത്തിനുമുമ്പുമാകുന്നു. അതിലേക്ക ഗ്രന്ഥത്തിൽതന്നെ തെളിവുണ്ട്.

"കളവാൻപാപംമുന്നേരാമക-
ഥാമൊട്ടായപ്രകാരംചൊന്നേ
നിളയാതേശ്രീകൃഷ്ണകഥാമിനി-
യെളുതായൊരുപടിചൊൽകനിനൈന്നേൻ"

(ഭാരതം)

രാമായണഭാരതാദികൾ തർജ്ജമചെയ്ത രാമപ്പണിക്കരുടെ ആദർശത്തെപ്പററി സുപ്രസിദ്ധപണ്ഡിതനായ ബ്രഹ്മശ്രീ കെ. സാംബശിവശാസ്ത്രി അവർകളുടെ അഭിപ്രായം അത്യന്തം ശ്രദ്ധാർഹമാണ്. "രാമായണം, ഭാരതം, ഭാഗവതം, എന്നീ പ്രസിദ്ധപ്പെട്ട മൂന്നു പ്രബന്ധങ്ങളാണ് ഹിന്ദുമതമഹാസൗധത്തിൻെറ അഭേദ്യങ്ങളും അത്യുന്നതങ്ങളുമായ സുവർണ്ണശിഖരങ്ങളായി പരിലസിക്കുന്നതെന്നു സർവ്വസമ്മതമാണല്ലോ. ഇപ്രകാരമുള്ള മൂന്നു ശിഖരങ്ങളിലും ഒന്നുപോലെ സഞ്ചരിച്ചു ജാജ്വല്യമാനങ്ങളായ വിജ്ഞാനമയൂഖങ്ങൾ ശേഖരിച്ച് മധുരതരങ്ങളായ ഭാഷാഗാനങ്ങളാക്കി കേരളീയരുടെ അജ്ഞാനാന്ധകാരം അകററുവാൻ ശ്രമിച്ചിട്ടുള്ള ഈ മഹാകവി രാമപ്പണിക്കരുടെ മഹിമ അനന്യലഭ്യമാണ്" എന്നാണ് ശ്രീമാൻ ശാസ്ത്രി അവർകളുടെ അഭിപ്രായം. രാമപ്പണിക്കരുടെ അന്യാദൃശ പാണ്ഡിത്യത്തിനും ലോകസേവനകുശലതയ്ക്കും തെളിവുകളാണ് ഏതൽകൃതികൾ. "ശ്രീമദ്രാമായണം. അഗ്നിപുരാണം, മുതലായവയിലെ സാരം കവന്നെടുത്ത് സകലലോകവശീകരചതുരമായ സാരോപദേശമായിസമർപ്പിക്കുന്ന കാളിദാസാദിമഹാകവികൾക്കു തുല്യം ഭാരതാദികഥാവസ്തു കൈയ്യിലെടുത്ത് ലളിതകോ

മലപ്രകൃതിയായ കാവ്യരസം പുരട്ടി പഞ്ചസാര ഗുളികയാ യുരുട്ടി പാട്ടുകൾ പാടി നടന്നിരുന്ന ഒരു സമസ്തകേരള ഗുരുവായിരുന്നു"വെന്നു് ശ്രീ. രാമപ്പണിക്കരെപ്പററി ബ്രഹ്മശ്രീ സാംബശിവശാസ്ത്രി അവർകൾ വേറൊരിടത്തു പ്രസ്താവിച്ചിട്ടുള്ളതു് അത്യധികം പരമാൎത്ഥമാകുന്നു. അദ്ദേഹം സാക്ഷാത് സച്ചിദാനന്ദത്തെയാണു് ആരാധി ച്ചിരുന്നതു്. ഈശ്വരപക്ഷാന്തരങ്ങളെയൊന്നും ഗണ്യ മാക്കിയിരുന്നില്ല. അതിനാലാണു് ശിവരാത്രിമാഹാത്മ്യ വും ഭാഗവതവും എല്ലാം അദ്ദേഹത്തിന്റെ തൂലികയ്ക്കു വിധേയമായതു്.

ശ്രീവ്യാസഭാരതം കൈരളിക്കു് രാമപ്പണിക്കൎക്കു ശേഷവും കിട്ടിയിട്ടുണ്ടു്. അവയിൽ സൎവ്വോത്തമം, തുഞ്ചത്തു ഗുരുപാദരുടെ ശ്രീമഹാഭാരതം കിളിപ്പാട്ടാണു്. "സരസ ദ്രുതകവി കിരീടമണി"യായിരുന്ന കൊടുങ്ങല്ലൂർ കുഞ്ഞി ക്കുട്ടൻതമ്പുരാൻ ഭാരതം വൃത്താനുവൃത്തം തൎജ്ജമചെയ്തു് കൈരളീദേവിക്കു് ഉപഹാരമാക്കിത്തീൎത്തിട്ടുണ്ടു്. എന്നാൽ ഈ മഹാത്മാക്കൾക്കു മുമ്പേതന്നെ കൈരളിക്കു കാഴ്ച വച്ച ഒരു മഹാദ്രവ്യമാണു് രാമപ്പണിക്കരുടെ ഭാരത മെന്നുള്ളതു സ്മരണീയമാകുന്നു.

"പൎവ്വവും മൂവാറതിൽ ഗ്രന്ഥവും നൂറായിരം
ദിവ്യമിതദ്ധ്യായവുമുണ്ടൊരു രണ്ടായിരം"

ഇതാണു് മഹാഭാരതത്തിന്റെ അവസ്ഥ. തുഞ്ചത്തു ഗുരുപാദരുടെ അനുഗൃഹീതമായ തൂലികാവിലാസം കൊണ്ടു് ഹൃദ്യമായ ഒരു സംക്ഷേപണം കൈരളിക്കു ലഭിച്ചു. എന്നാൽ രാമപ്പണിക്കരുടെ തൂലിക ഇതിൽ ഏതുപ്രകാരം പ്രവൎത്തിച്ചു എന്നറിയുന്നതിനു നമുക്കു പൂൎണ്ണ മായി സാദ്ധ്യമല്ല. അച്ചടിപ്പിച്ചേടത്തോളം ഭാഗംകൊണ്ടു്

ഒരു ദിങ്മാത്രപൎയ്യവേക്ഷണം സാധിച്ചു കൃതാൎത്ഥത സമ്പാദിക്കാനേ നിവൃത്തിയുള്ളു.

ശ്രീമഹാഭാരതത്തിൽ പൗലോമം, ആസ്തികം, സംഭവം, ഈ മൂന്നു പൎവ്വങ്ങളുടെ പരിഭാഷയാണു് രാമപ്പണിക്കരുടെ ഭാരതം. പൗലോമം 152-ം ആസ്തികം 196-ം സംഭവം 328-ം ഉൾപ്പെടെ ആകെ 676 പാട്ടുകളാണിതിലുള്ളതു്. ധൃതരാഷ്ട്രസഞ്ജയസംവാദമായ അനുക്രമണികാപൎവ്വംമുതൽ വിചിത്രവീൎയ്യനെക്കൊണ്ടു വിവാഹം കഴിപ്പിക്കുന്നതിനായി കാശിരാജാവിൻെറ മൂന്നു പുത്രിമാരായ അംബ, അംബിക, അംബാലിക, ഇവരെ ഭീഷ്മർ കൊണ്ടുവരികയും അംബോപാഖ്യാനമെന്ന ഭാഗത്തിൽ ഭീഷ്മരുടെ യുദ്ധം മുതലായവ വൎണ്ണിക്കുകയുംചെയ്യുന്നതുവരെയുള്ള ഭാഗങ്ങളാണു് പ്രസിദ്ധീകരണത്തിനു വിധേയമായിട്ടുള്ളതു്. സൎവ്വവിദിതമാണു് മഹാഭാരതംകഥ. അതിനാൽ അതിൻെറ പ്രതിപാദനഗതി വിസ്തരണത്തിനു സ്ഥാനം അനുവദിക്കുന്നില്ല.

തൎജ്ജമ സംഗ്രഹിച്ചും കഴിയുന്നത്ര സ്വാതന്ത്ര്യം കലൎത്തിയും അക്കാലത്തെ ജനതാഭിരുചിയെ ലക്ഷ്യമാക്കിയും ആണു് സാധിച്ചിരിക്കുന്നതു്. അഗ്നിശാപമെന്ന ആറാം അദ്ധ്യായ (പൗലോമപൎവ്വം) ത്തിൽ ഒരു ഭാഗം ഇവിടെ കാണിക്കാം.

സൂതൻ പറഞ്ഞു:—

അഗ്നിവാക്കീവിധം കേട്ടിട്ടന്നീയവളെ രാക്ഷസൻ
വരാഹരൂപൻ കൊണ്ടോടിവായുവേഗാൽ ഭൃഗുജോത്തമ
ഉടൻ മാതാവുതൻ കുക്ഷൗപെട്ടം ഗൎഭം ചൊടിച്ചഹോ
ച്യവനം ചെയ്തിതതിനാൽ ച്യവനൻ താനമായവൻ"

(പ: 1. 2. കുഞ്ഞിക്കുട്ടൻതമ്പുരൻ)

ഇതാണു് 'ച്യവനൻ' എന്ന പേരിൻെറ ആഗമം. അതിനു ഭാഷാകാരൻ;

"അവളുടെ കുക്ഷിയിൽ മേവിനബാലൻ-
പടുതരനവളുദരേനിൻറിഴകി-
പ്പാരതിൽ വീണെതിർനോക്കിയകാലം"
(ഭാരതം. പു. 32. പാ. 124)

ഇങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു. ഇവിടെ "ച്യവനം ചെയ്തിതതിനാൽ" എന്നുള്ളതിനെ പറഞ്ഞു കാണുന്നില്ല. എന്നാൽ വായനക്കാക്കറിവിനെന്നപോലെ വേറൊരു ഭാഗത്തായി മൂലകാരനെ വിട്ടിട്ടു്

"മൂവുലകിലുമറിയും പുകഴുള്ള മുനീന്ദ്രൻ
ച്യവനനുഗർഭച്യവനാൽകൈവന്നിതുപേരതു്"

എന്നു തർജ്ജമചെയ്തു കാര്യം സാധിച്ചിട്ടുണ്ടു്.

മൂലത്തിൽ ആദിപർവ്വാന്തർഗ്ഗതമായ അംശാവതരണ പർവ്വത്തിൽ വൈശമ്പായനൻ ജനമേജയനു ഭാരതംകഥ സംക്ഷേപമായി ഉപദേശിക്കുന്നു.

"കേൾക്കരാജൻ! രാജ്യമൂലം കുരുപാണ്ഡവർ തങ്ങളിൽ
ചൂതാൽഛിദ്രം വന്നതുമാവനവാസം കഴിച്ചതും
പാരാകെ മുടിയുമ്മാറപോരാടാനിടവന്നതും
ചോദിക്കുന്ന ഭവാനോടിങ്ങോതീടാം ഭരതർഷഭ!"

എന്നിങ്ങനെ 4-ാം പദ്യം മുതൽക്കാരംഭിച്ചു്, പാണ്ഡവകൗരവചരിത്രത്തിൽ പ്രധാന ഘട്ടങ്ങളെല്ലാം വരുത്തി;

"മന്നോർകുലം മുടിച്ചിട്ടു ദുര്യ്യോധനവധത്തൊടും
മിക്കപേരും ചത്തരാജ്യം കൈയ്യേറ്റാണ്ടാർ പാണ്ഡുനന്ദനർ
ശ്ലാഘ്യന്മാരാമവർക്കുള്ളോരക്ഷോഭ്യക്രമമിങ്ങനെ-
അന്തച്ഛിദ്രം രാജ്യനാശം ജയവും വിജയപ്രിയ."

ഇപ്രകാരം അവസാനിപ്പിക്കുന്നു. ആകെ 55 പദ്യങ്ങളിലായി കേവലം കഥാപ്രതിപാദനം മാത്രമാണ് മൂലകാരൻ ചെയ്തിരിക്കുന്നത്. എന്നാൽ ഭാഷാകാരൻ അതിൽ ഭക്തിയും തന്മയത്വവും ഇടകലർന്നുള്ള ശാന്താത്മകമായ ഒരന്തരീക്ഷം വരുത്തി ശ്രീകൃഷ്ണഭഗവാൻെറ വിലാസമഹിമയേ കാണിച്ചാണ് പ്രകാശിപ്പിച്ചിരിക്കുന്നത്.

"ആദിപുരാൻ ശ്രീകൃഷ്ണനുടേകഥ
യായ് വരുമരചാ! ഭാരതമോത്താ-
ലാദരവോടുപിതാമഹർതമ്മെയവൻ-
തിരുവടി പാലിച്ചതുമുററും.
നാഥനവൻ നാരായണനാഴിയിൽ-
നാഗമഹാഭോഗാമലതല്പേ-
നീതിയിനാലേകാഗ്രാത്മാവായ്-
നിദ്രാവശനായ് മുമ്പുവസിച്ചാൻ"

എന്നാരംഭിച്ച്;

"ആനപ്രകാരംഞാൻതവപൂർവ്വപി-
താമഹചരിതമതിൽജീവാത്മാ-
വായ്മരുവുംകൃഷ്ണൻകഥയൊടിനി-
യറിയിപ്പൻകഥയാദിയിൽനിന്നേറ
ുയതപോധനനായപരാശര-
സുതമതമനുപമതാംജനമേജയ-
നായനരേന്ദ്രാ! യെൻറഥവൈശം-
പായനമുനിനൃപനോടതുചൊന്നാൻ"

എന്നു് ഇരുപത്തിയൊന്നു പാട്ടുകൊണ്ടു് ഉപസംഹരിച്ചിരിക്കുന്നു. ശ്രീമഹാഭാരതം കഥയുടെ സൂത്രധാരനും പാണ്ഡവജീവാത്മാവും ആയ ശ്രീകൃഷ്ണൻെറ വിലാസധോരണികളെ പ്രാരംഭത്തിൽതന്നെ പ്രതിപാദിച്ചിരിക്കുന്ന

തിൽ നിന്നും ഭാരതം കഥയുടെ സാർവ്വത്രികമായ ബന്ധ വൈചിത്ര്യത്തെ മൂലാതിശായിയാക്കി കവി കാണിച്ചിരിക്കുന്ന നിരങ്കുശത്വം അഭിനന്ദനീയംതന്നെ.

"ഭൂമിയിൽവാനിലുമെങ്ങുനിറഞ്ഞൊരു-
പോതഴിയാതേപരാനന്ദാമൃത-
മാമറിവായുണർവ്വായഖിലാത്മാ-
വാമാത്മാനംവന്ദിക്കുന്നേൻ"

എന്നിങ്ങനെ സച്ചിദാനന്ദാത്മകമായ നിർവ്വികാര ബ്രഹ്മത്തെ വന്ദിക്കുന്ന പരിഭാഷകന്റെ പതിവു് ഇതിലും വരുത്തിയിരിക്കുന്നു.

നാഗങ്ങൾ സർപ്പസത്രം മുടക്കുന്നതിനുള്ള പോം വഴികൾ ആലോചിക്കുന്നിടത്തു കാണുന്ന ലോകസ്വഭാവ പ്രകടനം ശ്രദ്ധേയമാണു്.

സൂതൻ പറഞ്ഞു:—

ഏവമൊത്തുചേർന്നുകൊണ്ടേവരുംകാദ്രവേയർതാൻ
സമയംചെയ്തുമന്ത്രത്തിൻക്രമമെല്ലാമറിഞ്ഞവർ
ഒരുജാതിഭുജംഗങ്ങളുരച്ചാർവിപ്രരായിനാം
ജനമേജയനോടർത്ഥിക്കണംയജ്ഞവിധാനമേ
ചിലനാഗങ്ങൾപാണ്ഡിത്യനിലഭാവിച്ചുചൊല്ലിനാർ
നാമെല്ലാരുംനൃപന്നൊക്കമന്ത്രിവരരാവണം.
ചോദിക്കുംനമ്മൊടാക്കാര്യ്യനീതിതീർപ്പുകളായവൻ.
അതിലായജ്ഞമൊക്കായ്‌വാൻമതിദയാതിക്കൊട്ടുത്തിടാം
ബുദ്ധിമാനാനൃപൻനമ്മിലത്യന്തബഹുമാനമായ്
ആയജ്ഞകാര്യ്യംചോദിക്കുമായീവയ്യെന്നുചൊല്ലിടാം
ബഹുദോഷങ്ങൾകാണിക്കാമിഹലോകപരങ്ങളിൽ
യുക്തിന്യായങ്ങളാലെന്നാലൊത്തിടായ്‌വരുമാമഖം
അല്ലെങ്കിലാനരപതിക്കുള്ളുപാദ്ധ്യായനേവ ഃനാ-
സർപ്പസത്രവിധാനജ്ഞനപ്‌വൃത്തഃപീശഹിതാർത്ഥൻ
അവനെച്ചെന്നൊരുരഗംകടിയ്ക്കുമൃതനാമവൻ

ആ യജ്ഞകാരൻ ചത്തെന്നാലായജ്ഞം പിന്നെയൊത്തിടാ
അവന്റ സപ്പസത്രജ്ഞത്തൃത്വിക്കുകളുമേവരോ
അവരേയും നാംകടിക്കുകവിടെത്തീൻകാര്യവും
വേറേധർമ്മിഷ്ഠർ കാരുണ്യമേറും നാഗങ്ങളോതിനാർ
ബുദ്ധിത്തെററാണിതാബ്രഹ്മഹത്യശോഭനമല്ലരാ
സബാധമൂലം ശമനമത്ര ശോഭനമാപദി
അധർമ്മം കൂടിയാലതു മേന്മൽ ലോകം മുടിക്കുമേ
മററു നാഗങ്ങൾ കല്പിച്ചുമുററം കത്തുന്നവഹ്നിയെ
ഇടിക്കാററായ് മാരിപെയ്തുകെട്ടുക്കുക നമുക്കുടൻ.
സ്രുക് സ്രുവാദികൾ രാവിൽച്ചെന്നൊക്കെമററുള്ളപാമ്പുകൾ
അറിയാതെ ഹരിക്കേണം പെരിയൊന്നതു വിഘ്നമാം
തത്രയജ്ഞേ ഭുജംഗങ്ങൾ പത്തും നൂറും സഹസ്രവും
എത്തിജ്ജനങ്ങളെക്കൊത്തിത്തീർത്താലും പേടിയററിടും
അല്ലെങ്കിൽ ശുദ്ധഭോജ്യങ്ങളെല്ലാം ദൂഷ്യപ്പെടുത്തുക
സത്ഭോജ്യനാശകരമാം സർപ്പമൂത്രമലാദിയാൽ
പിന്നെച്ചിലർ പറഞ്ഞൂ നാം ചെന്നൃത്വിക്കുകളായ് മഖേ
തത്രദക്ഷിണയെന്നോതിപ്പുരുവിഘ്നം വരുത്തിടാം
അപ്പോളവൻ പാട്ടിലാവുമിപ്സിതംപോലെ ചെയ്തിടും
ചിലരപ്പോൾ ചൊല്ലിവേറെ, ജലക്രീഡയിൽ മന്നനേ
ഗൃഹം നയിച്ചു ബന്ധിക്കാമിഹയജ്ഞം മുടങ്ങുമേ
ചില നാഗങ്ങൾ പാണ്ഡിത്യനില കാണിച്ചു ചൊല്ലിനാർ
അവനെച്ചെന്നു ദംശിക്കുകവിടെത്തീൻകാര്യവും
അനർത്ഥമൂലമററെല്ലാം പുനരായാൾ മരിക്കുകിൽ
ഞങ്ങൾക്കിതാണേററകയ്യായിങ്ങു ബുദ്ധിഭുജംഗമ!
അഹിരാജൻഭവാൻ ചിന്തിച്ചതെന്തെന്നു വിധിക്കുക.”

അപ്പോൾ വാസുകി അവരോടു പറഞ്ഞു:—

“നിങ്ങൾക്കുള്ളററകൈകണ്ടതിങ്ങു നന്നല്ല ചെയ്യുവാൻ
നിങ്ങളാരും ചൊന്നതൊന്നുമിങ്ങു ബോധിച്ചതില്ലമേ
എന്തിതിൽ ചെയ്വൂനിങ്ങൾക്കിങ്ങെന്തിനാൽ നന്മവന്നിടും
ശ്രേയസ്സിപ്പോൾ കശ്യപനെയാശ്രയിക്കെന്നിതെന്മതം
നിജജ്ഞാതിസ്നേഹമൂലം ഭുജംഗകുലമുഖ്യരേ
ഭവാന്മാർ ചൊന്നതിങ്ങൊന്നും ചെയ്യാൻതോന്നുന്നതില്ലമേ

ഭവാന്മാക്ക് ഹിതം നോക്കിച്ചെയ്യുതെൻമുറയാണിതിൽ
അനുതാപപ്പെട്ടുന്നേൻ ഞാൻ ഗുണദോഷങ്ങളെന്നിലാം"

(മൂ. ഭാ. ആ. അ. 37)

ഈ ആലോചനാസമിതിയേ ശ്രീഞ്ചെത്തുഗുരുപാദർ സംഗ്രഹിച്ചിരിക്കുന്നതിപ്രകാരമാണു്.

"ശാപബലംകൊണ്ടു വംശം മുടിച്ചീടും
ഭൂപൻ ജനമേജയൻ തന്മഹാക്രൂദ്ധ
നാമത്തുചെന്നു മുടക്കേണമെങ്കിലേ
കാമം വരുന്നമുക്കെന്നത്രു നിർണ്ണയം
അന്തണരായ്ചെന്നപേക്ഷിച്ചുയാഗത്തി-
നന്തരം നാം വരുത്തീടുകെന്നുചിലർ
മന്ത്രികളായ്ചെന്നു സേവിച്ചു പുക്കു നാം
ചിന്തിച്ചതുതെന്നു ചൊല്ലുകെന്നു ചിലർ
ബ്രാഹ്മണരിക്രിയ ചെയ്യുന്നതാകയാൽ
ബ്രാഹ്മണരായ് ചെന്നു ശാലയിൽ പുക്കുനാം
ധാർമ്മികന്മാരായ് ക്രിയയ്ക്കുകൂടെക്കൂടി
ബ്രാഹ്മണരെക്കടിച്ചാശു കൊന്നീടുക
മന്നവൻതന്നെയും പിന്നെക്കടിച്ചുകൊ-
ന്നെന്നേ സുഖമായ് വസിക്കാമെല്ലാരും
ഭൂദേവന്മാരേ വധിക്കതെന്നുമേ-
ഖേദമെന്നാലൊരുനാളുമൊടുങ്ങുമോ?
ശാപഭയപരിഹാരം വരുത്തുവാൻ
പാപകരങ്ങളായുള്ള വനന്നല്ല
അഗ്നിശമനത്തിനഗ്നി നന്നല്ലല്ലോ
മഗ്നമാക്കേണം ജലത്തിലതേനല്ലൂ
എങ്കിൽ ജനമേജയനാം നരപതി-
ശങ്കാവിഹീനം ജലക്രീഡ ചെയ്യുമ്പോൾ

കൊണ്ടുപോകേണം നാം പാതാളലോകത്തു
കണ്ടുകൊള്ളാം പിന്നെ യാഗവുമന്നേരം
വേർപിരിഞ്ഞാൽ മരം കായ്ക്കയില്ലെന്നതി-
കോപികളാം ചില ഭോഗികൾ ചൊല്ലിനാർ
കല്പാന്തജീമൂതകല്പവപുസ്സൊട്ടു-
മബ്ധികളേഴുമലറുന്നതുപോലെ
ദിഗ്ഭ്രമമാം വണ്ണമഭ്രം നിറഞ്ഞുനാ
മഭ്രനാദഭ്രമമുത്ഭവിപ്പിച്ചുകൊ-
ണ്ടത്ഭുതാകാരംവരിഷ്ഠിച്ചു പാവകൻ
ദീപ്തികെടുത്തുടൻ തൽപ്രദേശംവിഷ-
വ്യാപ്തമാക്കേണമെന്നാൽ മുടങ്ങുംമഖം"

അവർ പലരും ഇങ്ങനെ പറഞ്ഞപ്പോൾ വാസുകി പറയുന്ന അഭിപ്രായമെന്താണ്?

"വാസുകിയായ നാഗാധിപൻ ചൊന്നാ-
നാസുരമായ മതമിവയൊക്കവേ
എല്ലാവരുമൊത്തിനിയും നിരൂപിക്ക-
നല്ലതു തോന്നീടുവോളമെന്നേവേണ്ടു
ചേർന്നീലെനിക്കിവയൊന്നുമാപത്തിങ്കൽ
തോന്നുകയില്ലല്ലൊ നല്ലതൊരുവനും
കാലാനുരൂപമായുള്ള വിവേകവും
കാലാരിയോടു പൊളിപറഞ്ഞാൻവിധി
വേലയത്രേ വിവേകം വിനാശത്തിങ്കൽ
മാലൊഴിപ്പാൻ നിരൂപിപ്പിനിന്നും നിങ്ങൾ"

വളരെ സംക്ഷേപിക്കുന്ന തുഞ്ചത്തുഗുരുപാദരും ഈ ഭാഗം ഇത്രയും വിവരിച്ചിട്ടുണ്ട്. ഇതു് സംക്ഷേപണപടുവായ രാമപ്പണിക്കരേ അനുകരിച്ചായിരിക്കണം. രാമപ്പണിക്കരുടെ സംക്ഷേപം നോക്കുക:— ആയതിപ്രകാരമാണ്.

“എൻറതുകേട്ടുപറഞ്ഞാർ ചിലനാ-
        ഗേശ്വരരാമവർജനമേജയനോടു
ചെൻറിതുനാമന്തണരായ്മഖമിതു-
        ചെയ്യായ്കെൻറുവരിപ്പോമെൻറേ
അൻറപരന്മാർ ചൊന്നാരരചന-
        മാത്യന്മാരായേനാംപുക്കിന്നി
യെൻറുംപന്നഗസത്രംചെയ്യരു
        തെൻറവനൊടുബോധിപ്പോമെൻറേ.
ഏതൊരുജാതിയുമേമുനിമാരാ-
        യിതമൊടുചെൻറേസപ്പമുഖംചെ-
യ്താദരവോടമരുംമുനിമാരെയ-
        ർപ്പിപ്പോംവിഷമിൻറിനിവേഗാൽ
വാധവരുംപരിചരചനെയുംനാം
        വൻപൊടുപിൻപുകടിച്ചേകൊൻറാൽ
ഭീതിവരാ യാഗവുമിതുചെയ്വോർ
        പിന്നെയിതേനയമെൻറാർ ചിലരോ.
ചിലരതുകേട്ടുപറഞ്ഞാരൊല്ലാ-
        ചെയ്വതന്തണരെക്കൊല്ലാമോ?
പലദുരിതംചെയ്തുണ്ടാകിയഭയ-
        പരിഹാരംവരുമോപാപത്താൽ.
കലവിയലാതതുതീപ്പാൻപുണ്യം
        കൂടെച്ചെയ്വതുയോഗ്യവുമെൻറാ-
ലലമിതുചെയ്വാൻ ചിന്തിച്ചിതുമെ-
        ൻറാരറിവീടിയനാഗവരന്മാർ.
വരഗുണനാംജനമേജയനരപതി-
        വാരിവിഹാരംചെയ്വതുകാലം
പരിചൊടുമവനെയെടുത്തേനാംചിലർ
        പാതാളേബതകൊണ്ടേപോനാൽ.

പരവശനാമവനാർന്നമ്മെപ്രതി-
പന്നഗസത്രംപിന്നെചെയ്‌വവർ
കരുത്തുകിൽമൂട്ടമറിഞ്ഞാലുണ്ടോ-
കാര്യ്യമിൻറിത്തുമരമെൻറാർചിലരോ
ഓരോനീലവലാഹകജാതിക-
ളോട്ടസമാനവപുസ്സിനൊട്ടും നാം
വാരാകരസമമായേയലറിമ-
ഹാവർഷംവർഷിച്ചതുകാലം
നേരേകണ്ഡസമുദ്‌ഭവപാവക-
ദീപ്തികെട്ടപ്പോംസാധനമഖിലം
പാരാതെചിലർകവർക; കടിച്ചേ
പലരെയുമുയിർകൊാംവോംനാമവിടേ.
അവിടേഭോജനഭക്ഷ്യാദികളില-
തീവമഹാവിഷയോഗമിയററുക
ജവമൊട്ടുമെൻറിവയാദികരംചെയ്താൽ
ചെമ്മേപന്നഗസത്രമൊഴിക്കാം.
അവശതവേണ്ടാ"യെന്റേനാഗകു-
ലാധിപർചൊന്നതുകേട്ടേവാസുകി
"യിവയൊൻറുംമമചേന്നില്ലേവരു-
മിനിയുംനല്ലതുചിന്തിക്കെ"ൻറാൻ"

മൂലകാരൻെറ ആശയത്തെ അത്യന്തം ഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്നതായി നമുക്കിവിടെ കാണാം. "ഭിന്നരുചിഃലോകഃ" എന്നുള്ള പക്ഷമാണ് ഈ ഉരഗാഭിപ്രായങ്ങൾ കാണിക്കുന്നതു്.

സംഭവപവ്ത്തിൻെറ പ്രാരംഭത്തിൽ 21 പാട്ടുകൾ കൊണ്ടു ശ്രീകൃഷ്ണാവതാരം കഥ മുഴവൻ സംഗ്രഹിച്ചിരിക്കുന്നതും സംഗ്രഹണപാടവത്തിന് ഒരു തെളിവാണു്. എന്നാൽ ഇതു് മൂലാനുസാരിയല്ലെന്നുള്ളതും സ്മരണീയ

മാണ്. കവിയുടെ നിഷ്കളങ്കമായ ഭക്തിയുടെ സ്വാതന്ത്ര്യപ്രവാഹമാണ് നാം കാണുന്നത്. ഈ ഭക്തി സ്വാതന്ത്ര്യം തുഞ്ചത്തു ഗുരുപാദർക്കും നിരങ്കുശഗമനത്തിന് അദ്ധ്യാഹ്ലർഷണം ചെയ്തതായി അനുമാനിക്കുന്നതിൽ അപാകമില്ല. എന്നാൽ ഭക്തിയുടെ ഉൽക്കർഷാതിരേകത്താൽ സംബോധനകളുടേയും ഉത്തമപുരുഷസർവ്വനാമങ്ങളുടേയും പ്രചുരപ്രാചുര്യം തുഞ്ചത്തുഗുരുപാദരുടെ കൃതികളിലെപ്പോലെ നിരണം കൃതികളിൽ കാണുന്നില്ലെന്ന് ഒരു ഭേദം ഉണ്ട്.

സംക്ഷേപണരീതിക്ക് വേറെ ഒരു ഭാഗം കൂടി ശ്രദ്ധിക്കാം.

"പൗരവന്മാർ വംശകരൻ വീരൻ ദുഷ്യന്തമന്നവൻ
പാരാവാരം ചുഴവോരുപാരാകെക്കാത്തു ഭാരത
നാലുപാടുമുള്ള പാരെല്ലാം പാലിപ്പോരാനരേശ്വരൻ
സമുദ്രം ചുഴലും ദ്വീപും ഭൂമിയും കാത്തു വീര്യവാൻ
കാണും മ്ലേച്ഛാവധിക്ഷോണിവാണുതാനരി മർദ്ദനൻ
നാലു ജാതിജനം വാഴും വേലാന്താവനിയൊക്കയും
വർണ്ണസങ്കരമില്ലന്നുവേണ്ടാ കൃഷ്യാകരഗ്രഹം.
പാപം ചെയ്യില്ലാരുമവൻ പാരിടം കാത്തിരിക്കവേ
ധർമ്മനിഷ്ഠയോടും ലോകർ ധർമ്മാർത്ഥങ്ങളെ നേടിനാർ
അമ്മഹീനായകൻ ഭൂമി നന്മയോടു ഭരിക്കവേ
കള്ളന്മാരെപ്പേടിയന്നില്ലില്ലാ ക്ഷുത്തിൻെറ പേടിയും
ഇല്ലാ രോഗഭയം നാടാനല്ല ഭൂപൻ ഭരിക്കവേ
സ്വധർമ്മം ചെയ്തു വർണ്ണങ്ങൾ ദൈവകാമ്യങ്ങളെന്നിയേ
അപ്പാർത്ഥിവൻെറ കീഴായ് നിർഭയം പാർത്തിതേവരും
കാലത്തിൽ മേഘം വർഷിപ്പൂ സസ്യങ്ങൾ രസവത്തുകൾ
സർവ്വരത്നാഢ്യയായ് ഭൂമിപശുക്കൾക്കും സമൃദ്ധിതാൻ
സ്വകാര്യപരരാം വിപ്രരവക്രന്മതമില്ലീഹ
ആരാജാവോ മഹാവീര്യൻ വജ്രകായൻ യുവാവവൻ
നിർദ്ധരക്കാടൊടും മന്ദരാദ്രി കയ്യിലെടുക്കവേ
നാലുജാതി ഗദായുദ്ധം മററുള്ളായുധവിദ്യയും
ആനപ്പുറത്തശ്വപൃഷ്ഠത്തൊക്കയും ശീലമുള്ളവൻ

ശക്തിക്കു വിഷ്ണുസദൃശൻ തേജസ്സിന്നഗ്നിസന്നിഭൻ
ആഴിപോലെ കലങ്ങാത്തോനൂഴിപോലെ സഹിപ്പവൻ
സത്സമ്മതൻ നൃപനവൻ പ്രസന്നപുരരാഷ്ട്രവാൻ
വീണ്ടും ധർമ്മക്രിയകളാൽ കൊണ്ടാടിച്ചു ജനങ്ങളെ"

(മൂ: ഭാ: അ 68. സം. പ. ശ്ലോ 3—15)

എന്നിങ്ങനെ മൂലകാരൻ ദുഷ്ഷന്തമഹത്വം വിസ്തൃതമായി വർണ്ണിച്ചിരിക്കുന്നതു് ഭാഷാകാരൻ ഒരു പാട്ടുകൊണ്ടു സാധിച്ചിരിക്കുന്നതു ശ്ലാഘാർഹമാണു്.

"ആയതമഹാഭുജനുദാരഗുണശീലനമ-
 രാധിപസമാനനരുണാംബുജദലശ്രീ
തോയുമതിസുന്ദരവിലോചന മരീചിപരി
 ശോഭിതമനോഹരസുധാകരസമാസ്യൻ
വായുവിനുനേർബലമനംഗനൊടു നേർവടിവു-
 വാരിധിസമാനവരഗാംഭീര്യമെൻറിവസു-
ധായമഹതാമുടനിയൻററിയദുഷ്ഷന്ത-
 ശുഭചരിതനിലിലാത്മജൻ തദനുവാണ്ണാൻ"

(സം. പാ. 2. ശകുന്തളോപാഖ്യാനം)

മൂലകാരൻെറ ദീർഘമായ വിശേഷണങ്ങളെല്ലാം സമുചിതമായ ഹ്രസ്വവിശേഷണങ്ങൾകൊണ്ടു കവി രസകരമായി വർണ്ണിച്ചിരിക്കുന്നതു സൂക്ഷിച്ചാൽ മനസ്സിലാകുന്നതാണു്.

ഋതുസ്നാനം കഴിഞ്ഞ ശർമ്മിഷ്ഠയുടെ ചിന്ത മൂലകാരൻ വളരെ സംഗ്രഹമായി പ്രതിപാദിക്കുന്നതു ഭാഷാകാരൻ സരസമായി വിവരിക്കുന്നുണ്ടു.

"വർഷമോരായിരം ചെന്നശേഷം ശർമ്മിഷ്ഠഭാമിനി
യൌവ്വനം പൂണ്ടവളൃതുകണ്ടു ചിന്തിച്ചിതിങ്ങിനെ
ഋതുവായിവരിച്ചോരുപതിയില്ലിപ്പൊഴും മമ
എന്താവുമെന്നു ഞാൻ ചെയ്യുതെന്നു ചെയ്താൽ ശുഭം വരും

ദേവയാനിക്കുണ്ണിയുണ്ടായവരമെൻ യൌവ്വനം വൃഥാ
അവളനവരിച്ചിട്ടവനേ ഞാൻ വരിക്കവൻ
ഭൂനാഥനാൽ പുത്രനുണ്ടാവേണമെന്നെൻെറ നിശ്ചയം
അധർമ്മജ്ഞനെന്നെയെങ്ങാനും ഗൂഢമായ്ക്കണ്ടുകിട്ടുമോ
യദൃച്ഛയായിട്ടപ്പോഴീക്ഷിതിനാഥൻ പുറത്തുപോയ്
അശോകവാടിയിൽ ശർമ്മിഷ്ഠയേക്കണ്ടങ്ങു നിന്നതേ”

(മൂ: ഭാ: സം. അ. 82. ശ്ലോ. 6—10)

ഭാഷ ഇപ്രകാരമാണു്.

“അൻപൊടുയയാതി നൃപതിയ്ക്കഥപിറന്ന-
നൻറുമുനിപുത്രിയവൾ പെററഥകുമാരൻ
പിൻപസുരരാജസുതതാനമൃതുകാലേ
പേർത്തുപുനലാടിയതി നിർമ്മലയുമായേ
കമ്പമധികംമനസികാണ്മവരെവർക്കും-
കാമശരപാതമതിനാലുടനിയററും
തൻപരിചിയൻറവപുഷാപുനരശോകതരു-
ശാഖനിജകൈയാൽപിടിച്ചവിടെനിന്നാൾ.
അവിടെയതിദീനതയിയൻറവൾനിനച്ചാ-
“ളതിദുരിതമേ!യിന്നെനക്കുപതിയാമി-
ങ്ങവവിയൊടൊരുത്തനുളനായില്ലപുത്രനുമു-
ളൻനരപതിക്കുമുനിപുത്രിയവൾപെററ
അവളൊടുടനേകൊണ്ടുപോന്നതവനെന്നെയുമ-
തോക്കിലവനേപതിനമുക്കുമതുമൂലം
ജവമൊടിവിടേപ്പൃപതിയെത്തുവിലുരപ്പൻ
ചെൻറടിപണിന്തവയനത്തുമിനി”യെൻേറ”

(സം. പാ. 122—123)

അശോകവൃക്ഷത്തിൽ ശർമ്മിഷ്ഠ ചാരി നിൽക്കുന്നു; അപ്പോൾ പ്രസരിച്ച സൌന്ദര്യധോരണിയുടെ മോഹനത; കാണിച്ചിരിക്കുന്ന മനോധർമ്മം ഹൃദ്യമായിരിക്കുന്നു. ഈ

ഭാഗം തുഞ്ചത്തുഗുരുപാദർ രാമപ്പണിക്കരെ ആലംബിച്ചു വികസിപ്പിച്ചിരിക്കുന്നതിപ്രകാരമാകുന്നു.

“ഇങ്ങനെചെന്നുകാലമായിരംസംവത്സര
മംഗജതാപവുംപൂണ്ടിരുന്നുശർമ്മിഷ്ഠയും
ഒന്നിച്ചുവളർന്നൊരുതന്നുടെസഖിതന്നായ്
മന്നവനോടുകൂടിക്രീഡിക്കുന്നതുകണ്ടു
താനൊരുപുരുഷനെക്കാണാതെഗുഹതന്നിൽ
മാനസതാപംപൂണ്ടുമാരമാൽപിടിപെട്ടു.
നാൾതോറുമിരിക്കുന്നോരക്കാലമവളുടൽ
ചേതോമോഹനമെന്നേചൊല്ലാവുകാണുംതോറും
അന്നവൾ ഋതുധർമ്മംപ്രാപിച്ചുകുളിച്ചുവ-
ന്നുന്നതസ്തനങ്ങളുംമെല്ലവേനോക്കിനോക്കി
ദന്തശോധനചെയ്തുബന്ധൂകസമാധരി.
പന്തൊക്കും കൊങ്കത്തടത്തിങ്കൽകുങ്കുമംചാർത്തി
ഭംഗിയിൽകുറിയിട്ടുകുങ്കുമതിലകംതൊ-
ട്ടംഗജൻതഴപോലെപൂങ്കുഴലഴിച്ചിട്ടു
നിർമ്മലമായുള്ളൊരുവസ്ത്രവുമുടുത്തുകൊ-
ണ്ടംബുജമിഴികളിലഞ്ജനമതുംചേർത്തു
കുണ്ഡലഷണ്ഡംമിന്നുംഗണ്ഡമണ്ഡലത്തിങ്കൽ
കുണ്ഡലീഫണംപോലെപത്തിക്കീററതുംചേർത്തു
സ്വർണ്ണഭൂഷണങ്ങളുമൊക്കവേയണിഞ്ഞൊരു
കണ്ണാടിതന്നിൽമുഖപത്മവുംനോക്കിനോക്കി
നല്ലൊരുപുരുഷനെച്ചിന്തിച്ചുചിന്തിച്ചുള്ളി-
ലുല്ലാസംചേർന്നൊരശോകത്തെയും ചാരിനിന്നു.
ദുഃഖിക്കുന്നതുനേരംമന്നവൻതാനേ
മയ്ക്കണ്ണിയുടെമുമ്പിൽചെന്നിതു ബലാലപ്പോൾ”

പിൽക്കാലത്തുള്ളവർക്ക് മനോധർമ്മം ചെലുത്തി വികസിപ്പിച്ചു, തിരിയിൽ നിന്നും കൊളുത്തിയ പന്തംപോലെ

പ്രകാശിപ്പിച്ചു കാണിക്കുന്നതിന്ന് തക്കവയായിരിക്കും മഹാകവികളുടെ പ്രയോഗങ്ങൾ എന്നുള്ള തത്വത്തെ രാമപ്പണിക്കർ കാണിച്ചു. അതു് "രാമാനുജ"നായ തുഞ്ചത്തുഗുരുപാദർപോലും അംഗീകരിച്ചു പുഷ്ടമാക്കിക്കാണിക്കയും ചെയ്തു.

ഇങ്ങനെ വിവിധപദ്ധതികളിൽക്കൂടിയും സാഹിത്യരസം പ്രവഹിച്ചുംപോകുന്ന ഈ ഗ്രന്ഥം

"കേവലമൻറുനിനച്ചാനനുപമ-
ഗംഗാദത്തൻകന്യകമാരവർ
മൂവരിലുംമൂത്തവളാമംബുമൊ-
ഴിന്താളുമുകാലത്തവനോടേ"

എന്നു് അവസാനിക്കുന്നു. ഈ വിശിഷ്ടഗ്രന്ഥത്തിന്റെ ബാക്കിഭാഗങ്ങൾക്കൂടി കണ്ടുകിട്ടുന്നപക്ഷം അതു കൈരളിക്കു് ഒരു വലിയ അനുഗ്രഹമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

V. ബ്രഹ്മാണ്ഡപുരാണം ഗദ്യം. ശ്രീ. രാമപ്പണിക്കരുടെ കൃതിയായി കരുതിവരുന്ന ഈ വിശിഷ്ടഗ്രന്ഥത്തെപ്പററിയും സാമാന്യമായ ഒരു ചർച്ചചെയ്യേണ്ടതാവശ്യമാകുന്നു. മലയാളഭാഷയിൽ ഇപ്പോൾ ഗദ്യഗ്രന്ഥങ്ങൾ സുലഭങ്ങളാണു്. ഇവയിലെല്ലാം ഉൽപത്തികൊണ്ടു പ്രമുഖസ്ഥാനം ഈ ഗ്രന്ഥത്തിനാണു്. ഇതിലെ ഭാഷാരീതിനോക്കുന്നതായാൽ കൈരളിയുടെ അക്കാലത്തെ അസ്വാതന്ത്ര്യനിലകാണാവുന്നതാണു്. അതായതു് മലയാളത്തിന്റെക്കൂടെ സംസ്കൃതമെന്ന ആര്യഭാഷയും തമിഴു തുടങ്ങിയ ഇതരദ്രാവിഡഭാഷകളും കലന്നിരിക്കുന്നുവെന്നു കാണാം. ഗദ്യപ്രസ്ഥാനം ആവിർഭവിച്ചപ്പോഴാണു് കൈരളി വൃത്തനിബന്ധനകളിൽ നിന്നും പാട്ടുകളിൽനിന്നും ഒരു

പ്രത്യേക പദ്ധതിയിൽ പ്രവേശിക്കാനിടയായതു്. ആ നിലകൊണ്ടും, ഇതിലെ ഭാഷാഗതി, പ്രയോഗഭേദം, ഇവ കൊണ്ടും കേരളസാഹിത്യചരിത്രത്തിൽ ബ്രഹ്മാണ്ഡപുരാണം ഒരു പ്രത്യേകസ്ഥാനത്തെ അർഹിക്കുന്നെന്നു നിർവിവാദമാകുന്നു. പ്രസ്തുത ഗ്രന്ഥത്തിലെ പ്രതിപാദന വിഷയം സംസ്കൃതം ബ്രഹ്മാണ്ഡപുരാണാന്തർഗതമായ ഒരു ഭാഗം മാത്രമാണു്. മലയാളത്തിൽ ഈ ഗ്രന്ഥത്തിനു ശേഷം ഒരു ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടും, അതിലെ കഥകളിൽ ഒന്നാധാരമാക്കിയുള്ള ഹരിണീസ്വയംവരം തുള്ളൽപ്പാട്ടും ഉണ്ടായിട്ടുണ്ടു്. ഇവയിൽ ബ്രഹ്മാണ്ഡ പുരാണം കിളിപ്പാട്ടു് സൂര്യനാരായണൻ എഴുത്തച്ഛന്റേതാണെന്നും അതല്ല തുഞ്ചത്തുഗുരുപാദരുടേതാണെന്നും മററും പക്ഷാന്തരമുണ്ടു്. ഹരിണീസ്വയംവരം ശീതങ്കൻ തുള്ളൽ കുഞ്ചൻനമ്പ്യാരുടെ കൃതിയാണു്.

ബ്രഹ്മാണ്ഡപുരാണംമൂലം കഥാവൈവിധ്യംകൊണ്ടും പ്രതിപാദനംകൊണ്ടും വിപുലവും ഗഹനവും ആണു്. അതിനെ സംഗ്രഹമായി ഭാഷപ്പെടുത്തുന്നതിനു് അന്യാദൃശമായ പാണ്ഡിത്യം അത്യന്താപേക്ഷിതമാകുന്നു. പ്രക്രിയാപാദം; അനുഷംഗപാദം, ഉപോദ്ഘാതപാദം, ഉപസംഹാരപാദം ഇങ്ങനെ നാലു പാദങ്ങളും ആകെ 121 അദ്ധ്യായങ്ങളും അടങ്ങിയതാണു് മൂലഗ്രന്ഥം. അതിൽ ഉപോദ്ഘാതത്തിലെ 21-ാം അദ്ധ്യായം മുതൽക്കുള്ള ചില കഥാഭാഗങ്ങൾ മാത്രമാണു് ഭാഷപ്പെടുത്തിയിട്ടുള്ളതു്.

പണ്ഡിതവരേണ്യനായ ബ്രഹ്മശ്രീ കെ. സാംബശിവശാസ്ത്രി അവർകളുടെ ഉപോദ്ഘാതത്തോടുകൂടി തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്തിരിക്കുന്നു. ഉപോദ്ഘാതകാരൻ ഇതിലെ

കഥയെ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു. "സ്വാഹുപുത്രനായ സഗരന് പിതൃവിരോധികളായ ഹേഹയതാലജംഘാദികളെ വധിച്ചു് നിഃസപത്നമായ രാജ്യം വാഴുന്നതിനുള്ള വൈഭവം സിദ്ധിക്കുവാൻ കുലഗുരുവായി, വസിഷ്ഠോപദേശം നിമിത്തം മഹാവിഷ്ണു, ഭൃഗുദേവിക്കും സനത്കുമാരനും പറഞ്ഞുകൊടുത്തതുപോലുള്ള ഭദ്രദീപപ്രതിഷ്ഠാവ്രതനിരൂപണവും, ഒടുവിൽ അത്തരം വ്രതാനുഷ്ഠാനം ഉണ്ടായിരുന്നിട്ടും അഹങ്കാരിയായ കാത്തവീൎയ്യാൎജ്ജുനനും, ക്ഷത്രിയവംശം മുഴുവനുതന്നെയും പരശുരാമനാലുള്ള ധ്വംസനവും, സഗരവിജയവും, സഗരപുത്രന്മാരായ 60000 സാഗരന്മാർ നിമിത്തം ഗോകൎണ്ണക്ഷേത്രം സമുദ്രത്തിനടിയിലാകയാൽ പുനഃസൃഷ്ടിക്കായി ശ്രീപരശുരാമനാൽ കേരളോത്പാദനവും ആകുന്നു. ഇതു കൂടാതെ ശീലവതീചരിത്രം, രാവണപരാജയം, മുതലായ ഉപകഥകളും ധാരാളം കാണുന്നുണ്ടു്. അസിതദേവൻ ഉപദേശിച്ചതനുസരിച്ചു് പുലസ്ത്യമഹർഷി, കാത്തവീൎയ്യൻ ബ്രഹ്മജ്ഞാനോപദേശം ചെയ്യുന്ന ഒരു പ്രധാന ഘട്ടവും ഇതിൽ സരസമായി സംഗ്രഹിച്ചിരിക്കുന്നു." ഇതിലെ ഓരോ ഘട്ടവും രചയിതാവിൻെറ സംഗ്രഹണപാടവത്തിനു തെളിവായിരിക്കുന്നുണ്ടു്. ദ്രാവിഡഭാഷകളുടെ ചേരുവകൊണ്ടുള്ള പഴമയും സംസ്കൃതബന്ധംകൊണ്ടുള്ള പുതുമയും ശ്രദ്ധാർഹമാണു്. അതു് ഇതിൽ കാണാം.

നല്ല നല്ല വൎണ്ണനകൾ ഇതിലുണ്ടു്. അവയിൽ പ്രധാനം കാത്തവീൎയ്യാൎജ്ജുനനുവേണ്ടി കാമധേനു തയ്യാർ ചെയ്ത കൊട്ടാരവും ഭോജനശാലയും അവിടത്തെ വിഭവസമൃദ്ധിയും ആണു്. വ്രതാദികളിൽ അക്കാലത്തുണ്ടായിരുന്ന നിഷ്ഠയുടെ കൂടുതലിനെ സമാദരിച്ചായിരിക്കണം

ഇത്രയും ഭാഗം മാത്രം തൎജ്ജമ ചെയ്തതെന്നു ഉപോദ്ഘാതകാരൻ അനുമിക്കുന്നു.

പുരൂരവസ്സിനെയും ഉൎവ്വശിയേയും ചതിയ്ക്കയാൽ ഉന്മദയ്ക്കും ദുൎമ്മദനും ഉൎവ്വശീശാപമെന്നുള്ളതാണു് കഥാപ്രാരംഭം. ഇതിൽ ആദ്യത്തെ ഏതാനും വരികൾ പൊടിഞ്ഞുപോയിരിക്കുന്നതിനാൽ "ഴതവൻ ചിരിക്കിൻറതുകണ്ടു് ഉൎവ്വശി നിരൂപിച്ചാൾ. ഇരാജാവു് പുരൂരവാവു്, എന്നിലേ വേഴ്ച കൊണ്ടു വെഹുമാനിച്ചു ഒരിക്കലുമെന്നെ അപഹസിപ്പതില്ല" ഇതാണു് ആരംഭം. ശപ്തനായ ഉന്മദൻ വിദ്യുജ്ജിഹ്വനെന്ന രാക്ഷസൻെറ പുത്രനായി പിംഗാക്ഷനെന്ന പേരോടുകൂടി ജനിച്ചു. ഉന്മദ ഹരിണിയെന്ന പേരിൽ ജനകപുത്രിയായി ജനിച്ചു. മാഹിഷ്മതീരാജാവായ ഭദ്രശ്രേണ്യൻ കോസലരാജാവായ വസുമനെ തോല്പിച്ചു് ഹരിണിയേ വിവാഹം ചെയ്തു. അവളിൽ ദുൎമ്മദനെന്ന പുത്രനുളവായി. ദുൎമ്മദൻ സ്വമാതുലപുത്രിയെ പരിണയിച്ചു. അവളിൽ കനകനെന്നൊരു പുത്രൻ ജാതനായി. ഭദ്രശ്രേണ്യൻ പുത്രപൌത്രന്മാരോടുകൂടി സസുഖം വാണു. വിചാരമഗ്നനായ വസുമൻ മന്ത്രിമാർ സമാശ്വസിപ്പിച്ചതനുസരിച്ചു് ഭദ്രശ്രേണ്യനോടു യുദ്ധംചെയ്വാൻ സന്നദ്ധനായി. കാശിരാജാവായ പ്രദൎദ്ദനൻെറ സഹായം—ഇദ്ദേഹം വസുമൻെറ കനിഷ്ഠഭ്രാതാവാണു്—ദൂതൻമുഖേന അഭ്യൎത്ഥിച്ചു. "ദൂതൻ ചൊല്ലക്കേട്ടു പ്രദൎദ്ദനൻ ചൊന്നാൻ് കേൾപ്പോയാക ദൂതാ! ഇപ്പൊഴതെന്നുടെ പടയും ഞാനുംകൂടെ ഹേഹയനഗരത്തിന്നു ചെൻറു ഭദ്രശ്രേണ്യനേയും പുത്രനേയും പടയോടുംകൂടെക്കൊന്റൊന്റിയേ ജ്യേഷ്ഠഭ്രാതാവിനെ നമസ്കരിക്കിൻറതുമില്ല. സത്യംപിഴച്ചേനാകിൻറമെയാൽ നീയും വിരയേ ചെൻറു ഹേഹയരാജ്യത്തിങ്കൽ പടയോടുംകൂടെ വരുമാറു കോസലരാജാവിനുണൎത്തുക." ഇതനുസ

രിച്ചു് കാശിരാജാവു് പടയോടുംകൂടി കോസലരാജ്യത്തിങ്കലെത്തി. വസുമനും പടയാളികളും ഒത്തുചേൎന്നു. അതിഭയങ്കരമായ യുദ്ധം നടന്നു. യുദ്ധത്തിൽ ഭദ്രശ്രേണ്യനും ദുൎമ്മദനും ഹതരായി. കാശികോസലപതിമാർ വിജയശ്രീലാളിതന്മാരായിത്തീൎന്നു. കാശിരാജാവിൻെറ ആതിഥ്യം സ്വീകരിച്ചശേഷം വസുമൻ സ്വരാജ്യത്തു സസുഖം വാണു. ഭദ്രശ്രേണ്യപൌത്രനായ കനകനു കൃതവീൎയ്യനെന്നൊരു പുത്രനുണ്ടായി. അയാൾ പ്രായമായി വിവാഹം ചെയ്തു. അവരിൽ കാൎത്തവീൎയ്യാൎജ്ജുനനുണ്ടായി. കാൎത്തവീൎയ്യാൎജ്ജുനനു ജയധ്വജൻ, താലജംഘൻ തുടങ്ങി നൂറു പുത്രന്മാർ. കോസലരും ഹേഹയരും തമ്മിലുള്ള പൂൎവ്വവൈരം മറക്കാതെതന്നെ വാഴ്കയും ചെയ്തു.

കോസലവംശത്തിൽ സ്വാഹു എന്ന രാജാവുണ്ടായി. താലജംഘാദികൾ പൂൎവ്വവൈരംവച്ചുകൊണ്ടു് സ്വാഹുവിനോടു് എതിൎത്തു. സ്വാഹു തോററു് വനത്തിലേക്കു് ഓടുകയും ഔൎവ്വമഹർഷിയുടെ സൽക്കാരം സ്വീകരിച്ചു് ഒരു പ്രത്യേക ആശ്രമം ചമച്ചു് അതിൽ താമസിക്കയും ചെയ്തു. യുദ്ധപരാജയപ്പെട്ടതിൽ ഗർഭിണിയായിരുന്ന കോസലപത്നിയും ഭൎത്താവിനെ അനുഗമിച്ചു. വനത്തിൽ പാൎത്തു. സപത്നി കൊടുത്തിരുന്ന വിഷത്തിൻെറ ശക്തിയാൽ ഏഴുവർഷം തികഞ്ഞിട്ടും അവൾ പ്രസവിച്ചില്ല. സ്വാഹു ദിവംഗതനായി. ഭൎത്തൃദേഹം അവൾ ചിതയിൽ വച്ചു തീകൊളുത്തി; അനുമരണത്തിനു സന്നദ്ധയായി. അപ്പോൾ ഔൎവ്വമഹർഷി "ഭദ്രേ! മരണബന്ധമിളയ്യൂ; നിന്നുടെ ഉദരത്തിങ്കൽ ഈ ഭൂമണ്ഡലം എല്ലാടവും വാണു ചക്രവൎത്തിത്വമുണ്ടാമൊരു പുത്രനുളൻ" എന്നും മററും അരുൾചെയ്തു സമാശ്വസിപ്പിച്ചു. ഔൎവ്വൻ അവളെ തൻെറ

ആശ്രമത്തിൽ കൊണ്ടുപോയി ഋഷിപത്നികളുടെ സംരക്ഷണയിൽ പാർപ്പിച്ചു. അങ്ങനെ വാഴുന്നകാലത്തു് സ്വാഹുപത്നി ഒരു പുത്രനെ പ്രസവിച്ചു. ഗരളയുക്തനായ അവനു 'സഗരൻ' എന്നു പേരിട്ടു. ജാതകമ്മാദിക്രിയകളും വിദ്യാഭ്യാസവും എല്ലാം ഋഷിതന്നെ നടത്തി. അങ്ങിങ്ങായി അലഞ്ഞുതിരിഞ്ഞു നടന്ന സ്വാഹുവിൻെറ ഭൃത്യരും അമാത്യരും പടനായകന്മാരും ഒത്തുചേന്നു വസിഷ്ഠമഹർഷിയെ ശരണംപ്രാപിച്ചു. സ്വാഹുവിൻെറ സ്ഥിതികൾ ദിവ്യദൃഷ്ട്യാധരിപ്പിക്കുവാൻ ആവശ്യപ്പെട്ടു. സ്വാഹുവിന്റെ അന്ത്യം, സഗരന്റെ ഉത്പത്തി, ശിക്ഷണം, ഇവയെല്ലാം ദിവ്യദൃഷ്ടികൊണ്ടു വസിഷ്ഠൻ ആഗതരെ ധരിപ്പിച്ചു. അവർ മഹർഷിയുടെ ഉപദേശാനുസരണം ഔവ്വസമീപം രാജപത്നിയെ ചെന്നുകണ്ടു. രാജപത്നി ഭർതൃഗുണങ്ങളോത്തു വിലപിച്ചപ്പോൾ സഗരൻ അതിന്റെ കാരണംചോദിക്കയും ആ മഹതി പുത്രനെ വിവരങ്ങളെല്ലാം ധരിപ്പിച്ചശേഷം രാജ്യം വീണ്ടെടുക്കേണ്ടതായ ആവശ്യം പ്രസ്താവിക്കയും ചെയ്തു. എല്ലാവരും ഔവ്വന്റെ അനുമതി പ്രതീക്ഷിച്ചു് അവിടെ താമസിച്ചു. അപ്പോൾ പരാക്രമിയായ ശ്രീ ഗരുഡസ്വാമി അവിടെ ആഗതനായി ഔവ്വസന്നിധിയിൽ വിനയപൂർവ്വംനിന്നു. സ്വസോദരിയായ സുമതിയെ ഒരു രാജർഷിക്കു വിവാഹം ചെയ്തുകൊടുക്കണമെന്നുള്ള തൻെറ ആവശ്യവും അതിനുള്ള കാരണവും ഗരുഡൻ മഹർഷിയെ അറിയിച്ചു. അതനുസരിച്ചു് സോദരിയെ കൊണ്ടുവന്നു് മഹർഷിയുടെ നിശ്ചയപ്രകാരമുള്ള ശുഭമുഹൂർത്തത്തിൽ സഗരനു വിവാഹം ചെയ്തുകൊടുത്തു. അവിടെ വന്നുചേർന്നിരുന്ന രാജപ്രകൃതികൾ സഗരനെ ശത്രുനാശം ധരിപ്പിക്കയും മഹർഷിയുടെ അനുമതിപ്രകാരം എല്ലാവരും ഒരുമിച്ചു സഗരൻ അയോദ്ധ്യ

യിലേക്ക തിരിക്കയും ചെയ്തു. ജനങ്ങൾ അവരെ യഥോചിതം സത്ക്കരിച്ചു. ഔർവ്വമഹർഷി സഗരനെ അയോദ്ധ്യാധിപതിയായി അഭിഷേകംചെയ്തു. നഗരം ചുറ്റിയുള്ള ഘോഷയാത്ര അത്യാഡംബരപൂർവ്വം നിർവ്വഹിതമായി. ആശംസകൾ ചെയ്തു് ഔർവ്വൻമടങ്ങി. ഏതാനും നാൾ കഴിഞ്ഞു അവിടെ ആഗതനായ വസിഷ്ഠമഹർഷിയിൽ നിന്നും സഗരൻ സ്വകുടുംബത്തിനു വന്നുചേന്ന ആപത്തിന്റെ കാരണം മനസ്സിലാക്കി. വസിഷ്ഠൻ ഇപ്രകാരം ധരിപ്പിച്ചു. "കേൾപ്പോയാക രാജാവേ! ഹേഹയന്മാരുടെ സാമർത്ഥ്യം കേൾക്ക. പണ്ടു ശ്രീനാരദമഹർഷി എഴുന്നരുളിനാൻ. ക്ഷീരസമുദ്രത്തിനുടെ നടുവേൽശ്വേതദ്വീപാകിൻറസ്ഥാനമുണ്ടു്. അശ്വേതദ്വീപാകിൻറതു പതിനായിരം യോജനവീതിയോടും, അതിൽ ഇരട്ടി നീളത്തോടും കൂടെ പെട്ടിരിപ്പതു. ക്ഷീരസമുദ്രത്തിനുടേ ചെറുതിരതട്ടുകയാൽ അതിധവളമായിരിപ്പിതു. അതിനുടെ നടുവേ ആയിരം യോജനവീതിയോടും അതിൽ ഇരട്ടി നീളത്തോടുംകൂടെ പെട്ടിരിപ്പതൊരു നാരായണസ്ഥാനമുണ്ടു്. അതിനുടെ നടുവേ അനന്തനാകിൻറ മഹാനാഗത്താനേക്കൊണ്ടു ശയനമായി വിരിച്ചു് അവനുടെ ആയിരം ഫണങ്ങളിലും നടുവിലേ ഫണത്തിന്മേൽ വെയ്ക്കപ്പെട്ടിരിപ്പിതു. അവിടത്തിൽ ഉണ്ടായിരിക്കിൻറ രത്നത്തിനുടെ ഒളിവിനാലും നാരായണസ്വാമിയുടെ തിരുവുടമ്പിലെ ഒളിവിനാലും ആദിത്യചന്ദ്രന്മാർ കൂടാതെയും കാണായിട്ടിരിപ്പിതു. അവിടെ അനന്തന്മേലേ പള്ളിക്കുറുപ്പുകൊണ്ടരുളിൻറ ഭഗവാനേക്കാണായിക്കൊണ്ടുവന്നു നിൻറു കണ്ടരുളിനാൻ ശ്രീ നാരായണൻ തിരുവടി. പച്ചിലമരം കണക്കെയും ഇരുണ്ട മേഘങ്ങളിടകൂടിയ കണക്കേയും മുറിഞ്ഞ അഞ്ജനങ്ങൾ കണക്കേയും മിന്നമിന വിരണ്ടു

വളൎന്നഴകുതായിരുന്ന തിരുവുടമ്പിനെ ഉടയനായിരുന്ന ശങ്കുമകരകുണ്ഡലങ്ങളിടം ചെന്താമരപ്പൂവിനുടെ അകവിതൾകണക്കെയും ചെവരിച്ചിതറി ചെവിയളവും നീണ്ടു അഴകിയ വായിരിക്കിൻറ തിരുനയനങ്ങളെ ഉടയനായ്, ഉയൎന്ന അഴകുതായി നിൻറ നാസിക ഉടയനായ തൊണ്ടിപ്പഴംപോലെ ചുവന്തു അഴകുതായിരുന്ന തിരുവുടംപാൽ കൊണ്ടു മലക്കപെട്ടു നീണ്ടുമുരുണ്ടു ഇടമുറുക്കത്തോട്ടുംകൂടി ഇരുന്ന തുടയിണകളെ ഉടയനായ് അഴകിയ വായിരുന്ന തിരുമുഴങ്ങാലും അതരോഷ്ഠവുമുടയനായ് തൃക്കണൈക്കാലുമുടയനായ് ആ മേഷത്തെകണക്കേ പിറവടികളേ ഉടയനായ് ചെന്താമരപ്പൂവിനുടെ അകംകണക്കേ ചുവന്തു പ്രസന്നനായിരുന്ന തിരുവുള്ളംകാലേ ഉടയനായ ഭഗവതിയുടെ തിരുമുഴങ്ങാലിൽ ശ്രീ പാദങ്ങളേ വൈച്ചു് അവളുടെ തൃക്കൈയാൽ തരവടപ്പെട്ട തിരുനയനങ്ങളെക്കൊണ്ടു തിരുമുഖത്തിട്ടു ചതിച്ചുനോക്കിക്കടാക്ഷിച്ചു് അവളാൽ നോക്കപ്പെട്ടു മുൻഭാഗത്തു അഴിഞ്ഞുവീഴിൻറ കുറെ ഒരു കൈകൊണ്ടു താങ്ങി, മറ്റെറക്കൈകൊണ്ടു വെൺചാമരം വീയിൻറ ഭൂമിദേവിയെ ഉടയനായ്, ശ്രീ പാദത്തിങ്കൽ മൂൎത്തിമത്തുക്കളായി, തൊഴികൈയോട്ടുംകൂടി നിൽക്കിൻറ പഞ്ചായുധങ്ങൾ. ശംഖു ചക്രം ഗത പള്ളിവില്ലു എൻറിവറെറ ഉടയനായ് ഭൃത്യകളേ കണക്കേ കൈതൊഴുതു ഏകിയതു ചെയ്‌യായിതിൽക്കിൻറ ശ്രീ ഗരുഡനേ ഉടയനായ്, ജപിക്കയും നമസ്കരിക്കയും സ്തുതിക്കയും ചെയ്യിൻറ ബ്രഹ്മൎഷികളെ ഉടയനായ്, ദൂരത്തു നിൻറു് സ്തോത്രങ്ങൾ ചൊല്ലി നമസ്കരിക്കിൻറ ദേവകളേയും, ഗന്ധൎവ്വസിദ്ധവിദ്യാധരചാരണമഹാനാഗങ്ങളേയും ഉടയനായ് പള്ളിക്കുറുപ്പുകൊണ്ടരുളിൻറ ഭഗവാനിൽ" എന്നിങ്ങനെ വൎണ്ണിച്ചിരിക്കുന്ന ഭഗവദ്രൂപം സ്വഭാവസങ്കുലമായ ഒന്നാന്തരം

സാഹിത്യചിത്രമാണെന്നുകൂടി പ്രതിപാദിച്ചുകൊണ്ടു പ്രകൃതം തുടരട്ടെ. വസിഷ്ഠൻ ഇപ്രകാരം വൈകുണ്ഠത്തിലെ ഐശ്വൎയ്യാദികൾ വൎണ്ണിച്ചശേഷം നാരായണനാരദസംവാദരൂപത്തിൽ പ്രഹ്ലാദചരിതം, മഹാബലിചരിതം, പുരോചനകഥ, വരാഹാവതാരചരിത്രം, വിഷ്ണുപ്രീതിക്കു ഏകമൂലികയെന്നു പറയാവുന്ന ഭദ്രദീപപ്രതിഷ്ഠാവ്രതത്തിൻെറ മഹത്വം, ആ ഭദ്രദീപപ്രതിഷ്ഠാവ്രതം പ്രഹ്ലാദനും മഹാബലിയും നടത്തുകനിമിത്തമായി ലഭിച്ച ഐശ്വൎയ്യങ്ങൾ, ഇവ വിവരിക്കുന്നു. അനന്തരം നാരദന് ഭഗവാൻ, ലക്ഷ്മീഭഗവതിയെക്കൊണ്ടു് 'മഹതി'യെന്ന വീണ പ്രദാനം ചെയ്യിക്കുന്നു. നാരദൻ ആ വീണയുമായി മാഹിഷ്മതിയിൽ കാൎത്തവീൎയ്യാൎജ്ജുനസമീപം ചെന്നു. സൽക്കാരങ്ങളെല്ലാം സ്വീകരിച്ചു. അനന്തരം നാരദകാൎത്തവീൎയ്യാൎജ്ജുനസംവാദരൂപത്തിൽ ഭദ്രദീപപ്രതിഷ്ഠാവ്രതം—വിഷ്ണുപ്രീതികരം, ഇളരാജചരിതം, പിതൃക്കളുടെ വകഭേദങ്ങൾ, പിതൃപ്രീതികരങ്ങളായ പദ്ധതികൾ, സോമസൂൎയ്യവംശങ്ങളുടെ ഉത്പത്തി, ഭദ്രദീപപ്രതിഷ്ഠാവിധാനവിധി, സുദ്യുമ്നരാജാവിൻെറ ഭദ്രദീപപ്രതിഷ്ഠ, ദത്താത്രേയകഥ, ഉഗ്രതപസ്സ് ശീലാവതീചരിത്രം; സരസ്വതി, ചന്ദ്രൻ, ദുൎവ്വാസാവ്, ദത്താത്രേയൻ, ഇവരുടെ ഉൽപത്തി; ദത്താത്രേയൻെറ മഹത്വം, ഇവ വിവരിക്കുന്നു. കാൎത്തവീൎയ്യാൎജ്ജുനൻ ഭദ്രദീപപ്രതിഷ്ഠ സാധിച്ചു. ദത്താത്രേയൻ പ്രത്യക്ഷപ്പെട്ടു വരം നൽകി. ഇത്രയും പ്രസ്താവിച്ചുകഴിഞ്ഞു് വസിഷ്ഠൻ കാൎത്തവീൎയ്യാൎജ്ജുനൻെറ രാജ്യഭാരം വൎണ്ണിച്ചു കേൾപ്പിക്കുന്നു. സംവാദം തുടൎന്നു് കാൎത്തവീൎയ്യാൎജ്ജുനവിജയം രാവണബന്ധനം, പുലസ്ത്യമഹൎഷിയുടെ അപേക്ഷ, രാവണമോചനം, ജനകമഹാരാജാവിന് അസിതദേവൻ ഉപദേ

ശിച്ചതുപോലെ പുലസ്ത്യൻ കാത്തവീയ്യാജ്ജുനനു ബ്രഹ്മോപദേശം ചെയ്തതു്; ഇതെല്ലാം ദീർഘമായി വിവരിച്ചു കേൾപ്പിച്ചു. അതനുസരിച്ചു ബ്രഹ്മയോഗം ചെയ്തു് കാത്തവീയ്യാജ്ജുനൻ "ഐശ്വൎയ്യംകൊണ്ടു ഭൂമണ്ഡലത്തെ ഇരക്ഷിച്ചു പലകാലം സുഖിച്ചു." അപ്പോൾ ഒരു ദിവസം തേജോമയനായ അഗ്നി അവിടെ വന്നു ഭക്ഷണത്തിനു വനങ്ങൾ തരണമെന്നാവശ്യപ്പെട്ടു. രാജാവു വസിഷ്ഠാശ്രമവനം ദഹിപ്പിച്ചു. ശിഷ്യരുടെ അപേക്ഷ രാജാവു നിരസിച്ചപ്പോൾ വസിഷ്ഠൻ ശാപം നൽകി. "യാതൊൻറു ഹേഹയവംശജാതനായ് ഇരുന്ന രാജാവു കാത്തവീയ്യാജ്ജുനൻ ഞാൻ തപസ്സുകൊണ്ടിരക്ഷിച്ചിരുന്ന വനം താനേ അഗ്നിയെക്കൊണ്ടു ചുടിയിച്ചുകളഞ്ഞതിനാൽ, അവൻ തനിക്ക് അത്യന്തോപകാരിയായ് ഇരുപ്പിതൊരു ബ്രാഹ്മണനെ കൊൻറു ബ്രഹ്മഹത്തി ഉണ്ടായ് അവന്റെ അഞ്ചാം പുത്രനാൽ കൊല്ലപ്പെട്ടു് പിതാവിൻപേർകൂടാതെ അജ്ജുനനെൻറുള്ള പ്രസിദ്ധിയുമില്ലായായ്പോക. പാണ്ഡുവിനുടെ പുത്രൻ അജ്ജുനൻ ഇവനുടെ ആയിരംകൈകൊണ്ടുള്ള പരാക്രമത്തെ അതിശയിക്ക" ഇതായിരുന്നു ശാപം. വസിഷ്ഠൻ പിന്നേയും കഥ തുടൎന്നു. പരശുരാമോല്ഭവം, രേണുകാനിഗ്രഹം, ഭ്രാതൃരക്ഷണം, രേണുകാപുനരാപ്തി, ഇവ വിവരിച്ചശേഷം സുരഭിയുടെ സഹോദരിയായ സുശീലയുടേയും കിടാവിൻറയും ആഗമനം, പരശുരാമൻ പിതാമഹസന്ദൎശനം കഴിഞ്ഞു് ഹിമവാനിൽ തപസ്സ്, ഇവ വിവരിക്കുന്നു. പരമശിവൻ വേടരൂപമെടുത്തു പരശുരാമനെ പരീക്ഷിക്കയും ഭക്തിശക്തികൊണ്ടു കാൎയ്യമറിഞ്ഞു് ഭഗവാനെ പരശുരാമൻ പ്രത്യക്ഷമായി കാണുകയും ചെയ്തു. "രാമാ! രാമാ! നിന്നുടെ ഭക്തിനിമിത്തമായ്

ഞാൻ സന്തോഷിച്ചേൻ. നിനക്കു വേണ്ടുന്നതുമറിഞ്ഞിരിക്കിൻറതു. അസ്ത്രങ്ങളെല്ലാമറികയിൽ അപേക്ഷയൊണ്ടു. അവിറെറ ഗ്രഹിപ്പാൻ വേണ്ടും ശുദ്ധിപോരാ നിനക്ക്." അതിനാൽ ഭൂപ്രദക്ഷിണവും തീൎത്ഥസ്നാനവും ചെയ്തുവരുവാൻ മഹാദേവൻ ആവശ്യപ്പെട്ടതനുസരിച്ച് അവ സാധിച്ചു തിരിച്ചുവന്ന് മുൻസ്ഥാനത്തുതന്നെ വീണ്ടും തപസ്സുതുടൎന്നു. ദിവ്യാസ്ത്രങ്ങൾ, പരശു, തേര് മുതലായവ ഭഗവാങ്കൽനിന്നും സമ്പാദിച്ച് പരശുരാമൻ ദേവപ്രീതിയോടുകൂടി തിരിച്ചു സ്വാശ്രമത്തിൽ വന്ന് ആനന്ദമായി വസിച്ചു. കാൎത്തവീൎയ്യാൎജ്ജുനൻ ജമദഗ്നിയുടെ ആശ്രമം സന്ദൎശിക്കയും ജമദഗ്നി സുശീലയുടെ സഹായംകൊണ്ട് രാജോചിതമായ സ്വീകരണവും സൽക്കാരവും നൽകുകയും ചെയ്തു. അനന്തരം കാൎത്തവീൎയ്യാൎജ്ജുനൻ സന്തുഷ്ടനായി അവിടെനിന്നും തിരിച്ചു. മദ്ധ്യേമാൎഗ്ഗം സുശീലഗോവിന്റെ അന്ന്യാദൃശമായ പ്രഭാവാതിശയം ഓൎത്ത് മന്ത്രിയുടെ ഉപദേശാനുസരണം ജമദഗ്നിയോടു ചതുരുപായങ്ങളും പ്രയോഗിച്ച് അവളെ പിടിക്കണമെന്നു നിശ്ചയിച്ചു. "രത്നഹാരീതു പാൎത്ഥിവഃ" എന്ന ന്യായത്തിന്മേൽ മന്ത്രി മഹൎഷിയുമായി പലപ്രകാരം ഗോവിനെ ആവശ്യപ്പെട്ടു. നിൎബ്ബന്ധിച്ച് ഒടുവിൽ "എന്റെ പ്രാണനൊള്ളപ്പോൾ കൊടുത്തുമുടിയാ" എന്നു പറഞ്ഞു മഹൎഷി ഒഴിയുകതന്നെയാണുണ്ടായതു്. രാജകിങ്കരന്മാർ മന്ത്രിശാസനമനുസരിച്ച് മഹൎഷിയെക്കൊന്നു സുശീലയേയുംകൊണ്ടു തിരിച്ചു. കിങ്കരന്മാരേ സ്വതേജസ്സുകൊണ്ടു നിഗ്രഹിച്ച് സുശീല സ്വൎഗ്ഗത്തിലേക്കു പോയി. രാജാവു വളരെ പശ്ചാത്തപിച്ചു. രേണുക ദുഃഖിച്ചു. പരശുരാമൻ ഇപ്രകാരം പ്രതിജ്ഞചെയ്തു:—"......ഇരുപത്തൊന്നുവട്ടം രാജ്യം

നിക്ഷത്രിയം ചെയ്തിട്ട്. ശുക്രന്റെ മൃതസഞ്ജീവിനി വിദ്യകൊണ്ടു ജമദഗ്നി പുനർജ്ജീവിച്ചു രേണുകയോടും പുത്രന്മാരോടുംകൂടി സസുഖം വാണു. കാത്തവീര്യാജ്ജുനനും പരശുരാമനുമായുള്ള ഭയങ്കരയുദ്ധത്തെ സുദീർഘമായി വസിഷ്ഠൻ വണ്ണിച്ചു കേൾപ്പിച്ചു.

ദുഷ്ടക്ഷത്രിയനിഗ്രഹണം പരശുരാമൻ സാധിച്ചു കൃതാത്ഥനായി. കാത്തവീര്യാജ്ജുനനു വിഷ്ണുസായൂജ്യവും ലഭിച്ചു. വീരഹത്യാപാപം തീരുന്നതിനുവേണ്ടി പരശുരാമൻ പിതൃനിയോഗാനുസാരം അകൃതവ്രണനെന്ന ബ്രാഹ്മണനോടും ഒരുമിച്ചു് മഹേന്ദ്രപവ്വതത്തിൽ ചെന്നു തപസ്സു തുടങ്ങി. അക്കാലത്തു കാത്തവീര്യാജ്ജുനപുത്രനായ ശൂരൻ ജമദഗ്നിയെ കൊന്നു. രേണുകയും പുത്രന്മാരും മഹർഷിയുടെ സംസ്കാരചിതയിൽ ചാടി ദേഹത്യാഗം ചെയ്തു. തപോവിമുക്തനായ പരശുരാമൻ അനേകം പ്രാവശ്യം ക്ഷത്രിയനിഗ്രഹം ചെയ്തു. കുരുക്ഷേത്രത്തിൽ ക്ഷത്രിയരക്തംകൊണ്ടു് അഞ്ചു കുളമുണ്ടാക്കി. ഇതിനു "സമന്തപഞ്ചകതീത്ഥ"മെന്നു പറയുന്നു. അവിടെ പിതൃതപ്പണം ചെയ്തു കൃതാത്ഥനായി; അശ്വമേധയാഗം നടത്തി. ഭൂമിയെ കാശ്യപനു ദാനം കൊടുത്തു. ഇങ്ങനെ ഹേഹയവംശവും മററു ദുഷ്ടക്ഷത്രിയന്മാരും നശിച്ചു. പരശുരാമൻ തപസ്സിനായിപ്പോയി. ഇത്രയും വിസ്തരിച്ചു് വസിഷ്ഠൻ സഗരനെ ധരിപ്പിച്ചു. വസിഷ്ഠന്റെ ഉപദേശാനുസരണം സഗരൻ ഹേഹയതാലജംഘാദികളെ നിഗ്രഹിച്ചു വിജയിയായി. പ്രദർഭരാജപുത്രിയായ കേശിയെ വിവാഹം കഴിച്ചു. ഔവ്വമഹർഷിയുടെ അനുഗ്രഹഫലമായി കേശിയിൽ അസമഞ്ജൻ എന്ന ഒരു പുത്രനും സുമതിയെന്ന മറെറ പത്നിയിൽ അറുപതിനായിരം പുത്രന്മാരും സഗരനു ജാത

രായി. അസമഞ്ജൻ വിവാഹം ചെയ്തു. അദ്ദേഹത്തിന്ന് അംശുമാൻ എന്നൊരു പുത്രനുണ്ടായി. സഗരൻെറ അശ്വമേധസംരംഭം, സഗരപുത്രന്മാർ കുതിരയെ ഓടിക്കുന്നതു്, കപിലവാസുദേവകോപം, സാഗരനാശം, ഇവ കഴിഞ്ഞു് അംശുമാൻ കപിലവാസുദേവനെ സ്തുതിച്ചു് കുതിരയേ വീണ്ടെടുത്തു് അശ്വമേധം സാധിപ്പിച്ചതായി വിവരിക്കുന്നു. സഗരൻെറ സ്വർഗ്ഗാരോഹണം, അംശുമാൻെറ രാജ്യഭാരം, ഭഗീരഥന്റെ ഗംഗാവതരണം, പരശുരാമന്റെ കേരളോൽപാദനം, ഇവ വിവരിച്ചുകഴിയുന്നതോടുകൂടി ഗ്രന്ഥവും അവസാനിക്കുന്നു.

പ്രതിപാദനാസ്വഭാവവിവരണത്തിൽ അങ്ങിങ്ങ് ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥവാക്യങ്ങളിൽനിന്നു് ഇതിലെ ഭാഷയും ഗദ്യരീതിയും സ്പഷ്ടമായി ധരിക്കാവുന്നതാണു്. നവീനഗദ്യത്തിന്റെ സാമാന്യമായ ഛായ എല്ലായിടത്തും നല്ലതുപോലെ നിഴലിക്കുന്നുണ്ടു്. കഥാകഥനത്തോടുകൂടി ആവശ്യംപോലെ കാവ്യജീവനായ രസത്തിനും ഭൂഷണങ്ങളായ ശബ്ദാൎത്ഥാലങ്കാരങ്ങൾക്കും സ്ഥാനം നൽകുന്ന വിഷയത്തിൽ ഗ്രന്ഥകാരൻ ശ്രമം ചെയ്തിട്ടുണ്ടു്. അതിനാൽ ബ്രഹ്മാണ്ഡപുരാണം ഒരു ഗദ്യസാഹിത്യഗ്രന്ഥമായി പരിലസിക്കതന്നെ ചെയ്യുന്നുണ്ടു്. അതിനും പുറമേ ഭാരതഭൂമിയിൽ ഇന്നു ശ്രീവാഴുംകോട്ടു മാത്രം കൊണ്ടാടിവരുന്ന പുരാതനവും പവിത്രവുമായ ഒരു യജ്ഞമാണു് ഭദ്രദീപം. ആ ഭദ്രദീപവിധാനങ്ങളെ അത്യധികം ഭംഗിയായി വിവരിച്ചിട്ടുള്ളതു് സനാതനഹിന്ദുമതത്തിൻെറ ഈ പുനരുത്ഥാനവേളയിൽ സവിശേഷം ശ്രദ്ധാർഹമാണെന്നു് എടുത്തു പറയേണ്ടിയിരിക്കുന്നു.

## VI ശ്രീമത് ഭഗവത്ഗീത

"ചിദാനന്ദേനകൃഷ്ണേനപ്രോക്താസ്വമുഖതോർജ്ജുനം
വേദത്രയീപരാനന്ദാതത്വാർത്ഥജ്ഞാനസംയുതാ."
"സർവ്വോപനിഷദോഗാവോദോഗ്ധാഗോപാലനന്ദനഃ
പാർത്ഥോവത്സഃസുധീർഭോക്താദുഗ്ദ്ധംഗീതാƒമൃതംമഹത്"

അപ്രകാരമുള്ള സർവ്വോപനിഷത്സാരസംഗ്രഹത്തെ കൈരളിക്കു പ്രദാനംചെയ്തു നിരണത്തു ശ്രീ. മാധവപ്പണിക്കർ നിത്യാരാധനയ്ക്കു് അർഹൻതന്നെയാണു്. ശ്രീമഹാഭാരതം ഭീഷ്മപർവ്വത്തിൽ ശ്രീകൃഷ്ണഭഗവാൻ അർജ്ജുനനുപദേശിച്ച ഭഗവത്ഗീത പതിനെട്ടദ്ധ്യായമുണ്ടു്. തുഞ്ചത്തു ഗുരുപാദർ അതു മുഴുവനുംകൂടി തന്റെ ഭാരതസംക്ഷേപണത്തിൽ "കുണ്ഠനായീടൊലാ കണ്ടതെല്ലാമഹോ" എന്നു് യുദ്ധഗൗരവത്തിനു യോജിച്ചവിധം ചുരുക്കി സാധിച്ചിരിക്കുന്നു. അതൊരു പ്രത്യേകഗ്രന്ഥമായിരിക്കുന്ന സ്ഥിതിക്കു് അതിന്റെ തർജ്ജമയും പ്രത്യേകം ഉള്ളതുകൊള്ളാമെന്നു് ആരും സമ്മതിക്കും. ഈ നിലയ്ക്കു് പ്രസ്തുത ഭഗവത് ഗീത തർജ്ജമ എത്രമാത്രം അനർഘമാണെന്നു പറയേണ്ടതില്ലല്ലോ.

രാമായണാദികളെപ്പോലെതന്നെ ഗീതയും തർജ്ജമയെന്ന നിലയിൽ മൂലത്തോടടുത്തും എന്നാൽ അത്യാവശ്യസന്ദർഭങ്ങളിൽ സംഗ്രഹണത്തിനും വികാസത്തിനും ഇടംകൊടുത്തുമാണു് പ്രകാശിപ്പിച്ചിട്ടുള്ളതു്. എന്നാൽ ഈ സംഗ്രഹണവികാസങ്ങളെപ്പററി ഭഗവത്ഗീതയെ സംബന്ധിച്ചു് ഒരു പക്ഷാന്തരമുള്ളതുകൂടി നിരൂപിച്ചശേഷം ഗ്രന്ഥാവലോകനം ആരംഭിക്കുന്നതു സമുചിതമായിരിക്കുമെന്നു കരുതുന്നു. ലോകത്തിന്റെ അമൂല്യവും സുപരിചിതവും ആയ സമ്പാദ്യമായ ഭഗവത്ഗീതാമൂലത്തിന്റെ പ്രതിപാദനരീതി ഇവിടെ വിവരിക്കേണ്ടതായ ആവശ്യ

മില്ല. രാമായണാദി മഹാകാവ്യങ്ങൾ തർജ്ജമ ചെയ്യുമ്പോൾ സങ്കോചവികാസങ്ങൾ ഔചിത്യപൂർവ്വം നിബന്ധിക്കാവുന്നതാണു്. അവയിൽ രുചിക്കു് ഒരു നല്ല സ്ഥാനമുണ്ടു്. എന്നാൽ ഉപനിഷത്തു്—അഥവാ വേദാന്തതത്വസ്തോത്രഗീതം—കൂടിയായ ഭഗവത്ഗീതയിൽ സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണോ? സ്തോത്രങ്ങൾ സംസ്കൃതഭാഷയെ സംബന്ധിച്ചിടത്തോളം ഋഷിപ്രോക്തങ്ങളാണു്. ഋഷിപ്രോക്തങ്ങളായ സ്തോത്രങ്ങൾക്കു് ഉദ്ദേശ്യങ്ങളും പലതാണു്. ചുരുക്കുമ്പോൾ ആ ഉദ്ദേശ്യങ്ങൾക്കു വ്യതിയാനം വരാവുന്നതാണു്. അതിനാൽ ഭഗവത്ഗീത സംഗ്രഹിക്കുമ്പോൾ അതിലെ ആർഷികാദർശത്തിനു ന്യൂനത സംഭവിക്കാവുന്നതാകുന്നു. "സംസാരമലമോചനം" എന്ന ഫലശ്രുതിക്കും മന്ത്രശാസ്ത്രപ്രകാരം സ്ഥാനമില്ലാതെവരും. അലങ്കാരാത്ഥാദികളുടെ പുഷ്കലതയ്ക്കു വേണ്ടി വിസ്തരഭാഗങ്ങളെ വ്യാഖ്യാനംപോലെ കരുതാം. എന്നാൽ സംഗ്രഹണം എങ്ങനെ സാധുവാകും? ഇതു് ഒരു യാഥാസ്ഥിതികമതംപോലെയാണു തോന്നുന്നതു്. ഈശ്വരസ്തോത്രങ്ങൾ എല്ലാ ഭാഷകളിലും പ്രചാരത്തിലുണ്ടു്. അവയിൽ ചിലതിനു ഭാഷാന്തരത്വവും ആശയസാദൃശ്യവും കാണാവുന്നതാണു്. നിഷ്കളങ്കഭക്തിയിലാണു് ഫലം ആലംബിച്ചിരിക്കുന്നതെന്നു പ്രത്യേകം സ്മരിക്കേണ്ടതാണു്. അപ്രകാരമുള്ള ഭക്തിയും വിശ്വാസവും ദൃഢമായിത്തീരുന്ന മനസ്ഥിതിയിൽ മന്ത്രത്തിന്റെയോ സ്തോത്രത്തിന്റെയോ വലിപ്പത്തിനു സ്ഥാനമില്ല.

"മയ്യാവേശ്യമനോയേമാം
നിത്യയുക്താഉപാസതേ
ശ്രദ്ധയാപരയോപേതാഃ
തേമേയുക്തതമാമതാഃ"

എന്നുള്ള ഭഗവദ്വാക്യം ഇതിനു തെളിവാണു്. അതിനാൽ ഭാഷാന്തരീകരണപൂർണ്ണതയിലോ ആശയസദൃശതയിലോ ഒരു ഭഗവത്ഗീത മലയാളത്തിലുണ്ടായിയെന്നു വിചാരിച്ചു് ആർഷികത്വത്തിനു് ഒരു കുറവും വരാനില്ലെന്നു പറയേണ്ടിയിരിക്കുന്നു. ആ സ്ഥിതിയിൽ നോക്കുമ്പോൾ സംഗ്രഹണവികസനസമുദ്യുക്തനായ ഭാഷാഭഗവത്ഗീതാകാരൻ സ്തുത്യർഹനാണെന്നു പറയാതെ നിവൃത്തിയില്ല.

പ്രാരംഭസ്തുതികൾക്കുശേഷം കൊടുത്തിരിക്കുന്ന സ്വതന്ത്രമായ ഉപമയുടെ സ്വാരസ്യം വാചാമഗോചരമാകുന്നു. ആയതിപ്രകാരമാണു്.

"ഒരുപടിയോഗത്താലുള്ളിൽക്ക-
    ണ്ടുത്തമനാകിയവേദവ്യാസൻ
തിരുവടിചൊല്ലിയ പുണ്യപുരാണം-
    തികയച്ചൊല്ലുവനെന്നുനിനച്ചതു
പെരുമതകുംശ്രീപാൽക്കടൽകണ്ടു
    പിപീലികകുടിപ്പാൻകരുതിയതൊക്കും.
ഗുരുജനമായമഹാജനമിതിനൊരു-
    കുറപറകായ്കെന്നടിമലർതൊഴുതേൻ.
മലരയനൊടുനേർവേദവ്യാസൻ-
    മറവും സംസ്കൃതപദ്യങ്ങളിനാൽ
നലനലഞാനാർത്ഥങ്ങളുരത്തതു-
    ഞാനുംഭാഷാകവിയിലുരപ്പേൻ.
വിലയറിവാനരുതാകിയരത്നം-
    വേറൊരുപൊന്നിൻചെപ്പതിലല്ലാ
ലലവലയാകിയതുകിലിൽപ്പൊതികിലു-
    മതിനുടെമഹിമവിരോധംവരുമോ?"

(ഭാ. ഭ. ഗീ. അ. 1. പ. 5. 6)

വേദവ്യാസന്റെ പാൽക്കടലായ മൊഴി ഈ കവിയാകുന്ന പിപീലിക പാനംചെയ്യാൻ ശ്രമിക്കുന്നതിൽ

വ്യാസഭാരതമഹത്വം, തൻെറ വിനയം, ഇവയെല്ലാം സ്പഷ്ടം. ഭാഷാന്തരീകരണമോ? വിലമതിക്കാൻപാടില്ലാത്ത രത്നം പൊന്നിൻചെപ്പിലാക്കാതെ തുകലിൽ പൊതിയുന്നതിനു തുല്യം കാവ്യതത്വവും കവിയുടെ മനോധമ്മവും എത്ര സമീചീനം! ഗീതാഭാഷക്കാരൻ ഒട്ടും മനോധമ്മവും ഹൃദയവിശാലതയും കുറഞ്ഞയാളല്ലെന്നു് പ്രാരംഭത്തിൽ തന്നെ നമുക്കറിയാൻകഴിയുന്നു.

നിരണംകവികൾ ദേവമതങ്ങൾക്കു് അത്ര സ്ഥാനം നൽകിയിരുന്നില്ല. പരബ്രഹ്മത്തെ ആരാധിക്കയാണു് അവക്കിഷ്ടം. അതിനാൽ ഇഷ്ടദേവതാപ്രാത്ഥന ആ മാഗ്ഗത്തിലാണു് സാധാരണ പതിവു്. രാമായണഭാഗവതാദികളിൽനിന്നും നമുക്കിതു മനസ്സിലാകുന്നു. ഗീതാകാരനും ആ രീതിയാണു് പ്രാരംഭത്തിൽ അംഗീകരിച്ചിരിക്കുന്നതു്; നോക്കുക:—

"അത്ഭുതമായമൃതായ്മറനാലിനു-
    മറിവായഖിലജഗത്പരിപൂണ്ണവുമാ-
യുത്ഭവമരണാദികൾകരണാദിക-
    ളൊന്നിനൊടുംക്രൂടാതൊളിവായേ.
പുഷ്പമണംപോൽസ്ഥാവരചരമൊട്ടു-
    പുണരാതേപുണരുംപൊരുളായ്നി-
ന്നെപ്പൊഴുതും സച്ചിൽസുഖമായ്നി-
    ന്നീടിയപരമാത്മാനംകൈതൊഴുതേൻ"

(ഭാ. ഭ. ഗീ. അ. 1. പാ. 1.)

'എ' എന്നുള്ള നിപാതം നിരണംകവികൾ പാദപൂരണത്തിനുവേണ്ടി ചേക്കുക പതിവാണു്. "നിന്നീടിയ" എന്ന പദം ഇക്കാലത്തു് "നിന്നീടിന" എന്നാണു് പ്രയോഗം. 'എ' നിപാതം തുഞ്ചത്തു ഗുരുപാദരുടെ കവി

തകളിൽ വിരളമായിക്കാണാം. പിന്നീടു കാണുന്നില്ല. 'മുരൻറു' ഇന്നു 'മുരണ്ടു' എന്നാണു പ്രയോഗം. കൂടാതെ 'കടാവുക' എന്നൊരു പദം 'നടത്തുക'യെന്നൎത്ഥത്തിൽ പൂന്താനം നമ്പൂതിരിയുടെ കാലംവരെ നിലവിലിരുന്നു. അതുപോലെതന്നെ 'പാണ്ഡവർസൈന്യം' എന്ന പ്രയോഗവും ആധുനികശൈലിയിൽ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും ഈ പദങ്ങളും പ്രയോഗങ്ങളും നിരണംകവിതകളേ സംബന്ധിച്ചിടത്തോളം ആസ്വാദ്യതരങ്ങളാണെന്നു പറയേണ്ടിയിരിക്കുന്നു.

മനോധൎമ്മപ്രയോഗം പലയിടങ്ങളിലും ഹൃദ്യമാണു്. അവ, ശ്രദ്ധേയവുമത്രേ. ഇതിലേക്കു ചില ഉദാഹരണങ്ങൾ കാണിക്കാം.

മൂ:—"തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത!
സേനയോരുഭയോൎമ്മദ്ധ്യേ വിഷീദന്തമിദം വചഃ"
(അ. 2. ശ്ലോ. 10)

ഭാ:—അഴുതളവേ കണ്ണീർമെയ്മാവി-
ലതീവ പൊഴിഞ്ഞുടനജ്ജുനഹൃദയേ
മുഴുത്തുമെഴും ശോകാഗ്നി ശമിക്ക-
മുകുന്ദാഞ്ജനമേഘം തന്നിടയേ.
അഴകിയ മന്ദസ്മിതമിന്നോടു-
മനന്തരമേ ചൊൽധാരകളോടും.
വഴിയേയുണ്മജ്ഞാനാമൃതമഴ-
വർഷിപ്പാൻ വടിവൊടു നിനവുററാൻ"
(അ. 2. പാ. 6.)

"ശോകാഗ്നിശമനത്തിനു ജ്ഞാനാമൃതമഴ മുകുന്ദാഞ്ജനമേഘം വർഷിച്ചു" എന്നുള്ള ഈ മനോധൎമ്മം കവിയുടെ

പാണ്ഡിത്യസമ്പത്തിക്കുകൂടി മികച്ച ഒരു ഉദാഹരണമായി പ്രശോഭിക്കുന്നുണ്ട്.

മൂ:—"തംതഥാകൃപയാവിഷ്ടമശ്രുപൂർണ്ണാകുലേക്ഷണം
വിഷീദന്തമിദംവാക്യമുവാചമധുസൂദനഃ"

(അ: 2. ശ്ലോ. 1)

ഭാ:—"ആനവനകതാരഴിവുററതിനാ-
ലശ്രുജലങ്ങൾപൊഴിഞ്ഞുപൊഴിഞ്ഞേ
ദീനതയോടമരിന്നതുകണ്ടു-
ദയാപരനജനമലൻകമലാക്ഷൻ
താനിതിവണ്ണംചൊന്നാനരചകൾ-
ധർമ്മവുമല്ലബലകളുടെതൊഴിലിതു
ഹീനതയുംമാനക്ഷയവുംവരു-
മിത്തൊഴിൽവിട്ടെഴുനിൽക്കുഴകല്ലിതു"

ഇതിൽ; "അബലകളുടെ തൊഴിലിതു" ഭാഷാകാരൻെറ മനോധർമ്മമാണ്. ഈ അവസരത്തിൽ ഒരു ആധുനികകവിയുടെ പ്രയോഗം ഓർമ്മവരുന്നു. അതയതിപ്രകാരമാണ്. മഹാഭാരതയുദ്ധത്തിൽ സൗഭദ്രനിധനം അറിഞ്ഞ അർജ്ജുനൻ പ്രതിയോഗിയായ സിന്ധുരാജനെ നിഗ്രഹിക്കുന്നതിനുള്ള പദ്ധതികൾ ചിന്തിക്കാതെ വിലപിക്കുന്നു. അപ്പോൾ ഭഗവാൻ സമാഗതനായി ചോദിക്കുന്നു.

"മതിമുഖിയോനീപാണ്ഡവ! ഗാണ്ഡിവ-
മിതുകൊണ്ടെന്തുഫലം?"

(സൈന്ധവവധം കഥകളി)

അതിൽനിന്നും ശാന്തവീര്യനായ സവ്യസാചിയുടെ ശൗര്യത്തെ വിജൃംഭണം ചെയ്യിക്കുന്നതിന് അബലയോടുപമിക്കുന്നതു് ഏത്ര ഫലത്തിലും സമുചിതമാണെന്നു മർമ്മജ്ഞന്മാർക്കു കാണാം.

സാംഖ്യയോഗം 6-ാംപദ്യത്തിലെ "കാർപ്പണ്യദോഷോപഹതസ്വഭാവഃ" എന്ന മൂലത്തെ

"ഉററവരിൽപെരുകീടിനകൃപയാ-
മൊരുതിമിരംവന്നെന്നുടെഹൃദയേ"

എന്നു തർജ്ജമ ചെയ്തതിൽ കാണുന്ന "തിമിരം" കവിയുടെ മനോധർമ്മമാണു്. തന്റെ വൈക്ലബ്യാവസ്ഥയേ അർജ്ജുനനിൽ തിമിരത്വമായി കണ്ട കവി പ്രശംസനീയനാണു്.

"ഇന്ദ്രിയാണാംഹിചരതാംയന്മനോനുവിധീയതേ
തദസ്യഹരതിപ്രജ്ഞാംവായുർന്നാവമിവാംഭസി"
(മൂ. അ. 2. ശ്ലോ. 67)

ഇതിലെ "വായുർന്നാവമിവാംഭസി" എന്ന മൂലത്തെ

"മോതിയെഴുന്നുമറിഞ്ഞലയാഴിയിൽ
മുഴുകീടിന്നമരക്കലമൊത്തേ"
(ഭാ. അ. 2.)

ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നതിലേ 'മരക്കലമൊത്തേ'യെന്ന ഉപമയും മനോധർമ്മമാണു്.

സന്ന്യാസയോഗകഥനമായ അഞ്ചാം അദ്ധ്യായത്തിന്റെ ഒടുവിൽ

"ഭോക്താരംയജ്ഞതപസാംസർവ്വലോകമഹേശ്വരം
സുഹൃദംസർവ്വഭൂതാനാംജ്ഞാത്വാമാംശാന്തിമൃച്ഛതി"

എന്ന ഭാഗം തർജ്ജമ ചെയ്തതിൽ

"നാരദവാണിയിലുംവീണയിലും
നടമാടുംപുകഴുടയപുരാൻ"

എന്നു സ്വന്തമായി ചേർത്തുകാണുന്നു.

"നാഹംപ്രകാശഃസർവ്വസ്യയോഗമായാസമാവൃതഃ
മൂഢോയംനാഭിജാനാതിലോകോമാമജമവ്യയം"
"വേദാഹംസമതീതാനിവർത്തമാനാനിചാർജ്ജുന!"

(മൂ. അ. 7. ശ്ലോ. 25. 26)

ഇതിന്റെ തർജ്ജമ നോക്കുക:—

"മറവേൻഞാൻപ്രകൃതിയിലതിനാലൊരു-
മാനുഷരുംമമവടിവിനെയറിയാ-
രറിവനിവൻനാരായണനെന്നേ-
യേവക്കുംതെളിയാഗോപാലൻ
മറവനിവൻപുനരെന്നുനിനപ്പോർ
മാടൊട്ടുസമമറിയാമൂഢന്മാ-
രറമൊട്ടു വേദമഹം സമതീതവു-
മായെന്നിന്നപരംപൊരുളും ഞാൻ"

(അ. 7. ഭാ. പാ. 14)

ഈ തർജ്ജമയിൽ "ഗോപാലൻ" "മറവൻ" എന്നിങ്ങനെ കാണുന്ന പ്രയോഗങ്ങൾ "മൂഢോയം നാഭിജാനാതി" എന്ന മൂലത്തിലെ ആശയത്തെ സ്ഫുടമാക്കുന്നതിനുവേണ്ടി ഭാഷാകാരൻ സ്വതന്ത്രമായി കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ ചില പാഠഭേദങ്ങൾ ഭാഷാകാരനെ വഴിതെറ്റിച്ചിട്ടുണ്ടെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടുണ്ട്. ശ്ലാഘ്യമായ തന്മയത്വമുള്ള ഒരു ഭാഷാന്തരഭാഗം നോക്കുക:—

"സഖേതിമത്വാപ്രസഭംയദുക്തം
ഹേകൃഷ്ണ ഹേയാദവ ഹേ സഖേതി.
അജാനതാമഹിമാനം തവേദം
മയാപ്രമാദാൽ പ്രണയേനവാ/പി.
യച്ചാവഹാസാർത്ഥമസൽകൃതോസി
വിഹാരശയ്യാസനഭോജനേഷു

ഏകോഥവാപ്യച്യുത! തൽസമക്ഷം
തൽക്ഷാമയേത്വമഹമപ്രമേയം"
(മൂ. അ. 11. ശ്ലോ. 41. 42)

പദപ്രയോഗരസികത്വം, ആശയപുഷ്ടി, മനോധർമ്മകശലത മുതലായ ഗുണങ്ങളെക്കൊണ്ടു ഭംഗിയായ ഒരു തർജ്ജമയാണ് ഈ ഭാഗത്തു കാണുന്നതു്.

"ആലിലമേലമന്നരുളും പൂരാണപൂമാൻ പരൻ നാ-
രായണനായതെന്നടിയേനറിഞ്ഞില്ല നിന്നെമുന്നേ
കോലുമെടുത്തുടൻ കുഴലും വിളിച്ചഥഗോക്കൾ പിൻപോം
ഗോപകുമാരനായ സഖേ! സഖേ! പുനരെന്നിവണ്ണം
ബാലതകൊണ്ടു നിന്മഹിമാനമൊന്നറിയാതു ഞാനെൻ
വായിലുദിച്ചതൊക്കെയുമേ പറഞ്ഞനനെത്ര കഷ്ടം
ചാലശനം വിഹാരശയ്യാസനം പുനരൊന്നു ചെട്ടേ-
സാഹസമോടുക്രീഡതുചെയ്തതും ബതപറവമോകേൾ"
(ഭാ. അ. 11. പാ. 15)

മൂലകാരൻെറ ആശയത്തെ "കോലുമെടുത്തുടൻ കുഴലും വിളിച്ചഥ" "വായിലുദിച്ചതൊക്കെയുമേ പറഞ്ഞനനെത്ര കഷ്ടം" ഇങ്ങനെയുള്ള മനോധർമ്മങ്ങൾകൊണ്ടു് അത്യധികം വ്യക്തമാക്കിയിരിക്കുന്നു. വിശിഷ്യ കാവ്യരസം തുളിമ്പിക്കയും ചെയ്തിട്ടുണ്ടു്.

"യൽജ്ഞാത്വാമുനയഃസർവ്വേ-
പരാംസിദ്ധിമിതോഗതാഃ"
(മൂ. അ. 14. ശ്ലോ. 1)

എന്നതു് "ധീമാന്മാർക്കല്ലാലിതെവർക്കും
ചെവിയിലിടിച്ചാലും ചെല്ലാത്തതു"

ഇങ്ങനെയാണു വ്യക്തമാക്കുന്നതു്. ഇതിലെ "ചെവിയിലിടിക്ക"യെന്നതു സുപരിചിതമായ ഒരു നാടൻ പ്രയോഗമാണല്ലൊ.

"അനേകചിത്തവിഭ്രാന്താ—മോഹജാലസമാവൃതാഃ
പ്രസക്താഃകാമഭോഗേഷു—പതന്തിനരകേശുചൌ"

(മൂ. അ. 16. ശ്ലോ. 16)

ഇതിന്റെ വിവൎത്തനത്തിൽ സ്വന്തമായി ഒരു രൂപകം ഭാഷാകാരൻ കൊള്ളിച്ചിരിക്കുന്നതു ശ്രദ്ധേയമാണു്.

"നിനവാകിൻറമഹാവനമതിലേ-
നെടുമയലായമഹാപാശത്താൽ
പുനയെയ്യു രണ്ടുടലോട്ടും വേറായ്
പോയ്‌വീഴവർപുനരുരു നരകതിലേ"

ഇങ്ങനെ പല ഭേദങ്ങളും യോജിപ്പുകളും മൂലഗ്രന്ഥവുമായി ഒത്തുനോക്കിയാൽ കാണാവുന്നതാണു്. ഭാഷാപരമായിട്ടാണെങ്കിൽ "വാണ്ണിട്ടും" എന്നതു പിന്നീടു് "വാണീട്ടും" എന്നു കാണുന്ന പ്രയോഗത്തിന്റെ പ്രാഗ്‌രൂപമാണു്. എന്നാൽ ചമ്പൂകാരന്മാരും "വാണ്ണിട്ടും" എന്നു പ്രയോഗിച്ചിട്ടുണ്ടു്. "വാരാതെ"യെന്നതു് 'വരാതെ' യെന്നതിന്റെയും "വീണ്ണു" എന്നതു് 'വീണു' എന്നതിന്റെയും പ്രാചീനരൂപങ്ങളാണു്. "സരോജസമാനവിശാലാക്ഷൻ" ഇത്യാദി സമസ്തപദങ്ങൾ നന്നായിട്ടുള്ളവയാണു്.

ഈ അവസരത്തിൽ ഒരു സംഗതി ചിന്താൎഹമാണു്. കൈരളീപരിഷ്കൎത്താവും കേരളീയരുടെ രുചിയും ഔചിത്യവും ആസ്പദമാക്കി ഇതിഹാസപുരാണാദികളെ വിവൎത്തനം ചെയ്ത മഹാപുരുഷനും ആയ തുഞ്ചത്തു ഗുരുപാദർ ഭഗവത്‌ഗീത തൎജ്ജമ ചെയ്യാതിരുന്നതെന്തുകൊണ്ടു്? ഇതേപ്പററി പല അനുമാനങ്ങളും ഉണ്ടായിട്ടുണ്ടു്. തുഞ്ചത്തു ഗുരുപാദരുടെ ബ്രാഹ്മണഭക്തിയും ഭയവുംകൊണ്ടാണു് ഗീത വിട്ടുകളഞ്ഞതെന്നാണു് ഒരഭിപ്രായം.

അങ്ങനെയാണെങ്കിൽ തിരുവല്ലായിലെ പ്രധാന മലയാള ബ്രാഹ്മണജന്മിമാരുടെ പ്രതാപംകൊണ്ടു് നിരണത്തു മാധവപ്പണിക്കർക്കും ഗീതാഭാഷാന്തരീകരണത്തിനു സ്ഥാനമില്ലാതെവരും. അപ്രകാരമുള്ള പ്രതാപം ഇതിനു ബാധകമാകാതിരുന്നതു തൃപ്തികരമാണു്. മാധവപ്പണിക്കരോടുള്ള ബഹുമാനംകൊണ്ടു്, തൻെറ മുൻഗാമിയുടെ ശ്രമത്തിനു വിധേയമായ ഒരു സംഗതിയിൽ താൻ കൈവയ്ക്കേണ്ടതായ ആവശ്യമില്ലെന്നു കണ്ടു്, തുഞ്ചത്തു ഗുരുപാദർ ഗീത തർജ്ജമ ചെയ്യാതെയിരുന്നതാണെന്നാണു് രണ്ടാമത്തേ അഭിപ്രായം. എഴുത്തച്ഛനു നിരണംകവികളോടെല്ലാം ബഹുമാനമുണ്ടായിരുന്നെന്നു നിർവിവാദമായി ഊഹിക്കാം. ആ സ്ഥിതിക്കു മുൻഗാമികൾ തർജ്ജമ ചെയ്ത രാമായണഭാരതാദികൾ തർജ്ജമ ചെയ്തതു ശരിയാണോ? അതു ശരിയാണെങ്കിൽ മുൻഗാമി തർജ്ജമ ചെയ്തുവെന്നുവച്ചു് ഭഗവത്ഗീത ഉപേക്ഷിച്ചു എന്നു കരുതുകയും പ്രയാസമാണു്. ശങ്കരപ്പണിക്കരുടെ ഭാരതമാലയിലും ഗീതാഭാഗം സംഗ്രഹിക്കയാണു ചെയ്തിട്ടുള്ളതു്. അതു് തുഞ്ചത്തു ഗുരുപാദർ അനുകരിച്ചതായും വരാം. അതിഭയങ്കരവും വീരകരുണപ്രധാനങ്ങളുമായ രംഗങ്ങളോടുകൂടിയ മഹാഭാരതയുദ്ധത്തിൻെറ ഇടയിൽ ഇപ്രകാരമൊരു ധർമ്മോപദേശസംഹിത കലർത്തുന്നതു് അനുചിതമാകയാലും, ഗീത പ്രത്യേകം തർജ്ജമ ചെയ്യാമെന്നു കരുതുകയാലും ആയിരിക്കണം, തുഞ്ചത്തു ഗുരുപാദർ അതു ഭാരതം ഭീഷ്മപർവ്വത്തിൽ സംഗ്രഹിക്ക മാത്രം ചെയ്തു് വിപുലഭാഗം ഉപേക്ഷിച്ചതു്. എന്നാൽ കാലപരിമിതിക്കു വിധേയമായ മനുഷ്യജീവിതം അദ്ദേഹത്തിനും ആശ്രയമായി വന്നതുകൊണ്ടും, അനന്തരഗാമികളുടെ നിർഭാഗ്യംകൊണ്ടും, അപ്രകാരമൊരു അമൂല്യനിധി ലഭിക്കാതെ പോയിയെന്നു സമാധാനിക്കേണ്ടി

യിരിക്കുന്നു. ഏതായാലും ഈ സംഗതിയിൽ ഇപ്രകാരമുള്ള ചില അനുമാനങ്ങൾക്കേ സ്ഥാനം കാണുന്നുള്ളു.

ഗവേഷണവിചക്ഷണനും നിരൂപണകുശലനും ആയ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ നിരണം ഭഗവത്ഗീതയും ശിവരാത്രിമാഹാത്മ്യവും ഒരുമിച്ചു ചേർത്ത് 'മദ്ധ്യകാലമലയാളമാതൃകകൾ' എന്ന പേരിൽ ഒരു ഗ്രന്ഥം ശ്രദ്ധേയമായ അവതാരികയോടുകൂടി പ്രസിദ്ധം ചെയ്തിട്ടുള്ളതു് സുവിദിതമാണല്ലോ.

VII ഭാരതമാല:—നിരണത്തു ശങ്കരപ്പണിക്കരുടെ ഈ ഗ്രന്ഥം മഹാഭാരതം മൂലത്തിൻെറ ഒരു സംഗ്രഹവിവർത്തനമാണു്. ഈ ഗ്രന്ഥം കൈയെഴുത്തുപ്രതിയേ കണ്ടുകിട്ടിയിട്ടുള്ളു. ഉദ്ദേശ്യം 4000-ൽപരം പാട്ടുകൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഓരോ പർവ്വങ്ങളും പ്രത്യേകം പ്രത്യേകം തിരിച്ചാണു് ഭാഷാന്തരം ചെയ്തിട്ടുള്ളതു്. എഴുത്തച്ഛൻെറ ഭാരതതർജ്ജമയുടെ "അടുക്കു്" ഇതുമൂഖേന ലഭിച്ചതു് ആയിരിക്കണം. ഈ ഭാഷാന്തരവും ഹൃദ്യവും ശ്രദ്ധേയവുമാണു്.

ഈ ഗ്രന്ഥത്തിൻെറ പ്രാരംഭം നോക്കുക:—

"അനന്തംസത്യംജ്ഞാനപരംബ്ര-
　　ഹ്മാനന്തംതാനായുലകംകൾ
മനംതന്നിൽസൃഷ്ടിസ്ഥിതിലയവും
　　മായയിനാൽച്ചെയ്കരുണാകരനേ
അനന്തജഗത്ഗുരുവിനെവന്ദിച്ചവ-
　　നൻപൊടുമെൻചിത്തംകുടികൊണ്ടു
മനംകനിവുററുപിറപ്പററമാററമലർ
　　ക്കഴലേശരണെൻറുപുകുന്തേൻ"

അടുത്ത പാട്ടിൽ ഗണപതിയേയും, സരസ്വതിയേയും സ്തുതിച്ചിരിക്കുന്നു. മൂന്നാമത്തേ പാട്ടിൽ ശ്രീ നാരായണ സ്തുതിയാണു്. വിനയമസൃണമായ തുടച്ച് ഇപ്രകാരമാണു്:

"ജ്ഞാനംമിക്കജനംതുണചെയ്യൊരു-
ജ്ഞാനമെനിക്കുണ്ടാവാനായേ
വാനംതന്നിലുദിക്കുംചന്ദ്രനു
വന്തിയലുംമിച്ചിനിയുർവശിമുൻ
കാനംതന്നിൽവസിക്കുംപേപല-
കാണവളോടിയലുംപോലെയും
ജ്ഞാനറിവറിവാനായവനരുളാൽ
നാരായണചരിതംചൊല്ലിൻറിതു
നാരായണചരിതംവ്യാസോക്തം
നാനാവേദപുരാണാധാരം
ചീരായിതുപണിയറിവാനെളിയൊരു-
ശ്രീകഥഭാരതമാലയിതെന്നും
പേരായ് നിഷ്കളനാദിപുരാണൻ
പേരായിരമുടയച്യുതനാകിയ
നാരായണനരുളാലേചൊല്ല
നശിക്കും പാപമെനിക്കിനിയെല്ലാം"

(ഭാ. മാ. പാ. 4–5)

ആറാമത്തേ പാട്ടിൽ സൂതൻ നൈമിശാരണ്യത്തിൽ വച്ചു് ശൗനകാദി മഹർഷിമാരേ വന്ദിച്ചു് കഥ പറയാൻ ആരംഭിച്ചതായി പ്രസ്താവിക്കുന്നു. സൂതൻ "ചരാചര"ഗുരുവായ ശ്രീകൃഷ്ണനേയും വേദവ്യാസനേയും വന്ദിച്ചാണു് കഥ പറയുന്നതു്. അതിനേ തുടൎന്നു പതിനെട്ടു പൎവങ്ങളുടെ പേരും, സംഗ്രഹമായി കഥയും അവതരിപ്പിക്കുന്നതോടുകൂടി

ഇരുപത്തിയൊന്നു പാട്ടു കഴിയുന്നു. പിന്നീട് 69 വരെയുള്ള പാട്ടുകളിലായി ശ്രീകൃഷ്ണാവതാരം കഥ സുദീർഘമായി പ്രതിപാദിച്ചുകഴിയുന്നതോടുകൂടി ആദിപർവ്വം അവസാനിക്കുന്നു. അവതാരകഥയിൽ ശ്രീകൃഷ്ണലീലകൾ കംസനിഗ്രഹം മുതലായി അനേകം ഭാഗങ്ങൾ സവിശേഷം രസകരമായിട്ടുള്ളതാണ്. പരമഭക്തനായ അക്രൂരൻ കണ്ടതായ ഗോപാലദേവവിഗ്രഹവർണ്ണന നോക്കുക:—

"അക്കാലത്താമ്പാടിപുകന്താ-
നക്രൂരൻതേർമേലേയവനും
പൈക്കൻറിൻനടുവേകാണായിതു
പരമപുമാനരുമായരുമായേ
അക്കാലികളേയടിച്ചുപനിപ്പൊടി-
യാടിയണിഞ്ഞ സിതകുസുമംപോ-
ലെക്കാലവുംമലരുംവനമാലക-
ളെങ്ങുമണിഞ്ഞെഴുന്തരുളിയകോലം
കോലുംകുഴലുമെടുത്തുപിടിച്ചൊരു-
ഗോപാലകനാമഖിലജഗത്പതി
കാലുംകൈയുംചെന്താമരമലർ
കണ്ണുമിരുണ്ടു ചുരുണ്ടനകേശം
മേലുംമൂലത്തിനുമൂലത്തിനെ-
മേവിയണന്തടിതൊഴുതക്രൂരൻ
കാലുംതൊഴുതേനക്രൂരോഽസ്മി-
കണ്ണാ! കണ്ണാ! നിരുവടിതേറുക"

(ഭാ. മാ. ആ. പർവ്വം പാ. 46—47)

ശന്തനുചരിത്രവർണ്ണനയോടുകൂടിയാണ്, അടുത്തതായി സംഭവപർവ്വം ആരംഭിക്കുന്നതു്. ഈ പർവ്വത്തിൽ ആകെ 54 പാട്ടുകൾ ഉണ്ടു്. ഖാണ്ഡവദാഹവും മയസംരക്ഷണവും

വിവരിക്കുന്നതോടുകൂടി ഈ പവ്വം കഴിയുന്നു. സഭാപവ്വത്തിൽ ആകെ 135 പാട്ടുകൾ ഉണ്ടു്. ആ പവ്വം ആരംഭിച്ചിരിക്കുന്നതിപ്രകാരമാണു്.

"മയനുയിർകാത്തതിനെന്നെക്കൊണ്ടു-
മഹാനഗരംനിർമ്മിപ്പിക്കെൻറാൻ.
വിയനല്ലിതുചെയ്യേനുയിർകാത്തൊരു-
വിലകൊൾവിതുമില്ലതുവേണ്ടുകിലോ.
അയനെയുമഖിലജഗത്തെയുമിൻറവ-
നരുളാലേചെയ്യെന്നർജ്ജുനനാൽ
മയനെകപ്പെട്ടിന്ദ്രപ്രസ്ഥമഹാ-
നഗരംനിർമ്മിച്ചാനഴകൊടു."

(സ. പ. പാ. 1)

ഭീഷ്മപവ്വത്തിൽ ഭഗവത്ഗീത സംഗ്രഹിച്ചാണു് പ്രതിപാദിച്ചിരിക്കുന്നതു്. തുഞ്ചത്തു ഗുരുപാദരുടെ ഭാരതവിവർത്തനത്തിൻെറ ആലംബം ഭാരതമാലയായിരിക്കണമെന്നുള്ളതിനു് ഇതും ഒരു തെളിവാണു്. സംഗ്രഹം നോക്കുക:—

"കൊടുതല്ലോയാചാര്യാദികളെ-
ക്കൊലചെയ്യുതുമാതുലപുത്രരെയും
വിട്ടുതേർവധബന്ധുക്കളെയെല്ലാം
വിജയംരാജ്യാദികളുംവേണ്ടാ
കൊടുതിതുചെയ്യേനെന്നർജ്ജുനനും
ഗോവിന്ദനുചൊല്ലീശോകത്താൽ
നടുവേവീണ്ണുതുതേരിൽക്കണ്ടിതു-
നാരായണനരചെയ്താൻപാത്ഥനു
പാത്ഥനിനക്കെന്നേഭയമിപ്പോഴ്
പററാരാജാക്കൾക്കോമുററും

കീൎത്തിനശിപ്പിതുധൎമ്മംയുദ്ധം
        കിട്ടിയവാറേശോകിക്കൊല്ലാ.
ആൎത്തതിർകിട്ടിശ്ശത്രുസമൂഹമാ-
        നത്തിനെയുംകൊൻറേയെഴനിൻറേ
വാൎത്തകൾവേണ്ടാഞാനേയെല്ലാം
        വധചെയ്നീകാരണനായെൻറാൽ
എൻറതുകേട്ടുമുകുന്ദനെവിജയനു-
        മെതിരേവീണ്ണുനമസ്കാരത്തൊടു
ഇൻറിനിനല്ലതെന്നെയ്യൂരുൾചെയ്നീ
        യിവിടെയിളപ്പാൻനാരായണനേ
എൻറതുകേട്ടുചതുൎവ്വണ്ണാദിക-
        ളെല്ലാമുടനരചെയ്തുസ്വധൎമ്മം.
നൻറെതിർപൊരികനിനക്കഴകൊള്ളിതു
        നാന്മറയുംവടിവിൽചൊല്ലിൻറിതു
മുടിവിൽചൊല്ലിയശാരീരകവും
        മൂലമതാമദ്വൈതവുമെല്ലാം
ഉടനേസന്ന്യാസാദികളച്യുത-
        നുപദേശിച്ചതുപാൎത്ഥൻകേട്ടിതു
വടിവൊടുനിന്തിരുവടിയുടെത്രൂപം
        വന്ദിച്ചേനതുതികയെക്കാട്ടുക-
യടിയേനെൻറതുകേട്ടുമുകുന്ദനു-
        മഖിലവുമിവിടേക്കണ്ടുകൊൾകെൻറാൻ.
കണ്ടിതനേകസഹസ്രംമുഖവും
        കരമുദരാദികളച്യുതദേഹേ
അണ്ഡജസൎപ്പസരീസൃപപശുമൃഗ-
        മയനരനാദികൾമുനിവരെയെല്ലാം
കണ്ടുമനുഷ്യാദികളെയുമവിടെ
        കണ്ടുസമസ്തജഗദ്വ്യാപാരവും

എണ്ടിചയുള്ള ചരാചരഭ്രുതവൃ-
മെല്ലാംനീശരണടിയേനെൻറാൻ.
അടിയൻപിഴയുരചെയ്യേന്നല്ലോ-
യറിയാതേയത്തുപൊരുള്ളാക്കാതേ
മുടിവില്ലാതവരൻപരനേനിൻ-
മൂലത്തെത്തികയറിയാതേഞാൻ
കട്ടതല്ലോസഖിയെൻറപറന്തു-
കരുണയിനാലശനംശയനാദിക-
ളടിയൻക്രൂടെച്ചെയ്യവനെത്തുമ-
റിന്തുപൊറുത്തരുളഖിലേശ്വരനേ.
ഈശ്വരനംഞാനേസകലത്തിനു-
മിനിമമകാരണനായ്‌വധചെയ്യേ
ആശ്വസിനീശത്രുക്കളെയെല്ലാ-
മമരിൽക്കൊൽവതുമന്നവർധർമ്മം
സാശ്വരഥംകാലാറംമുന്നിട്ടേ-
സംഹാരംചെയ്യെന്റാനച്യുതൻ
ഈശ്വരവാക്യത്താലേവിജയനു-
മിനിയുദ്ധത്തിനുവിട്ടതേരെൻറാൻ.

(ഭീ. പ. പാ. 15—21)

ഇങ്ങനെ ഏഴുപാട്ടുകളെക്കൊണ്ടു ഭഗവത് ഗീത സംഗ്രഹിച്ചിരിക്കുന്നു. പാണ്ഡവക്കുവേണ്ടി ദൂതുപറയാൻ ഭക്തദാസനായ ശ്രീകൃഷ്ണൻ ഹസ്തിനപുരത്തിലേക്കു തിരിച്ചു. ആ യാത്രയേ വർണ്ണിക്കുന്നതു നോക്കുക:—

"വാസുദേവനും വിരന്തുവാരണാഹ്വയം പുകുന്തു
വാസുദേവനെ സ്തുതിച്ചുവന്തുകാണ്മതെണ്ണിലോകർ
ഓതുവേദം നാലിലൊണ്മയോയിതെന്നുക്രൂരവാർകൾ
വാസുദേവനോയിതെൻറവന്തു കംപിടുൻറലോകർ

വന്നുപാഞ്ചജന്യശംഖം,വായിൽ വെച്ചയൊച്ചകേട്ടു
വന്നുയക്ഷകിന്നരാദിവാസവാദി ദേവർമുനിവർ
ചിന്തചെയ്തുപുഷ്പവൃഷ്ടിചെയ്തു വിശ്വരൂപിയായ
നന്ദഗോപനെസ്തുതിച്ചുനല്ലകീർത്തികൊണ്ടുമുനിവർ
മുനിവർ ചിത്തമന്ദിരത്തിൽ മുദിതനായ് വസിച്ചിയങ്ങു
തനിയനേകമൂർത്തിനല്ലതത്വമൂർത്തിയായിരുന്ന
കനിയിതെൻറക്രൂരവാർകൾ കംസധേനുകാദികൾക്കു
മുനിയിനോട്ടുകേട്ടുചെയ്തമൂർത്തിതന്നുടംപുകണ്ടു
കണ്ടുശംഖ,ചക്രധാരികൗസ്തുഭം പുനന്തമേനി
പുണ്ഡരീകനേത്രമസിതപുഷ്പനിറവുമാട്ടുകിൻറ
കുണ്ഡലങ്ങൾ പീതമായക്രൂറകഞ്ചിമുൾ്നിരതം
മണ്ഡിതംമുകുന്ദമാവിൽ മറവുകണ്ടുശുഭസിലം.
ശുഭഭസ്മധാരിയായ ശൂലിശങ്കരനുടമ്പില-
ങ്ങൾവുംകൊട്ടുത്തവിഷ്ണുവച്ചുതെൻഹിരണ്യകശിപു
ഭക്തനിന്ദചെയ്തതിനു പാതിനാരസിംഹരൂപം
ഉദ്ധരിച്ചുസന്ധ്യനേരമുമ്മരത്തിൽവച്ചുകൊൻറു"

(ഉദ്യോഗം പാ. 50—54)

ഈ വർണ്ണനയിൽ ഭക്തന്മാരുടെ ആരാധന, ആദ്ധ്യാത്മികതത്വങ്ങൾ, ഭക്തവാത്സല്യം, ഇങ്ങനെ പലതും അടങ്ങിയിരിക്കുന്നു. ഉത്തമമായ ഒരു കാവ്യാന്തരീക്ഷം ഭക്തിയുക്തമായി കവി ഇവിടെ വരുത്തിയിട്ടുണ്ടെന്നും ശ്രദ്ധേയമാണ്.

ദ്രോണനിഗ്രഹണംകൊണ്ട് അശ്വത്ഥാമാവിനുണ്ടായ കോപത്തിൻെറ പ്രസക്തി നോക്കുക:—

"കോപിച്ചിതുപെരികശ്വത്ഥാമാ-
കൊൻറതുകേട്ടുപിതാവിനെയങ്ങേ
ദീപിച്ചിതുവിടവേനാരായണ
ദിവ്യാസ്ത്രാഗ്നിജ്വാലകളാലേ
താപിച്ചിതു പാണ്ഡവർകൾകളിച്ചു
സമസ്തരുമപ്പൊഴുതശ്വത്ഥാമാ.

ശോഭിച്ചിതുമരുതലവാഹിനിയിൽ
ചൊല്ലരുതാതള കേടൊണ്ടായിതു"

(ദ്രോ. പ. പാ. 203)

ഇതലോം സംഗ്രഹമായ ഒരു പ്രതിപാദനയാണിതെങ്കിലും താപജഡിലനായ അശ്വത്ഥാമാവിനുണ്ടായ കോപത്തിൻെറ ഫലം വീര്യസമുജ്ജ്വലമായി പ്രവൎത്തിച്ചുവെന്നു സ്പഷ്ടമാക്കിയിട്ടുണ്ട്.

മോഹനമായ കൎണ്ണപൎവ്വത്തിൻെറ ആരംഭം എങ്ങനെയെന്നിവിടെ കാണിക്കാം.

"ഇതുകാണാ! സ്വാമീ! ധൃതരാഷ്ട്രാ!
രാജേന്ദ്രാ! ഭീഷ്മദ്രോണാദികൾ
ചതിയാലേയുദ്ധത്തിൽമരിച്ചിതു
ചത്തിതുകൎണ്ണനുമൎജ്ജുനനാദല
വിധിയാലേയുദ്ധംചെയ്യേൻരുവി-
ഷാദത്തോടേസഞ്ജയനറിയി-
ച്ചതിനാലേമോഹിച്ചാംബികേയനു-
മവനിയിൽവീണിതുശോകത്താലേ.
അന്നാലേശോകിച്ചിതുകരുവീ-
രാംഗനമാർമുറയിട്ടിതുകൊട്ടതായ്
ശുദ്ധാന്തഃകരണൻശ്രീവിദുരൻ
ശുദ്രോപാധിയെയഭയമഹാത്മാ-
ക്ഷത്താവാംബികേയനുനീർകൊണ്ടുത-
ളിച്ചുടൽതടവിയവാറേയവനും
ചിത്താകുലമോഹാദികളോടേ-
ജീവിച്ചരുളിച്ചെയ്തുതുകാലം"

(ക. പ. പാ. 1—2)

ത്തുഞ്ചത്തു ഗുരുപാദർ ഈ ഭാഗം പ്രതിപാദിക്കുന്നതു കൂടി താഴെ പകർത്താം.

"കരുത്തുള്ള ജ്ജുനൻശരത്താലംഗേശൻ
മരിച്ചാനെന്നതുപറഞ്ഞുസഞ്ജയൻ
കരുപ്രവരനാംധൃതരാഷ്ട്രൻതാനു-
മുറക്കെവാവിട്ടൊന്നലറിവന്മരം
മുറിച്ചുഭൂമിയിൽചരിച്ചതുപോലെ
വിറച്ചുവീണിതുപെരുത്തദുഃഖത്താൽ
തൊഴിച്ചലച്ചുവീണരുണ്ടുംപെണ്ണുങ്ങൾ
കുഴപ്പംപാരമായ് ചമഞ്ഞിതന്നേരം
വിമലമാനസൻ വിദുരരെത്രയും
വിരയച്ചെന്നെടുത്തരചനെപ്പുൽകി
കുളിത്തണ്ണീർകൊണ്ടുതളിച്ചുമോഹവും
തളത്തിനാൻചിലവചനങ്ങൾകൊണ്ടും"

(ഭാരതം കിളിപ്പാട്ട് കർണ്ണപർവം)

ഇതിൽനിന്നും രണ്ടു കവികളുടേയും വിവർത്തനഗതി സാമാന്യം ഒരുപോലെതന്നെയെന്നു കാണാം. ഇതുപോലെയുള്ള അനേകം ഭാഗങ്ങൾ ഉദ്ധരിക്കാവുന്നതാണ്. എങ്കിലും പരിമിതിയോർത്ത് ചുരുക്കുന്നു.

സ്ത്രീപർവ്വത്തിൽ പാണ്ഡവന്മാരും ശ്രീകൃഷ്ണനുംകൂടി ഭാരതയുദ്ധം കഴിഞ്ഞു് ധൃതരാഷ്ട്രരെ സന്ദർശിക്കുന്ന ഭാഗം വളരെ ഭംഗിയായി വിവർത്തനം ചെയ്തിരിക്കുന്നു.

"നയമില്ലാതരചൻധൃതരാഷ്ട്രനെ-
നരപതിപാണ്ഡുതനുജൻതിരുവടി
ഭയമൊടുചെൻറഭിവാദ്യംചെയ്തിതു
പാണ്ഡവനെത്തഴകീധൃതരാഷ്ട്രൻ

നയവിദനായമുകുന്ദൻതിരുവടി
　　നാൽമൊഴിപ്പതുഭീമന്നെൻറ
ആയസമുസലത്താലെയവന്നരു–
　　വാക്കിയതുതഴവിപ്പാനായേ.
ആയസമാകിയഭീമനെയരചനു–
　　മാശ്ലേഷിച്ചുടലതുപൊടിയായേ.
പോയതറിഞ്ഞഴതിയുമൃതനായേ–
　　പോയാനോഹാ! ഭീമാ! യെൻറാൻ
മായനുമയിനുമഹാരാജാവേ!
　　മാരുതിയല്ലതൊരായസമെൻറാൻ
നീയിതുചെയ്യതറിഞ്ഞതിനാലേ–
　　നിർമ്മിച്ചിതുഞാനേപ്രതിമായിതു.
ഇതിനുവിഷാദിക്കൊല്ലാസഭയി–
　　ലിരുന്നുമിരന്നുപൊരുന്നുകയെൻറൻ
അതിനുതവാത്മജദോഷത്താലേ
　　യരുതായിതുതവദോഷത്താലും
ചതിപൊരുതവനിപറിച്ചിതുശകുനി
　　സഭാതലമേററിയിഴച്ചിതുകൃഷ്ണയെ
അതിനുതവാത്മജരെക്കൊൻറിതുപവ–
　　നാത്മജനരചാ! ചിന്നമൊഴികെൻറാൻ"

(ഭാ. മാ. സ്ത്രീ. പ. പാ. 11—13)

തുഞ്ചത്തു ഗുരുപാദർ ഈ ഭാഗത്തു കുറേയൊക്കെ മനോധർമ്മം പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇവിടെ കാര്യപ്രവചനത്തിനു മാത്രമേ പ്രസക്തി അനുവദിച്ചു കാണുന്നുള്ളുവെന്നു് ഒരു ഭേദം പറയാം. ഈ പർവ്വത്തിൽ ഗാന്ധാരീവിലാപം വിസ്തരിച്ചിട്ടുണ്ടു്. അതു ശ്രദ്ധേയവുമാണു്. ദീർഘമാകയാൽ പകർത്തണമെന്നുദ്ദേശിക്കുന്നില്ല.

ഫലശ്രുതിക്കുമുൻപായി കൊടുത്തിട്ടുള്ള ഗാനംകൂടി ഇവിടെ ഉദ്ധരിക്കാം.

"അച്യുതനോടുകൂടുവരറിവോരി-
തന്നത്തുമറത്തൊടുമോക്ഷാദികളും
ഇക്കഥവൈശംപായനമഹർഷി-
രാജാവിന്നറിയിച്ചതുഞാനും
നിശ്ചയമതിലില്ലാതൊൻറില്ല
നിരൂപിച്ചാൽമററൊൻറിലുമെൻറാൽ
നിശ്ചയമറിയിച്ചിതുമുനിവരരേ—
നിങ്ങളൊടെൻറാൻസൂതസുതൻനാൻ"

(സ്വർ. പ. പാ. 12)

ഫലശ്രുതിയോടുകൂടി ഈ മനോഹരകാവ്യതല്ലജം അവസാനിക്കുന്നു. കൈരളിയുടെ ഒരു നല്ല സമ്പാദ്യമായി ഈ ഗ്രന്ഥത്തേയും പരിഗണിക്കാം. ഈ ഗ്രന്ഥരചനകൊണ്ടു ശങ്കരപ്പണിക്കരുടെ പാണ്ഡിത്യവും സ്പഷ്ടമായി ധരിക്കാം. നിരണത്തെ മററെല്ലാക്കവികളേയുംകാൾ സംഗ്രഹണഭാഷാന്തരീകരണത്തിന് ഇദ്ദേഹം കൂടുതൽ തല്പരനായിരുന്നെന്നും, അപ്രകാരം സംഗ്രഹിക്കുന്നതിൽ അത്യന്തം പ്രാപ്തനായിരുന്നുവെന്നും ഭാരതമാലകൊണ്ടു മനസ്സിലാകുന്നതാണ്.

## VIII സീതാസ്വയംവരം അമ്മാനപ്പാട്ട്

ഇതിലേ ഇതിവൃത്തം വാത്മീകിരാമായണത്തിൽനിന്നും എടുത്തിട്ടുള്ളതാണ്. ഇതിൽ ആകെ 19 പാട്ടുകൾ ഉണ്ടു്. താളിയോലയിൽ ഒരു ഭാഗം പൊടിഞ്ഞുപോയതിനാൽ ആ ഭാഗത്തുണ്ടായിരുന്നതും പന്ത്രണ്ടാമത്തേതുമായ പാട്ട് പ്രസിദ്ധംചെയ്തിട്ടില്ല. രാമാവതാരംമുതൽ സീതാസ്വയംവരം ഉൾപ്പെടെയുള്ള കഥാഭാഗം സംഗ്രിക്കയാണി

ത്തിൽ ചെയ്തിരിക്കുന്നതു്. പാട്ടു് ആരംഭിക്കുന്നതിപ്രകാരമാണു്:—

"അച്യുതൻ കരുണാകരംതരുണാരുണാംബുജലോചനൻ
അഖിലജനമനകമലനിരുപമനിലയമരിപുരുഷോത്തമൻ
പച്ചമാൽനാരായണൻ പാലാഴിയിൽ തുയിർകൊണ്ടവൻ
പരമഗുരുമുരവൈരിമധുരിപുസകലഗുണപരിപാലനൻ
ഇച്ഛയായതിനിർമ്മലൻ പീതാംബരൻ ദൈത്യാന്തകൻ
ഇനിയരവികുലമഹിതദശരഥനൃപതിതനയനതായവൻ
തുഷ്ടമായു്മുനിപുങ്ഗവൻ നൃപനോടിരന്നതുമൂലമായു്
ഇതമൊടനുജനൊട്ടുഴറിനടന്നിതെന്നാട്ടുകമ്മാനേ"

ഓരോ പാട്ടും എട്ടുവരിവീതമുണ്ടു്. കവിതാരീതിയും മററും അറിയുന്നതിനായി പതിമ്മൂന്നും പതിന്നാലും പാട്ടുകൾക്രടി ചുവടേ കാണിക്കാം:—

"അഗ്ര്യമന്നവരനുവില്ലതെടുത്തുവീണ്ണുവിഷണ്ണരാ-
മൃതമൊഴിയുടയവളെനിനവൊടുള്ളതപിണഞ്ഞിതുപലതരം
അക്ക്വംശമതിനിന്നിരത്നമതായ രാമകുമാരനോ-
ടതുളീകൗശികമുനിവനിതമൊട്ടുമുഴറിവില്ല്യിതെട്ടുക്കെന്നേ
പുഷ്കരായതലോചനൻ ശ്രീരാമനും തൊഴുതമ്പിനാൽ
ഭുവനപതിപലനൃപതികുലസഭനടുവിലഴകൊടു ചെന്നിതേ
യക്ഷകിന്നരഗന്ധവ്വാദികൾ ദിക്കുപാലകരുംചൊന്നാർ
ഇവളെയിവനണവതിനു വിധിയിതെന്നാട്ടുകമ്മാനേ-
വിൽവളച്ചുതളച്ചുഞാണൊലികൊള്ളുമന്നവരേവരും
ബലവുമഴിഞ്ഞഴൽപെരുകിമനതളിരിളകിമുഖതളിർവാടി
ദൈവമേ!യിതുചെയ്യുതിന്നിനിയാവതല്ലനമുക്കെന്നേ
ദശരഥനുസുതനരചകുലമണിജനകജാപതിയിവനെന്നേ
അവ്വണ്ണംബലമുള്ളവില്ലുവലിച്ചുതോളതിൽവച്ചപോ-
തവനിമലകടലിളമുറിഞ്ഞുവില്ലമരർ പുതുമലർ തൂകിനാർ
ദൈവതയ്യുവളൻപൊന്മണിമാലയിട്ടിതുരാമന്മേൽ
ജഗതിപദതളിർവണങ്ങിനിന്നിതെന്നാട്ടുകമ്മാനേ"

ഈ സ്വയംവരവൃത്താന്തത്തിനു മുമ്പായി ഇതിലും വാല്മീകിയേ അനുകരിച്ചു വിശ്വാമിത്രന്റെ പൂർവ്വചരിതം

വളരെ ലഘുവായി സൂചിപ്പിച്ചിട്ടുണ്ടു്. ഭാഷാരാമായണം പാട്ടിലേപ്പോലേ ജനകഭൃത്യന്മാരുടെ മനോധമ്മങ്ങളും ചുരുക്കിക്കാണിച്ചിട്ടുമുള്ളതു് ശ്രദ്ധേയമാണു്. ഉപസംഹരിക്കുന്ന പാട്ടുക്കൂടിക്കാണിക്കാം:— പരശുരാമവിജയം കഴിഞ്ഞു്,

"കുന്നെടുത്തപുരാനവന്ന നിമിത്തദോഷമകന്നുപോയ്
കുറകിനടന്നളവരുണരുളിവില്ലയോദ്ധ്യാപുരം
ചെന്നപുക്കഥ മാതൃമുഖരെയും പണിന്തു നമസ്കാരഞ്ചെയ്തു
നൃപകുലതിലകമണിദശരഥരെമുറവമതുപൊഴുതേ
അന്നരാമനിലക്ഷ്മണൻഭരതന്നമവന്നിളയോനെന്നും
അഴകുശത്രുഘ്നനും അവർ പതിവ്രതകൾ നാൽവരുമായ്
അന്നുവാണുസുഖിച്ചുമാധവനമ്പരെമ്പെരുമാനെന്നേ
അവനിമകളൊടു കരുണപെരുകിയെന്നാടുകമ്മാനേ"

ഇങ്ങനെ സമാപിച്ചിരിക്കുന്നു. ആദിപ്രാസത്തിന്നു് ഇതിൽ പ്രസക്തി കാണുന്നുണ്ടു്.

## IX ശ്രീവല്ലഭകീർത്തനം

ഇതിലെ കഥാവസ്തു മേൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. 'നമശ്ശിവായ' എന്ന പഞ്ചാക്ഷരം ആദ്യം വരുത്തി എഴുതിയിട്ടുള്ള അഞ്ചു പാട്ടുകളാണു് ഇതിലടങ്ങിയിരിക്കുന്നതു്. മാതൃകയ്ക്കു് ആദ്യവും അവസാനവുമുള്ള പാട്ടുകൾ ചേക്കുന്നു:—

"നല്ലോരരവണമേലാഴിയിൽ മെല്ലെ-
 ത്തുയിലാകിയ മാധവ-
നല്ലോ നരജാതികളിടർ തീർത്തു-
 ല്ലാസം രക്ഷിച്ചരുളും
ചൊല്ലാന്നനമലയിൻകീഴ് ത്തിരു-
 വല്ലഭനേ! നിൻപദപങ്കജ-

മെല്ലാനാളും തൊഴുതേൻ ഞാൻ-
ശ്രീ മാധവ! പാഹിതൊഴുന്നേൻ"
"എ(യ)ന്നുമെനിക്കുടയതുനീയേ! അന്ന-
പിതാവും നീയല്ലോ
അന്നന്നുവരും വ്യാധികളെയൊ-
ന്നൊന്നായകലവെ നീക്കി
വന്നെന്നെരക്ഷകൾചെയ്യുന്നൊന്നിതു
വിധമോത്തു നമിക്കു-
ന്നെന്നും ഗിരികീഴ്മരുവിന ശ്രീമാധവ!
പാഹിതൊഴുന്നേൻ"

X ഗുരുഗീത, XI പാദ്മപുരാണം, XII നളചരിതം പാട്ട്. ശ്രീ. പി. ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രത്തിൽ ഗുരുഗീതയും പാത്മപുരാണവും നിരണംകൃതികളായി ചേർത്തുകാണുന്നുവെന്നല്ലാതെ അതേപ്പററി കൂട്ടതലായി യാതൊരറിവും ഇതേവരെ ലഭിച്ചിട്ടില്ല. സഹൃദയരുടെ അന്വേഷണബുദ്ധി ആ കാര്യത്തിൽ ഉണരുവാൻ പ്രാർത്ഥിക്കുന്നതിനേ തത്ക്കാലം നിവൃത്തിയുള്ളൂ.

ശ്രീമാൻ, വിദ്വാൻ കെ. ഇ. നാരായണപിള്ള അവർകൾ അദ്ദേഹത്തിന്റെ "കണ്ണശ്ശന്മാരും എഴുത്തച്ഛനും" എന്ന ഉപപാദനഗ്രന്ഥത്തിൽ നിരണംകവിതകളിൽ ഒന്നായി "നളചരിതംപാട്ട്" എന്ന ഒരു ഗ്രന്ഥം കൂടി ഉണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. അതിന്റെ പ്രാരംഭത്തിലുള്ളതായി താഴെ പറയുന്ന പാട്ടും ഉദ്ധരിച്ചിട്ടുണ്ട്. അ്യതിപ്രകാരമാണ്.

"നളനുടേചരിതമുരപ്പാനിപ്പോൾ
നാന്മുഖനംനാരായണനരനും

തെളിവൊടു ചന്ദ്രാദിത്യന്മാരും
ദേവേന്ദ്രാദ്യമരരുമെന്നെല്ലാം
വളർമയിൽതൻമുതുകിൽപൊലിവോനും
മഹിഷാന്തകിയുംമാരനമായ്യന—
മളവില്ലാതളവെങ്കലനുഗ്രഹ—
മവരവരേതന്നീടുകശരണം"

ഈ പാട്ട് ഉദ്ധരിച്ചിരിക്കുന്നതിനെ തുടന്ന് അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടുന്നു. "ഇതിൻെറ വൃത്തസ്വഭാവവും രീതിയുംകണ്ടാണ് കുഞ്ചൻനമ്പ്യാർ നളചരിതം കിളിപ്പാട്ടു രചിച്ചതെന്നു വിചാരിക്കത്തക്കവിധം യോജിപ്പു കാണുന്നുണ്ട്. മേലുദ്ധരിച്ച ഭാഗങ്ങൾ, കുഞ്ചൻനമ്പ്യാരുടെ ഭാഷാസ്വരൂപത്തേയും, ശയ്യയേയും, എഴുത്തച്ഛൻെറ ഭാഷാരീതിയേയും, ജയിക്കത്തക്ക മലയാളമെന്നു പറയുന്നതിൽ അസാംഗത്യം ഇല്ല. വിശിഷ്യ ചന്ദ്രാദിത്യന്മാരുടെ തെളിവും, 'മഹിഷാന്തകിയും മാരനമാര്യന'മെന്നതിൻെറ മഹത്വവും 'വളർമയിൽ തൻമുതുകിൽ പൊലിവോനും' എന്നതിൻെറ മാർദ്ദവപ്പൊലിമയും, ആകപ്പാടെ ഭക്തിരസം ചെരിയുന്ന പദബന്ധവും ഒരു പരമഭാഗവതൻെറ കവിതാസരസ്വതിതന്നെയാണെന്നു നിസ്സംശയം പറയാം." ഈ വിവരണം ആധാരമാക്കി നോക്കുന്നതായാൽ നളചരിതം പാട്ടും നമുക്ക് ആരാദ്ധ്യമാണെന്നു പറയേണ്ടിയിരിക്കുന്നു. നളചരിതം പാട്ട് എന്ന പേരിൽ വേറേ ഒരു പഴയ അപ്രകാശിതഗ്രന്ഥംക്രുടിയുള്ളതായി അറിയുന്നുണ്ട്. എന്നാൽ ആയതു് നിരണംകവിതകളിൽപ്പെട്ടുന്നില്ല. ഒരു പക്ഷേ കുഞ്ചൻനമ്പ്യാക്ക് മുമ്പും നിരണംകവികൾക്കുശേഷവും ഉണ്ടായ പാട്ടുപോലെയാണ് അതിൻെറ അവസ്ഥ.

അറിവിൽപെട്ടിടത്തോളം ഗ്രന്ഥങ്ങളുടെ ഒരു അവലോകനം ഇവിടെ കുറേയൊക്കെ സാധിച്ചതായി കരുതുന്നു. ഇതുകൊണ്ടു് നിരണംകവിതകളിലേക്കു് മാതൃഭാഷാഭക്തന്മാർ ആകൃഷ്ടരായിത്തീരുമെങ്കിൽ കൃതാർത്ഥതയ്ക്കവകാശമുണ്ടു്. ഏതുവിധേനയും, ഇത്രയും ശ്രേഷ്ഠോപഹാരങ്ങളെക്കൊണ്ടു കൈരളീദേവിയെ പൂജിച്ച നിരണംകവികൾ എക്കാലത്തും സ്മരണീയരും പൂജാർഹരും ആയി പ്രശോഭിക്കുന്നെന്നുള്ളതു് നിർവിവാദമാകുന്നു.

---

## അദ്ധ്യായം ൫

## സാഹിത്യാസ്വാദനം

### I ഭാഷയിലെ വിമർശനപദ്ധതി

മുൻഅദ്ധ്യായങ്ങളിൽ ഉദ്ധൃതമായിട്ടുള്ള ഉദാഹരണഭാഗങ്ങളിൽനിന്നും നിരണംകവിതകളിലെ സാഹിത്യത്തിന്റെ സ്ഥിതി സാമാന്യമായി വിശദമാകുന്നതാണു്. എന്നിരുന്നാലും ചില ഭാഗങ്ങളുടെ ഹൃദ്യത എടുത്തുകാണിക്കുന്നതു് കൂടുതൽ സമുചിതമായിരിക്കുമെന്നു കരുതുന്നു.

പാശ്ചാത്യസാഹിത്യങ്ങളിലെപ്പോലെ നവീനവും മാതൃകാപരവുമായ ഒരു വിമർശനപദ്ധതി കൈരളിക്കു് ഇതേവരെയുണ്ടായിക്കഴിഞ്ഞുവെന്നു് അഭിമാനിക്കുവാൻ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്. സാഹിത്യസാഹ്യം, കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി ഇങ്ങനെയുള്ള ചില പ്രമാണഗ്രന്ഥങ്ങൾ നമുക്കുണ്ടെങ്കിലും, പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യനിർവ്വചനങ്ങളും അവയ്ക്കു ദൃഷ്ടാന്തങ്ങളും ഇടകലർത്തിയും ഗുണദോഷചിന്ത

ചെയ്തു ഒരു നിരൂപണാദർശഗ്രന്ഥം നമുക്കില്ലെന്നുള്ളതും സ്മരണീയമാണു്. നിർവ്വചനങ്ങൾ ഉദ്ധരിക്കയും ഉദാഹരണങ്ങൾ കാണിക്കയും ചെയ്യുന്നതിനു് പല പണ്ഡിതന്മാരും ശ്രമം ചെയ്തിട്ടുണ്ടു്; ചെയ്യുന്നുമുണ്ടു്. എന്നാൽ അധികം പേരും ബാഹ്യവീക്ഷണംകൊണ്ടും വിവരണംകൊണ്ടും സംതൃപ്തരാകയാണു് ചെയ്യുന്നതു്. അന്തർനിഹിതമായ കാര്യങ്ങളെപ്പററിയുള്ള ചർച്ചയാണു് ശരിയായ നിരൂപണമെന്നു പറയേണ്ടതില്ലല്ലോ. പൂനംനമ്പൂതിരിയുടെ ഒരു സുപ്രസിദ്ധപദ്യമാണിതു്. നോക്കുക:—

"താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം-
നീരിൽത്താർബാണ! വൈരാകരനികരതമോ മണ്ഡലീചണ്ഡഭാനോ!
നേരെത്താതോരുനീയാംതൊട്ടുകുറികളയായ്കെന്നുമേഷാംകുളിക്കും-
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാഹന്ത! കല്പാന്തതോയേ!"

ഇതിലെ 'ഹന്ത' എന്ന പ്രയോഗത്തെ അഭിനന്ദിച്ചുകൊണ്ടു് പണ്ഡിതാഗ്രണിയായ ഉദ്ദണ്ഡശാസ്ത്രികൾ തന്റെ ഉത്തരീയം സമ്മാനിച്ചുവത്രേ. എന്താണു് ഈ 'ഹന്ത' ഇത്ര പ്രശംസാർഹമായതു്? ഉണ്ണുനീലിസന്ദേശത്തിലെ നായകൻ സന്ദേശഹരനെക്കണ്ടപ്പോൾ,

"നീത്താനിന്ദൂപലമിവതെളിഞ്ഞാമ്പൽപോലേചിരിച്ചും-
നാത്താൻ വണ്ടിൻകുലമിവവളന്നാൻ പയോരാശിപോലേ
പീത്വാത്വദ്രൂപാമൃതമിളകിനാനേഷചെപ്പോത്തുപോലേ
ക്രൂരംത്താൻ കാമീമദനനിവപോന്നാഗതേവീരചന്ദ്രേ!"

എന്നായിത്തീന്നു. എന്നാൽ മയൂരസന്ദേശത്തിലെ നായകൻ "ഇമ്പൽക്കേററംവശഗനവിടെത്തന്നെ മിണ്ടാതെനിന്നാൻ." ഈ വ്യത്യാസത്തിനു കാരണമെന്തു്? ഉത്തമസഹൃദയത്വവും തികഞ്ഞ പാണ്ഡിത്യവും ഉള്ളവക്കേ ഇതേപ്പററി നിരൂപണംചെയ്തു പ്രകാശിപ്പിക്കാൻ

കഴിയുകയുള്ളൂ. അതിന്ന നിവൃത്തിയില്ലാത്ത സന്ദർഭങ്ങളിലാണ് "നോക്കുക, പദപ്രയോഗരസികത്വം, അലങ്കാരഭംഗി, രസപുഷ്ടി," എന്നെല്ലാം പറഞ്ഞു മോടിപിടിപ്പിക്കുന്നത്. പലേ നിരൂപണങ്ങളുടേയും അവസ്ഥ കൈരളിയെ സംബന്ധിച്ച് ഇപ്രകാരമാണെന്നുള്ളതു ശോചനീയംതന്നെ. അതിനാൽ ഭാഷാഭിമാനികൾ നിർമ്മത്സരബുദ്ധി സ്വീകരിച്ച് പക്ഷംപിടിക്കാതെ കൈരളിക്ക് ഉത്തമമായ ഒരു നിരൂപണപദ്ധതി തുറന്ന് കാവ്യാമൃതാസ്വാദനപ്രാപ്തി വർദ്ധിപ്പിക്കുമാറാകട്ടെ, എന്ന പറയേണ്ടിയിരിക്കുന്നു. ഉപരിവക്ഷ്യമാണമായ എന്റെ ആസ്വാദനവ്യവസായത്തിന് ഇത്രയും ആമുഖമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

നിരണംകവിതകൾ കണ്ടുകിട്ടിയേടത്തോളവും വിവർത്തനങ്ങളാകയാൽ സ്വതന്ത്രകാവ്യങ്ങളെപ്പോലെ അവ നിരൂപണതയേ അർഹിക്കുന്നില്ല. എന്നാൽ തർജ്ജമകൾ മൂലത്തെ അപേക്ഷിച്ച് ഒരു പടിയും താഴാതെ ഇരിക്കുകയും, അവയ്ക്കു കഴിയുന്നത്ര സ്വതന്ത്രത വരുത്തുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് മേൽ സ്പഷ്ടമാക്കിയിട്ടുള്ളതാണ്. മൂലകാരനെ അപേക്ഷിച്ച ഭാഷയിൽ കൊണ്ടുവരുമ്പോൾ അതിശുഷ്കങ്ങളും സ്ഖലിതയുക്തങ്ങളും ആയ തർജ്ജമകളായി ചിലതു തീരാറുണ്ടു്. അങ്ങനെ വരാതെയിരിക്കുന്നതിന് അവഗാഢമായ പാണ്ഡിത്യവും സ്തുത്യർഹമായ മനോധർമ്മവും ഉണ്ടായിരിക്കണം. അല്ലെങ്കിൽ "അജപഃ" എന്നതിന്റെ "ജപഹീനഃ" എന്ന അർത്ഥം ശ്രദ്ധിക്കാതെ "ആടുമേയ്ക്കുന്നവൻ" എന്ന തർജ്ജമ ചെയ്യുന്ന വരും. അങ്ങനെ വന്നാലുള്ള അർത്ഥവ്യതിയാനം എത്ര വിചിത്രമായിരിക്കും! അപ്രകാരമുള്ള ന്യൂനതകൾ സംഭവിക്കാ

തെയും കാവ്യജീവനായ രസംവിടാതെയും ശബ്ദാത്ഥാല ങ്കാരങ്ങളെ ഇണക്കിച്ചേത്ത്  രുചികരമായി പാകശയ്യാദി കളേ സമ്മേളിപ്പിച്ച് സ്വാതന്ത്രമായ അവസ്ഥയിലാണ് നിരണംകവിതകഠം വിവത്തനം ചെയ്തിരിക്കുന്നതെന്നുള്ള ത്ത് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ആ സ്ഥിതിയിൽ നമുക്ക് വിനീതമായ ഒരാസ്വാദനത്തിന് അവകാശമുണ്ട്. അതു സാധിക്കുന്നതിന് യഥാമതി ശ്രമിക്കാം.

സാഹിത്യം, കവിത ഇവയേ സംബന്ധിച്ചും കവി യേപ്പററിയും മിക്കഭാഷകളിലും ധാരാളം നിവ്ചനങ്ങഠം ഉണ്ടായിട്ടുണ്ട്. വിശിഷ്യ പാശ്ചാത്യരും ഭാരതീയരുമായ പണ്ഡിതന്മാരുടേയും ചുരുക്കം ചില കേരളീയരുടേയും മതങ്ങഠം ഇക്കാര്യത്തിൽ ഗണനീയങ്ങളാണ്. അങ്ങനെ യുള്ള നിവ്ചനങ്ങളിൽ പലതിനും നിരണംകവിതകളിൽ ദൃഷ്ടാന്തങ്ങഠം സുലഭങ്ങളാണ്. എന്നാൽ ഇവിടെ ഒരു സംഗതി ഓക്കേണ്ടതാണ്. എല്ലാ ഗ്രന്ഥങ്ങളിലും സവ്ത്ര കാവ്യത്വം കാണുകയില്ല. കാര്യം പറയുന്നതു സാഹിത്യ മല്ല. ആ കാര്യകഥനത്തോടു സാഹിത്യവും പടിപ്പടി യായോ ഇടകലന്നോ വരുമെന്നതേയുള്ളു. ഒരു ഉദാഹര ണംകൊണ്ടിതു വ്യക്തമാക്കാം. വിശന്ന ഒരു പണ്ഡിതൻ രാജാവിനോടഭ്യത്ഥിക്കുന്ന ഒരു പ്രസിദ്ധപദ്യഭാഗം ഇപ്ര കാരമാണ്.

"ഭോജനം ദേഹിരാജേന്ദ്ര!
ഘൃതസൂപസമന്വിതം"

ഇവിടെ കാര്യം പറഞ്ഞു; നല്ല ശബ്ദഭംഗിയുമുണ്ട്; എന്നാൽ സാഹിത്യം വന്നില്ല. ഇങ്ങനെ പൂവ്വാദ്ധം തീൻ. ഉത്തരാദ്ധമോ? ഒരു കവി പൂരിപ്പിച്ചതു നോക്കുക:—

"മാഹിഷം ച ശരച്ചന്ദ്ര
ചന്ദ്രികാധവളം ദധി"

ഇവിടെയാണു് സാഹിത്യം വന്നതു്. അതായതു്, രസമാണു് സാഹിത്യത്തിന്റെ ജീവൻ എന്നു നാം എപ്പോഴും ഓക്കണം. അതിനു് അലങ്കാരംകൊണ്ടു ജീവൻ നൽകാൻ അത്ര സാദ്ധ്യമല്ല. ഈ തത്വത്തിന്മേൽ സാഹിത്യാസ്വാദനം ചെയ്യുമ്പോഴാണു് നമ്മുടെ ജ്ഞാനജിഹ്വ രുചിയറിയുന്നതു്. എന്നാൽ ഇങ്ങനെ രുചിയറിഞ്ഞു പ്രതിപാദിക്കുമ്പോൾ, ചിലപ്പോൾ, പലതും നീരസമെന്നു കരുതിത്തള്ളേണ്ടതായിവരും.

ഇത്രയും സംഗതികൾകൂടി പൊതുവേ പ്രസ്താവിച്ചു കൊണ്ടു നിരണം കാവ്യാമൃതാസ്വാദനത്തിൽ നമുക്കു് പങ്കെടുക്കേണ്ടിയിരിക്കുന്നു.

## II സാഹിത്യം

*"മനസ്സിന്റെ വികാരവീചിയിൽനിന്നും ഉത്ഭവിക്കുന്നതും രസസമ്മേളനത്തോടുകൂടി മാധുര്യവ്യഞ്ജകമായിട്ടുള്ളതുമായ വാക്സമൂഹമാണു് കവിത." ഇതു് ഒരു ഉത്തമമായ മതമാണു്. വികാരങ്ങളെ സംസ്കരിക്കുന്നതിലാണു് ജീവിതവിജയം അടങ്ങിരിക്കുന്നതു്. അങ്ങനെയുള്ള വികാരപരമ്പരകളാണു് എപ്പോഴും ജീവിതത്തെ നിയന്ത്രിക്കുന്നതും. അതിനാൽ വികാരങ്ങളുടെ പ്രകാശനവിഷയത്തിൽ രസവും മാധുര്യാദിഗുണങ്ങളും ഇടകലന്നു പ്രവഹിക്കുന്ന വാഗ്രൂപത്തിൽ നാം ഉത്തമമായ സാഹിത്യം

---

* Poetry is the art of expressing in melodious words the thoughts, which are the creations of feelings and imagination.

കാണുന്നുണ്ട്. *"വായനക്കാരന് രസം കൊടുക്കത്തക്ക വണ്ണം ക്രമീകരിച്ചിട്ടുള്ളതും ബുദ്ധിമാന്മാരുടേയും ബുദ്ധിമതികളുടേയും പ്രകടിതമായ ചിന്തയും വികാരവുമാണ് കവിത" എന്നു മററൊരു നിരൂപകൻ പറഞ്ഞിട്ടുള്ളതും ഈ തത്വംതന്നെയാണ്. ദൃഷ്ടാന്തങ്ങളിലേക്കു കടക്കും മുമ്പേ ഒരു സംഗതികൂടി പ്രസ്താവിച്ചുകൊള്ളട്ടെ. അതായതു് നിരണംകവിതകളെ പൊതുവേ ആസ്വദിക്കയാണ് ഇവിടെ ചെയ്യുന്നതെന്നുള്ളതാണതു്. വികാരപ്രകടനത്തിൻെറ മേന്മയനുസരിച്ചിരിക്കും കവിത്വമെന്നു മേൽ കാണിച്ചുവല്ലോ. താഴെ ചേർക്കുന്ന ഭാഗം ഈ അഭിപ്രായത്തെ തെളിയിക്കുന്നതാണ്.

ഒരിക്കൽ വിശ്വാമിത്രമഹർഷി ക്രൂരതരമായ ഒരു തപസ്സിലേർപ്പെട്ടു. പതിവനുസരിച്ചു ദേവന്മാർ ആ തപസ്സു മുടക്കുന്നതിനു നിശ്ചയിച്ചു. ഇന്ദ്രൻ രംഭയേ തപോവനത്തിലേക്കു നിയോഗിച്ചു. രംഭയുടെ തപോവനപ്രവേശം വർണ്ണിച്ചിരിക്കുന്നതിപ്രകാരമാണ്.

"പുഷ്പിതദിവ്യലതാദികൾതോറുംപോയ്
മധുപാനമഹോത്സവമീടിയ" എന്നുമുതൽ
"അതിശയമാകിയസൗന്ദര്യത്തോ-
ടടവിയിലൂടനടപ്പതുകണ്ടാൻ" എന്നുവരെ

മുമ്പ് ഒരദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ള ഗാനങ്ങൾ നോക്കുക!

(ഭാ. രാ. ബാ. കാ. പാ. 218—221)

---

* By literature we mean the written thoughts and feelings of intelligent men and women arranged in a way that shall give pleasure to the reader.

മാന്മഥകലയിൽനിന്നും തുലോം വിദൂരസ്ഥനായി തപമാചരിക്കുന്ന വിശ്വാമിത്രനെ മോഹിപ്പിക്കുന്നതിനു് കാമസാമ്രാജ്യസൗഭാഗ്യലക്ഷ്മിയായ രംഭ പ്രവേശിക്കുമ്പോഴത്തെ സ്ഥിതി നോക്കുക. ശൃംഗാരം രസരാജനാണു്. രതിയാണു് അതിന്റെ സ്ഥായിഭാവം. അതിനെ ഉദ്ദീപിപ്പിക്കുന്ന പരിതഃസ്ഥിതികളാണു് മുനിവാടത്തിൽ അപ്പോഴ് ആവശ്യം. ദിവ്യലതാദികളിൽ ധാരാളം പുഷ്പങ്ങൾ. അവയിൽനിന്നും മധു ആസ്വദിക്കുന്ന ഷട്പദങ്ങൾ. അവിടെ കുസുമചാപന്റെ ആഗമനം. കാമോദ്ദീപകഗാനചതുരനായ കുയിലായിട്ടു് ഇന്ദ്രനും വന്നുചേർന്നു. സുരഭിലനും ജലവാഹിയുമായ മാരുതനും; ഇവയെല്ലാം ശൃംഗാരത്തെ പോഷിപ്പിക്കുന്നവതന്നെ. കഠിനതപോനിഷ്ഠഹൃദയനായ ഒരു മഹർഷിയെ വികാരതരളിതനാക്കുന്നതിനു വനത്തിലുണ്ടായ രാമണീയകവിശേഷം ഒന്നു വേറേതന്നെ. ഇപ്രകാരം രസത്തേ പോഷിപ്പിക്കുന്നതിനു പര്യാപ്തമായ അർത്ഥപുഷ്ടിയും പദഘടനയുംകൊണ്ടു് ഈ ഭാഗം വികാരസമുദ്ദീപനത്തിൽ മുന്തിനിന്നു് കാവ്യതത്വത്തെ വെളിവാക്കിയിരിക്കുന്നതു് ചേതസ്സമാകർഷകമായിരിക്കുന്നു. പാശ്ചാത്യസിദ്ധാന്തം മാത്രമല്ല, "വാക്യം രസാത്മകം കാവ്യം" എന്നുള്ള സിദ്ധാന്തവും ഇവിടെ സവിശേഷം നിഴലിക്കുന്നുണ്ടു്.

ശ്രീകൃഷ്ണകഥയിൽ വികാരജനകമായ ഭാഗം രാസക്രീഡയാണു്. ഒന്നാംതരം ഭാവനയാണു് രാസക്രീഡയിൽ അടങ്ങിയിരിക്കുന്നതു്. ശ്രീകൃഷ്ണനു പതിനാറായിരത്തെട്ടു ഭാര്യമാരുണ്ടെന്നുള്ള പുരാണമതത്തെ ചില ചരിത്രകാരന്മാർ പതിനാറായിരത്തെട്ടു രാജ്യങ്ങളുടെ ആധിപത്യമെന്നു വ്യവഹരിക്കുന്നു. വേദാന്തസ്വരൂപനായ ഭഗവാനിലേ ഉപനിഷദ്വാക്യങ്ങളാണു് ആ സുന്ദരിമാരെന്നാണു് ആദ്ധ്യാത്മികപക്ഷം. മേൽപുത്തൂർ നാരായണഭട്ടതിരിയുടെ

നാരായണീയത്തിൽ "ഉപനിഷത് സുന്ദരീമണ്ഡലൈഃ" എന്നു പറഞ്ഞിരിക്കുന്നതു് ഈ തത്വത്തിന്മേലാണ്. ബാഹ്യമായി നോക്കുമ്പോൾ ശൃംഗാരാവാസലോലകളും ലീലാവിനോദനിരതകളും ആണ് ഗോപാംഗനമാർ. രാസക്രീഡയിൽ കാണുന്ന ഈ അന്യാദൃശവിലാസം ഇവിടെ പകർത്താം.

"ചെയ്തോർനൃത്തംകൃഷ്ണനമായേ-
തേന്മൊഴിമാർഗോപികളതിനിതമായ്
ചെയ്തോർഗാനംഷട്പദമവർമെയ്-
ചേന്നരുളുംമണിനൂപുരമെല്ലാം.
ചെയ്തുവാദ്യധ്വനി, മുഖകമലേ
ചേന്നവിയർപ്പുകണങ്ങളവറെറാടു
മെയ്യീടിൻറംഗനമാർമുലകളിൽ-
നിന്നുമഴിഞ്ഞിതുമാലകളേററം.
ഏററംരമയുടെകാന്തന്നെങ്കിലു-
മേകാന്തേയിഗ്ഗോപികൾതങ്ങളെ
ഏററംമലകളിലും ഗുഹകളിലു
മിതമീടിൻറതടാകങ്ങളിലും
മാററലർകാലാ! ഗുഹ്യകനെപ്പോൽ
വടിവൊടുപുക്കുപുണൎന്നുരമിച്ചതു
പാററുവതെളുതല്ലേതുമനന്തൻ-
താൻമുതിന്നീടുകിലുംപുനരെൻേറ.
ഏറെമനോഹരമായവിലാസ-
ത്തോടിതമാംമൃദുഹാസംകൊണ്ടും
ക്രൂരതാതദയാദികളാലേ-
ക്രൂടീടിൻറീക്ഷണമതുകൊണ്ടും

വേറൊരുവനുമറിഞ്ഞീടാത-
വിനോദരസാദിസമൂഹംകൊണ്ടും
ക്രൂരതാതളമന്നരമിച്ചാർ
കരുകലതിലകാപരമാനന്ദൻ
ആനന്ദത്തോടു ശ്രീകൃഷ്ണൻമെ-
യ്യവരാൽ സംസ്പൃശ്ശം ചെയ്യതിനാൽ
മാനവനേ വസ്ത്രാദ്യാഭരണം
മററും കേശമഴിഞ്ഞതുമെല്ലാം.
താമതി നിർവൃതരായ് മോഹിതരായ്-
സഹസാമേവുകയാൽ പ്രതിവഹനം.
താമിതുചെയ്യില്ലനലേപാദികൾ
താമുമഴിഞ്ഞതറിഞ്ഞില്ലേതും
അംബരമാർഗ്ഗേദേവാംഗനമാ-
രാമവരേവരുമിതിനെക്കണ്ടി-
ട്ടിമ്പമിയൻററതിവിസ്മിതരായ് പുന-
രേറീടും മാരാർത്തിയിനാലേ.
വൻപിയലുംമൊഴിമാരുടെയാടകൾ
മററിവയാദികളഴിയെ വിമോഹി-
ച്ചുൻപൊടുകാട്ടിയതൊഴിൽ ചൊല്ലേണ്ടുകി-
ലരുതേയേതുമനന്തനുമരചാ!
അരചാ! നക്ഷത്രാദികളൊടുചേ-
ന്നണിമതിതാനും വിസ്മിതനായാൻ
പരമാനന്ദമിവണ്ണം നന്നായ്
പാൽമൊഴിമാരോളോം കൃഷ്ണനുമായ്
പരിചോടേനിന്നു രമിച്ചാൻ
പാരായാത്മാരാമനുമായേ.

അരുമാമറയിൻമുടിയിൽ നിറന്നിട്ടു-
        മഖിലേശ്വരനെങ്കിലുമത്തമാലം
അതുനാളീവണ്ണം ക്രീഡിക്കയി-
        നാലേസ്വേദജലത്തൊട്ടക്കൂടീ-
ട്ടതിനാലൊട്ടുതളന്നിട്ടുമവർമുഖ-
        പദ്മമണച്ചുക്കരതളിരാലേ.
പുതുതാകിയ മാരോത്സവമേറെ-
        പ്പൊങ്ങിവരുംവഴിമുഖസമ്മാർജ്ജന
മിതമായ് ച്ചെയ്തതുകൊണ്ടങ്ങ് ഗന-
        മാരവരെത്രയുമതിശോഭിച്ചാർ.
ആയതലോചനമാരവർമുലകളി-
        ലളകങ്ങളിലൂരുക്കളിൽ നീവിയിൽ
നായകനേ! കണ്ടങ്ങളിൽ മററും
        നാനാലീലരസാദികളോടേ.
ത്തുയമഹാകൈനഖമതിനാലേ
        തുടരെത്തുടരെസ്പർശം ചെയ്തിതു.
മായവനാലിതു നമ്മുടെ പുണ്യം
        മററില്ലെന്നതിമോദിതരായേ.
അളകം കുണ്ഡലമതിന്നുടെ ശോഭയൊ-
        ടഞ്ചിതമായ് ഗണ്ഡസ്ഥലമതിൽമി-
ന്റൊളിവീടിന്റമൃതിന്നുനേർപുഞ്ചിരി-
        യോടേചേന്ന നിരീക്ഷണമതിനാൽ
ഇളകീടിന്റമഹാമോഹത്തോ-
        ടേവരുമഗ്ഗോപികളതുകാലം
വളരായ് നിന്നൊരു പൂജകൾ ചെയ്താർ
        മന്നുകുലവീരാമാധവനായേ"

(ഭാ. അ. 33. പാ. 11—19)

ഹൃദ്യമായ രാസക്രീഡാരംഗം! സർവമോഹനം! ബാഹ്യമായി ശൃംഗാരം തുള്ളിച്ചാടുന്നെങ്കിലും ആന്തരികമായി നോക്കുന്നതായാൽ നിഷ്കളങ്കഭക്തിയുടെ കേളീരംഗമാണിതു്. സർവോത്തമപ്രേമമഹത്വവിലാസപൂർണ്ണമായ ഭക്തിയെ ശൃംഗാരംകൊണ്ടു് ആവരണംചെയ്തു കാണിക്കയാണു് രാസക്രീഡയിൽ ചെയ്യുന്നതു്. രോഗശമനത്തിനു പററിയതും കയ്പുള്ളതുമായ മരുന്നു് പഞ്ചസാര പൊതിഞ്ഞ ഗുളികയാക്കി ശിശുക്കൾക്കു കൊടുക്കാറുണ്ടല്ലോ. അതുപോലെ ഭവരോഗശമനത്തിനു പര്യാപ്തവും ആദ്ധ്യാത്മികരസയുക്തവുമായ രാസക്രീഡയെ ശൃംഗാരംകൊണ്ടു് ആവരണം ചെയ്തു് അജ്ഞാനികൾക്കു് ആസ്വാദിക്കുന്നതിനും ആത്മനിർവൃതി ലഭ്യമാകുന്നതിനുംവേണ്ടി വർണ്ണിക്കയാണു് ചെയ്തിരിക്കുന്നതു്. ഈ ഗോപികമാർ നിത്യകന്യകമാരായിരുന്നെന്നും അവക്കു പുരുഷവിഷയപ്രാപ്തി ഉണ്ടായിട്ടില്ലെന്നുമുള്ള പരമവേദാന്തരഹസ്യം പ്രത്യേകം സ്മരിക്കേണ്ടതാണു്. ഒരിക്കൽ ദ്വൈപായനഹ്രദത്തിനു മറുകരയിലിരുന്ന ദുർവാസസ്സമഹർഷിയെ ആരാധിക്കുന്നതിനായി ഗോപികമാരെല്ലാവരും തിരിച്ചു. ഹ്രദം കടക്കുന്നതിനു മാർഗ്ഗം കാണാതെ അവർ വിഷമിക്കുമ്പോൾ ശ്രീനാരദമഹർഷി അവിടെ ആഗതനാകയും "നിത്യകന്യകമാരാണു് തങ്ങളെങ്കിൽ ജലം നീങ്ങി വഴിതരിക"യെന്നു് അപേക്ഷിക്കാൻ ഉപദേശിക്കയും ചെയ്തു. ഹ്രദകൂലസ്ഥിതരായ ഗോപികമാർ അങ്ങനെ അപേക്ഷിക്കയും ജലം വാങ്ങി മാർഗ്ഗം നൽകുകയും ചെയ്തു. ഇതിൽനിന്നും എന്തൊരു മായാവിലാസത്തെയാണു് രാസക്രീഡകൊണ്ടു വിഭാവനം ചെയ്യുന്നതെന്നു ധരിക്കുക.

രാസക്രീഡയിലെ ജലക്രീഡാഘട്ടംകൂടി എടുത്തു കാണിക്കാം.

"ആയതലോചനമാർകുചകുങ്കുമ-
മാമതിനാലതിരഞ്ജിതനാകിയ
മായവനാനയുമായേകരിണികൾ-
മാമദമോടുകളിക്കുംപോലെ
പോയിതമായേനദിയിലിറങ്ങി
പ്പൊലിവിനൊടന്നുകളിച്ചിതുനന്റായ്.
നായകനോടേമുൻപിലയന്റീടും
നാരികൾതമ്മുടെശ്രമമകൽവാനായ്.
അതുകാലത്തഗ്ഗന്ധർവ്വാദിക-
ളാലതിവർണ്ണിതനായേയരുവി-
ലിതമായ്യുവതികളോടേകൂടേ
യിതസ്തതമെന്റുജലത്തെക്കൊണ്ടേ
മതിപോലാനനകാന്തികലന്ന
മനോഹരമാനിനിമാർകൾചിരിച്ചി-
ട്ടതിവേഗത്തൊടുതേകിനർതൊല്പാ
ക്കുകളാൽകൃഷ്ണനമുടനന്യോന്യം
ആനനംമുലകൾപൃഥുശ്രോണികളിവ-
യാദികൾവിവൃതമതായ്ക്കാണായ്.
മാനിനിമാർക്കതിനിർമ്മലമാകിയ
വാസസ്സുകൾനനഞ്ഞീടുകയാലേ
മാനമൊടവനുടെതൊല്പാക്കുകളെ
മദത്തൊടുചേന്റുപിടിച്ചുപറിച്ചി-
ട്ടാനനകാന്തിവിളങ്ങെക്രീഡി-
ച്ചാരവരേററംകൃഷ്ണനമായേ"

(അ. 33. പാ. 20—22)

*"സംഗീതാത്മകമായ ചിന്തയാണ് കവിത" എന്നുള്ള തത്വം ഇവിടെ സ്മരണീയമാണ്. സംഗീതം എന്നാൽ പാട്ട് (Song) അല്ല. "പ്രപഞ്ചോൽപത്തിതന്നെ സംഗീതത്തിൽനിന്നാണ്" എന്നുള്ള "ഡൈഡന്റെ" നിർവ്വചന

* Poetry, we will call musical thoughts. (Carlyle)

ത്തിലേ സംഗീതമാണ് ഇവിടെ വിവക്ഷ. ഈ സംഗീതത്തിന് ഉത്തേജിപ്പിക്കാൻ വയ്യാത്തതും എന്നാൽ ശമിപ്പിക്കാൻ കഴിയാത്തതും ആയ വികാരങ്ങൾ ഒന്നുമില്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ശ്രീകൃഷ്ണഭഗവാൻെറ വേണുഗാനംതന്നെ ഈ പ്രപഞ്ചം. അതേ നാദബ്രഹ്മത്തിൻെറ മഹത്വം അത്ര ഉച്ചൈസ്സാണ്. അങ്ങനെയുള്ള സംഗീതമാണ് ശ്രീകൃഷ്ണൻെറ രാസക്രീഡയിലടങ്ങിയിരിക്കുന്നത്. അതായത് "സൗന്ദര്യത്തെ സംഗീതാത്മകമായി സൃഷ്ടിക്കുന്നതാണ് കവിത" എന്നു പറയാം. ഹൃദയസ്പൃക്കായ ഭാവനാതത്വങ്ങളെ സ്വഭാവജങ്ങളായ വാക്ചിത്രങ്ങളുടെ പ്രയോഗംകൊണ്ടു് ഉദ്ദീപിപ്പിച്ച് അവയെ വ്യാപകമാക്കിത്തീർത്ത് വികാരപരമ്പരകൾ സൃഷ്ടിക്കുകയും പോഷിപ്പിക്കുകയും ചെയ്യുമ്പോഴാണ് സാക്ഷാത്തായ സംഗീതം നാം കാണുന്നത്. തുഞ്ചത്തു ഗുരുപാദരുടെ "ശ്രീരാമബാല്യകാലവർണ്ണന", "പാർത്ഥസാരഥി", മഹാകവി വള്ളത്തോളിൻെറ "കിളിക്കൊഞ്ചൽ" മുതലായ അനേകം ഭാഗങ്ങളിൽ ഏതാദൃശമായ സംഗീതം കാണാം. ലോകപ്രസിദ്ധമായ ശാകുന്തളം നാലാമങ്കത്തിലാണ് ഈ സംഗീതം അനവദ്യസുന്ദരവും സർവോൽകൃഷ്ടവുമായി പ്രവഹിക്കുന്നതെന്നു പ്രത്യേകം ഓർമ്മിക്കണം. മൂലകാരൻെറ ആശയത്തെ അക്ലിഷ്ടസുന്ദരമായി പ്രതിപാദിക്കുന്ന പ്രസ്തുത രാസക്രീഡാവർണ്ണനയിലും, ഇതിനു മുമ്പുദ്ധരിച്ച രാമായണം രംഭാപ്രവേശത്തിലും, ഈദൃശസംഗീതാത്മകത്വപ്രസക്തി നമുക്കു കാണാം. "വാക്യം രസാത്മകം കാവ്യം" എന്ന ഭാരതീയനിർവ്വചനത്തിലും ഈ തത്വംതന്നെയടങ്ങിയിരിക്കുന്നു.

മാത്യു ആർനാൾഡ് എന്ന പാശ്ചാത്യപണ്ഡിതൻ *"ജീവിതവിമർശമാണ് സാഹിത്യം" എന്നഭിപ്രായപ്പെട്ടിരിക്കുന്നു. എമേഴ്സൻ എന്ന അമേരിക്കൻ വിജ്ഞാനി f "ഉത്തമചിന്തയുടെ പ്രകടനമാണ് സാഹിത്യം" എന്നും പ്രസ്താവിച്ചിട്ടുണ്ട്. കാളിദാസൻെറ ശാകുന്തളം നാലാം അങ്കം നോക്കുക. ശകുന്തളയെ പ്രകൃതിയുമായി ബന്ധിപ്പിച്ചു ജീവിതവിമർശനം ചെയ്തിരിക്കുന്നതവിടെക്കാണാം.

അഭ്യസ്തവിദ്യനു ശരിയായ സംസ്കാരംകൂടിയുണ്ടായെങ്കിൽ മാത്രമേ അവൻെറ ജീവിതം പരിപക്വമായ ഒരു മാർഗ്ഗത്തിൽകൂടി നയിച്ചു വിജയപ്രദമാക്കാൻ സാധിക്കയുള്ളൂ. കാന്താസമ്മിതയും സരസയുമായ കാവ്യശ്രീയാണ് അതിനു പററിയ ബന്ധു. അപാരമായ കാവ്യസംസാരത്തിലെ പ്രജാപതിയായി കവി ശോഭിക്കുന്നതും അതുകൊണ്ടുതന്നെയാണ്. ഈ തത്വങ്ങൾ മുഴുവൻ പ്രാചീനവും മലയാളഭാഷയിൽ പ്രാരംഭപ്പെട്ടസ്ഥിതവുമായ നിരണം കവിതകളിൽനിന്നു നമുക്കു തേടിപ്പിടിക്കാൻ വിഷമമാണ്. കഥാഘടനയേയും സാഹിത്യത്തേയും ശരിയായി സമ്മേളിപ്പിച്ചു പ്രകാശിപ്പിച്ചെങ്കിൽ മാത്രമേ ഏതാദൃശജീവിതവിമർശം സാധിക്കയുള്ളൂ. പുരാണേതിഹാസങ്ങളിലെ കഥാഘടന വിവിധജീവിതസ്വഭാവഗതികളെ സാഹിത്യദ്വാരാ പ്രകാശിപ്പിച്ചു വികാരസംസ്കരണത്തിനു മാർഗ്ഗം തുറക്കയാണു ചെയ്തിട്ടുള്ളതു്. വെറും തത്വപ്രതിപാദനം മാത്രം ആയിത്തീരാതെ അവയെ നാം കാണുന്നതും ഇതുകൊണ്ടുതന്നെയാണ്. രാവണചോരിതയായ ജാനകിയേ അന്വേഷിക്കുന്ന ശ്രീരാമചന്ദ്രൻെറ പ്രശ്നങ്ങൾ നോക്കുക:—

---

* Criticism of life.

*f* It is a record of the best thought.

"അരുണാംബുജനയനാമമഭാര്യാ-
മനുപമമഞ്ജുതകദംബാദികളേ!
പരമാദരവൊടുകണ്ടീരോ? ബത!
ഭക്ഷിക്കപ്പെട്ടാളോ? ഹാ! ഹാ!
കരുണാവിമുഖർനിശാചരരാലേ
കവരപ്പെട്ടാളോ? പട്ടാളോ?
വരവാരണമേ! വാരണഗമനാം
വടിവൊടുകണ്ടായോ? നീ! മററും,
മററുമശോകംമാകരുമുകിൽ,
കുഴൽമാനിനിയെക്കണ്ടായോ?
പററുംമൃഗകുലമേ! മൃഗനേത്രാം
പരിചൊടുകണ്ടീരോ? മമചൊൽവിൻ?
കുററമില്ലാമധുരസ്വരമീടും
കുയിലേ! കുയിൽമൊഴിയാളേക്കണ്ടായ്?
മററുശുകാദികളേ! ശുകവാണീം
വടിവൊടുകണ്ടീരോ? മമഭാര്യാം?
മമഭാര്യാംകണ്ടീരോ? ചൊൽവിൻ;
മന്മഥകല്പലതാംവല്ലികളേ!
കമലാകര! കമലാനനനയനാം
കണ്ടായോ? ചൊല്ലെന്നൊടുനീയും;
ഭ്രമരാപാംഗവിലാസാംനീയും
ഭ്രമരാധിപ! കണ്ടായോ? ചൊല്ലുക!
ശമയാധീംകണ്ടായോ? കന്ദ! സതീം
മമകന്ദമനോഹരഹാസാം.
ഹാസമനോഹരമാനനമയ്യോ!
ഹാ! വിധി! എന്നിനിഞാനേകാണ്മേൻ?
വാസഗൃഹാദികൾവിട്ടെന്നൊടു-
വനത്തിനുപോന്നവളേ! ഹാ! സീതേ!

നീസവിധേവൃക്ഷങ്ങൾമറഞ്ഞിനി
നില്ലാതേ;യെൻചപലതകാണ്മാൻ
വാസവഭാര്യാതുല്യേ! കേളിതു! മതി
പോരും; പരവശനായേൻഞാൻ.
ഞാനേവംദുഃഖിച്ചുവിളിച്ചാൽ–
നാനാജാതിയുമിവിടെവരാതെ
താനേജാനകിനില്ലാളെന്നാൽ
തരുണീമണിമരണംപ്രാപിച്ചാൾ
ദീനാമിവിടെയിരുന്നതുകാലം
നിശിചരർകൈക്കൊണ്ടുടനതിന്നേ
പോനാരോ? ഹാ! മൈഥിലിവാനം
പുക്കുപിതാവിനെയുംകണ്ടായോ?
കണ്ടായോനീയീരേഴാണ്ടും
കഴിയുമ്മുന്നേചെന്നുപിതാവിനെ?
വണ്ടാർകുഴലാളേ! ബത! മാമിഹ
വഞ്ചിച്ചേവാനലകുപുകുന്തായ്.
പണ്ടേതാകിലുമെൻപിറകേനീ
പരിചൊടുപോന്നകണക്കേഞാനും
തണ്ടാർശരപരദൈവതമേകേൾ
തവപിൻപേപോരുന്നേനിന്നേ"

(രാ. ആ. കാ. പാ. 231—236)

ഇവിടെ ഒരു ഭാഗംകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. പതിവ്രതയായ ജാനകീദേവി ലങ്കാരാജ്യത്തിൽ ശിംശപാവൃക്ഷച്ചുവട്ടിൽ ഇരുന്നുകൊണ്ടു്, ഹനുമാൻ വരുന്നതിനല്പംമുമ്പു വിലപിക്കുന്നതു നോക്കാം.

"മുറയിട്ടുമിടർതീർത്തെന്നെക്കാത്തരുൾ
മുഖ്യഗുണാകാരനേ! ശ്രീരാമാ!

മരുവിയലാതസുധാകരബിംബ-
മനോഹരമായമുഖാംബുജനേ! ഹാ
നെറിയറിയാതനിശാചരർവശയായ്
നിന്നോടുവേറായേവാഴിന്നേ-
നറികഴകൊടുനിന്നെക്കാണ്മാനട-
നാവിതെനിക്കിനിയേതൊരുനാളോ?
ഏതൊരുജാതിപൊറുപ്പേൻഭർത്താ-
വേയെൻവേദനനീവേറായാ
ലാദിയിലേപിരിയാപ്പാനായേ
യടവിയിൽനിന്നോടുകൂടപ്പോന്നാൻ
യിതിയലാവാനലകമെനീക്കോ
ചേരാനീകൂടായ്കിലതല്ലാൽ
നീതിയിനാൽനരകവുമമരുലകാം
നിശ്ചയമന്റപമനാംസ്വപതനയാ!
നയവിദനായസുമിത്രാപുത്രാ!
നാഥാ! ഹാ! വിധിയേ! കൌസല്യേ!
ഭയപരവശയായിവിടെവസിപ്പാൻ
പണ്ടതിപാപംചെയ്തേനോഞാൻ?
തുയരുമിതെന്നേപോമെന്നറിയേൻ
സുകൃതംഞാൻചെയ്യായ്കയിനാലേ
പ്രിയതമനോടുപിരിഞ്ഞുയിരോടും
പീഡിതയായെന്നേറഴതാൻ"

(സുന്ദരകാണ്ഡം)

അനന്തരം ജടായു, തൻെറ വാർത്ത, ശ്രീരാമനെ അറിയിക്കുംമുമ്പു മരിച്ചുപോയിരിക്കുമോ എന്നും സീതാദേവി സംശയിക്കുന്നു. സമുദ്രത്തിൻെറ മറുകരയിലാണു് താൻ വസിക്കുന്നതെങ്കിലും;

"മറിവിയന്നഖരാദികൾതമ്മെ-
മറുത്തമർചെയ്തുജയിച്ച"

നരേന്ദ്രനായ ശ്രീരാമനു്;

"മറികടൽതന്നെയൊരസ്ത്രംകൊണ്ടു-
വററുമതിന്നാകുന്നവനല്ലോ"

എന്നു സമാധാനിക്കയാണു ചെയ്യുന്നതു്. എന്നാൽ അടുത്ത പടി, ശ്രീരാമനു ദേവിയേക്കൊണ്ടുപോകാൻ കരുണ തോന്നാത്തതു് "ഭാഗ്യവിരോധത്താലേ" എന്നു വിചാരിക്കുന്നു. ചിന്ത പിന്നേയും തുടരുകയാണു്. നോക്കുക:—

"മുററുംഞാൻവേറായതുകൊണ്ടു-
മുഴുത്തവിഷാദത്തോടുടൽവേറായ്
മററമരുലകനേപ്പുക്കാനോ? ബത!
മമജീവാത്മാവായ മഹാത്മാ!"

നായികാനായകന്മാരുടെ മാനസികമായ ഐക്യം ഈ വിചാരത്തിൽ കാണാം. "വാനുലകേപ്പുകുന്തായോ?" എന്നു ശ്രീരാമചന്ദ്രനും ബലമായി സംശയിക്കുന്നുണ്ടു്. 'ജീവാത്മാവു്' എന്ന പദം ഇതിനെ നായികയേ സംബന്ധിച്ചിടത്തോളം ബലവത്തരമാക്കിക്കാണിച്ചിരിക്കുന്നു. ഈ രണ്ടു കരുണരംഗങ്ങളെക്കൊണ്ടും സീതാരാമന്മാരുടെ ജീവിതത്തെ അത്യുത്തമമായ ഒരു പദ്ധതിയിൽക്രൂടി വാല്മീകി വിമർശിച്ചുകാണിക്കയാണു ചെയ്തിരിക്കുന്നതു്. ദേവിയുടെ ചിന്താഗതി പിന്നെയും കാണുക:—

"കുററമിയന്നദശഗ്രീവന്നു-
കുലക്ഷയമെയ്തുകനിശ്ചയമെന്നും

മററിനിമാസമിരണ്ടിനകത്തിഹ-
വരുമോരത്താവല്ലപ്രകാരം.
കാരൊളിമേനിയനാമവനോടിതു-
കാലംഞാനിവിടേമരുവിന്നതു-
മാരറിയിപ്പതുതാനറിയാതേ-
യവനിഹവരുവാനംപണിയെന്നാൽ"

ഇങ്ങനെ പലതും ചിന്തിച്ചതുകൊണ്ടു പ്രയോജന മില്ലെന്നു കണ്ടു്, മരിക്കാമെന്നു നിശ്ചയിക്കുന്നു. ഇങ്ങനെ പ്രേമാധിക്യസംപുടിതമായ ഒരു ജീവിതമായിരുന്നു സീതാ രാമന്മാക്കുണ്ടായിരുന്നതു്.

യുക്തിയാൽ നിയന്ത്രിതമായ ഭാവനകൊണ്ടു് രസ ത്തെ സത്യവുമായി ബന്ധിപ്പിക്കുന്ന ഒരു കലയാണു് സാഹിത്യം. അതിൻെറ മമ്മം—സാരാംശം—നൂതന സൃഷ്ടി അഥവാ നവീനകണ്ടുപിടിത്തമാണു്. രസം കഴി വുള്ളിടത്തോളം സ്വാനുഭവജന്യമായിരിക്കണം; സത്യം ആദ്ധ്യാത്മികസത്യവുമായിരിക്കണം. അങ്ങനെയുള്ള നൂത നചിന്തകനാണു് കവി. അല്ലാതെ ഒരു കവി ഒരിക്കലും യുക്തിവാദിയോ ഭ്രാന്തനോ അല്ല. യുക്തിയേയും ചിന്ത യേയും നിയന്ത്രിച്ചു് രസപൂർണ്ണമായ തത്വോപദേശം ചെ യ്യുകയാണു് കവിയുടെ ചുമതല. അപ്രകാരം എഴുതുന്ന ഒരു ഉത്തമകാവ്യം ആ കലാകാരൻെറ ജീവരക്തമായിരിക്കും. അതിലാണു് ഭാഷയുടെ സ്വകീയമായ ഉപയോഗവും പ്രയോഗവും കാണുന്നതു്. അതിൻെറ പ്രകാശനത്തിനു് അസ്ഥിവാരം സ്വാനുഭവമായിത്തീരുമ്പോൾ ആസ്വാദ്യത വർദ്ധിച്ചുകാണും. അവിടെ ജീവിതപ്രകടനത്തിൽ സാഹി ത്യത്തിനുള്ള സ്ഥാനം വിശദമാകും.

"ചന്ദ്രമറിയപൂവിലുംശബളാഭമാംശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്രചാതുരികാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളക്കരശ്മിയിൽനീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ" വിളങ്ങുന്ന ഈശനായ കവിത—സാഹിത്യം—ഉദിച്ചുയരുന്ന സൂര്യനിലും ശിശുവിൻെറ വിയർപ്പുള്ള കോമളവദനത്തിലും ഒരുപോലെ കവി കാണിച്ചുതരും. എന്നാൽ സഹൃദയത്വം ഉള്ളയാരംക്കേ അതാസ്വദിക്കാൻ സാധിക്കയുള്ളൂ. കവിയുടെ വാക്കുകൾക്കു സഹൃദയൻെറ വികാരം അടിപെട്ടാൽ അവിടെ കാര്യത്തിൻെറ ഉൽക്കർഷസോപാനം കാണാം. അതേ;

"മാനംചേൎന്നഭടൻെറമിന്നൽചിതറും കൈവാളിളക്കത്തിലും
മാനഞ്ചുംമിഴിതൻമനോരമണനനിൽ ചായുന്ന കൺകോണിലും
സാനന്ദംകളിയാടിടുന്ന ശിശുവിൻതൂവേൎപ്പണിപ്പൂങ്കവിരം—
സ്ഥാനത്തുംനിഴലിച്ചുകാണ്മു, കവിതേ! നിന്മഞ്ജുരൂപത്തെഞാൻ"

അങ്ങനെയുള്ള കവിതയാണ് യുക്തിയേയും സത്യത്തേയും രസത്തോടുകൂടി സമ്മേളിപ്പിച്ചു നൂതനസൃഷ്ടി ചെയ്യുന്നതു്. മഹാകവി കുമാരനാശാൻെറ വീണപൂവു്, ദുരവസ്ഥ മുതലായ കൃതികരം ഇതിലേക്കു് ആധുനികദൃഷ്ടാന്തങ്ങളാണു്.

പഞ്ചവടിയിൽ താമസിക്കുന്ന ശ്രീരാമനെക്കാണ്മാൻ വരുന്ന ശൂർപ്പണഖയേ നിരണംകവി അവതരിപ്പിച്ചിരിക്കുന്നതു് പ്രസ്തുത അഭിപ്രായത്തിനു സാമാന്യം ഒരു തെളിവാണു്.

"കണ്ടാരംസുമുഖനെയവിടേദുർമ്മുഖി
കമലാക്ഷനെവികൃതാക്ഷിനിശാചരി
വണ്ടാർകേശനെയെരിനിറമുടയാരം
മദനസമാനനെയതിവികൃതാംഗി

കണ്ടാലധികമനോഹരനെത്താൻ
കാളനിശീഥിനിയോടേയൊത്തവ
ളുണ്ടായവർകളിലറനെറിയുടയനെ
യൊരുകാലവുമറനെറിയാതവൾ
അറിവുള്ളവർകളിൽമുമ്പനെമൂഢ-
യതിപ്രിയഭാഷിയെയപ്രിയഭാഷിണി
നിറമിയലുംതരുണനെയതിവൃദ്ധ-
നിരുപമശീലനെയതിശയചപലാ
കുറവൊരുജാതിയുമില്ലാതഖില-
ഗുണാകരനാകിയരാമനെയവിടെ
കുറുകിയരാക്ഷസസോദരി-
കുസുമശരാതുരയായുരചെയ്താൾ."

ആരണ്യകാണ്ഡം പാ. 43—44)

മേൽ കൊടുത്ത നിർവ്വചനത്തിനു ശക്തിയായ ഒരു തെളിവ് ഹാജരാക്കിയതായി ഇതുകൊണ്ടഭിമാനിക്കാൻ വകയില്ല. എങ്കിലും സാത്വികവും താമസവുമായ ഭിന്നഗുണപ്രകൃതികളോടുകൂടിയ ശ്രീരാമശൂർപ്പണഖമാരിൽ ആദ്ധ്യാത്മികസത്യപ്രചോദന പൂർണ്ണമായ പ്രേമബന്ധം സംഭവ്യമല്ലെന്നു കവി സ്പഷ്ടമാക്കിയിട്ടുണ്ടെന്നു സമാധാനിക്കാം. ഒരു പ്രഭാതവർണ്ണനകൂടി താഴെ ചേർക്കാം.

"നീടുയരുദയമഹാമലമീതേ
ദിനകരനുദയംചെയ്താൻ"
"ആരണമയൻഅമരാസുരസേവ്യൻ
ആനന്ദമയിരാകിയനാഥൻതിരുവടി.
പൂരണൻ ഒരു മരതകനിറമാം എഴ-
പുരവികൾപൂണ്ടരഥത്തിൻമേലേ

സാരഥിയാം അരുണനൊട്ട് ആദിത്യൻ
താനുദയംചെയ്തരുളിയകാലം"

സരസഫലിതകാവ്യാമൃതത്താൽ പിൽക്കാലത്തു കൈരളിയെ ആസേചനം ചെയ്ത കുഞ്ചൻനമ്പ്യാർ:—

"ചുട്ടുപഴുപ്പിച്ചുള്ളൊരുകനക-
ക്കട്ടകണക്കേ കുട്ടിസ്സൂര്യൻ
പുലരുന്നളവുകിഴക്കൻ
മലയുടെമുകളിൽ തലകാട്ടുന്നു"

എന്നു പ്രയോഗിച്ചിരിക്കുന്നതു് പ്രസ്തുത പ്രഭാത വർണ്ണനയുടെ സാരസ്യം കടഞ്ഞെടുത്തിട്ടാണെന്നു കരുതേണ്ടിയിരിക്കുന്നു. കാളിദാസമഹാകവിയുടെ ശാകുന്തളം നാടകം നാലാം അങ്കത്തിലെ "ആവിഷ്കൃതാരുണപുരസ്സര ഏകതോക്കഃ" എന്ന രസനിഷ്യന്ദകമായ പ്രയോഗവും രാമായണകാരനു് ഓർമ്മയിൽ വന്നിരിക്കണം. യുക്തിതത്വങ്ങളുടെ രസപൂർണ്ണപ്രയോഗംകൊണ്ടുളവാകുന്ന ആദ്ധ്യാത്മികസത്യപ്രകാശനമാണു് സാഹിത്യമെന്നുള്ള തത്വത്തെ സാമാന്യമായി വിശദമാക്കിയെങ്കിലും അല്പം ചിലവകുടി പ്രസ്താവിക്കാം. രാമായണത്തിൽ ത്ര്യംബകം ചാപം രാമദേവൻ വലിച്ചുമുറിക്കുമ്പൊഴുള്ള അവസ്ഥ വർണ്ണിക്കുന്നതിപ്രകാരമാണു്.

"വരമാകിയവില്പ്പൊടിയുമണിഞ്ഞൊരു-
മാത്രയിലേചെറുഞാണൊലിചെയ്താൻ
കരുണാലയനാകിയ സകലേശൻ
കാകുൽസ്ഥൻതിരുവടി.
നരപാലകർ ചിലരതിനുവിറച്ചാർ
നലമുടെജാനകിസന്തോഷിച്ചാൾ

അരവാദികൾഭയമീടുമിടിദ്ധ്വനി-
യാൽമയിലാനന്ദിപ്പതുപോലെ"
(ബാ. കാ. പാ. 271)

ശൈവചാപഭഞ്ജനം മററു രാജാക്കന്മാൎക്ക് ഭയവും സങ്കടവും ഉളവാക്കി. മേഘനിൎഘോഷം മയിലിന്ന് ആനന്ദഹേതുകമാണ്. സീതാദേവിയുടെ പ്രേമലാസ്യത്തിന്ന് സുവൎണ്ണാവസരം ലഭ്യമാകുന്നതിന്ന് ഈ ഇടിദ്ധ്വനിസദൃശമായ സംഭവം സഹായിച്ചു. ഇങ്ങനെ ഒരേ സംഭവം ഒരേ കാൎയ്യത്തിലേർപ്പെട്ടിരിക്കുന്നവരിൽ ഭിന്നവികാരങ്ങളെയുളവാക്കുന്നു. പിൽക്കാലത്ത് എഴുത്തച്ഛൻ;

"ഇടിവെട്ടീടുംവണ്ണംവിൽമുറിഞ്ഞൊച്ചകേട്ടു-
നടുങ്ങീരാജാക്കന്മാരുരഗങ്ങളെപ്പോലെ"
"മൈഥിലീമയിൽപേടപോലേ സന്തോഷിച്ചാൾ"

ഇങ്ങനെ രാമപ്പണിക്കരെ അനുകരിച്ചിരിക്കുന്നതിൽനിന്നു തന്നെ പ്രയോഗസാരസ്യം ശ്ലാഘാൎഹമെന്നു സ്പഷ്ടമാകുന്നു.

## III രസവിചിന്തനം

രസങ്ങളെല്ലാം ഒരു കാവ്യത്തിൽ ഉണ്ടായിരിക്കണമെന്നു നിൎബന്ധിക്കുന്നതു ശരിയല്ല. സാൎത്ഥങ്ങളായ കോമളശബ്ദങ്ങളെ ഇടകലൎത്തുകയും തദ്വാരാ സുന്ദരമായ കലാവിലാസം പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്ന സ്ഥാനങ്ങളിലെല്ലാം അനുഗുണമായ രസങ്ങൾ താനേ വന്നുകൊള്ളും. അതിൽ ഉത്തമനായ ഒരു കവിക്കു ക്ലേശിക്കേണ്ടിവരികയുമില്ല. രസരാജൻ ശൃംഗാരമാണ്. കരുണം, ശാന്തം, വീരം, എന്നീ രസങ്ങളും കാവ്യങ്ങളിൽ ചിലപ്പോൾ രാജത്വം വഹിക്കാറുണ്ട്. സംസ്കൃതസാഹിത്യത്തിൽ വിവിധരസങ്ങളെ അംഗാംഗീഭാവത്തിൽ സംഘടി

പ്പിക്കുന്നതിനു പലേ ശ്രമങ്ങളും ചെയ്തിട്ടുണ്ടു്. ഈ ശ്രമങ്ങളുടെ ഫലമായി അവയെ നാലുവിധത്തിൽ പ്രതിപാദിച്ചുവരുന്നു. “അവയിൽ; വാല്മീകിയിൽനിന്നും ഉത്ഭവിച്ചു് രാമായണത്തിൽ ജീവിത്തായിത്തീർന്നു് ഭവഭൂതിയുടെ “ഏകോംരസഃകരുണയോഃ” എന്ന ശ്ലോകത്തിൽ പ്രായോഗികമായി അവസാനിച്ചു്, ആനന്ദവർദ്ധനന്റെ “ശോകഃശ്ലോകത്വമാഗതഃ” എന്നു് താത്വികമായി പ്രത്യക്ഷപ്പെടുന്ന കരുണ രസമാകുന്നു ഒന്നു്. രണ്ടാമതായി മഹാഭാരതത്തിൽനിന്നും ഒരു പക്ഷേ ഉദ്ഭവിച്ചു് അശ്വഘോഷന്റെ ശാരീപുത്രപ്രകരണം, ശ്രീഹർഷന്റെ നാഗാനന്ദം, ശ്രീകൃഷ്ണമിശ്രന്റെ പ്രബോധചന്ദ്രോദയം, മുതലായവയിൽ പ്രായോഗികമായി മൂർദ്ധന്യത്തെ പ്രാപിച്ചു് ആനന്ദവർദ്ധനൻ, അഭിനവഗുപ്തൻ മുതലായ ആലങ്കാരികന്മാരാൽ ലാളിക്കപ്പെട്ട ശാന്തരസമാകുന്നു. മൂന്നാമത്തു്, സൃഷ്ടിയുടെ ആദിമുതൽ മനുഷ്യസ്വഭാവത്തിൽ രൂഢമൂലമായിത്തീർന്നു് പ്രായോഗികവശത്തിൽ ആദ്ധ്യാത്മികതേജസ്സു കിട്ടി, സൃഷ്ടിപരമായി, കാളിദാസന്റെയും ബാണന്റെയും മേധാശക്തികളാൽ ഉൽബണമായി; ഭോജന്റെ “രസാഭിമാനോഹങ്കാരഃ ശൃംഗാരഃ ഇതിഗീയതെ” എന്നു താത്വികമായി; സ്ഥിരപ്രതിഷ്ഠ ലഭിച്ച ശൃംഗാരമാകുന്നു. അനന്തരം, നാലാമത്തു്; വിശ്വനാഥൻ സാഹിത്യദർപ്പണത്തിൽ പ്രതിപാദിച്ചിട്ടുള്ളതും, നാരായണന്റെയും ധർമ്മദത്തന്റെയും മതങ്ങളിൽ താത്വികമായ അംഗീകാരം സിദ്ധിച്ചു് ഭാനുദത്തന്റെ ദശതരംഗിണിയിലും പുരാതനമായ ആശ്ചര്യ്യചൂഡാമണിയിലും പതിനേഴാംശതാബ്ദത്തിലുണ്ടായ മഹാദേവന്റെ അത്ഭുതദർപ്പണത്തിലും പ്രായോഗികത്വം ലഭിച്ചിട്ടുള്ളതും ആയ അത്ഭുതരസവും ആകുന്നു.” *മലയാള

* സംസ്കൃതം ആശ്ചര്യ്യചൂഡാമണി അവതാരികയിൽനിന്നുള്ള ഒരു സംഗ്രഹവിവർത്തനമാണു്, രസവിഭജനത്തെപ്പററിയുള്ള ഈ അഭിപ്രായം.

ത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു വിഭജനം തീർത്തുപറയാൻ അസാദ്ധ്യമായിട്ടാണ് ഇരിക്കുന്നതു്. മുൻപൊരുഭാഗത്തു് വിശ്വാമിത്രതപോവനത്തിലെ രംഭാപ്രവേശം കാണിച്ചിട്ടുള്ളതു് ശൃംഗാരരസപ്രകരണത്തിനുദാഹരണമാണ്. അതിന്റെ തുടർച്ചയായ പാട്ടുകൾ വിശ്വാമിത്രനെ ആകർഷിക്കുന്നതിനു രംഭ ചെയ്ത ശ്രമങ്ങളെ വിവരിക്കുന്നു. അതും രസോൽക്കർഷത്തിനു പററിയതാണ്. നോക്കുക.—

"കണ്ടാൻ, പുഷ്പാവചയംചെയ്തു
കരുതിനടന്നുവിലാസത്തോടേ.
വണ്ടാർകുഴലമരാംഗനതാനേ-
വരുവതും; അണയവരുന്നതിനാലേ,
ഉണ്ടാകിയലജ്ജാഭാവത്താൽ
ഉടനേലതകൾമറഞ്ഞുസമീപേ.
കണ്ടാൻനയനമനോഹരമായ-
കടാക്ഷത്തോടവൾനിന്നതുമെല്ലാം.
നിന്നവൾസൗന്ദര്യാദികൾകണ്ടും,
നിരുപമകോകിലവാണികൾകേട്ടും,
ചെന്നുമഹാതരുവനകുസുമങ്ങൾ
ചെറുത്തുലകിന്നസുഗന്ധത്തോടും
തെന്നലുലാവിവരുന്നവയേററും
ധീരതവേറായെഷമഹാത്മാ-
ന്നുടനേപിന്നെയുമറിവാലേ-
യാത്മവികാരംവന്നതൊഴിച്ചാൻ.

(ബാ. കാ. പാ. 222—223)

രംഭയുടെ ശൃംഗാരവിലാസങ്ങൾ യമിയെ ആകർഷിക്കുന്നതിനു തുലോം പര്യാപ്തമായിരിക്കുന്നതിനാൽ ശൃംഗാര

രസപ്രകടനത്തിന് ഇതു് ശരിയായ ദൃഷ്ടാന്തമാകുന്നു. താടകയുടെ വരവു് വർണ്ണിക്കുന്നിടത്തു് രൗദ്രബീഭത്സങ്ങൾ ഇടകലർന്നു ശോഭിക്കുന്നതായിക്കാണാം.

"അണഞ്ഞൊരുനീലമഹാമേഘംപോൽ
അലറിയതീവഭയംവരുമാറേ,
നിണംകലരുംകുടൽമാലയണിഞ്ഞു
നിലാവിലികംപിറപോൽ ദ്യംഷ്ട്രകളോടും
ഉണർന്നുചിനത്തൊടുമായകളെല്ലാം
ഉടനവൾചെയ്തവയെയ്തുകെടുത്തു
വണങ്ങിമുനീന്ദ്രനെയവനരുളാലേ
മന്നുകുലനായകനവളുയിർകൊണ്ടാൻ"

(ബാലകാണ്ഡം)

ഈ ഭാഗത്തിലെ ഉപമ മൂലാതിശായിയാണെന്നു മുമ്പേതന്നെ സവിസ്തരം കാണിച്ചിട്ടുള്ളതു് ഓർമ്മിച്ചാൽ സംപാരസ്യം വിശദമാകുന്നതാണു്.

മലയാളഭാഷയ്ക്കുള്ള പലേ മേന്മകളിൽ അത്യുത്തമമായ ഒന്നു് നമ്മുടെ പൂർവ്വികമഹാകവികൾ അത്യന്തഭക്തന്മാരായിരുന്നുവെന്നുള്ളതാണു്. അതിനാൽ ആധുനികകവികൾ ഭക്തിയില്ലാത്തവരാണെന്നു വിവക്ഷയില്ല. പ്രകൃതം പുരാതനകവികൾക്കാണല്ലോ. വിനയം അവരിൽ നിന്നാണു് കേരളത്തിൽ പരന്നതെന്നു തോന്നും. അങ്ങനെ ഭക്തിവിനയപാകതാസമ്മിളിതമായ കലാപാണ്ഡിത്യം അവരിൽ പ്രകാശിച്ചിരുന്നുവെന്നുള്ളതു് കേരളീയർക്കു പൊതുവേ അഭിമാനജനകമാണു്. "ഊഴിയിൽ ചെറിയവർക്കറിയുവാൻ" കവിതയെഴുതിയ രാമചരിതകർത്താവുമുതൽ ഈ ഗുണങ്ങൾ കാണാം. ആത്മാവിനു നിർവൃതി, മോഹം, ആനന്ദപാരവശ്യം ഇവ നൽകുന്ന ശാന്തരസപ്രധാനമായ

ഭക്തി നിരണംകവിതകളിലെല്ലാം അത്യന്തം ബലവത്തും സമുജ്ജ്വലവുമായിക്കാണാൻ കഴിയും. ഭഗവത്ഗീത ഭാഷ തന്നെ പ്രാരംഭിക്കുന്നതു് ശാന്തരസത്തിന്റെ സവ്ലക്ഷണങ്ങളേയും അടക്കിയാണ്.

"അത്ഭുതമായമൃതായ് മറനാലിനുമറിവാ
യഖിലജഗത്പൂർണ്ണവുമായേ
ഉത്ഭവമരണാദികൾ കരണാദികളൊന്നി-
നൊട്ടംകൂടാതൊളിവായേ
പുഷ്പമണംപോൽ സ്ഥാവരചരമൊട്ട
പുണരാതേപുണരുംപൊരുളായ് നി-
ന്നെപ്പൊഴുതുംസച്ചിൽ സുഖമായ്
നിന്നീടിനപരമാത്മാനം തൊഴുതേൻ.

കാവ്യത്തിന്റെ ആത്മാവ് രസം. ആത്മാവിൽ വീര്യശൗര്യാദിഗുണങ്ങൾ എന്നപോലെ അംഗിയായ രസത്തിനു് ഉൽക്കർഷത്തെയുളവാക്കുന്ന മാധുര്യാദികൾ കാവ്യഗുണങ്ങളാണ്. അതനുസരിച്ച് പ്രകൃതമായ ശാന്തരസത്തെ ഉൽക്കർഷമാക്കുന്നതു്

"നീരിൽക്കല്ക്കണ്ടമെന്നോണം
ആഹ്ലാദത്തിൽ മനസ്സിനെ
അലിച്ചാശുലയിപ്പിക്കുന്ന"

മാധുര്യഗുണമാണ്.

"മവർഗ്ഗഭിന്നമാംവർഗ്ഗ്യം
മുന്നിൽപഞ്ചമസംയുതം
ലഘുരേഫണകാരങ്ങൾ
സമാസക്കുറവുംതഥാ
മൃദുവാകുംരചനയും
മാധുര്യവ്യഞ്ജകങ്ങളാം" (ഭാഷാഭൂഷണം)

ഈ ലക്ഷണം പ്രസ്തുത പാട്ടിൽ തെളിഞ്ഞുകാണു ന്നുണ്ടു്. ശ്രീകൃഷ്ണാവതാരസമയം, അനന്തൻ കുടപിടിക്കുന്ന രംഗം ഇവയെല്ലാം ഇതുപോലെ ഹൃദയാകർഷകങ്ങളായ ഭാഗങ്ങളാണു്. അനന്തൻ ഛത്രമാകുന്ന ഭാഗംകൂടി ഇവിടെ ഉദ്ധരിക്കാം.

"മരതകമേനിയനാമഖിലേശൻ–
വസുദേവന്നൊരുവാഹനമായേ
തെരുതെരവേനടന്നീടിനനേരം
തിറമൊടനന്തൻഫണമതിനാലേ
വർഷമതിന്നൊരുഛത്രമതാകി
മഹായമുനാനദിയാഗമനംക–
ണ്ടൊരുവഴി ശ്രീരാമന്നലയാഴിയു–
ടൻനൽകിയപോലൻറുകൊടുത്താൾ."

നാടകീയമായ ഒരു പ്രദർശനരംഗത്തിലാണെങ്കിൽ ഇതിന്നു് അനുഭവരസികത വളരെക്കൂടുമല്ലോ. ആമ്പാടിയിൽ തുള്ളിച്ചാടിക്കളിക്കുന്ന ഗോപാലന്മാരെപ്പററിയുള്ള വർണ്ണനയും ഹൃദയസ്പൃക്കാണു്. നോക്കുക:—

"മാരവരന്നൊരുമാരന്മേനിയുമായ്
മാധവനൊരുനടവരനെപ്പോൽ
നേരേവൃങ്ങിൻപൂകണ്ണങ്ങളിൽ
നിറമീടുംമുടിപീലികൾകൊണ്ടേ
കാർമുകിൽനിറമുടെതിരുമെയ്മേൽ
കനിവൊടുപീതാംബരധരനായേ
ഓരോഗീതങ്ങളെയതുകുഴൽമേ–
ലൊക്കെവിളിക്കിൻേറാന്നിതുകാലം
കണ്ണുള്ളവരുടെഫലമിതുരാമൻ
കണ്ണനുമധരസുധേനിജവേണുവെ

വർണ്ണപദത്തൊടുഗാനംചെയ്യേ-
വർണ്ണിതമായനുഗന്മാരാലും
തിണ്ണംമേവുന്നവർമുഖകമലേ-
തിങ്ങിയലാവണ്ണിയമയമാംസുധ-
കണ്ണുകളാകിയഭൃംഗന്മാരാൽ
കനിവൊടുപാനംചെയ്യിതുമുറവും
പങ്കജമാംതളിരുത്പലമതിനാൽ
പരിചൊടുകെട്ടിയമാലകളാലും.
അംഗനിറത്തിനുചേർന്നീടുംവസ്ത്രമ-
വറെറക്കൊണ്ടുംശോഭിതരായേ
രംഗഗതന്മാർനടന്മാരോടേയെതി-
രായ്‌വേണുവിളിച്ചിതമായേ
ഭംഗിയിലാടിപ്പാടിനേററാർ
പശുപാലന്മാരാമവർമദ്ധ്യേ"

(കണ്ണശ്ശഭാഗവതം)

ഇതിലെ "കണ്ണുള്ളവരുടെ ഫലമിതു" എന്ന പ്രയോഗം നാരായണീയത്തിലെ താഴെ ചേക്കുന്ന പദ്യം ഓൎമ്മിപ്പിക്കുന്നു.

"കഷ്ടാതേസൃഷ്ടിചേഷ്ടാബഹുതരഭവ
ഖേദാവഹാജീവഭാജാ-
മിത്യേവംപൂൎവ്വമാലോചിതമജിത-
മയാനൈവമദ്യാഭിജാനേ
നോചേജ്ജീവാഃകഥംവാമധുരതരമി-
ദംതാവദ്വപുശ്ചിദ്രസാദ്രം
നേത്രൈഃശ്രോത്രൈശ്ചപീത്വാപരമരസസു-
ധാംഭോധിപൂരേരമേരൻ"

(നാരായണീയംമൂലം—ഒന്നാംദശകം)

അതങ്ങനെ നില്ക്കട്ടെ. അടുത്തതായി വീരരസത്തെപ്പററി ചിന്തിക്കാം. ഈ രസത്തിനുല്ക്കർഷം നൽകുന്നതു് ഓജസ്സ് എന്ന ഗുണമാണു്. "ഏതിൻെറ വൈഭവത്താൽ മനസ്സിന്ന് ഒരു ജ്വലിതത്വപ്രതീതിയുളവാകുന്നുവോ ആ ഗുണം ഓജസ്സാകുന്നു." സമുദ്രബന്ധനത്തിനുവേണ്ടി ശ്രീരാമൻ വരുണനെ പ്രാത്ഥിച്ചപ്പോൾ ഫലപ്പെടാഴികയാൽ ഭഗവാനു വന്ന അവസ്ഥാന്തരത്തെ കവി വർണ്ണിക്കുന്നതിപ്രകാരമാകുന്നു.

ലോകത്രയനാഥൻപങ്കേരുഹ
ലോചനനനുപമദേഹമരീചികൾ
പാകിപ്പലപാടുംപകലവരൊരു
പതിനായിരമൊരുമിച്ചതുപോലെ
മാഴ്കിത്തുലവിയലാതൊളിവൊട്ട
മറുത്തെതിർ നോക്കരുതായ് നിൻറവിടെ
വേഗത്തൊടുപലപാളികളെയ്താൻ
വീരതരൻമകരാകരമതിലേ"

(യുദ്ധകാണ്ഡം)

പതിനായിരം ആദിത്യന്മാൎക്കു തുല്യനായി ശ്രീരാമചന്ദ്രൻ ഉജ്ജ്വലിച്ച ആ രംഗം എത്ര ഗൗരവപൂർണ്ണമാണെന്നു ശ്രദ്ധേയമാണു്. സുന്ദരകാണ്ഡത്തിൽ രാവണനു കോപം വരുന്നതിനു ഹേതുവാക്കിയ മാരുതിയുടെ ഗൗരവയുക്തമായ ഉപദേശങ്ങളിൽ ഒരു ഭാഗം താഴെ ചേൎക്കാം:–

"കരുതുകകാളനിശീഥിനിയെന്നോ–
കാർകുഴലാൾവൈദേഹിയെയിന്നിനീ
പുരമിതുവേമവളൾചുടാലും
പുരുഷോത്തമകോപാഗ്നിയിനാലും

പെരിയനിശാചരരിക്കാണായവർ
പേത്തുയിരോട്ടം വാഴായ്‌വണ്ണം
പൊരുതുയിർകൊണ്ടിവിടത്തെയഴിപ്പാൻ
പോരുംഞൊനറിനിശാചരവീരാ!"

(പാട്ട് 249)

സംസ്കൃതസാഹിത്യത്തിൽ ഭട്ടനാരായണനെന്ന കവി വീരരസത്തിൻെറ മഹത്വം പൃഥക്കായി കാണിക്കാൻ വേണ്ടി 'വേണീസംഹാരം' എന്ന ഒരു നാടകംതന്നെ യെഴുതിയിട്ടുണ്ട്. അതിനാൽ വീരരസം മുമ്പേതന്നെ പണ്ഡിതചിന്തയ്ക്കു് വിഷമാണെന്നുള്ളതിനു സംശയമില്ല. കംസൻെറ ഗേഹദ്വാരത്തിൽ സ്ഥിതിചെയ്ത കുവലയാപീഡ കരിവരനെ ഭഗവാൻ ആക്രമിക്കാൻ തുടങ്ങുന്ന സന്ദർഭവും വീരരസത്തിനു പററിയതാണ്.

"കണ്ടിതുനാഗായുതബലനായേ-
കരിവരനെപ്പുനരംബഷ്ഠനൊടു
കണ്ടളകാദികളോടേതലമുടി-
കരതളിർകൊണ്ടുമുറുക്കീട്ടരയും
കൊണ്ടചിന്നത്തൊടുചൊന്നാനമലൻ
"കുറകെയണഞ്ഞംബഷ്ഠാ! ദൂരെ-
ക്കൊണ്ടരുളാനയെവഴിതായല്ലാൽ
ക്കൊൽവൻനാഗേന്ദ്രനെനിന്നോടേ"
നാരായണനിടിയൊലിപോലുള്ളൊരു-
നാദത്തോടിതുചൊല്ലിയവചനം
നേരേകേട്ടെരിയും കോപത്തൊടു
നിതരാംപ്രേരിച്ചാനതുകാലം
താരാർമകരംമണവാളനെനോക്കി-
ത്തരസാകാലാന്തകയമനോടെതിർ

നേരാകിയഗജവരനതുനേരം—

നേരെതിർചെന്നുപിടിച്ചാനല്ലോ"

(ഭാഗ. അ. 43. പാ. 2. 3)

സംസ്കൃതപദങ്ങളുടെ സുലഭപ്രയോഗംകൊണ്ടേ മലയാളഭാഷയിൽ കേരംവിയിൽതന്നെ വീരരസസമുജ്ജ്വലത വരുത്താൻ സാധിക്കയുള്ളുവെന്നു പറയേണ്ടിയിരിക്കുന്നു. മാധുര്യവും സംഗീതാത്മകത്വമാണ് മലയാളത്തിനു സ്വാഭാവികം. അവിടെ പരുഷത വരാൻ പ്രയാസം. അതിനാലാണ് പില്ക്കാലകവികൾ ഊർജ്ജസ്വലങ്ങളായ സംസ്കൃതാക്ഷരങ്ങളെ വീരരസവർണ്ണനയിൽ ധാരാളം അംഗീകരിച്ചുവരുന്നതു്.

"പേടിച്ചോടേണ്ട നിൽപിൻചപലകവികളേ!

തുംഗശക്രേഭകുംഭം

പാടിച്ചോരിശ്ശരംനിങ്ങടെയുടൽതൊട്ടുവാ

നേറെനാണിച്ചിടുന്നു.

സൗമിത്രേ!നില്ക്ക!നീയോ!വിഷയമയി!രുഷാ—

മിങ്ങിവൻമേഘനാദൻ.

സാമിഭ്രൂഭംഗസന്ദാനിതജലനിധിയാം

രാമനേത്തേടിടുന്നു" (ഭാഷാഭ്രഷണം)

ഈദൃശമായ പ്രയോഗരീതി നിരണംകവികളുടെ കാലത്തു ഭാഷയിൽ നടപ്പിലായിട്ടില്ലായിരുന്നു. അതുകൊണ്ടു് അത്ഥവിചന്തനദ്വാരാരസപുഷ്ടി മനസ്സിലാക്കുന്നതിനേ അധികം സൗകര്യമുള്ളുവെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

രമണീയാത്ഥപ്രതിപാദകമാണ് കാവ്യം. അതിൽ ചിത്രകാരൻ ഛായംകൊണ്ടെന്നപോലെ കവി വാക്കുകൾ

കൊണ്ടു ജോലി നിർവ്വഹിക്കുന്നു. ഭാഷയെ ഇഷ്ടംപോലെ ഉപയോഗിക്കയും പ്രയോഗിക്കയും ചെയ്യുമ്പോൾ മാത്രമേ ഈ ശ്രമം പൂർണ്ണമാകയുള്ളൂ. പ്രകൃതിയുടെ സൗന്ദര്യത്തേയും സംഗീതാത്മകത്വത്തേയും ആസ്വദിച്ച് ആസ്വദിപ്പിക്കയും, വികാരങ്ങളെ സംസ്കരിക്കയും, ചെയ്യുന്നതിന് രമണീയാർത്ഥപ്രതിപാദനം ആവശ്യമാണ്. ഒരേ സംഭവമായാലും പ്രകൃതിയായാലും ഒന്നിലധികം കവികളുടെ തൂലികയ്ക്കു വിധേയമാകുന്നതു് പലേ വിധത്തിലാണ്. ഉൾക്കൊള്ളുന്ന രസത്തിന്റെയും അവസ്ഥ ഇതുതന്നെ. ഒരു ഉദാഹരണംകൊണ്ടിതു വിശദമാക്കിയശേഷം പ്രകൃതം തുടരാം. ഒരു സന്ധ്യാകാലവർണ്ണന നോക്കുക:—

"ചരമശിഖരിപീഠേപാടലംനാളികേരം
ദ്യുമണി വലയരൂപംവച്ചുവിസ്തീർണ്ണാധാരം
ജഗതികുരുതിതപ്പിച്ചീടിനാൻചൂടൊഴിപ്പാ-
നഖിലഭുവനഭാജാമന്തിയാംമന്ത്രവാദി"

(ചന്ദ്രോത്സവം)

"താരാഹാരമലങ്കരിച്ചതിമിരപ്പൂഞ്ചായൽപിന്നോക്കമി-
ട്ടാരാകേന്ദുമുഖത്തിൽനിന്നുകിരണസ്മേരംചൊരിഞ്ഞങ്ങനെ
ആരോമൽകനകാബ്ജകോരകകുചംതുള്ളിച്ചൊരാമോദമോ
ടാരാലംഗനയെന്നപോലെനിശയുംവന്നാളിതന്നാളഹോ"

(വെണ്മണിമകൻ)

"താപംതീരെശ്ശമിച്ചു്,തരണിജലധിയിൽചെന്നുതാനേപതിച്ചു്
ദീപംപാരംജ്വലിച്ചു്ദിശിദിശി;ശശിബിംബംപ്രകാശിച്ചുദിച്ചു്
ചാപല്യത്തിന്നുറച്ചു്ചടുലനയനമാർഭൃക്ഷണൗഘം ത്യജിച്ചു്
ശ്രീപത്മത്തെ ത്യജിച്ചു്ചിതമൊടുസമയേസായമേവംഭവിച്ചു്"

(ഭഗവത്ദൂത്)

"അസ്തഗിരീശ്വരമസ്തകസീമനി
ഭാസ്കരഭഗവാൻമറയുംനേരം

ഗതവതിസവിതരിഗുഹകളിൽനിന്നി-
ത്തിമിരകരീശ്വരരിളകുന്നേരം" ഇത്യാദി
(നൈഷധം ചമ്പു)

ലങ്കയിൽ ത്രികൂടപർവ്വതത്തിൽ ഹനുമാൻ കയറിയപ്പോഴത്തെ സന്ധ്യ:—

"പോയ് മടിയാതുവാരിധിയോടുചെന്തിരുമങ്കയെന്നും
പോർമൂലമാതുനിന്മകളിന്നിലങ്കയിൽനിന്നുപോരും
നീമകിഴ് വെയ്ക്കുകെന്നതുചെന്നുചൊൽവതിനെന്നപോല-
ന്നേരമരുക്കനൊർകലിനീരിൽവിണ്ണുടനേമറഞ്ഞാൻ."
(സുന്ദരകാണ്ഡം പാ. 24 ഉത്തരാർദ്ധം)

എല്ലാ വർണ്ണനയും ഒന്നിനൊന്നു കൂടുതൽ കൂടുതൽ ആസ്വാദ്യതരമായിരിക്കുന്നു. ഇപ്രകാരമുള്ള ഉദാഹരണങ്ങൾ ധാരാളമെടുക്കാൻ കഴിയും. പ്രകൃതിവർണ്ണനാനൈപുണ്യം, തൂലികാചിത്രനിർമ്മാണം, വസ്തുതത്വസ്വഭാവപ്രതിപാദനം, സദാചാരോപദേശം, മനോധർമ്മരസികത്വം, ഭാവനാവിലാസം, ശബ്ദാർത്ഥാലങ്കാരങ്ങളുടെ ഘടനാസൗകുമാര്യം, ഹൃദ്യങ്ങളായ പാകശയ്യാദികൾ ഇവ ഒരുപോലെ കളിയാടുന്ന കാവ്യങ്ങളുടെ അന്യാദൃശരാമണീയകത്വവും ജീവിതനിയന്ത്രണപ്രവൃത്തിയും വാചാമഗോചരം തന്നെയാണ്. ഒരു സംസ്കൃതാചാര്യൻ പറയുന്നതിപ്രകാരമാണ്.

"കാവ്യംയശസേത്ഥകൃതേ
വ്യവഹാരവിദേ,ശിവേതരക്ഷതയേ
സദ്യഃപരനിർവൃതയേ-
കാന്താസമ്മിതതയോപദേശയുജേ"

വേറൊരു പണ്ഡിതമതം:-

"നിയതികൃതനിയമരഹിതാം-
ഹ്ലാദൈകമയീമനന്ന്യപരതന്ത്രാം
നവരസരുചിരാംനിർമ്മിതീ-
മാദധതീഭാരതീകവേർജ്ജയതി"

പ്രസ്തുത മതങ്ങളെല്ലാം കാവ്യത്തിൻെറ മഹത്വവിശദീകരണത്തിൽ പ്രധാനസ്ഥാനം അഹിക്കുന്നവതന്നെ.

## IV പ്രകൃതിവർണ്ണന

സംസ്കൃതത്തിൽ കാളിദാസനും, ബംഗാളിയിൽ രവീന്ദ്രനാഥടാഗോറും, മലയാളത്തിൽ മഹാകവി വള്ളത്തോളും പ്രകൃതിവർണ്ണനയിൽ പ്രഖ്യാതരാണു്. സുന്ദരങ്ങളായ പദങ്ങളും മൃദുവായ വികാരങ്ങളും പ്രകൃതിവർണ്ണനയ്ക്കാവശ്യമാണു്. ആസ്വാദനപരമായ ഒരു വിശിഷ്ടഹൃദയവും വേണം. ഈ സ്ഥിതിയിൽ നിരണംകവിതകളിൽ ധാരാളം പ്രകൃതിപ്രകാശനരംഗങ്ങൾ നമുക്കു കാണാൻ കഴിയും. മുൻ പല പ്രാവശ്യം കാണിച്ച വിശ്വാമിത്രതപോവനപ്രദേശവർണ്ണന ഇതിനും ഒരു ദൃഷ്ടാന്തമാണു്. വേറേ ചില ഉദാഹരണങ്ങൾകൊണ്ടുകൂടി ഈ ഭാഗം വിശദമാക്കാം.

ഒരു ഉദ്ല്യാനവർണ്ണന:—

"ആനവനവിടെക്കണ്ടാനഖിലജ-
നാനന്ദാമൃതമാമുദ്ല്യാനം.
മാനിതകോകിലകേകികൾനാദ-
മനോഹരമായേപുഷ്പാമോദം.
ദീനതകൂടാതേകൈകൊണ്ടു
നിറഞ്ഞൊളിവീടിനമാരുതപോതക-
മാനതിനാലുമതീവസുഖാകര-
മാകുംചൈത്രരഥോപമമായേ"

"ആയതമായതടാകവുമതിന്നരി-
കധികമനോഹരമായേ കണ്ടാൻ

തോയമിതതിനിൎമ്മലമിവിടേ—
മമസുഖമാമാറുകളിക്കാമെന്റെ"
(ശിവരാത്രിമാഹാത്മ്യം)

ഹേമന്തവൎണ്ണന നോക്കുക:—

"ആയിതുഹേമന്തംമദനോദയ—
മാകിയകാലമനന്തരമതിനാൽ
പോയിതുചൂടുകളുക്കെതിർ—
തോറ്റപോർമുലമലതോറും
തീയൊട്ടടൻപിരിവാനൊരു—
പോതുംചേതസിതോന്നാമറ്റതിശീതള—
മായജലാദികളോടണവാനു—
മശേഷജനത്തിനുമൂത്തുവരശക്ത്യാ
ശക്തിവെയിൽക്കുകുറഞ്ഞിതു—
വർഷസമംപൊഴിയുംപനിപോരിലറപ്പാ—
ലത്തൽവരുംചേവകർപോൽനീരി—
ലറയ്ക്കിന്റനജലപക്ഷികൾപോലും
നിത്യസുഖംപെറ്റാൽമറ്റുള്ള
നിമേഷസുഖാഭാസേഷുനരാണാം
സക്തിവിട്ടുംപോൽവിട്ടിതുശീതള—
ധാരാഗൃഹവാസാദിസുഖാശാ.
ആദരവില്ലാതേവന്നിതു ചന്ദ്രാ—
തപസേവയിതാദികൾതോറും
മീതിലകംപുകയാലറിയരുതു
വിശേഷംപുനരുദയേപുഷ്പാണാം.
മേദുരമൂടുപടാദികളോടും
മെല്ലിടയാരോടുംകൂടാതോ—
ക്കേതമിയറ്റിയഹേമന്തശ്രീ
യെങ്ങുമിവണ്ണമിയന്നതുകാലം."
(രാമായണം—ആരണ്യകാണ്ഡം)

ഒരു പ്രഭാതത്തിൽ ഉദ്ധവഭക്തർ കണ്ട ഗോകുലത്തെ വർണ്ണിക്കുന്നതു് എത്രയോ സ്വാഭാവികമാണെന്നു നോക്കുക:—

"ആദരവോടുദ്ധവരും നന്ദന
മന്നിശിപോയിതുരത്തീവർണ്ണം
ചേതസുഖേനതഥാഗോപികളഥ-
തെളിവിനൊടുത്ഥാനം ചെയ്തെതിരേ
നീതിയിനോടുകൊളുത്തിവിളക്കുകൾ-
നിതരാംഗൃഹദേവതയേവന്ദി-
ച്ചാദരവോടേദധിമഥനം ചെ-
യ്തഖിലേശ്വരനെപ്പാടിക്കൊണ്ടേ.
ഹാടകകങ്കണമണിചേർന്നീടിന-
പാണികളാലേരജ്വാകർഷണ-
മാടിനകുണ്ഡലകുന്തളകുങ്കുമ-
മതിനാൽശോഭിതമാം മുഖകമലം
കൂടതുനേരത്തിളകിനമുലകൾ-
ഗുരുത്വമിയൻറീടും കടിതടമൊടു-
കൂടിനഗോപാങ്ഗനമാരേററം-
കുരുകുലതിലകാ! ശോഭിതരായാർ"

(ഭാഗവതം. അ. 46. പാ. 22—23)

ഈ വർണ്ണനയിൽ കാണുന്ന സ്വഭാവോക്തി അത്യന്തം ഹൃദ്യമാണു്. കംസൻ കണ്ടതായ ദുഃസ്വപ്നവർണ്ണന അത്യന്തം ശ്രദ്ധാഹ്മാകുന്നു.

"അന്നാൾ സ്വപ്നേ; യഭ്യംഗം തേ-
ച്ചരചാ! കഴുതയുമേറീട്ടുടനെ
തിന്നാദരവൊടുതാമരനുല്യ-
ദിഗംബരനായ്പ്പൂമാലയണിഞ്ഞേ

അന്നാദരവൊട്ടുപോയീടിൻറതു-
മാശ്ലേഷിച്ചതുമററുപിതൃക്കളെ
നന്നായ്ക്കണ്ടുമരിപ്പതിനാകി
നമുക്കവരിൻറതുമെന്ററിവുററാൻ"
(ഭാഗഃ അ. 42. പാ. 16)

ഭാഗവതത്തിലെ രാസക്രീഡാവൎണ്ണനയും സ്വഭാവോക്തിമസൃണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

## V സാഹിത്യചിത്രങ്ങൾ

കാവ്യകാരന്മാരുടെ തൂലികാചിത്രങ്ങൾ വികാരങ്ങളെ തട്ടിയുണൎത്തുകയും ഉത്തേജിപ്പിക്കയും ചെയ്യും. ആ രൂപങ്ങൾ ഹൃദയവേദിയിൽ പതിഞ്ഞാൽ മായ്ക്കുവാൻ സാധിക്കയില്ല. തുഞ്ചത്തു ഗുരുപാദരുടെ ശ്രീരാമബാലനം, പാൎത്ഥസാരഥിയും, പില്ക്കാല ഉദാഹരണങ്ങളിൽ ഇക്കാൎയ്യത്തിൽ മുഖ്യങ്ങളാണല്ലോ. നിരണംകവികളും അന്യാദൃശമായ നിരവധി സാഹിത്യചിത്രങ്ങൾ സ്തുത്യൎഹമായി ലേഖനം ചെയ്തിട്ടുള്ളവരാണു്. കഴിഞ്ഞ അദ്ധ്യായത്തിൽ ബ്രഹ്മാണ്ഡപുരാണം ഗദ്യഗ്രന്ഥത്തിൽ നിന്നും എടുത്തുകാണിച്ച "ക്ഷീരസമുദ്രത്തിനുടെനടുവേൽ" എന്നു തുടങ്ങുന്ന വിഷ്ണുദേവവൎണ്ണന ഒരു നല്ല സാഹിത്യചിത്രമാണു്. ആ ഗ്രന്ഥത്തിൽ വേറൊരിടത്തുകാണുന്ന ഒരു സുന്ദരീവൎണ്ണനകൂടി ഇവിടെ കാണിക്കാം. "അവൾ എങ്ങനെ ഇരുന്നാളെങ്കിൽ, ഇരുണ്ടു നീണ്ടു് അഗ്രം ചുരുണ്ടു് ഇരിക്കിൻറ തലമുടിയിൽനിൻറു അഴിഞ്ഞുപൊഴിഞ്ഞുവീഴിൻറ കുസുമങ്ങളെ ഉടയളായ്, അഷ്ടമീചന്ദ്രനെകണക്കെ ഇരിക്കിൻറ നെററിത്തടത്തെ ഉടയളായ്, കുങ്കുമംകൊണ്ടു നെററിയിൽ കുറിയിട്ടു കാമൻ വിൽക്കൊടികണക്കേ ഞെറിഞ്ഞ പുരുവ

ക്കൊടി ഉടയളായ്, ചെന്താമരപ്പൂവിന്നുടേ അന്തർദളം കണക്കേ ചെവ്വരി ചിതറി, ചെവിയോളം നീണ്ടു് അഴകിയവായിരുന്ന കണ്ണിണകളേ ഉടയളായ്, മാണിക്കം കൊണ്ടു കടെംന്തകുണ്ഡലങ്ങളാൽ ശോഭിക്കിൻറ കണ്ണങ്ങളേ ഉടയളായ്, കണ്ണാടി കടഞ്ഞ കപോലങ്ങളിരണ്ടും പവിഴം കണക്കേയും തൊണ്ടിപ്പഴംകണക്കേയും ഇരുന്ന അധരോഷ്ഠമുടയളായ്, പുഞ്ചിരിക്കൊരാധാരമായ് പൂർണ്ണചന്ദ്രനെക്കണക്കേ മണ്ഡലത്തെക്കാന്തികൊണ്ടഴിച്ചു പത്രംകണക്കേ പ്രസന്നമായിരുന്ന മുഖപത്മത്തെ ഉടയവൾ; കടെഞ്ഞു ശംഖുപോലെ ഇരുന്നിത്തു കണ്ഠനാളം; അനേകം രത്നം കൊണ്ടു ഇട ഇടെ കോക്കപ്പെട്ടിരിക്കിൻറ കണ്ഠാഭരണങ്ങളെ ഉടയവൾ; അനേകം മാണിക്കങ്ങളെ തറച്ച തോൾവള ഉടയവൾ; കടകങ്ങൾകൊണ്ടലങ്കരിച്ച കളഭങ്ങൾ കൊഴച്ചു അഴകിയവായിരുന്ന കൈയിണകളേ ഉടയവൾ; കസ്തൂരികർപ്പൂരമെൻറിവററയിന്നുടെ സുഗന്ധങ്ങളേ ഉടയവൾ; കുങ്കുമക്കുഴമ്പുകൊണ്ടു മാവ്ത്തു തേച്ചു പൊന്നിൻ കുടംകണക്കേ അഴകിയവായിരുന്ന പരസ്പരം അഴകുപട്ടിരുന്ന മുലയിണകളേ ഉടയവൾ; ഒരു മുട്ടികൊണ്ടു പിടിച്ചാൽ അതിൽ അടക്കപ്പെട്ടും നടുവാകിൻറതു്; അരയാലിലപോലെ ഉദരം, ത്രിവലികളും രോമരാശികളും കണ്ടാൽ മനോഹരം, വ...ൽതേർച...പ്ര...നാനാവണ്ണത്തോടും കൂടി ഇരിക്കിൻറ തിരുവുടയാടകൊണ്ടു ചാത്തി അനേകം രത്നങ്ങൾ ഒൻറിനോടൊൻറുതട്ടി ഒച്ചപുറപ്പെട്ടുൻറ ഉടഞ്ഞാണിനെ ഉടയവൾ, ആനത്തുമ്പിക്കൈകണക്കേ ഉരണ്ടു അഴകിയ തുടയിണകളേ ഉടയവൾ, മനോഹാരികൾ ജാനുക്കളിരണ്ടും, ആനനെന്തും കഴിഞ്ഞു അഴകിയകണക്കേ ഈരണ്ടു് അഴകിയകണക്കാലുടയവൾ, രത്നങ്ങൾകൊണ്ടു

ഇളകിവരിൻ്റ ചിലമ്പിണകളേ ഉടയവരം, പത്മകോമള ങ്ങളായ് ചുവന്ന അഴകിയവായിരിക്കിൻ്റവരിൽകളേ ഉട യവരം; പത്മകോമളങ്ങളായ് ചുവന്ന അഴകിയവായിരി ക്കിൻ്റ ഉള്ളംകാലോട്ടുക്രടി മഹഷിയെ ആശ്ലേഷിച്ചു."

(ബ്ര. പു. P. 28—29)

ഇന്ദ്രജിത്തിനാൽ ബന്ധിക്കപ്പെട്ട രാജധാനിയിൽ പ്രവേശനം ലഭിച്ച ഹനുമാൻ, രാജാധിരാജനായ രാവണ നെക്കണ്ടു. ആ രാവണൻെറ രൂപം വണ്ണിക്കുന്ന കഴിഞ്ഞ അദ്ധ്യായത്തിൽ കാണിച്ചിട്ടുള്ള സുന്ദരകാണ്ഡത്തിലെ 234-മുതൽ 236-വരെ പാട്ടു നോക്കുക.

രാവണൻെറ ഒരു വിശ്വമോഹനമായ ചിത്രമാണ് കവിയിവിടെ കാണിച്ചിരിക്കുന്നതു്. ആ ആകൃതിവണ്ണന യിൽ പ്രതാപം, ഐശ്വയ്യസമൃദ്ധി മുതലായവയും വ്യക്ത മാക്കിയിരിക്കുന്നതും ശ്രദ്ധാഹമാണ്. ശിവരാത്രിമാഹാ ത്മ്യത്തിൽ സുകുമാരബ്രാഹ്മണൻ കണ്ടതായ പരമശിവനെ വണ്ണിക്കുന്നതിപ്രകാരമാണ്.

"ആനന്ദേനമഹാസിംഹാസന-
മതിന്നടെമീതുവിരിച്ചുപുലിത്തോ-
ലാനതിന്നടെമീതേപരിപൂണ്ണനി-
ശാകരരൊൻ്റിയുദിച്ചതുപോലെ
ദീനമില്ലാദേഹപ്രഭയാന
നിലാവതിനാലേസേവകരാനവർ
മാനസകൈരവമാമോദേന-
മലൻ്റുഭവാംപരിചീശനിരുന്നാൻ
നാനാസിദ്ധാസുരാസുരമുനിജന-
നാഗജനാദിനിഷേവിതനായേ

വാനോരൊളിവൊടുദക്ഷിണപാർശ്വ-
വാരിജസംഭവസേവിതനായേ
താനാദരവൊടിടത്തുപുറത്തു
സരോജവിലോചനസേവിതനായേ
ജ്ഞാനാകാരിമഹേശനിരുന്നതു
നലമൊടുമഥസുകമാരൻകണ്ടാൻ"

(പാട്ട് 86—87)

ആ ഗ്രന്ഥത്തിൽതന്നെ അന്തകനും പരിവാരങ്ങളും കണ്ടതായ കൈലാസം വർണ്ണിച്ചിരിക്കുന്ന ചിത്രം നോക്കുക:

"ലോകമതെണ്ണായിരകോടികളൊടു-
യോജനവിസ്തരമൊളിവോടേ
ശോകഭയാദികളിൻറിയതീവ-
സുഖകരമായെതിർനോക്കരുതായെ
തുകിനകാഞ്ചനരത്നപ്രഭകം
തുടന്നതിപുണ്യജനങ്ങളിണങ്ങിയ
ഭോഗിവരാമലമാനവിമാനാ-
ത്ഭുതമിന്നതനയൻ കണ്ടുപുകുന്താൻ
കണ്ടാനവിടെ മഹേശ്വരനുടെസഭ-
കാഞ്ചനരത്നവിചിത്രിതമായ്നിറ
മുണ്ടായേറെ മനോഹരമായിന
നിഖിലാസനയോഗാദികളോടും
കണ്ടൊളിവീടും വെൺകുട തഴയൊടു
കവരികൾ മണിമയമാനവിമാനവു
മുണ്ടായാത്മവികാരം വരുമാ-
റുലവിനസുരഭിലമാനസമോടും
മാരുതിസമബലരാംദ്വാസ്ഥന്മാർ
മരുവും ദ്വാരചതുഷ്ടയകാഞ്ചന

തോരണശോഭിതമായയോജന
സ്യതരാമൊരുകോടികളിടമോട്ടം
വാരണചർമ്മധരൻ പരമേശൻ
മരുവിയസഭകണ്ടെത്തിയമാനസ
ധീരതയോടു കിഴക്കിൻഗോപുര
ദേശേനന്ദീശ്വരനെക്കണ്ടാൻ
ഈശ്വരസേവകരേവരിലും വര-
നിന്ദുകലാമലതിലകവിഭൂഷിത
നാശ്രിതവത്സലനമിതപരാക്രമ-
നരിയത്രിപുണ്ഡ്രാങ്കിതമസ്തകനായ്
കാർശ്യമില്ലാവടിവോടേശ്ശൂലം
കാഞ്ചനവേത്രവുമെൻറിവകൈക്കൊ-
ണ്ടാശ്ചര്യംവരനന്ദീശൻനി-
ൻറതുകണ്ടന്തകനടിമലർ തൊഴുതാൻ."

(പാ. 94—97)

രുഗ്മിണിയുടെ വിവാഹംപ്രമാണിച്ച് വിദർഭരാജ്യം അലങ്കരിച്ചവിധം അത്യന്തം ശ്രദ്ധേയമായ ഒരു വർണ്ണനയാണ്.

" ... ... ... ... ...
... ... ... ... ... ...
വിദർഭ്യാധിപൻ തെളിവോടുചെയ്തു പുരങ്ങളെങ്ങും
വിസ്മയമായ്‌വരും പടിയിട്ടു പന്തൽതഥാവിതാനം
അതിൽ പവിഴങ്ങൾ മുത്തുകൾ രത്നമെന്റിവകൊണ്ടുമേന്മേ-
ലതിശയമായ പട്ടുകൾകൊണ്ടുമൊക്കെയലങ്കരിച്ചാൻ
അവിടെയവാന്തരങ്ങൾ ചതുഷ്പഥങ്ങൾ നൃപേന്ദ്രരെല്ലാ-
മഴകിൽനടന്നിടും വഴിയൊക്കെയെങ്ങുമടിച്ചുനൻറായ്

പനിജലവും തളിച്ചതിലിട്ടു പുഷ്പങ്ങളും വിശേഷാൽ
നലമിലകും കവാടങ്ങൾ തോരണങ്ങൾ പതാകമററും
ശിവകരമായ് വരുംപടിയെങ്ങുമേയത്തുനാൾ ചമച്ചാൻ
ശിവ! ശിവ! ദീപധൂപങ്ങളെൻറവാദികൾ മാലകൊണ്ടും
ഭുവനമഹോമഹാസുരലോകമെൻറതുപോലെയൻറാൾ
പരിചൊടുവന്നിതായിതുവാദ്യഘോഷമനേകമനേകം"

(അ. 53. പാ. 3—4. ഭാഗവതം)

ഇതിനെ തുടൎന്നു മാനിനിമാർ, യുവാക്കന്മാർ മുതലായവർ വിശിഷ്ടാഭരണങ്ങൾ, മോഹനാംബരങ്ങൾ ഇവയണിഞ്ഞു് ആനന്ദതുന്ദിലരായിത്തീൎന്നു് സ്വൎഗ്ഗസദൃശമായ രാജധാനിയിൽ എത്തിയതായി വൎണ്ണിച്ചിരിക്കുന്നു. ദേവീഭജനം കഴിഞ്ഞു് കൊട്ടാരത്തിലേക്കു മടങ്ങുന്ന രുഗ്മിണിയെ വൎണ്ണിക്കുന്നതിപ്രകാരമാണു്.

" ... ... ... ...
... ... ... ... ...
... ... ... ... ...

"മാനിനിമന്ദഹാസവശേന നോക്കിനനോക്കുകണ്ടേ
മാനസവും കലഞ്ഞവർ ഗാത്രമിപ്പടിയൻറുകണ്ടേ"

ഇരുളും മേഘവും മൈലും തന്നുടെ
യിതമീടും പുച്ഛങ്ങളുമേററം
വെരുളും കചഭരമുടയപ്രഭാവം
വെൻറിയൊടേകാണുംതോറുംപോയ്
ചുരുളുന്നളകംവണ്ടിൻനിരപോൽ
സുന്ദരമായ ലലാടംകണ്ടേ
തരമിതുപോരായെൻറഞ്ചാംമതി-
താനതിദൂരേപോയാൻവാനിൽ
വാധകളുളവാം ചില്ലിയൊടെതിരായ്
വാൎണ്ണീടുകിലെൻറംഗജനുടെ വിൽ

ആതുരമാനസനായേപോയാ-
നതുപോലേകഴലിണകണ്ടു ഞാൻ
ഖേദമിയൻറലയാഴിപുകന്തിതു
കേവലമാക്കരിമീനുംമാനും
നീതിയില്ലൻറടവീലേപോയിതു
നിതരാം കണ്ണിണയോടൊപ്പാത്തേ
ആയതമാകിയലോചനമതുക-
ണ്ടരചന്മാർ കൈലായിതുവാളും
പോയിതുകാന്തിവിഷത്തിനുമേററം
പോർമന്നവർമാനസമുരികിൻറ
നീയറി നൃപവീരാ! സരസിജവും
നിതരമാഴിയിലേപോയ്പൂകിതു
നായികതൻ നയനത്തിനൊടെതിരായ്
നാനാജാതിയുമൊത്തരുളാഞ്ഞേ.
ഒപ്പം ചൊല്ലരുതെളംകുസുമത്തിന-
ന്നോടിന്നാസികയൊന്നെതിരായേ
അത്ഭുതമാമധരദ്യുതിയോടി-
ൻറുപമിപ്പാൻ പവിഴം നേരൊപ്പം
അപ്പടി ചൊല്ലീടാം ബന്ധുകവു-
മാകയിനാൽപ്പാവൽപ്പഴമതിനുടെ
ശില്പമതാംകുരുവിന്നുടെ പാടനി-
റംതോൻറുംപുനരതുമിതിനൊപ്പം"

(അ. 53. പാ. 21—25. ഭാഗവതം)

തുടൻ് വെണ്മുത്തിൻെറ ശോഭ കലന്ന ദന്തനിര. പൂനിലാവഞ്ചുന്ന മന്ദസ്മേരം, കണ്ണാടിക്കെതിരായി ശോഭയുള്ള കവിൾത്തടങ്ങൾ, ഇങ്ങനെ സവിസ്തരം രുഗ്മിണീദേവിയേ വർണ്ണിച്ച് ഒടുവിൽ:—

"ആത്തുരമാനസരായീടിന്റോ–
രരചകുമാരന്മാരതുകണ്ടേ"

എന്നു് ഉപസംഹരിക്കുന്നു. ഇങ്ങനെ ഉദ്ധരിക്കാൻ തുടങ്ങിയാൽ നിരണംകവിതകളിൽ പല ഭാഗങ്ങളും ഇവിടെ ചേർക്കേണ്ടിവരുന്നതാണു്. അതു് അസാദ്ധ്യമാകുന്നു. രുഗ്മിണീപരിണയത്തിനു വന്ന ശ്രീകൃഷ്ണഭഗവാന്റെ ചിത്രം ആസ്വദിച്ചാസ്വദിച്ചാനന്ദിക്കുകയെന്നല്ലാതെ എന്തു പറയാനാണു്!

## VI വസ്തുതത്വപ്രതിപാദനം

വസ്തുക്കളുടെ തത്വത്തെ സൂക്ഷ്മമായി പ്രതിപാദിക്കുന്ന സ്വഭാവോക്തികൾ സാഹിത്യത്തിൽ ഒരു നല്ല സ്ഥാനമാണർഹിക്കുന്നതു്. എന്നാൽ വെറും വാസ്തവകഥനം സാഹിത്യമാകയില്ലെന്നു് ഓർമ്മിക്കണം. ചമൽക്കാരം രസം മുതലായവയുടെ ആവശ്യത്തിനു വേണ്ടതായ മോടികൾ പിടിപ്പിച്ചാണു് വസ്തുക്കളെ അവതരിപ്പിക്കേണ്ടതു്. ലൗകികമായ വർണ്ണനകൾകൊണ്ടു് ഇതു സാധിക്കാം. ശാകുന്തളത്തിൽ ശകുന്തളയുടെ ലതാസ്നേഹം കാണിക്കുന്നു:—

"ഇല്ലനിങ്ങളെനനച്ചീടാതെയൊരുനാളിവൾക്കു ജലപാനവും
പല്ലവംതൊടുവതില്ലനിങ്ങളിലഭിലഷിച്ചിട്ടും പ്രിയതകൊണ്ടിവൾ
നല്ലൊരുത്സവമിവൾക്കുനിങ്ങളുടെയാദ്യമായകുസുമോൽഗമേ
വല്ലഭംവ്രജതിസാശകുന്തളയനുജ്ഞനിങ്ങളരുളീടുവിൻ"

എന്ന പദ്യം തത്വപ്രതിപാദനമാണു്. എന്നാൽ കവിയുടെ പ്രയോഗവൈശിഷ്ട്യംകൊണ്ടതിൽ ആസ്വാദ്യതരമായ സാഹിത്യം ഇടകലർന്നിരിക്കുന്നതും ശ്രദ്ധേയമാണു്. ഇതുപോലെയുള്ള തത്വാവതരണങ്ങളാണു് സാഹിത്യങ്ങളിൽ ആവശ്യം. എന്നാൽ ധർമ്മോപദേശത്തെ ഇതിൽ, സരസമല്ലെങ്കിൽ—ഉൾപ്പെടുത്താനും സാധിക്ക

യില്ല. ശ്രീകൃഷ്ണഭഗവാൻ സ്യമന്തകംമണി വീണ്ടെടുത്തു കൊണ്ടു് ദുഃഖിതരായ ദ്വാരകാവാസികളുടെ മുമ്പിൽ ആഗതനായി. ജാംബവതിയെന്നൊരു പുതിയ പത്നിയേയും കൊണ്ടുവന്നിട്ടുണ്ടു്.

... ... ... ...

...മാതർശിഖാമണിഭാര്യാവോടേ
കൂടതുകാലംവന്നിതുമണിയൊടു
കൂടെമൃതൻവന്നതിനെപ്പോലെ"

എന്നു ഭാഗവതത്തിൽ കാണുന്നു. ഈ ഉപമയിലെ 'മൃതൻ' എന്ന പ്രയോഗത്തിന്റെ ഝടുതിശ്രവണം അല്പം അസാരസ്യഹേതുകമായിരിക്കാമെങ്കിലും ഭാവം ചിന്തിക്കുമ്പോൾ ആ ന്യൂനത മാറിപ്പോകുന്നതാണു്. രുഗ്മിണീസമേതനായി ശ്രീകൃഷ്ണഭഗവാൻ ദ്വാരകയിൽ ആനന്ദിക്കുന്ന അവസ്ഥ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

"എല്ലാരസമിയലിൻറസുഗന്ധ-
ത്തോടുചേർന്നുദ്യാനങ്ങളിൽനിന്നേറ
മെല്ലേവന്നൊരുവായുവിനാലും-
വേറൊരുജാലകരന്ധ്രത്തൂടേ
മാല്ലാർതോളാ! നിർഗ്ഗതമാകി
വരിൻറമഹാധൂപാദികൾകൊണ്ടും
കല്യാണംചേർന്നന്തർഗൃഹമതു
കരുതുകിലെന്തൊരുവിസ്മയമല്ലോ.
ഇതമാംദന്തമയത്തോടുംചേ-
ർന്നീടിയകട്ടിന്മേലൊരുപാൽപത
യതിനോടേനികരാകിമൃദുതപ-
മിയൻറീടിൻറമല്ലിക്കുടമീതേ

നിതരാംമേവുന്റച്യുതനരികേ–
ദിവ്യസ്ത്രീമണിയാകിയരുഗ്മിണി
യത്തുനാൾസഖിയുടെകരമതിലേനി–
ന്റമ്പൊടുവ്യജനംവാങ്ങിക്കൊണ്ടാൾ"

എൺപത്തൊമ്പതാം അദ്ധ്യായത്തിൽ ശ്രീകൃഷ്ണന്റെ സുഖവാസം വർണ്ണിക്കുന്ന 2-മുതൽ 13-വരെ പാട്ടുകൾ സരസമായ വസ്തുതാപ്രതിപാദനത്തിന് ഉദാഹരണമാണ്. മാത്രമല്ല അതൊരു നല്ല സാഹിത്യചിത്രവുമാണ്. ആ പാട്ടുകൾ സവിശേഷം ആഹ്ലാദജനകമായിത്തോന്നുന്നതിനാൽ ചുവടേ ചേർത്തുകൊള്ളുന്നു.

"അതിലളിതമീടുമാറിയലിന്റ പുഷ്പങ്ങൾതന്മണംകൊ–
ണ്ടധികംമെല്ലെയെന്റവന്നിയലിന്റവായുവുമെയ്യിലെങ്ങും
ചീതമൊട്ടുമേററിരുന്നണിമാടമാമതിൽനിന്റുപ–
ന്താടീടിനമങ്കമാരവരാലുംവണ്ടുകളാലുംനന്റായ്.
അതിശയദിവ്യപക്ഷികളാലുംനല്ലമൃഗങ്ങളെന്നി–
ത്യാദികളാലുംമൌഢ്യതചേർന്നസ്വർഗ്ഗസമാനമായേ–
പുളമൃതഴത്തിടുംഭവനത്തിൽവിദ്വജ്ജനങ്ങളാലും
പുകഴവനേകജാതിതഥാസുഖേനവസിച്ചുദേവൻ
ദേവദയാപരൻമധുസൂദനൻപുരുഷോത്തമൻതാൻ
ദേവികൾതന്നുടെകുചകുങ്കുമംമണിമാർവിലെങ്ങും
ശോഭിതനായ്‌വരുമ്പടിലിപ്തനായ്പ്പലവാദ്യഘോഷം
ശോഭകളോടുപൊങ്ങുംജലമതിൽനിന്റുകളിച്ചീടുംനാൾ
ദേവനുടേയുടമ്പിൽജലംമുദാചിലതോൻകൊടുണ്ടായ്
ദിവ്യതചേർന്നവാക്കുകൾകൊണ്ടുതേകിനാർ ചുറവുംനിന്നി–
ട്ടാദിപൂരാൻമുകുന്ദനമങ്ങനെയഥതേകന്നേരം
വാർത്തകൾപഠിച്ചുകൊണ്ടിരുരേചകത്തെയണഞ്ഞുനേരേ
ആനതുകാലംമാനിനിമാർക്കതീവനനഞ്ഞുമേവുന്നേർമകൾ
ചേർന്നവസ്ത്രങ്ങൾചേർന്നീടിന്റകടിപ്രദേശം
ചാരുതചേർന്നിടുംമുഖപങ്കജങ്ങൾകുചങ്ങളെല്ലാം
താമതിശോഭയോടുപ്രകാശമായിതന്നേരംനന്റായ്

ധീരവരര! കരങ്ങളിനാൽതഥാതടവിട്ടുകേശം
വേഗവശേനതേകിനർവെള്ളമേററവനാിപ്പൂതുംചെ–
സ്തോരിവണ്ണംകളിപ്പതുയക്ഷിമാരൊട്ടുയക്ഷരാ–
ലങ്ങമവരെന്നെല്ലാംപ്പൈനരങ്ങതിന്നവിശേഷമെന്റേ”

(ഭാഗവതം)

## VII സദാചാരവും ഭാവനയും

സാഹിത്യദ്വാരാ സദാചാരോപദേശങ്ങളും സാധിക്കേണ്ടതാണ്. സദാചാരോപദേശംമാത്രമായിട്ടുള്ള ഗ്രന്ഥങ്ങൾ തന്നിവ്യാകരണപാഠങ്ങളേപ്പോലെ പലപ്പോഴും ശുഷ്കങ്ങളായിത്തോന്നും. എന്നാൽ സാഹിത്യംവഴിക്കാണെങ്കിൽ അതു് ഹൃദ്യവുമായിരിക്കും. കേവലം വിനോദകഥനത്തിനിടയിൽ വേദാന്തം കലർത്തി രസിപ്പിക്കുന്നതിനുള്ള പാടവം സരസ്വതീപ്രസാദപൂർണ്ണനായ കുഞ്ചൻനമ്പ്യാരെപ്പോലെ അധികംപേരിൽ കണ്ടിട്ടില്ല. തുള്ളൽപാട്ടുകളിൽ പലദിക്കിലും വിനോദയുക്തമായി വേദാന്തകഥനം കാണാം. നിരണംകവിതകളിലെ വേദാന്തങ്ങൾ സാഹിത്യഗതിയിൽ ഒന്നു പൊന്തിനില്ക്കുന്നതായിട്ടാണു കാണുന്നതു്.

“കാമക്രോധാദികളാലാരേവഴിപിഴയാർ?”
“...ബാലകരപരാധം ചെയ്താൽ
എന്നുമതിന്നറിവുള്ള മഹാജന–
മല്ലല്ലോ കോപിപ്പതുമുററും”

(രാമായണം)

“അറിവിയലാതവരെപ്പോലെയിതിന്നതി–
ഖേദിപ്പാനെന്തേനീതവ–
നിറമിയലുംജപാലകളൊട്ടുചേർന്നാൽ
നിശ്ചയമറികതതീവ വിശുദ്ധം

കുറവിയലാതദിവാകരരശ്മികൾ—
ഗ്ഗുണമില്ലാതവയിററൊട്ടുചേന്നാ—
ലറികദിനേശപരനില്ലൊരശുദ്ധത—
യതിനാലെല്ലാമേശുദ്ധവുമാം" (ഭാരതം)

" — — — —
— — — —

ദേവ! ദയാപര! തവ മായകൊണ്ടുവിമോഹിതന്മാർ
ദേവകളാകിലുംതവപാദപങ്കജസേവചെയ്യാൻ
മേവുവരത്ഥപുത്രകളത്രജാതിയിൽ മഗ്നരായേ
മേലിൽവരിൻറദുഃഖങ്ങളേതുമേയറിയാഞ്ഞുനേരേ
ഭാവനയോടുവീടനമാകിയങ്ങിനെ പുല്ലിനാശ—
പ്പാട്ടുകൊടേപശുക്കരം കിണററിൽ—
വീണരുളിന്റുപോലെ

— — — — —
— — — — —
— — — — —
— — —വിഷയേഷ്ടലാലസനാകിനിന്നേ—
ക്കനിവുചെയ്യാതവക്കൊരുകാലനാവതു നീയതല്ലോ"
(ഭാഗവതം)

ധമ്മോപദേശവും സാഹിത്യവും ഇടകലൻ്നുള്ള ഒരു വിശിഷ്ടഗ്രന്ഥമായ ഭഗവത്ഗീത നിരണംകൃതികളിൽപെട്ടതാകയാൽ സദാചാരത്തിനു കൂടുതൽ ഉദാഹരണങ്ങരം ആവശ്യമില്ല. ഭഗവത്ഗീതമുഖേന ലോകോപദേശം നിരണംകവി വേണ്ടതുപോലെ നിവ്വഹിച്ചതായി സമാധാനപ്പെടാവുന്നതാണു്. പുരാണകഥയിൽ കേരളീയതചം വരുത്തി സദാചാരം ഇടകലത്തിയിരിക്കുന്നതിനുദാഹരണമാണു് ശൈവചാപഭഞ്ജനസമുദ്യുക്തനായ ശ്രീരാമൻ ആ വില്ലിനെ വന്ദിക്കുന്നതായും മററും വിവരിക്കുന്ന ഭാഗം. അതിപ്രകാരമാണു്:—

"ദിനകരകുലവരനാകിയ രാമൻ ദിവ്യമഹാചാപത്തെ വലംചെയ്തു് അനുപമനാകിയ പരമേശ്വരനെയും അകമേ കണ്ടു നമസ്കൃതി-
ചെയ്താൻ"

കാണികൾ നിർന്നിമേഷരായി നോക്കിനില്ക്കുമ്പോൾ:—

"ദീനതയെന്നിമഹീപതിസുതനും നിരുപമഗുരുവരർതമ്മെയുമകമേ
വാനവരേയുമവനീഗതരായ മഹാലോകരെയുമുടൻ വന്ദിച്ചാൻ"

അവതാരപുരുഷനെങ്കിലും അദ്ദേഹത്തിൽ എത്ര മാത്രം വിനയവും ഭക്തിയും പ്രകാശിപ്പിച്ചിരിക്കുന്നെന്നു നോക്കുക:—

ആധുനികമലയാളകവികളുടെ ഇടയിൽ ഗൂഢാത്ഥ—അഥവാ മിസ്റ്റിക്ക്—കവിതയ്ക്കു സ്ഥാനം വദ്ധിച്ചു വരുന്ന ഈ അവസരത്തിൽ ഭാവനയുടെ സ്വഭാവത്തെപ്പററി അധികം വിവരിക്കണമെന്നു വിചാരിക്കുന്നില്ല. പ്രകൃതിയേ വണ്ണിച്ചു ഭാവനയേ വിശിഷ്ടമായി ഉല്ലേഖനം ചെയ്യുന്ന വിഷയത്തിൽ ഭാരതഭൂമിയിൽ ടാഗോറാണു് പ്രധാനസ്ഥാനം അഹിക്കുന്നതു്. ഈ ഭാവനയുടെ യഥാത്ഥരൂപമറിയാതെ ചിലർ ഭ്രമിക്കുന്നതു ശോചനീയംതന്നെ. മഹാകവി ഉള്ളൂരിൻെറ "മഴത്തുള്ളി", "കവിയും കീത്തിയും", "കന്ന്യാകുമാരിയിലെ സൂര്യോദയം" മുതലായ കാവ്യഖണ്ഡങ്ങളിൽ ഉത്തമങ്ങളായ ഭാവനകൾ കളിയാടുന്നതു കാണാം. സംസ്കൃതത്തിലേ ഉപനിഷത്തുകൾ ഭാവനാസങ്കേതങ്ങളാണു്. എന്നാൽ ഈവിധമുള്ള ഒരു ഭാവന നിരണംകവിതകളിൽ കാണാൻ നിവൃത്തിയില്ലല്ലോ. കാരണം, ഭാഷയുടെ ഉൽക്കർഷപരമായ സംസ്കാരഗതിയിലാണു് ഭാവനാപരമായ കവിതകൾ ഉണ്ടാകുന്നതെന്നുള്ളതാകുന്നു. അനേകശതാബ്ദങ്ങൾക്കു മുമ്പുള്ള കൈരളിക്കു് ഈദൃശമായ ഭാവനയ്ക്കു സ്ഥാനം ലഭ്യമാകാതെ വന്നതു് ഇതുകൊണ്ടുതന്നെ. രാസക്രീഡയിലെ ഭാവന അതിഗഹനമാണു്. ഭാവനയ്ക്കു്

സാമാന്യമായ ഒരു തെളിവായി ഇവിടെ വേണുഗാനഭാഗം കാണിക്കാം.

“ഇത്തടിയകനിവൊടുകൃഷ്ണൻ തന്നുടെ-
　　യിതമിയലിൻെറാരുവേണുരവംകേ-
ട്ടാടിനമനമൊടുപക്ഷിമൃഗാദിക-
　　ളവലോകനഗതരായേനിൻറാർ,
ക്രുടത്തുകാലംസപത്ന്യസ്ത്രീകൾ-
　　കുതുഹലമായ് ക്കുഴൽവിളികേട്ടി-
ട്ടാടകളാഭരണാദികൾമാലക-
　　ളഴിയെവിമോഹിതരായാരേററം
മോഹിതരായേകൃഷ്ണമുഖോദ്ഗത-
　　മായിനവേണുരസാമൃതപാനം
ഭാഹിതരാമവരെപ്പോലെപശു-
　　ജാതികൾകണ്ണുപൂടേനചെയ്തിൻേറാർ.
മോഹിതരായതുപോൽവത്സങ്ങൾ
　　മുഹൂർമ്മുഹൂരാഷ്ട്രപ്രാന്തങ്ങൾ വഴിയേ
മോഹിതമാം പാലൊഴുകുകകൃഷ്ണ-
　　മുഖോദ്ഗതമാം നയനത്തൊടുനിൻറാർ.
നിൻെറാരശ്രുജലത്തിനൊടേററം-
　　നിമീലിതദൃക്കുകളായ് പക്ഷികളും
നൻറായ്ത്തീനുമൊഴിഞ്ഞുച്ഛരിതമാം
　　നലമുടെവൃക്ഷങ്ങളുമേറിപ്പോയ്
നിൻറീടിൻേറാർകൃഷ്ണമുഖത്തിനെ-
　　നിതരാംനോക്കീട്ടരിയാടാതേ
നൻറായ്തിരകളൊടിൻറിമഹാനദി-
　　നലമൊടുമേവീ കുഴൽവിളികേട്ടേ.”

(ഭാഗവതം അ. 21. പാ. 8—11)

സ്വഭാവജമായ ഒരു ഭാവനയാണു് ഇതിൽനിന്നു ജനിക്കുന്നതു്. ഇതു് കാവ്യങ്ങളിൽ താനേയുണ്ടാകുന്നതാണു്. എന്നാൽ ഇന്നത്തേ ഭാവനാരാധകന്മാർ അങ്ങനെയല്ല ചെയ്യുന്നതു്. അവർ ആദ്യന്തം ഭാവനയേയാണു് മുൻനിർത്തുന്നതു്. ചില കാവ്യങ്ങളിൽ മഹാകവികളുടെ വൈഭവവിശേഷത്താൽ ഭാവന കലൎന്നു വരാം. ഏതായാലും ഇതിലൊക്കെ ഒരു കാൎയ്യം നോക്കേണ്ടതാണു്. അതായതു് അപ്രസ്തുതപ്രശംസയ്ക്കോ സമാസോക്തിക്കോ സ്ഥാനമുള്ള ഭാവന നാം കാണുന്നില്ലായെന്നുള്ളതാണതു്. ഏതായാലും പുരാതനകാലത്തു കൈരളിയേ സംബന്ധിച്ചു പ്രധാനഗണനയ്ക്കിടമനുവദിച്ചിട്ടില്ലായെന്നു പറയാവുന്ന ഈ ഭാവനചിന്താഗ്രഹം ഇവിടെ നില്ക്കട്ടെ.

## VIII മനോധൎമ്മരസികത്വവും ഭാവനാവിലാസവും

ഈ രണ്ടു സംഗതിയും ഗ്രന്ഥവിഹാരമെന്ന മുന്നദ്ധ്യായത്തിൽ പല ദിക്കുകളിലായി സ്പഷ്ടമാക്കിയിട്ടുണ്ടു്. എന്നിരുന്നാലും ചുരുക്കം ചില ഭാഗങ്ങൾ ഇവിടെയും പരിഗണിക്കേണ്ടിയിരിക്കുന്നു. ആ അദ്ധ്യായത്തിൽ കാണിച്ച മനോധൎമ്മങ്ങളിൽ പലതും തൎജ്ജമയിൽ വരുത്തിയ വ്യതിയാനങ്ങളെന്നുള്ള നിലയിലാണു്. ഇവിടെ അതു ഗണിക്കാതെ പൊതുവേ സാമാന്യം പരാമൎശിച്ചു ചിലതു പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. പില്ക്കാലത്തു പ്രചാരത്തിൽ വന്ന ചമ്പൂകാരന്മാരുടേയും കുഞ്ചൻനമ്പ്യാരുടേയും ചെറുശ്ശേരിയുടേയും മററും മനോധൎമ്മങ്ങൾ—ഫലിതങ്ങൾ—ഭാവനാവിലാസം, ഇവയുടെ നിഴലാട്ടം അല്ലെങ്കിൽ ആദ്യരൂപം നിരണംകവിതകളിൽ കാണാം. തൎജ്ജമകൾക്കു സ്വാതന്ത്ര്യത വരുത്തുമ്പോഴാണു് കവിയുടെ മനോധൎമ്മം പ്രയോഗിക്കാൻ അവസരമുണ്ടാകുന്നതു്. അങ്ങനെയുള്ള സ്വാത

ന്ത്രുഗതികൊണ്ടാണ് നിരണംകവിതകളിൽ പല സ്ഥാനങ്ങളിലും മനോധർമ്മം നാം കാണുന്നതും. ശിവരാത്രിമാഹാത്മ്യത്തിലെ ഹരിവിരിഞ്ചയുദ്ധം, രാമായണം ബാലകാണ്ഡത്തിൽ ശൈവചാപത്തെപ്പററി ജനകരാജധാനിയിലുള്ള ഭൃത്യന്മാരുടെ സംഭാഷണം ഇവ പല പണ്ഡിതന്മാരും ഫലിതത്തിനുദാഹരണമായി ഉദ്ധരിച്ചിട്ടുണ്ട്. എങ്കിലും ജനകഭൃത്യന്മാരുടെ ഫലിതം ഇവിടെക്കാണിക്കുന്നതു് സംഗതമായിരിക്കുമെന്നു വിശ്വസിക്കുന്നു:—

“ചൊന്നതുകേട്ടതിവിസ്മയമോടേ ചൊല്ലരുതാതുല കിങ്കരസൈന്യം
പിന്നെമഹേശ്വരചാപമെടുപ്പാൻ പേർത്തുനടന്നവർതമ്മിൽമൊഴിന്താർ
‘എന്നേകഷ്ടമിതാമോ ബാലകരിരുപേരിലൊരുവനെ’ന്നാർചിലരോ;
‘മുന്നേവന്നവർകളിലിവർകൾക്കൊരുമുഖ്യതയുണ്ടറികെ’ന്നാർചിലരോ;
‘ചിലയിതെടുത്തുവലിപ്പാൻപണിയിവർ ചെറിയവർനല്ലവരാകില്ല’-
മെന്നാർ
‘അലകടലെക്കൈകൊണ്ടുകുടിച്ചതഗസ്ത്യമഹാമുനി’യെന്നാർചിലരോ;
‘നല്ല മുനി വിശ്വാമിത്രൻ ചെയ്യുതുനന്നായ്‌വരു’മെന്നാരതിലേ ചിലർ;
‘ചിലതുപിഴയ്ക്കുമെവക്കും, ബ്രഹ്മശിരോഹരണംപാർക്കെന്നാർ’ചിലരോ;”

ഇങ്ങനെ ദീർഘമായ ആ മനോധർമ്മം ഒടുവിൽ അവസാനിപ്പിക്കുന്നതിപ്രകാരമാണ്:—

“ആരിതെടുത്തുവലിച്ചുമുറിപ്പവരഖിലേശ്വരനല്ലാതി?’എന്നാർചിലർ
‘പോരുമിതിതിനെയെടുത്തുനടപ്പാൻബുദ്ധിയുറപ്പിക്കെന്നാർ’ ചിലരോ”

വാല്മീകിയേക്കവിഞ്ഞു ചേർത്തിരിക്കുന്ന ഈദൃശമനോധർമ്മങ്ങൾ അത്യന്തം ശ്രദ്ധേയങ്ങളാണ്. മാരീചമായയാൽ ശ്രീരാമൻ മരിച്ചു എന്നു തെററിദ്ധരിച്ചു് സീതാദേവി ലക്ഷ്മണനെ കുററപ്പെടുത്തുമ്പോൾ ലക്ഷ്മണൻ സമാധാനിപ്പിക്കുന്ന പല ഉപായങ്ങളുടെ കൂട്ടത്തിൽ “നന്നിവരാവചനം പറയിന്നതു നാരീജനധർമ്മവുമിതറിവുറേറ” എന്നു പറഞ്ഞിരിക്കുന്നതും കവിയുടെ ഒരു മനോധർമ്മമാണ്. ഹേമന്തത്തിൻെറ കാഠിന്യം വർണ്ണിച്ചു് ഒടുവിൽ

"മേദുരമൂട്ടപടാദികളോടും മെല്ലിടയാരോടും കൂടാതോകേ്ക തമിയററു"ന്നതാണെന്നു കാണിച്ചിരിക്കുന്നു. ഭഗവത് ഗീതയിൽനിന്നും മുമ്പുദ്ധരിച്ച "ധീമാന്മാക്കല്ലാലിതെവക്കും" എന്ന ഭാഗത്തിലെ "ചെവിയിലിടിച്ചാലും ചെല്ലാതതു" എന്ന പ്രയോഗം ഒരു നാടൻമനോധമ്മമാണു്. അതിൽ തന്നെ വേറൊരിടത്തു കാണിച്ചിട്ടുള്ള "കോലുമെടുത്തുടൻ കുഴലും വിളിച്ചഥ" എന്ന പ്രയോഗത്തിൽ അജ്ജുനൻ ഭഗവാനേപ്പററി മുൻപു ധരിച്ച വിധം തൻെറ ആലോചനക്കുറവിനെ വിശദമാക്കുംവണ്ണം വ്യക്തമാക്കുന്ന മനോധമ്മമാണു് നാം കാണുന്നതു്. സുകുമാരബ്രാഹ്മണനു ചണ്ഡാലിയിൽ ജാതരായ കുട്ടികൾ "പഞ്ചമഹാപാതകമവതരണം ചെയ്തതുപോലെ"യെന്നു പറഞ്ഞിരിക്കുന്നതു് വേദാന്തഗതമായ ഒരു ഫലിതമാണു്. അതു് ഒരു ഭാവനയുമാണു്. ശ്രീകൃഷ്ണഭഗവാൻെറ സ്വഗ്ഗാരോഹണാവസരത്തിലുള്ള സ്ഥിതിവണ്ണനയിൽ തന്മയഭാവനയോടുകൂടിയ ഒരു ചിത്രം വരച്ചിട്ടുള്ളതുകൂടി ഇവിടെ കാണിക്കാം.

"വീരാ।രാമനുടെ മോക്ഷത്തിനെ-
വിശേഷശേഷനാകിയശ്രീകൃഷ്ണൻ
നേരേകണ്ടരയാലൂടെ മൂട്ടിൽ-
നിറ(ന്നു)ചതുർഭുജങ്ങളിലായുധവും
കാരാർമുകിൽവണ്ണൻ മുടികുണ്ഡല-
കങ്കണമൊട്ടുവളമോതിരമുടഞാ-
ണോരോരോൻേറധരനായിരുന്നീടിനു-
നുടനൊരുപീതാംബരധരനായേ
ആനതുകാലംതുടമേൽ ദക്ഷിണ-
മാകിയ പാദംവച്ചു മുകുന്ദൻ
തൂയമനസ്സോടിരുന്നീടിനനാൾ-
സുന്ദരമായരുണോദയമതുപോൽ"

(ഭാഗവതം അ. 90. പാ. 26—27)

ഭഗവത്ഗീതയുടെ മഹത്വത്തെ ഭാവനം ചെയ്തിരിക്കുന്നതു നോക്കുക:—

“അംഭോജങ്ങൾവിരിഞ്ഞതിനാലേ-
യഖിലതരംവാപികൾശോഭിക്കും
കൊമ്പോട്ടയർകരിയുംശോഭിക്കും-
കൂടൊഴുകീടിന്നമദജലമതിനാൽ
പൊൻഭൂഷണമതിനാൽമണിശോഭിക്കും
ഭുവനംശോഭിക്കുംഭാസ്കരനാ-
ലമ്പേറീടിന്നഭഗവത്ഗീതയുമറിവോർ-
സഭനേട്ടവേശോഭിക്കും”

രാസക്രീഡയെ പരാമർശിച്ച് ഭഗവാൻെറ മായാവിലാസമഹത്വത്തെ വിഭാവനംചെയ്ത് കവി വേദാന്തതത്വത്തിലേക്കു കടന്നിരിക്കുന്ന ഭാഗവും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

“അരചാ! നക്ഷത്രാദികളൊട്ടുചേ-
ന്നണിമതിതാനുംവിസ്മിതനായാൻ.
പരമാനന്ദമിവണ്ണംനന്നായ്-
പാൽമൊഴിമാരോളേംകൃഷ്ണനമായ്.
പരിചോടേനിന്നുരമിച്ചാൻ-
പാരായാത്മാരാമനുമായേ.
അരുമാമറയിൻമുടിയിൽനിറന്നിട്ടു-
മഖിലേശ്വരനെങ്കിലുമതുകാലം”

(ഭാഗവതം)

ഇതിലേ “പാൽമൊഴിമാരോളേം കൃഷ്ണനമായ്” “പാരാ···രാമനുമായേ” “അരുമാമറയിൻ···ങ്കിലും” ഇത്യ പ്രയോഗങ്ങളിലെ വേദാന്തഭാവന പ്രത്യേകം ആസ്വാദ്യമാകുന്നു.

## IX ശബ്ദാൎത്ഥാലങ്കാരങ്ങൾ, പാകശയ്യാദികൾ, പദവൈചിത്ര്യങ്ങൾ

ശബ്ദാൎത്ഥാലങ്കാരങ്ങളെ ഇണക്കുന്ന വിഷയത്തിൽ പലതും ദൃഷ്ടിവയ്ക്കേണ്ടതായിട്ടുണ്ട്. ദ്രാവിഡഭാഷയിൽ സംഗീതാത്മകമായ ഒരു ഗതിവിശേഷം സാൎവ്വത്രികമായിട്ടുള്ളതാകുന്നു. അതിനാൽ ശബ്ദാലങ്കാരത്തിന്റെ പ്രയോഗം തികച്ചും സന്ദൎഭാനുഗുണമാണോ എന്നു നല്ലതുപോലെ ചിന്തിക്കേണ്ടതാണ്. ഗൗഡി, വൈദൎഭി, പാഞ്ചാലി ഈ മൂന്നു രീതികൾക്കും കവിതകളിൽ യഥായോഗ്യം സ്ഥാനം നൽകുകയും പൊതുവേ ഏതെങ്കിലും ഒരു രീതിയെ അംഗിയായി സ്വീകരിച്ചിരിക്കയും ചെയ്യേണ്ടതാണ്. പരുഷവ്യഞ്ജനയോഗമായ ഗൗഡീരീതിക്ക് നിരണംകവിതകളിൽ അത്ര പ്രസക്തി കാണുന്നില്ല. കോമളവ്യഞ്ജനയോഗമായ പാഞ്ചാലിരീതി പലസ്ഥലങ്ങളിലും ഉണ്ട്. എന്നിരുന്നാലും അംഗിയായി നില്ക്കുന്നതു് മധുരവ്യഞ്ജനസമവായിതമായ വൈദൎഭീരിതിയാണ്. ശരിയാംവിധമുള്ള വൈദൎഭീരീതിപ്രയോഗം ഉത്തമസാഹിത്യഗ്രന്ഥങ്ങൾക്കു ഭൂഷണമാണെന്നു കരുതേണ്ടിയിരിക്കുന്നു. മധുരമായ ഭാഷാപദങ്ങളോടുകൂടി ഇണക്കമുള്ള സംസ്കൃത, തമിഴപദങ്ങളെ ഇടകലൎത്തി ഗാനരീതിക്കു യോജിച്ചു കവിതയേ മുന്നോട്ടു നയിക്കയാണു വേണ്ടതു്. അപ്പോൾ ശബ്ദചമല്ക്കാരം ഉണ്ടാകയും ചെയ്യും.

"പൂമകൾകാന്തൻയദുകുലവേന്തൻ–
പുണ്യപുമാൻപുനരരുളിച്ചെയ്താൻ"

— — — — —

"അമ്പോട്ടംതണ്ടാർപൊഴിലതിലേ–

കോമളമീടിയകയിൽനടമാട-
 കയിൽപാട്ടംകരുനാട്ടടയോനേ”
“വായാലോമിത്ര്യക്ഷരമോതി-
 മകിഴ്ന്തകമേയെന്നൊദ്ധ്യാനിച്ചേ
മായാവടിവാകിയയുടൽവിടുവോൻ
 വടിവൊടുപരഗതിയെയ്തുമിതെന്നാൽ
ആയാതേമററൊന്നെയുമെന്നുമനന്യ-
 മനസ്സോടുമെന്നെന്നിനയ്ക്കിൽ
കായാംപൂനിറമൊടുഞാനവനുടെ-
 കൈവശമായ്വരുമെന്നതുമറിനീ”
(ഭഗവത്ഗീത)

പദസൗകമാര്യം താഴെച്ചേക്കുന്ന പാട്ടിൽ നോക്കുക.—

“കോമളമാകിയദണ്ഡധാരുരത്നം-
 ക്രുരകിലതിനു മുദാ വരവണ്ണിനി.
താമസിയാതേവേണ്ടിച്ചതിനാൽ
 സകലമനോഹരസുന്ദരസാരം.
ആമതൊരംഗമതായ്മേവീടി-
 ന്റവരംവളകടകംനൂപുരമുടഞാൺ
മാമണിയിവയിളകുംധ്വനിയോടേ-
 മന്ദമണഞ്ഞാംപതിയുടെയരികേ”
(ഭാഗവതം)

ശബ്ദചമല്ക്കാരത്തിനും പദസൗകമാര്യത്തിനും നിരണംകവിതകൾ മുഴുവൻ ഉദാഹരണമാണ്. അതിനാൽ ഇവിടെ തുലോം ലഘുവായ ഒരു സൂചന കാണിച്ചതായി കരുതിയാൽ മതിയാകും. രാമായണത്തിൽനിന്നുകൂടി ഒരു ഭാഗം ഉദ്ധരിക്കാം:—

"കൊണ്ടാനകമേകാലമിതവളെ-
ക്കൊൾവാനെന്നു ദശാനനനനുമുടനേ-
കണ്ടാലരിയകഷായപടാവൃത-
കടിതടലോഭിതനായ് വാമാംസേ
ദണ്ഡാരുജലഭാജനമതുമേന്തി-
നിറംകലരുംകുടയോടു ചെരിപ്പും
കൊണ്ടീടിയസന്ന്യാസികൾവടിവായ്-
കുസുമശരാതുരനായേചെന്നാൻ"

(ആരണ്യകാണ്ഡം)

അത്ഥാലങ്കാരങ്ങളിൽ സാമ്യോക്തിയും വാസ്തവോക്തിയുമാണു് പ്രധാനം. സാമ്യോക്തിയിൽ ഉപമ, രൂപകം, ഉൽപ്രേക്ഷ ഇവയും വാസ്തവോക്തിയിൽ അത്ഥാന്തരന്യാസം, സ്വഭാവോക്തി ഇവയും കൂടുതൽ ശ്രദ്ധേയങ്ങളാണു്. കാളിദാസൻെറ ഉപമ ലോകപ്രസിദ്ധമാണല്ലോ. നിരണം കവിതകളിൽ സ്വതന്ത്രങ്ങളും സരസങ്ങളുമായ ഉപമകളും മററലങ്കാരങ്ങളും ധാരാളമുണ്ടു്. ചിലതെല്ലാം മുമ്പു കാണിച്ചിട്ടുള്ള ഉദാഹരണങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ടു്. ചുരുക്കം ചില ഉദാഹരണങ്ങൾകൂടെ ഇവിടെക്കാണിക്കാം.

"മാമലയെപ്പോലെതിരായപുള്ളതുകണ്ടുഭീത്യാ"

"......കൃഷ്ണനൊടുചേ-
ന്നരുവയർകാറിടെമിന്നൽകണക്കെ"

ഇതിൽ ഒന്നാമത്തെ ഉദാഹരണത്തിൽ പുള്ളിൻെറ ഭയങ്കരാവസ്ഥയെയാണു് കാണിക്കുന്നതു്. ശ്രീകൃഷ്ണനേയും ഗോപന്മാരേയും ഭക്ഷിക്കാൻവന്ന ആ ജീവി വലിപ്പംകൊണ്ടു ഭയങ്കരനാണെന്നുള്ളതിനു തക്കമില്ല. അടുത്ത ഉദാഹരണം ചോതോഹരമായിട്ടുള്ളതാകുന്നു. കാളാംബുദ

ശ്യാമവർണ്ണനായ ശ്രീകൃഷ്ണഭഗവാനും കനകാംഗിമാരായ ഗോപികമാരും തമ്മിൽ രാസക്രീഡാവസരത്തിലുണ്ടായ ചേഷ്ടയെ വിശദമാക്കുന്ന ഈ ഭാഗവും ശ്രേഷ്ഠമായ ഉപമയാണ്. വിവിധാലങ്കാരങ്ങളുടെ സമീചീനമായ പ്രഭ കൊണ്ടു തിളങ്ങുന്ന കംസയുദ്ധവർണ്ണന അടിയിൽ ചേർക്കാം.

"അംസത്തിങ്കൽന്യസിച്ചവിഷാണാ-
സ്സൃക്കുകൾകൊണ്ടുടലണിയുംവീരൗ.
കംസനുപേടിവളർത്തുവിയർപ്പുക-
ണങ്കൾമുഖാംബുജശോഭിതദേഹൗ
ഹിംസിതവൻഗജദന്തവരായുധ-
മീടിയഭുജബലമുടയകുമാരൗ.
കംസനെവെൽവാൻചിലഗോപരുമായ്
കനിവൊടുമല്ലരംഗത്തെച്ചെന്നാൻ.

മല്ലരിടിത്തീയെൻറു നൃണാം മനോഹരമാനിനിനാം
മാരനിണങ്ങനെൻറിതു ഗോപമാതൃജനങ്ങളെല്ലാം
നല്ലൊരുപുത്രനെൻറിതുവൃഷ്ണിവംശമിവന്നിതെൻറും
നൽപരദേവതാപുനരെൻറും മൃത്യുവിതെൻറും കംസൻ
ചൊല്ലിനർനമ്മുടെരിപുവെൻറസത്തുകളാം നൃപന്മാർ
സൂക്ഷ്മമതായ ബ്രഹ്മമിതെൻറയോഗികൾ മററുമേവം
ചൊല്ലിനരഗ്രജനൊടുകൂടെ മല്ലരംഗത്തുനൻറായ്
ശോഭിതനായ കൃഷ്ണനെയങ്ങുകണ്ടുജനങ്ങളെല്ലാം
കണ്ടമഹാജനത്തെജയിച്ചവാററുലീലയോടേ.

— — — — — —
— — — — — —
— — — — — —

കണ്ടകരാമവക്കുള്ള കാലനായ് നടനെൻറപോലെ
കങ്കണമംബരംവനമാലയാഭരണങ്ങൾകൊണ്ടും
മണ്ഡിതരാകിബാലഗജത്തിനോടെതിരാകിനൻറായ്
വന്നതുകണ്ടുമോദിതരായ് മഹാജനമൻറനിന്നാർ
അൻറമഹാജനംമതിൽമാടമെൻറിവയേറിനിൻറി-
ട്ടച്യുതരാമന്മാരെനിരീക്ഷണംചെയ്തുകൺകളാലേ

നൻറിമികുംമുഖാംബുജമാമതിങ്കലിയൻറമേവും
നല്ലമഹാവ്രതംനകന്നിട്ടുതൃപ്തിവരാഞ്ഞുപിന്നും
നിൻറവരാദരേണയണഞ്ഞുലേഹനജിഹ്വകൊണ്ടും
ജിഘ്രണമാംനാസികാമതുകൊണ്ടുമക്കരതാരതിന്നാൽ
വെൻറിയോടേപുണർന്നുമിവണ്ണമെൻറതുപോലെനിൻറാർ
ചേവരചെയ്തതങ്ങളിൽനോക്കിനിന്നവർതന്മാഹാത്മ്യം"

(ഭാഗവതം)

സൂക്ഷ്മസ്വഭാവവർണ്ണനാപരമായ യഥാർത്ഥവസ്തുകഥന മെന്നുള്ളതാണ് സ്വഭാവോക്തിയുടെ ലക്ഷണം. ഇന്നത്തേ ലോകത്തിൽ ഈവിധവർണ്ണനകൾക്കു നല്ല സ്ഥാനമുണ്ട്. ഇങ്ങനെയുള്ള ചമൽക്കാരമസൃണമായ പ്രയോഗങ്ങളാണ് സ്വാഭാവികമായി ഹൃദയത്തെ ആകർഷിക്കുന്നത്. ഒരു ഉദാഹരണംകൊണ്ടിതു വ്യക്തമാക്കാം. രാവണൻെറ ആഘോഷപൂർവ്വമായ വരവിൽ ചകിതഹൃദയയായ സീതാ ദേവി ഇരിക്കുന്നതെങ്ങനെയാണ് കവി ചിത്രീകരിച്ചിരി ക്കുന്നതെന്നു നോക്കുക:—

"ഇടരൊട്ടുകണ്ടുനിശാചരനായകൻ-
ഇവനണയുന്നവനെന്നറിവുറേറ.
തുടയിണകൊണ്ടുദരത്തെമറച്ചേ-
ശോഭമികുംകരതാരിണയാലേ
തടമുലമൂടിയുഴറെറാടതീവതളൻറു-
ചുരുങ്ങിയധോമുഖിയായേ
ചുട്ടച്ചുടെനെട്ടുതായ്‌വീണഴതവനീ-
സുതയാകിയ വൈദേഹിയിരുന്നാൾ"

(സുന്ദരകാണ്ഡം)

ഈ വർണ്ണന വായിക്കുമ്പോൾ തുഞ്ചത്തു ഗുരുപാദരുടെ "ഉരസിജവുമുരുതുടകളാൽമറച്ചാധിപൂണ്ടുത്തമാംഗംതാഴ്ത്തി

വേപഥുഗാത്രിയായി"രുന്ന സീതാദേവിയേയും മഹാകവി വള്ളത്തോളിന്റെ "ബന്ധനസ്ഥനായ അനിരുദ്ധ"നിലെ ഉഷയേയും "കിളിക്കൊഞ്ചലിൽ" ബാലക്രീഡയിലേർപ്പെട്ടിരിക്കുന്ന സീതാദേവിയേയും ഓർമ്മിക്കുന്നതാണ്. മററലങ്കാരങ്ങളും അവയുടെ ഗതിയും കാവ്യാസ്വാദനത്താൽ സാധിതമാകട്ടെയെന്നു പറയാനേ തൽക്കാലം നിവൃത്തിയുള്ളൂ.

സംസ്കൃതമലയാളപദങ്ങളുടെ ചേരുവയിൽ "ദ്രാക്ഷാപാകം" ഉത്തമമായ ശയ്യാഗുണത്തോടു സമ്മേളിച്ച് നിരണംകവിതകളിൽ സാർവ്വത്രികമായി പ്രകാശിക്കുന്നുണ്ട്. ഇതിലേക്ക് പ്രത്യേകമായി ഉദാഹരണങ്ങൾ ഇനി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു ദൃഷ്ടാന്തം മാത്രം കാണിക്കാം:—

"അളികൾമൃഗങ്ങൾവിഹംഗമമെന്നി-
ത്യാദികളുടെ സ്വരമതിനെക്കൊണ്ടും
ഒളിവിയലിൻറസരോജങ്ങളിൽനിൻറുടെ-
വന്നൊരുവായുവിനാലും
അളവില്ലാതമഹാകുസുമങ്ങളവററാലും-
പരിശോഭിതമാംവന-
മലിവൊടുപുക്കുകളിപ്പാനായിട്ട-
ഖിലേശ്വരനൊൻറരുളിച്ചെയ്താൻ"
(ഭാഗവതം)

അനത്തും—വധചെയ്യും—തീതിയലുക—തേറായ്—വലം—മൈന്തൻ—കൻറ്—പിറ—മുതലായ പഴയ മലയാളപദങ്ങൾ നിരണംകവിതകളിൽ സുലഭങ്ങളാണ്. അവ പാൽപ്പായസത്തിൽ പഞ്ചസാരപോലെ ഇണങ്ങി ആസ്വാദനരസികത്വം വരുത്തിയിരിക്കുന്ന സ്വഭാവഗതി

വാചാമഗോചരമായ തന്മയത്വത്തെ അര്ഹിക്കുന്നുണ്ടെന്നു നിര്വിവാദമാകുന്നു.

## X നിരണംകവിതകളും തുഞ്ചത്തു ഗുരുപാദരുടെ കവിതകളും

മുന്‍പു പല ഭാഗത്തും നിരണംകവിതകള്‍ തുഞ്ചത്തു ഗുരുപാദരുടെ കവിതകള്‍ക്കു് എത്രമാത്രം ആലംബമായിട്ടുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ടു്. ആധുനികനിരൂപകന്മാര്‍ ഇതിലേക്കു് ധാരാളം ഉദാഹരണങ്ങള്‍ കാണിച്ചിട്ടുമുള്ളതാണു്.

അവര്‍ കാണിച്ചിട്ടുള്ളതില്‍ ചില ഉദാഹരണങ്ങള്‍ കൃതജ്ഞതാപൂര്‍വ്വം ചുവടേ ചേര്‍ക്കാം.

("എഴുത്തച്ഛന്‍")

1. "പരമാനന്ദമൂര്‍ത്തേഭഗവന്‍! ജയ! ജയ!
മോക്ഷകാമികളായസിദ്ധയോഗീ
ശന്മാര്‍ക്കുംസാക്ഷാത്‌കാണ്മതിന്നാ—
രുതാതോരുപാദാംബുജം"

2. "നിന്തിരുവടിതിരുവുള്ള
ത്തിലേറാതേകണ്ടെന്തൊരു
വസ്തുലോകത്തിലുള്ളതുപോററീ
എങ്കിലുമുണര്‍ത്തിക്കാംമൂന്നുലോ
കത്തിലുംസങ്കടംമുഴുത്തിരിക്കു
ന്നിതുകാലംനാഥാ"

3. "വില്ലെടുക്കാമോകുലച്ചീടാമോ
വലിക്കാമോ?"

4. "ഇടിവെട്ടീടുംവണ്ണംവില്‍മുറി
ഞ്ഞൊച്ചകേട്ടുനടുങ്ങീരാജാക്കു

ന്മാരുരഗങ്ങളെപ്പോലെ–മൈ
ഥിലിമയിൽപേടപോലെസ
ന്തോഷംപൂണ്ടാൾ"

("നിരണംകവി")

1. "ആരാലുംചിന്തിച്ചാലറി
വാനരുതാകിയപരമാന
ന്ദാജയ"

2. "അറിയാംതവപുനരഖിലവുമെ
ങ്കിലറിയിപ്പോമിതന്നജ്ഞയിനാ
ലേ–അറിനെറിവേറായാകുല
മായേയഖിലജഗത്തുമഴിഞ്ഞ
തുകാണാ–കുറവേതുംവാരാ
തനിശാചരകുലപതിയാകിയ
രാവണനാലേ"

3. "ചിലയിതെട്ടുക്കായ്‌വരികി
ലിതാരമോചൊല്ലുക?"

4. "നരപാലകർചിലരതിന്ന
വിറച്ചാർ; നലമൊട്ടുജാന
കിസന്തോഷിച്ചാൾ; അര
വാദികൾഭയമീട്ടമിടിദ്ധ്വനി
യാൽമയിലാനന്ദിപ്പതുപോലെ"

പുരാണനിർമ്മാതാക്കളെ കവിഞ്ഞു് നിരണംകവി സ്വതന്ത്രമായിച്ചെയ്ത കവിതാഭാഗങ്ങളാണു് എഴുത്തച്ഛൻ അനുകരിച്ചുകാണുന്നവയായി മേൽ ഉദ്ധരിച്ചിരിക്കുന്നതു്. ഇതുപോലെ വേറെയും അനേകം ഭാഗങ്ങൾക്കു നിരങ്കുശമായ സാദൃശ്യം കാണാവുന്നതാണു്. എഴുത്തച്ഛൻ നിരണം കവിതകൾ വായിച്ചു് പഠിക്കയും തൽക്കർത്താക്കളെ തീർച്ച

യായും ബഹുമാനപൂർവ്വം സ്മരിക്കയും ചെയ്തിരിക്കണമെന്നൂഹിക്കാം.

## ഉപസംഹാരം

നിരണംകവികളേയും അവരുടെ കൃതികളേയും സംബന്ധിച്ചു് ഒരു സാഹിത്യാവലോകനം നാം സാധിച്ചു കഴിഞ്ഞിരിക്കുന്നു. പുരാതനകാലത്തും നമ്മുടെ കൈരളി ദരിദ്രയല്ലെന്നും അവൾക്കും ചില നല്ല നേട്ടങ്ങളും ഉത്തമന്മാരായ ആരാധകന്മാരും ഉണ്ടായിരുന്നെന്നും ഏതുകാലത്തും അഭിമാനിക്കാൻ കഴിയും. നിരണംകവികൾ ഇന്നേയ്ക്കു് അഞ്ഞൂറുവർഷം മുമ്പു ജീവിച്ചിരുന്നവരാണെങ്കിലും അവർക്കുശേഷം ഒരു രണ്ടു നൂററാണ്ടുകാലമെങ്കിലും അവരുടെ പാട്ടുകൾ കേരളത്തിൽ പൊതുവേ സുലഭപ്രചാരമുള്ളതായിരുന്നുവെന്നു് ആവക താളിയോലഗ്രന്ഥങ്ങൾ കേരളത്തിൻെറ പല ഭാഗങ്ങളിൽനിന്നു കിട്ടിയിട്ടുണ്ടെന്നുള്ള അവസ്ഥകൊണ്ടും തുഞ്ചത്തു ഗുരുപാദരുടേ ഉപജീവ്യത്വംകൊണ്ടും മററും നമുക്കു് കാര്യമായി അനുമിക്കാവുന്നതാണു്. രാമായണഭാരതാദിമഹാഗ്രന്ഥങ്ങൾ ആർഷഭാരതത്തിൻെറ അമൂല്യനേട്ടങ്ങളും ഭാരതീയസംസ്കാരനിക്ഷേപങ്ങളും ആണു്. അപ്രകാരമുള്ള ആ വിശിഷ്ടഗ്രന്ഥങ്ങളെ ആദ്യമായി കൈരളിയിലേക്കു വിവർത്തനം ചെയ്തു് അവയുമായി കേരളീയജനതയെ ദൃഢമായി ബന്ധപ്പെടുത്തുകയും ഭാരതീയസംസ്കാരത്തെ കൈരളിയിലും കേരളത്തിലും സംക്രമിപ്പിക്കയും ചെയ്ത നിരണംകവികൾ ലോകാരാദ്ധ്യരാണെന്നുള്ളതിനു സംശയമില്ല. വിശിഷ്യ സർവ്വലോകസമ്പൂജ്യവും ഭാരതാംബയുടെ മനോജ്ഞഹാരവും സർവ്വോപനിഷത്സാരസംഗ്രഹവുമായ ശ്രീമത് ഭഗവത്ഗീതയ്ക്കു് ആധുനികകാലത്തും അതിനോടടുത്തുമായി

പല ഭാഷകളിലേക്കും വിവൎത്തനമുണ്ടായിട്ടുണ്ടെങ്കിലും അതിന് ആദ്യമായി ഒരന്യഭാഷയിലേക്ക സംക്രമണമുണ്ടായതു് മലയാളത്തിലേക്കാണെന്നും അതോടുകൂടി ആൎയ്യസംസ്കാരത്തെ കേരളത്തിൽ കലൎത്തി കേരളീയസംസ്കാരത്തെ സമുജ്ജ്വലമാക്കിത്തീൎത്തതു് നിരണത്തെയൊരു കവിയാണെന്നു കാണുന്നതു് കൈരളിക്കും കേരളീയൎക്കും പൊതുവേ അഭിമാനജനകമാണു്. ഭക്തിപരമായ അവരുടെ ഇതിവൃത്തസ്വീകരണവും ഭാഷയും മാത്രാപ്രധാനങ്ങളായ വൃത്തങ്ങളുംകൊണ്ടു് പ്രത്യേകമായ ഒരു സാഹിത്യശാഖ കൈരളിക്ക സമ്പാദിച്ചുകൊടുക്കുന്നതിനും, ജ്ഞാനം ഭക്തി കല ഇങ്ങനെ ത്രിവേണികളിൽകൂടി കേരളസാഹിത്യഗംഗയെ പ്രവഹിപ്പിക്കുന്നതിനും, 'ഭഗീരഥശ്രമം' ചെയ്ത ഈ പുണ്യപുരുഷന്മാൎക്ക കൂപ്പുകൈ! എന്നല്ലാതെ എന്തു പറയാനാണു്! കൈരളിയുടെ ആനന്ദപുളകിതമായ അരുണോദയവേള! നവീനമലയാളവും, തുഞ്ചത്തു ഗുരുപാദർ മുതൽക്കുള്ളവരുടെ കവിതകളും, രസിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ നിരണംകവിതകളും നിത്യപൂജയ്ക്കൎഹമാണെന്നുള്ളതിനു തൎക്കമില്ല. തൽകൎത്താക്കളും ആരാധനീയരുമാണു്. ഗവേഷണം തുടരുന്നതായാൽ നിരണംകവിതകൾ ഇനിയും ലഭ്യമായിയെന്നു വരാവുന്നതാകുന്നു. ആംഗലഭാഷ പരിഷ്കൃതയായശേഷവും പുരാതനരായ സ്പെൻസർ, ചാസർ തുടങ്ങിയ മഹാന്മാരുടെ കൃതികൾ ആംഗ്ലേയർ പഠിച്ചു രസിക്കയും ചൎച്ചയ്ക്കു വിധേയമാക്കുകയും ചെയ്തുവരുന്നുണ്ടു്. അതിനാൽ കൈരളിയുടെ പ്രാചീനസമ്പത്തു് ഒരിക്കലും ഉപേക്ഷണീയങ്ങളല്ല. ഇപ്പോൾ അവയ്ക്കു പ്രചാരം സാമാന്യമുള്ളതു് വിദ്യാൎത്ഥിലോകത്തിലും അല്പം ചില മലയാളസാഹിത്യപ്രിയന്മാ

DHARMARAM COLLEGE LIBRARY BANGALORE 20231

രായ സഹൃദയന്മാരുടെയിടയിലും മാത്രമാണു്. അതിൽ അധികമായ സ്വാഗതത്തെ നിരണംകവികളും കവിതകളും അർഹിക്കുന്നുണ്ടെന്നുള്ളതു നിർവിവാദമാണു്. ഉത്തമങ്ങളും ലക്ഷണയുക്തങ്ങളുമായ നിരണംകാവ്യങ്ങളുടെ സമാസ്വാദനത്തിനു് എല്ലാ കേരളീയരും ബദ്ധശ്രദ്ധരായിത്തീരട്ടെ! നിരണത്തു കണ്ണശ്ശൻപറമ്പിൽ ആസന്നഭാവിയിൽ ഗുരുമഠം, വായനശാല, വിദ്യാശാല മുതലായ സ്മാരകസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും ആണ്ടിലൊരിക്കൽ "കണ്ണശ്ശജയന്തി" മഹോത്സവം കൊണ്ടാടുന്നതിനും സഹൃദയലോകം സമുത്സുകമായിത്തീരട്ടെ!

കൈരളീദേവിയ്ക്കു്, ആത്മസംതൃപ്തിയേയും സർവ്വോല്ക്കർഷങ്ങളേയും ഹൃദയംഗമമായി ആശംസിച്ചുകൊള്ളുന്നു! നീണാൾ വിജയം! സർവ്വമംഗളം!

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00020231*
T51 K90

## ഗ്രന്ഥകാരന്റെ ഇ

ഗദ്യം:—

വിജ്ഞാനദീപ
ബോധനചന്ദ്രിക
പ്രാചീനമുകുരം
മഹാകവി പുനംനമ്പൂതിരി
ഭാരതീഭൂഷണം
അഞ്ജലി
വിജയകൗമുദി

പദ്യം:—

ശ്രീവല്ലഭചരിതം
ശ്രീ അയ്യപ്പൻ
അങ്കുരങ്ങൾ
ഭാരതകേസരി
വിപ്രഗീത
ഇലകളും പൂക്കളും